28th Year of Service 2020

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 06, 2020 Vol. XXVIII No. 10 Periodicals Postage Paid

4 ദേവനന്ദയെ തട്ടിക്കൊണ്ടു പോയതായി സംശയം

5 വഴികാട്ടുന്നത് മന്നത്തിന്റെ വാക്കുകൾ

8 കലാലയങ്ങളിൽ സമരത്തിന് ഹൈക്കോടതി വിലക്ക്

10 കോവിഡ്: ഉംറ തീർത്ഥാടനം നിർത്തി

12 വിദ്വേഷ പ്രസംഗത്തിൽ ഉടൻ കേസില്ല

## യുഎസ്–താലിബാൻ കരാർ ഒപ്പുവെച്ചു

ദോഹ: അഫ്ഗാനിസ്ഥാനിൽ താലിബാനും അമേരിക്കൻ നേതൃത്വത്തിലുള്ള നാറ്റോ സേനയും തമ്മിലുള്ള പോരാട്ടം അവസാനിപ്പിക്കാൻ കരാറായി. 18 വർഷം നീണ്ടതും എങ്ങുമെത്താത്തതുമായ ഒരു യുദ്ധത്തിൽ നിന്ന് അമേരിക്കയ്ക്ക് ഇതോടെ പിന്മാറാനാകും. അമേരിക്ക പുറംരാജ്യങ്ങളിൽ നടത്തിയിട്ടുള്ള ഏറ്റവും നീണ്ട യുദ്ധമാണ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ഭരണകൂടം അവസാനിപ്പിക്കുന്നത്.



അമേരിക്കയുടെ ചർച്ചാസംഘ തലവൻ സൽമേ ഖലിൽസാദും താലിബാൻ നേതാവ് മുല്ലാബരാദറും സമാധാന ഉടമ്പടി ഒപ്പുവെച്ചശേഷം ഹസ്തദാനം നടത്തുന്നു.

അഫ്ഗാനിസ്ഥാനിൽ നിന്നു 14 മാസത്തിനകം മുഴുവൻ സൈനികരെയും നാറ്റോ പിൻവലിക്കുമെന്നതാണ് കരാറിലെ പ്രധാന വ്യവസ്ഥ. കരാറിൽ അമേരിക്കയുടെ ചർച്ചാസംഘത്തലവൻ സൽമേ ഖലിസാദും താലിബാന്റെ മുല്ലാ ബരാദറും ഒപ്പുവെച്ചു. യുഎസ് സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപെയോ സാക്ഷിയായിരുന്നു. ഒരു വർഷമായി ഖത്തറിന്റെ തലസ്ഥാനമായ ദോഹയിൽ നടന്നുവന്ന ചർച്ചകളാണ് ഇതോടെ വിജയപര്യവസാനിയായത്.

(ശേഷം 28-ാം പേജിൽ)

### പ്രതിരോധം ശക്തമാക്കി ലോകരാഷ്ട്രങ്ങൾ

## കൊറോണ: 3000 പേർ മരിച്ചു

വാഷിങ്ടൺ: കൊറോണ വൈറസ് (കോവിഡ്-19) ബാധിച്ച് ലോകത്ത് മരണം 3034 ആയി. 65 രാജ്യങ്ങളിലായി 87,652 പേർക്ക് രോഗം സ്ഥിരീകരിച്ചതോടെ ലോകരാഷ്ട്രങ്ങൾ കൂടുതൽ ശക്തമായ പ്രതിരോധനടപടികളിലേക്ക് നീങ്ങുകയാണ്. 69 പേർക്ക് രോഗംബാധിച്ച യുഎസിൽ രണ്ടുപേർ മരിച്ചു. ഇതേത്തുടർന്ന് ഭരണകൂടം യാത്രാനിരോധനം കൂടുതൽ കർശനമാക്കി. വാഷിങ്ടൺ സംസ്ഥാനത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ദക്ഷിണകൊറിയയിൽ 3736 പേർക്കാണ് കൊറോണ രോഗബാധ. 20 പേർ മരിച്ചു. ചൈനയ്ക്കും ദക്ഷിണകൊറിയയ്ക്കും പുറമേ ഇറ്റലിയിലും രോഗബാധിതർ ആയിരം കടന്നു.



അവിടെ 1128 രോഗികളിൽ 29 പേരും ഇറാനിൽ 978-ൽ 54 പേരും മരിച്ചതോടെ ലോകാരോഗ്യസംഘടനയും കർശന ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു.

ഇറാൻ, ഇറ്റലി, ദക്ഷിണകൊറിയ എന്നിവിടങ്ങളിൽ നിന്നുള്ളവർക്കാണ് യുഎസ് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. 14 ദിവസം ഇറാനിൽ താമസിച്ചവർക്കും യുഎസിലേക്ക് യാത്രാവിലക്ക് (ശേഷം 28-ാം പേജിൽ)

## ദേവനന്ദയെ കണ്ടെത്തി; മരിച്ച നിലയിൽ

കൊല്ലം: ഒരു പകലും രാത്രിയും ഉറക്കമിളച്ച് പരതിയവരുടെയും പ്രാർത്ഥിച്ചവരുടെയും ഹൃദയം നുറങ്ങി. ദുരൂഹ സാഹചര്യത്തിൽ കാണാതായ ദേവനന്ദയെ മരിച്ച നിലയിൽ കണ്ടെത്തി. ഫെബ്രുവരി 28ന് രാവിലെ 7.05ന് ആറ്റിലെ വള്ളിപ്പടർപ്പുകളോട് ചേർന്ന് കുഞ്ഞിന്റെ മൃതദേഹം കണ്ടപ്പോൾ ഉയർന്ന തേങ്ങൽ സന്ധ്യയ്ക്ക് ആറരയോടെ കുടവട്ടൂരിലെ വീട്ടുവളപ്പിൽ കുഴിമാടത്തിലേക്ക് എടുത്തപ്പോൾ കൂട്ട നിലവിളിയായി.



മലയാളികളുടെ കാത്തിരിപ്പും പ്രാർത്ഥനയും വിഫലമാക്കി അവൾ മണ്ണോടു ചേർന്നു. നെടുമ്പന ഇളവൂർ കിഴക്കേക്കരയിൽ ധനീഷ് ഭവനിൽ പ്രദീപ് കുമാറിന്റെയും ധന്യയുടെയും (അമ്പിളി) മകൾ ദേവനന്ദ (പൊന്നു) എന്ന ഏഴുവയസുകാരി കണ്ണീരോർമ്മയായി. പോസ്റ്റുമോർട്ടം റിപ്പോർട്ടിലും ഫൊറൻസിക് പരിശോധനയിലും കുട്ടി മുങ്ങിമരിച്ചതാകാമെന്ന നിഗമനമാണുള്ളത്. ബലം പ്രയോഗിച്ചതിന്റെയോ ക്ഷതമേറ്റതിന്റെയോ ഒരു ലക്ഷണവും കണ്ടെത്തിയിട്ടില്ല. ചാത്തന്നൂർ പോലീസ് സ്റ്റേഷനിലെ ഹോം ഗാർഡ് ശാർങ്ധരൻ പിള്ളയാണ് മൃതദേഹം ആദ്യം കണ്ടത്. പള്ളിമൺ ആറിനു കുറുകെ തെങ്ങിൻതടികൊണ്ട് നിർമിച്ച താത്കാലിക പാലത്തിന് 60 മീറ്റർ താഴെയായി കമിഴ്ന്നുകിടക്കുന്ന നിലയിലായിരുന്നു മൃതദേഹം. ദേവനന്ദയെ കാണാത്ത വിവരമറിഞ്ഞ് മസ്കറ്റിൽനിന്നെത്തിയ അച്ഛൻ പ്രദീപ് കുമാർ മൃതദേഹം തിരിച്ചറിഞ്ഞു. ഫെബ്രുവരി 27ന് വ്യാഴാഴ്ച രാവിലെ പത്തുമണിയോടെ വീട്ടിൽ കളിച്ചുകൊണ്ടിരിക്കെയാണ് ദേവനന്ദയെ കാണാതായത്. രാവിലെ പത്തരമുതൽ നാല് മണൽത്തൊഴിലാളികളും അഗ്നിരക്ഷാ സേനയും പോലീസും ചേർന്ന് പുഴയിലിറങ്ങി (ശേഷം 28-ാം പേജിൽ)

## ഡൽഹി കലാപം: മരണം 46

ന്യൂഡൽഹി: പൗരത്വ നിയമ ഭേദഗതിയെച്ചൊല്ലി സായുധ കലാപം നടന്ന വടക്കുകിഴക്കൻ ഡൽഹിയിലെ ഗോകൽപുരി, ശിവ്‌വിഹാർ എന്നിവിടങ്ങളിൽ നിന്ന് നാലു മൃതദേഹങ്ങൾ കൂടി കണ്ടെത്തി. ഇതോടെ മരണസംഖ്യ 46 ആയി. കലാപം നടന്നയിടങ്ങളിൽ ഈ ദിനങ്ങളിൽ അനിഷ്ട സംഭവങ്ങളൊന്നുമുണ്ടായില്ല. അഴുക്കുചാലുകളിൽ നിന്നാണ് മൃതദേഹങ്ങൾ കിട്ടിയത്. മൂന്നെണ്ണം ഗോകൽപുരിയിൽ നിന്നാണ് കണ്ടെത്തിയത്. മൃതദേഹങ്ങളൊന്നും തിരിച്ചറിഞ്ഞിട്ടില്ല. ആശുപത്രിയിൽ ചികിത്സയിലുള്ള 250 പേരിൽ പലരുടെയും നില അതീവ ഗുരുതരമാണ്. അതിനാൽ മരണസംഖ്യ ഇനിയും ഉയരാനാണ് സാദ്ധ്യത.



സമരം തുടരുന്ന ഷഹീൻബാഗിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചു. സമരക്കാരെ ഒഴിപ്പിക്കാൻ ഹിന്ദുസേന മാർച്ച് പ്രഖ്യാപിച്ചിരുന്ന (ശേഷം 28-ാം പേജിൽ)

## സിബിഐ അന്വേഷണം ആവശ്യമില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: എസ്എപി ക്യാമ്പിൽ നിന്ന് തോക്കുകളും വെടിയുണ്ടകളും നഷ്ടപ്പെട്ട സംഭവത്തിൽ സിബിഐ അന്വേഷണത്തിന്റെ ആവശ്യമില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വ്യക്തമാക്കി.



തോക്കുകൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ല. വെടിയുണ്ട നഷ്ടപ്പെട്ടിട്ടുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം പുരോഗമിക്കുകയാണ്. നഷ്ടപ്പെട്ട വെടിയുണ്ടകൾക്ക് പകരം ഡ്യൂപ്ലിക്കേറ്റ് വെടിയുണ്ടകൾ വെച്ച് ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പതിനൊന്ന് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചു.

സിഎജി റിപ്പോർട്ടിനെ സംബന്ധിച്ച് നിയമസഭാ സമിതി പരിശോധിക്കട്ടെയെന്നും അദ്ദേഹം വ്യക്തമാക്കി. വെടിയുണ്ടകൾ കാണാതായ സംഭവത്തിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥൻ മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ ഗൺമാനായി തുടരുന്നതിൽ അപാകതയില്ല. ആരോപണ വിധേയനെതിരെ അന്വേഷണം നടക്കട്ടെയെന്നും മുഖ്യമന്ത്രി പറഞ്ഞു. പ്രതിപക്ഷത്തിന്റെ ചോദ്യങ്ങൾക്ക് മറുപടിയായാണ് അദ്ദേഹം ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

സിഎജി റിപ്പോർട്ടിൽ അന്വേഷണം ആവശ്യപ്പെട്ട് സഭ മാർച്ച് 2ന് ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം ബഹളവുമായി എഴുന്നേറ്റു. പ്ലക്കാർഡുകളും ബാനറുകളുമായാണ് പ്രതിപക്ഷം സഭയിൽ എത്തിയത്. സിഎജി റിപ്പോർട്ടുമായി ബന്ധപ്പെട്ട പല ചോദ്യങ്ങൾക്കും മുഖ്യമന്ത്രി മറുപടി പറയുമ്പോഴെല്ലാം പ്രതിപക്ഷ അംഗങ്ങൾ ബഹളം വെക്കുന്നുണ്ടായിരുന്നു. വെടിയുണ്ടകൾ നഷ്ടമായത് യുഡിഎഫ് ഭരണകാലത്താണെന്ന് പറഞ്ഞാണ് മുഖ്യമന്ത്രി പ്രതിപക്ഷ ആരോപണങ്ങളേയും ബഹളത്തേയും നേരിട്ടത്.

## സർക്കാർ വാദം തെറ്റ്: ചെന്നിത്തല

കോട്ടയം: സംസ്ഥാന സർക്കാർ ലൈഫ് പദ്ധതിയിലൂടെ രണ്ടുലക്ഷം വീടുകൾ നിർമിച്ചെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ അവകാശവാദം തട്ടിപ്പാണെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. 52,000 വീടുകൾ മുൻ സർക്കാർ നിർമാണം ആരംഭിച്ചതാണ്. കേന്ദ്ര ഫണ്ടിലൂടെ 55,000 വീടുകൾ നിർമിച്ചു. ഇതെല്ലാം സ്വന്തം നേട്ടമാക്കിയാണ് സർക്കാർ പ്രചരിപ്പിക്കുന്നത്. കഴിഞ്ഞ




(ശേഷം 28-ാം പേജിൽ)



JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
JAIBU MATHEW KULANGARA, E.A.
Enrolled to Practice before IRS
7215 W. TOUHY, SUITE 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
Email:tax@jaibu.com
Web: www.jaibu.com
TAX
Free Electronic Filing




FAITH HOLIDAYS
www.faithholidays.com
1-888-91-FAITH
E-mail: info@faithholidays.com
2020 TOUR PACKAGES
BOOK YOUR SEATS NOW
NEW YORK : 1700 Central Park,Suite E Yonkers, New York 10710
FLORIDA : 9710 Stirling Road, Suite 109 Cooper City, FL-33024
CELL: 914 720 2051/954 336 7731
FOOT STEPS OF ST.PAUL
GREECE & TURKEY
12 DAYS - SEP 21' 2020
SURPRISING-SOUTH AFRICA
14 DAYS - APR & SEP 2020
RUSSIA & SCANDINAVIA
14 DAYS - JUL 17 & AUG 21' 2020
SPAIN- PORTUGAL
MOROCCO
14 DAYS - SEP' 2020
EXCLUSIVE
UK AND EUROPE
14 DAYS - SEP 15' 2020
GLORY OF EUROPE
17 DAYS - MAY 31' 2020


FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TAX
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave
Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
Free Electronic Filing
Full Time In Accounting
& Tax Services


Spectacular Tours
GLOBAL TOURS NY INC.
HOLY LAND
(Jordan with Petra, Isreal, Palestine and Egypt)
July 9-20, 2020
from New York
with PETRA
November 22 - December 4th 2020
GREECE & TURKEY
August 14-25, 2020
SOUTH AFRICA
September 17-29, 2020
For More Information
THOMAS KURIAN
516-754-0631
email: global tours 4u@gmail.com
www.globaltoursny.gov
EUROPE
October 15 - 29 2020

### ലൈഫ് മിഷൻ രണ്ടുലക്ഷം വീട് പ്രഖ്യാപനം നിർവഹിച്ചു

# വീടില്ലാത്തവർക്ക് ഇനിയും വീട് നൽകും: മുഖ്യമന്ത്രി

തിരുവനന്തപുരം: അർഹതാ ലിസ്റ്റിൽ സാങ്കേതിക കാരണങ്ങളാൽ പെടാതെ പോയവരുടെ അർഹത പരിശോധിച്ച് വീടു നൽകാൻ സർക്കാർ നടപടി



തിരുവനന്തപുരം കരകുളം ഏണിക്കര തറട്ടകാവുവിള വീട്ടിൽ ചന്ദ്രനും ഓമനയ്ക്കും ലൈഫ് മിഷനിലൂടെ നിർമിച്ചു നൽകിയ വീടിന്റെ പാലുകാച്ചൽ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പാൽ പകർന്നു നൽകുന്നു.

സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ലൈഫ് മിഷൻ വഴി രണ്ടുലക്ഷം വീടു പൂർത്തികരിച്ചതിന്റെ പ്രഖ്യാപനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ലൈഫ് പദ്ധതി വഴി വീടു നൽകുന്നത് ഇവിടെ പൂർണമാകുന്നില്ല. നേരത്തെ നിശ്ചയിച്ച അർഹതാ ലിസ്റ്റിൽ പെട്ടവരാണ് മൂന്നു ഘട്ടങ്ങളിലായി ഉൾപ്പെട്ടത്. സാങ്കേതിക പ്രശ്നങ്ങളാൽ ആ ഘട്ടത്തിൽ അർഹതാ ലിസ്റ്റിൽ പെടാത്തവരുണ്ട്.

നാലര ലക്ഷത്തിലേറെ പേർക്കു വീടു ലഭിക്കുമ്പോൾ പിന്നീട് ചെറിയ സംഖ്യ മാത്രമേ വീടു ലഭിക്കാനുണ്ടാകു.

ഇങ്ങനെ വീണ്ടും അർഹതയുണ്ടോ എന്ന് പരിശോധിക്കാനുള്ള ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തും. 2,14,262 വീടുകൾ പൂർത്തിയാക്കിയതു ചെറിയ കാര്യമല്ല. എല്ലാ ഭവന പദ്ധതികളും ചേർത്താണ് ലൈഫ് ഏകോപിപ്പിച്ചത്. പിഎംഎവൈ റൂറൽ മേഖലയിൽ നൽകുന്നത് 75,000 രൂപ വരെയാണ്. അതിനൊപ്പം 3,25,000 രൂപ കൂടി സംസ്ഥാന സർക്കാർ ഇട്ടാലെ ലൈഫ് വീടുകൾ യാഥാർത്ഥ്യമാകൂ. അർബൻ മേഖലയിൽ 1,50,000 രൂപ വരെയാണ് നൽകുന്നത്. അതിനൊപ്പം രണ്ടരലക്ഷം സർക്കാർ ലൈഫിനായി നൽകണം. ലൈഫ് പദ്ധതി നിർവഹണത്തിൽ മികച്ച പ്രവർത്തനം നടത്തിയ ജില്ലകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കുമുള്ള അവാർഡ് മുഖ്യമന്ത്രി സമ്മാനിച്ചു. ചടങ്ങിൽ തദ്ദേശസ്വയംഭരണ മന്ത്രി എ.സി. മൊയ്തീൻ അദ്ധ്യക്ഷത വഹിച്ചു.

## സ്വകാര്യ മാനസികാരോഗ്യകേന്ദ്രത്തിൽ തുടർച്ചയായി മൂന്നുമരണം

ചങ്ങനാശേരി: പായിപ്പാട്ട് പഞ്ചായത്തിലെ കോട്ടമുറയിൽ മാനസികാരോഗ്യ കേന്ദ്രത്തിലെ മൂന്ന് അന്തേവാസികൾ ഒരാഴ്ചയ്ക്കിടെ ദുരൂഹ സാഹചര്യത്തിൽ മരിച്ചു. റിട്ട. ഹെഡ്കോൺസ്റ്റബിൾ വി.സി. ജോസഫിന്റെ നേതൃത്വത്തിലുള്ള പുതുജീവൻ ട്രസ്റ്റിന്റെ കേന്ദ്രത്തിലാണ് സംഭവം.

ശാരീരിക ക്ഷീണവും കാലിൽ നീരുമായി ആശുപത്രിയിൽ പ്രവേശിപ്പിച്ച മൂന്നുപേരാണ് മരിച്ചത്. സമാന അവസ്ഥയിൽ ആറുപേർ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. സ്ഥാപനത്തിനെതിരേ നാട്ടുകാർ സംഘടിച്ചത് സംഘർഷത്തിനിടയാക്കി.

മുക്കൂട്ടുതറ വെൺകുറിഞ്ഞി കുറ്റിപ്പുറമ്പിൽ ഷെറിൽ (44), തിരുവനന്തപുരം പേട്ട പാൽകുളങ്ങര സി.ജി. ഗിരീഷ് (41), വാകത്താനം പുത്തൻചന്ത താന്നിക്കൽ ഏബ്രഹാം യൂഹാനോൻ (22) എന്നിവരാണ് മരിച്ചത്. ഷെറിൽ 24നും ഗിരീഷ് 27നും ഏബ്രഹാം 29നു പുലർച്ചെയുമാണ് മരിച്ചത്. ഗിരീഷിന്റെയും ഏബ്രഹാമിന്റെയും മൃതദേഹ പരിശോധനയുടെ പ്രാഥമിക തലത്തിൽ ന്യൂമോണിയയെന്നു കണ്ടെത്തി.

സംഭവത്തിൽ വിശദാന്വേഷണത്തിന് മന്ത്രി കെ.കെ. ശൈലജ ഉത്തരവിട്ടു. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കാണ് ചുമതല.

## ദേവനന്ദയെ തട്ടിക്കൊണ്ടുപോയതായി സംശയം

കോട്ടയം: ഏഴു വയസുകാരി ദേവനന്ദയുടെ മരണത്തിന് പിന്നിലെ ദുരൂഹതയ്ക്ക് ആക്കം കൂട്ടി കുട്ടിയെ വീട്ടിൽ നിന്ന് തട്ടിക്കൊണ്ടുപോയതാണോ എന്ന സംശയം ബലപ്പെടുന്നു. വീടുമായി അടുപ്പമുള്ള ആരെങ്കിലും കുട്ടിയെ എടുത്തുകൊണ്ടുപോയതാകാമെന്ന ബന്ധുക്കളുടെ സംശയത്തിൽ അന്വേഷണം നടത്താൻ പോലീസ് തീരുമാനിച്ചു. ചെരിപ്പില്ലാതെ പുറത്തിറങ്ങാത്ത കുട്ടി 100 മീറ്ററോളം ദൂരെ നടന്ന് ആറ്റിൻകരയിൽ എത്തിയതെങ്ങനെയെന്നതിൽ ആദ്യംതന്നെ സംശയത്തിന് ഇടയാക്കിയിരുന്നു. വീട്ടിൽ ഇളയ കുഞ്ഞിനൊപ്പം ഇരിക്കുന്നതിനിടെയാണ് ദേവനന്ദയെ കാണാതായത്.

ദേവനന്ദയുടെ ചെരിപ്പ് ഹാളിൽ തന്നെയുണ്ടായിരുന്നു. ചെരിപ്പിന്റെ മണം പിടിച്ചാണ് പോലീസിന്റെ ട്രാക്കർ ഡോഗ് റീന വീടിന് പിന്നിലേക്കും അടിച്ചിട്ടിരുന്ന അടുത്ത വീടിനകത്തേക്കും പിന്നെ പുഴയുടെ തീരത്തേക്കും ഓടിയെത്തിയത്. വീടിനെയും കുട്ടിയെയും നന്നായി അറിയുന്ന ഒരാൾ കുട്ടിയെ എടുത്തുകൊണ്ടുപോയാൽ കുട്ടി ബഹളം വെക്കാനിടയില്ലെന്നാണ് അന്വേഷണ സംഘത്തിന്റെ വിലയിരുത്തൽ. അങ്ങനെ കൊണ്ടുപോയതിനാലാകാം ചെരുപ്പ് ഇടാതിരുന്നത്. ചെരിപ്പില്ലാതെ ദുർഘടമായ വഴിയിലൂടെ കുട്ടി നടന്ന് പുഴയുടെ സമീപത്ത് എത്തില്ലെന്ന ബന്ധുക്കളുടെ സംശയം പോലീസ് അതീവ ഗൗരവമായി എടുത്തിട്ടുണ്ട്.

വീട്ടിലെ ഹാളിൽ മൂന്ന് മാസം പ്രായമുള്ള അനുജൻ ദേവദത്തിനൊപ്പം കളിച്ചുകൊണ്ടിരുന്ന കുട്ടി പെട്ടെന്ന് അപ്രത്യക്ഷമായത് തുടക്കം മുതൽ വലിയ സംശയങ്ങൾക്ക് ഇട നൽകിയിരുന്നു. കുറഞ്ഞ സമയം കൊണ്ട് വീട്ടിലേക്ക് കടന്നുവന്നതാരാണെന്ന് ഇപ്പോൾ പോലീസ് അന്വേഷിക്കുന്നത്. വീടുമായി ബന്ധമുള്ള എല്ലാവരുടെയും പട്ടിക തയാറാക്കിക്കഴിഞ്ഞു. നേരിയ സംശയമുള്ളവരെ മൊഴിയെടുക്കാനെന്ന നിലയിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്തുവരികയാണ്. നൂറിലധികം പേരുടെ മൊഴി രേഖപ്പെടുത്തിയതിൽ പോലീസ് സംശയിക്കുന്ന നാലുപേരുണ്ടെന്നാണ് സൂചന. കുട്ടിയുടെ തിരോധാനത്തിന് ശേഷം ഇവരുടെ പെരുമാറ്റം, ഫോൺ കോളുകൾ, പ്രദേശത്തെ സാന്നിദ്ധ്യം എന്നിവയൊക്കെ അന്വേഷണ സംഘം സസൂക്ഷ്മം വിലയിരുത്തുകയാണ്.

ദേവനന്ദ മുൻപ് രണ്ട് തവണ വീട്ടിൽ നിന്നിറങ്ങി നടന്നിട്ടുണ്ടെന്ന് അന്വേഷണ സംഘം റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അതിന് ശേഷം കുട്ടിയ്ക്ക് രക്ഷിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നും നല്ല രീതിയിൽ ഉപദേശം ലഭിച്ചിരുന്നു. പിന്നീട് പക്വതയോടെ മാത്രമാണ് കുട്ടി എല്ലാ കാര്യങ്ങളിലും ഇടപെട്ടിരുന്നത്. തിരോധാനത്തിന് തൊട്ടുമുൻപ് കുട്ടി അമ്മ ധന്യ തുണി അലക്കുന്നിടത്തേക്ക് ചെന്നിരുന്നു. അവിടെ നിന്ന് ധന്യ വഴക്കു പറഞ്ഞാണ് തിരികെ അയച്ചത്. ഇതിനുശേഷം ആരുടെയോ സാന്നിദ്ധ്യം വീട്ടിൽ ഉണ്ടായിട്ടുണ്ടാകാമെന്ന കാര്യത്തിൽ സംശയങ്ങൾക്ക് ബലം വെക്കുന്നു. നിരപരാധികൾക്ക് വേദനയുണ്ടാകാത്തവിധം ശാസ്ത്രീയമായ തെളിവെടുപ്പും ചോദ്യം ചെയ്യലും മതിയെന്ന കർശന നിർദേശമുള്ളതിനാൽ സംശയിക്കുന്നവരുടെ പട്ടികയിലുള്ളവരെയും അതീവ രഹസ്യമായി നിരീക്ഷിക്കുകയാണ് അന്വേഷണ സംഘം.

കുട്ടിയുടെ ശരീരത്ത് ബലപ്രയോഗത്തിന്റെ അടയാളങ്ങൾ ഉണ്ടായിരുന്നില്ല. പോസ്റ്റുമോർട്ടത്തിൽ മുങ്ങിമരണമാണെന്ന് ഏകദേശ വ്യക്തത കൈവരിക്കുകയും ചെയ്തു. എന്നാൽ കാണാതായി ഒരു മണിക്കൂറിന് ശേഷമാണ് കുട്ടി മരിച്ചതെന്നാണ് കൂടുതൽ സംശയങ്ങൾക്ക് ഇടയാക്കുന്നത്. കാണാതായി മിനിട്ടുകൾക്കകം തന്നെ അന്വേഷണം തുടങ്ങിയിരുന്നു. പുഴയിലടക്കം കുട്ടിയുടെ മൃതദേഹം കണ്ടെത്തിയത് വീടിന് വിളിപ്പാടകലെത്തന്നെയാണ്. സംശയങ്ങൾക്ക് ശരിയായ ഉത്തരം കണ്ടെത്താനുള്ള ഊർജ്ജിത ശ്രമത്തിലാണ് അന്വേഷണ സംഘം.

പോസ്റ്റുമോർട്ടത്തിന്റെ പ്രാഥമിക റിപ്പോർട്ട് മാത്രമാണ് അന്വേഷണസംഘത്തിന്റെ പക്കലുള്ളത്. കുട്ടിയുടെ ശരീരത്ത് പ്രത്യേക തരത്തിൽ അടയാളങ്ങളൊന്നും ഇൻക്വസ്റ്റിൽ കണ്ടെത്തിയിട്ടുമില്ല. പുഴയിലേക്ക് കുട്ടി സ്വയം വീണതോ കൊണ്ടിട്ടതോ എന്ന കാര്യത്തിൽ വ്യക്തത വരുത്താൻ പോസ്റ്റുമോർട്ടം നടത്തിയ വിദഗ്ധ സംഘം ഇളവൂരിലെത്തുന്നുണ്ട്.

## രവി പൂജാരിയുടെ ഹിറ്റ്ലിസ്റ്റിൽ കേരളത്തിലെ ഒട്ടേറെ പ്രമുഖർ

തിരുവനന്തപുരം: കേരളത്തെ പിടിച്ചുലച്ചതും ഇനിയും തെളിയിക്കേണ്ടതുമായ ഒട്ടേറെ കേസുകൾക്കു പിന്നിൽ രാജ്യാന്തര അധോലോകത്തലവൻ രവി പൂജാരിയ്ക്കു പങ്ക്. ക്രൈംബ്രാഞ്ച് മേധാവി ടോമിൻ ജെ. തച്ചങ്കരി നടത്തിയ ചോദ്യം ചെയ്യലിലാണ് പൂജാരിയുടെ "ഹിറ്റ്ലിസ്റ്റി"നെക്കുറിച്ചു നിർണായക വിവരങ്ങൾ ലഭിച്ചത്. ബെംഗളൂരുവിലെ രഹസ്യകേന്ദ്രത്തിൽ തച്ചങ്കരിയുടെ നേതൃത്വത്തിലുള്ള സംഘം മണിക്കൂറുകളോളം പൂജാരിയെ ചോദ്യം ചെയ്തു. ഇയാളെ രണ്ടു ദിവസത്തിനകം കേരളത്തിലെത്തിക്കാനാണ് ക്രൈംബ്രാഞ്ച് നീക്കം.

കൊച്ചിയിലെ ബ്യൂട്ടി പാർലർ വെടിവെപ്പിനു പുറമേ, കാസർകോട്ടും മലപ്പുറത്തും തന്റെ സംഘാംഗങ്ങൾ അധോലോകദൗത്യം ഏറ്റെടുത്തിരുന്നതായി പൂജാരി ചോദ്യം ചെയ്യലിൽ സമ്മതിച്ചു.

കൊച്ചിയിൽ നടി ലീനാ മരിയാ പോളിന്റെ ബ്യൂട്ടി പാർലറിനു നേരെയുണ്ടായ വെടിവെപ്പ് തന്റെ ക്വട്ടേഷനാണെന്നും പോലീസിലെ ചിലർക്കു താനുമായി ബന്ധമുണ്ടെന്നും പൂജാരി വെളിപ്പെടുത്തിയെന്നാണ് സൂചന. ലീനയിൽ നിന്ന് പണം തട്ടിയെടുക്കാനാണ് കൊച്ചിയിൽ ക്വട്ടേഷൻ നൽകിയത്. സംസ്ഥാനത്തെ ഉദ്യോഗസ്ഥ-രാഷ്ട്രീയ പ്രമുഖരെ വകവരുത്താനും ലക്ഷ്യമിട്ടിരുന്നു. കേരളത്തിൽ പൂജാരിയുടെ സംഘത്തിന് ഉന്നതതല സഹായം ലഭിച്ചിരുന്നു.

ഒട്ടേറെ ബിസിനസ് പ്രമുഖരെ ഭീഷണിപ്പെടുത്തി കോടിക്കണക്കിനു രൂപ തട്ടിയെടുത്തിട്ടുണ്ട്. ഈ സംഭവങ്ങളിൽ പരാതിക്കാരില്ലാത്തതു പൂജാരിയ്ക്കു തുണയായി.

കേരളത്തിൽ നിന്ന് ഒരു ഉന്നതൻ സുഖവാസത്തിനായി ബാങ്കോക്കിലെത്തിയപ്പോൾ പൂജാരിയുടെ സംഘം പിന്തുടർന്ന് വൻതുക തട്ടിയെടുത്തതായി ഇന്റലിജൻസ് ബ്യൂറോയും റിപ്പോർട്ട് നൽകിയിരുന്നു.

## ഒരുവർഷം ട്രക്കുകാർ നൽകുന്ന കൈക്കൂലി 47,852 കോടി രൂപ

ന്യൂഡൽഹി: രാജ്യത്ത് ട്രക്ക്-ലോറി ഉടമകളും ഡ്രൈവർമാരും ഒരു കൊല്ലം നൽകുന്ന കൈക്കൂലി ശരാശരി 47,852 കോടി രൂപ. പോലീസ്, ആർടിഒ ചെക്പോസ്റ്റ്, നികുതിയുദ്യോഗസ്ഥർ വഴിയിലുള്ള ഗുണ്ടാപിരിവുകാർ എന്നിവർക്കെല്ലാം കൂടി നൽകേണ്ടിവരുന്നതാണ് ഈ പണം. റോഡുസുരക്ഷിതത്വ മേഖലയിൽ പ്രവർത്തിക്കുന്ന സേവ് ലൈഫ് ഫൗണ്ടേഷനും മഹീന്ദ്ര ആൻഡ് മഹീന്ദ്രയും ട്രക്കുഡ്രൈവർമാരുടെ അവസ്ഥയെക്കുറിച്ചു നടത്തിയ പഠനത്തിലാണ് ഈ വെളിപ്പെടുത്തൽ. ട്രക്ക് ഡ്രൈവർമാർ നൽകുന്ന കൈക്കൂലി സംബന്ധിച്ച് ഒടുവിൽ പഠനം നടന്നത് 2006 -07ലാണ്. അന്ന് 22,048 കോടി രൂപയാണ് കണക്കാക്കിയത്. ഒരു ഡ്രൈവർ ഏറ്റവുമൊടുവിലത്തെ ട്രിപ്പിൽ നൽകുന്ന കൈക്കൂലിയുടെ ശരാശരിയാണ് ദേശീയ തലത്തിലുള്ള തുകയ്ക്കായി കണക്കാക്കിയത്.

## ഡൽഹി പുറമേ ശാന്തം, അകമേ ഭയാനകം


ന്യൂഡൽഹി: കലാപത്തിനുശേഷം ആറു ദിവസം പിന്നിടുന്നു. വടക്കു കിഴക്കൻ ഡൽഹിയിലെ പ്രശ്ന പ്രദേശങ്ങളിൽ അകമേ അസ്വസ്ഥത നീറി നിൽപ്പുണ്ടെങ്കിലും പുറമേയെല്ലാം ശാന്തമാണ്. ജനങ്ങൾ ഭയാശങ്കകളിലാണ്. തകർക്കപ്പെട്ട വീടുകൾക്കും തീയിലമർന്ന കടകമ്പോളങ്ങൾക്കും വാഹനങ്ങൾക്കും മുന്നിൽ അവർ വിഷമവും സങ്കടവും അടക്കി നിൽക്കുന്നു.

കർഫ്യൂവിൽ ഇളവുവരുത്തിയതോടെ ചിലയിടങ്ങളിൽ കടകൾ തുറന്നു. വാഹനങ്ങളോടി. റോഡുകളിൽ കുമിഞ്ഞുകൂടിയ കലാപത്തിന്റെ അവശിഷ്ടങ്ങൾ മുനിസിപ്പൽ ജീവനക്കാരുടെ ട്രക്കുകളിൽ നീക്കുന്നതിനും വൈദ്യുതി ജീവനക്കാർ വൈദ്യുതി പുനസ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ജാഫ്രാബാദ്, മൗജാപുർ, ചാന്ദ്ബാഗ്, ഖുരേജി ഖാസ്, ഭജൻ പുര, കബീർ നഗർ, ബാബർപുര, സീലാംപുർ തുടങ്ങിയ പ്രശ്നമേഖലകളിൽ ഡൽഹി പോലീസിനു പുറമെ ഏഴായിരത്തോളം അർധസൈനികരെ വിന്യസിച്ചിട്ടുണ്ട്. എത്രയും വേഗം സമാധാനം വീണ്ടെടുക്കുകയാണ് പോലീസിന്റെ പ്രധാന ലക്ഷ്യമെന്ന് ജോയിന്റ് കമ്മീഷണർ ഒ.പി. മിശ്ര കലാപബാധിത പ്രദേശമായ ചാന്ദ്ബാഗിൽവെച്ച് പറഞ്ഞു. പ്രദേശത്തെ ജനങ്ങളോടും മതനേതാക്കളോടും പോലീസ് കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. രണ്ട് ദിവസങ്ങളിലായി 331 സമാധാനയോഗങ്ങൾ ചേർന്നു. ഡൽഹി ലെഫ്. ഗവർണർ അനിൽ ബൈജാൽ പ്രശ്നമേഖലകൾ സന്ദർശിച്ചു.

## മെട്രോമാൻ വിശ്രമ ജീവിതത്തിലേക്ക്

കൊച്ചി: എൻജിനീയറിങ് മികവിൽ ലോകത്തോളം വളർന്ന കേരളത്തിന്റെ മെട്രോമാൻ ഇ. ശ്രീധരൻ വിശ്രമജീവിതത്തിലേക്ക്. ഡൽഹി മെട്രോ റെയിൽ കോർപറേഷന്റെ (ഡിഎംആർസി) മുഖ്യ ഉപദേശകസ്ഥാനമുൾപ്പെടെയുള്ള ഔദ്യോഗിക ചുമതലകളിൽ നിന്ന് അദ്ദേഹം ജൂൺ 30-നു വിരമിക്കും. "88 വയസ്സായി. ഇനിയും ഇങ്ങനെ ജോലിചെയ്യാനാകില്ല. ആരോഗ്യപ്രശ്നങ്ങളും കുറച്ചുണ്ട്": വിരമിക്കൽ തീരുമാനത്തിന്റെ കാരണങ്ങൾ ശ്രീധരൻ വിശദീകരിക്കുന്നതിങ്ങനെ.



"മുഖ്യ ഉപദേഷ്ടാവ് സ്ഥാനത്തുനിന്ന് ഒഴിവാകുകയാണെന്ന് ഡിഎംആർസിയെ അറിയിച്ചു. അവർക്കുമറിയാം എനിക്ക് പ്രായമായെന്ന്. അതിനാൽ അനുമതി കിട്ടാൻ പ്രയാസമുണ്ടാകില്ല. അവരെന്നെ സ്ഥിരമായി ഉപദേഷ്ടാവായി നിയമിച്ചതല്ല. കേരളത്തിലെ ജോലിക്കുവേണ്ടിയാണ് മുഖ്യ ഉപദേഷ്ടാവായത്."

കൊച്ചി മെട്രോ പേട്ടവരെയെത്തുന്നതോടെ കേരളത്തിലെ ചുമതലകളെല്ലാം പൂർത്തിയാകും. പാലാരിവട്ടം പുനർനിർമാണമൊഴികെ മറ്റൊന്നും ഔദ്യോഗികമായി ശേഷിക്കുന്നില്ല. പാലാരിവട്ടത്തിന്റെ കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്നുമുണ്ട്.

## ഡോ. സ്റ്റാൻലി ജോൺ അന്തരിച്ചു

ബെംഗളൂരു: ഇരുപതിനായിരത്തോളം ഹൃദയ ശസ്ത്രക്രിയകൾക്കു നേതൃത്വം നൽകിയ, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ് ആശുപത്രി കാർഡിയോ തൊറാസിക് സർജറി വിഭാഗം മുൻ മേധാവി (87) കോറമംഗല സെക്കൻഡ് എ ക്രോസിലെ വസതിയിൽ അന്തരിച്ചു. സംസ്കാരം നടത്തി.



ഭാര്യ: കോഴഞ്ചേരി കാരംവേലി കൊടുവത്തറയിൽ ഡോ. ലില്ലി ജോൺ (വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ് മുൻ പ്രഫസർ). മക്കൾ: ഡോ. രഞ്ജിത് (യുഎസ്), ഡോ. റോഹൻ (കാനഡ). മരുമകൾ: ഫ്ളോറൻസ്. ഡോ. സ്റ്റാൻലി ജോണിനെ 1975ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. ഡോക്ടർമാർക്കുള്ള പരമോന്നത ബഹുമതിയായ ഡോ. ബി. റോയ് പുരസ്കാരവും 1985ൽ ഇദ്ദേഹത്തിന് നൽകി.

# വഴികാട്ടുന്നത് മന്നത്തിന്റെ വാക്കുകൾ: ജി. സുകുമാരൻ നായർ

ചങ്ങനാശേരി: പറഞ്ഞതെല്ലാം അതേപടി പാലിക്കുകയും ചെയ്യാൻ വയ്യാത്ത കാര്യങ്ങൾ പറയാതിരിക്കുകയും ചെയ്ത മഹദ് വ്യക്തിത്വമായിരുന്നു മന്നത്ത് പത്മനാഭന്റേതെന്ന് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ. സമുദായാചാര്യന്റെ സന്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് നായർ സർവീസ് സൊസൈറ്റി നേതൃത്വം മുന്നോട്ടു പോകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

മന്നത്തിന്റെ 50-ാം ചരമവാർഷികത്തോടനുബന്ധിച്ച് പെരുന്നയിൽ എൻഎസ്എസ് ആസ്ഥാനത്തെ മന്നം സമാധിയിൽ സംഘടിപ്പിച്ച വിവിധ പരിപാടികൾക്കു നേതൃത്വം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. രാവിലെ 6 മുതൽ മന്നത്തു പത്മനാഭന്റെ അന്തരിച്ച സമയമായ 11.45 വരെ ഭക്തിഗാനാലാപനം, പുഷ്പാർച്ചന, സമൂഹപ്രാർത്ഥന എന്നിവ നടന്നു. സ്ത്രീകളും കുട്ടികളുമുൾപ്പെടെ ആയിരക്കണക്കിനു സമുദായാംഗങ്ങൾ പങ്കുചേർന്നു.

സ്വന്തം സമുദായത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുമ്പോഴും ഇതര സമുദായങ്ങൾക്ക് ക്ഷോഭകരമായതൊന്നും ചെയ്യരുതെന്നാണ് മന്നം പഠിപ്പിച്ചതെന്നു ജി. സുകുമാരൻ നായർ അനുസ്മരിച്ചു. എൻഎസ്എസ് വേളയിൽ സമുദായാചാര്യനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ പി.എൻ. നരേന്ദ്രനാഥൻ നായർ ചൊല്ലി നടത്തി.

രാഷ്ട്രീയ സാമുദായിക സാംസ്കാരിക രംഗത്തെ പ്രമുഖരും പെരു



മന്നത്ത് പത്മനാഭന്റെ 50-ാം ചരമവാർഷികത്തോടനുബന്ധിച്ച് പെരുന്നയിലെ മന്നം സമാധിയിൽ പുഷ്പാർച്ചന കഴിഞ്ഞുവരുന്ന എൻഎസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ

മന്ദിരങ്ങളിലും പെരുന്ന മന്നം സമാധിയിലും മന്നത്തിന്റെ സ്മരണയ്ക്കു മുന്നിൽ പുഷ്പാർച്ചന നടത്തുന്നവരുടെ എണ്ണം വർധിച്ചു വരികയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എൻഎസ്എസിനു രൂപം നൽകിയ ക്കൊടുത്തു. സമുദായാംഗങ്ങൾ ഏറ്റുചൊല്ലി. ട്രഷറർ ഡോ. എം. ശശികുമാർ, കരയോഗം രജിസ്ട്രാർ പി.എൻ. സുരേഷ്, ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗം ഹരികുമാർ കോയിക്കൽ തുടങ്ങിയവർ പുഷ്പാർച്ചന ന്നയിലെ സമാധിദിന ചടങ്ങുകളിൽ പങ്കെടുത്തു. സംസ്ഥാനത്തെ വിവിധ എൻഎസ്എസ് കരയോഗങ്ങളിലും താലൂക്ക് യൂണിയനുകളിലും സമാധി ദിനാചരണം നടന്നു. 1970 ഫെബ്രുവരി 25നാണ് മന്നം അന്തരിച്ചത്.

## ഇന്ത്യ ഒരു വിഭാഗത്തിന്റേത് മാത്രമല്ല: ടിക്കാറാം മീണ

നെടുങ്കണ്ടം: ഡൽഹിയിൽ ഇപ്പോൾ നടക്കുന്ന കലാപങ്ങൾ ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്നു മുഖ്യ തെരഞ്ഞെടുപ്പു ഓഫിസർ ടിക്കാറാം മീണ. ഒരു വിഭാഗത്തിനുവേണ്ടി മാത്രമുള്ള നാടല്ല നമ്മുടേത്. ഇപ്പോഴത്തെ സാഹചര്യത്തിൽ മതഗ്രന്ഥത്തെക്കാൾ നല്ല പുസ്തകമാണ് ഇന്ത്യൻ ഭരണഘടന. ക്രിമിനൽ പശ്ചാത്തലമുള്ള കേസ് വിവരങ്ങൾ നാമനിർദേശ പത്രികയ്ക്കൊപ്പം സമർപ്പിക്കണമെന്നതും ഇവ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കണമെന്നതും സുപ്രീം കോടതിയുടെ വിപ്ലവകരമായ വിധിയാണ്. ഇത് വരുന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ കണിശമായി നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു.

നെടുങ്കണ്ടം എംഇഎസ് കോളജിൽ ഗാന്ധി സ്മൃതിയുടെ ഭാഗമായി ഭാഷാ വിഭാഗങ്ങളും യുഎൻ അക്കാദമിക് ഇംപാക്ടും (യുഎൻഎഐ) ചേർന്ന് 'പ്രാതിനിധ്യ ജനാധിപത്യം' എന്ന വിഷയത്തിൽ നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.


# PASTOR FOR YOUTH & CHILDREN

The Indian Pentecostal Church of God in Houston, TX is seeking a passionate and experienced leader to fill the role of Youth Pastor to lead a large congregation, includes youth and children. The Youth Pastor should be able to preach and minister relevantly to a generationally diverse crowd comprised of primarily South Indian descent (i.e. Kerala, India). We are seeking someone who is familiar with this culture and has interest/experience ministering to this group of believers.

**Minimum Qualifications**

- 25 years of age or older
- Married
- Bachelor's degree in Theology or other biblical studies earned through an on-campus program
- Saved, baptized, and filled with the Holy Spirit
- Living a life pleasing to the Lord
- 2 years of ministerial experience(Teaching & Preaching)
- Preferably someone who is familiar with the South Indian (Keralite) culture and has genuine interest/experience ministering to this group of believers
- Legally authorized to work in the United States

We offer a competitive salary with benefits. All submissions will be confidential.

To apply please email an updated resume and two professional references to
**YouthPastorSearch@IPCHouston.com**

For detailed job description, visit
**IPCHouston.Com / YouthPastorSearch**

**Further inquiries please contact**
**Pastor Sabu Varghese (215) 939-7512 or**
**Pastor Sam Varughese (469) 235-4684**


## എംജി ജീവനക്കാരുടെ സിഎഎ വിരുദ്ധ സമരം: ഇടപെട്ട് ഗവർണർ

കോട്ടയം: പൗരത്വ ഭേദഗതി നിയമത്തിന് എതിരേ എംജി സർവകലാശാലയിൽ ജീവനക്കാരുടെ സംഘടന നടത്തിയ പ്രതിഷേധത്തിൽ ചാൻസലർ കൂടിയായ ഗവർണറുടെ ഇടപെടൽ. പാർലമെന്റ് പാസാക്കിയ കേന്ദ്രനിയമത്തിനെതിരെ പൊതുസേവകരായ സർക്കാർ ഉദ്യോഗസ്ഥർ പ്രതിഷേധിക്കുന്നുത് നിയമലംഘനമാണെന്ന് കാണിച്ച് ഗവർണർക്ക് പരാതി നൽകിയിരുന്നു. ഈ പരാതി ഗവർണർ വൈസ് ചാൻസലർക്ക് അയച്ച് കൊടുക്കുകയും പരാതിക്കാരന് മറുപടി നൽകണമെന്ന് നിർദേശിക്കുകയും ചെയ്തു. എന്നാൽ ഇതേവരെ മറുപടി നൽകിയിട്ടില്ലെന്നാണ് വിവരം.

ജനുവരി എട്ടിനാണ് ഗവർണർക്ക് കണ്ണൂർ സ്വദേശിയായ കെ.വി. ശശിധരൻ പരാതി നൽകിയത്. ജനുവരി 23ന് ഈ പരാതി ഗവർണറുടെ ഓഫിസ് വൈസ് ചാൻസലർക്ക് അയച്ച് നൽകുകയും നിർദേശിക്കുകയുമായിരുന്നു. എംജി യൂണിവേഴ്സിറ്റി എംപ്ലോയീസ് അസോസിയേഷൻ ഡിസംബർ 16ന് സിഎഎ വിരുദ്ധ പ്രതിഷേധ പ്രകടനവും യോഗവും നടത്തിയതിന്റെ മാധ്യമവാർത്തകൾ സഹിതമാണ് പരാതി നൽകിയിരുന്നത്. പാർലമെന്റ് പാസാക്കിയ നിയമത്തിന് എതിരായ പ്രതിഷേധം സർവീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന്, ചട്ടത്തിന്റെ വിവിധ ഭാഗങ്ങൾ ഉദ്ധരിച്ച് ഇതിൽ പറയുന്നു.

അതേസമയം, ഫെബ്രുവരി 27ന് സംഘടനയുടെ സമ്മേളനവും ഉദ്ഘാടനവും ചെയ്ത ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ സിഎ വിരുദ്ധ സമരങ്ങളെയും നിലപാടുകളെയും ന്യായീകരിച്ചിരുന്നു.




കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition From Chicago

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXVIII
Number 10
March 06, 2020

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203
Fax : + 91 481-2568648

*Co-ordinating Editor*
Mani Samuel

*Chief News Editor*
Thomas Vadakel

*News Editor*
Mini Mani

*Sub Editor*
Cyril Thomas

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to Kerala Express, Grace Publications, Inc. 2050 W. Devon Ave. Chicago, Illinois 60659.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്വചനം**

വായും പണപ്പെട്ടിയും സൂക്ഷിച്ചും ആലോചിച്ചുമേ തുറക്കാവൂ.
**ഇംഗ്ലീഷ് പഴമൊഴി**

നികുതിയില്ലാത്ത സമ്പത്താണ് ആരോഗ്യം.
**ആർണോൾഡ് ഗ്ലാസ്ഗോ**

നിന്നെയല്ല, നിന്റെ നിഴലിനെയാണ് നീ കാണുന്നത്.
**രവീന്ദ്രനാഥ ടാഗോർ**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# നീതിമാൻ അസ്വീകാര്യൻ!

എല്ലാ രംഗത്തും നീതിമാന്മാർ ഒഴിവാക്കപ്പെടുകയും സ്വാർത്ഥമോഹികളും ഏതു കൊള്ളരുതായ്മയ്ക്കും കൂട്ടുനിൽക്കുന്നവരും നീതിമാന്മാരുടെ കസേരകളിൽ കയറിപ്പറ്റുകയും ചെയ്യുന്നു. കോടതികളുടെ കാര്യത്തിൽ ഇങ്ങനയൊന്നും സംഭവിക്കുകയില്ലെന്നായിരുന്നു ഇന്ത്യാക്കാർ നാളിതുവരെ വിശ്വസിച്ചിരുന്നത്. എന്നാൽ, കുറച്ചുനാളുകളായി കോടതികളുടെ വിശ്വാസ്യതയ്ക്ക് മങ്ങലേറ്റു തുടങ്ങിയിരിക്കുന്നു. ഇതുകണ്ട് ജഡ്ജിമാർ തന്നെ ജനങ്ങൾക്ക് സൂചന നല്കിയെങ്കിലും കോടതികൾ സർക്കാരിന്റെ ആജ്ഞാനുവർത്തികളാണെന്ന തോന്നൽ നിലനിൽക്കുകയാണ്. അതിനൊരു ഉദാഹരണമത്രെ ഡൽഹി അക്രമങ്ങളിൽ കർശനമായ നിലപാടെടുത്ത ജസ്റ്റിസ് മുരളീധറിന്റെ സഡൻ സ്ഥലംമാറ്റം. ഇത് ഇന്ത്യയിലെ നിഷ്പക്ഷമതികളെ തെല്ലെന്നുമല്ല ഞെട്ടിച്ചത്. ഭീകരവാഴ്ചാ കേസിൽ പോലീസിനെയും സർക്കാരിനെയും രൂക്ഷമായി വിമർശിച്ച ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എസ്. മുരളീധറിനെ രായ്ക്കുരാമാനം സ്ഥലം മാറ്റി. ജസ്റ്റീസ് മുരളീധറിനെ പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിലേക്ക് മാറ്റാൻ സുപ്രീംകോടതി കൊളീജിയം ഫെബ്രുവരി 12ന് നടത്തിയ ശിപാർശയിൽ കേന്ദ്ര നിയമമന്ത്രാലയം ഫെബ്രുവരി 26ന് ബുധനാഴ്ച രാത്രി പൊടുന്നനെ ഉത്തരവിടുകയായിരുന്നു. ധൃതിപിടിച്ചുള്ള ഈയൊരു ഉത്തരവിലേക്ക് നിയമമന്ത്രാലയത്തെ കൊണ്ടെത്തിച്ചതിന്റെ പ്രേരകമെന്തെന്നറിയണമെങ്കിൽ ഡൽഹിയിലെ ഹിന്ദുത്വ ഭീകരാക്രമണ കേസിൽ ജസ്റ്റിസ് മുരളീധർ നടത്തിയ ഇടപെടലുകളെക്കുറിച്ചു മനസ്സിലാക്കണം. ഫെബ്രുവരി 24 മുതൽ മൂന്ന് ദിവസം ഹിന്ദുത്വ ഭീകരരുടെ താണ്ഡവമായിരുന്നു വടക്കുകിഴക്കൻ ഡൽഹിയിൽ. മുപ്പതിലേറെ പേർ വധിക്കപ്പെടുകയും ഇരുനൂറോളം പേർക്ക് പരുക്കേൽക്കുകയും ചെയ്ത താണ്ഡവത്തിൽ പരുക്കേറ്റവരുമായി ആംബുലൻസുകൾക്കു പോകുവാൻ പോലും പറ്റാത്ത അവസ്ഥയിലായിരുന്നു അവിടം. ആംബുലൻസുകൾ വഴിയിൽ തടയപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ രോഗികളുമായി ആശുപത്രിയിലേക്കു പോകുന്ന വാഹനങ്ങൾക്ക് സുരക്ഷാസംവിധാനം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഹർഷ് മന്ദർ എന്ന അഭിഭാഷകൻ റിട്ട് ഹർജിയുമായി 23ന് ചൊവ്വാഴ്ച രാത്രി ഡൽഹി ഹൈക്കോടതിയിലെത്തി. ദിൽഷാദ് ഗാർഡനിലെ ജി.ടി.പി ആശുപത്രിയിലേക്കുള്ള വഴിയിലെ തടസ്സങ്ങൾ നീക്കണമെന്നും ഇല്ലെങ്കിൽ നിരവധി ജീവൻ അപകടത്തിലാകുമെന്നും കാണിച്ചാണ് ഹർഷ് മന്ദർ കോടതിയെ സമീപിച്ചത്. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ ജസ്റ്റിസ് മുരളീധർ അന്ന് അർദ്ധരാത്രി തന്നെ തന്റെ വസതിയിൽ കോടതി സിറ്റിംഗ് നടത്തി ആംബുലൻസുകൾ സുരക്ഷിതമായി ആശുപത്രിയിലെത്തിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്നു ഡൽഹി പോലീസിന് ഉത്തരവ് നല്കി. ഈ സമയോചിത ഇടപെടൽ മൂലം 22 പേരെയെങ്കിലും രക്ഷിക്കാനായെന്നാണ് ആശുപത്രി വൃത്തങ്ങളുടെ വെളിപ്പെടുത്തൽ.

അടുത്ത ദിവസം ചീഫ് ജസ്റ്റിസിന്റെ അഭാവത്തിൽ ഹർജി വന്നത് ജസ്റ്റിസ് മുരളീധറും ജസ്റ്റിസ് തൽവന്ദ് സിംഗും അടങ്ങുന്ന ബെഞ്ച് മുമ്പാകെയാണ്. ഡൽഹി സംഭവങ്ങളിൽ സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഹർജിയുടെ പരിഗണനാവേളയിൽ സോളിസിറ്റർ ജനറൽ തുഷാർ മേത്തയെയും ഡെപ്യൂട്ടി കമ്മീഷണറെയും വിളിച്ചുവരുത്തി വിദ്വേഷപ്രസംഗം നടത്തിയ കപിൽ മിശ്ര, അനുരാഗ് ഠാക്കൂർ, പർവേഷ് വർമ എന്നീ ബി.ജെ.പി നേതാക്കൾക്കെതിരെ കേസെടുക്കുന്നതിലെ കാലതാമസത്തിന് പോലീസിനെ രൂക്ഷമായി വിമർശിച്ചു. ഡൽഹിയിലെ സാഹചര്യം ഇപ്പോൾ ഏറെ കലുഷിതമായതിനാൽ പോലീസിന് ഇപ്പോൾ ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും അനുയോജ്യമായ ഘട്ടത്തിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുമെന്നുമായിരുന്നു തുഷാർ മേത്തയുടെ പ്രതികരണം. 'ഇപ്പോഴല്ലെങ്കിൽ പിന്നെ എപ്പോഴാണ് ആ അനുയോജ്യമായ ഘട്ടമെന്നും നഗരം മുഴുവൻ എരിഞ്ഞു തീരാനാണോ നിങ്ങൾ കാത്തിരിക്കുന്നതെ'ന്നുമായിരുന്നു ജസ്റ്റിസ് മുരളീധറിന്റെ മറുചോദ്യം. 'നിങ്ങൾ എത്ര കാലമാണ് ഇങ്ങനെ കണ്ണടച്ച് ഇരുട്ടാക്കുക? എത്ര പേരുടെ ജീവൻ നഷ്ടമായാലാണ്, വസ്തുവകകൾക്ക് എത്രമാത്രം നഷ്ടമുണ്ടായാലാണ് നിങ്ങൾക്ക് അനുയോജ്യമായ സമയമായി എന്നു തോന്നിത്തുടങ്ങുക'എന്നിങ്ങനെ ജസ്റ്റിസ് മുരളീധർ മനോവേദനയോടെ ചോദിച്ചു. 1984 -ലെ സിഖ് വിരുദ്ധ കലാപം ഇവിടെ ആവർത്തിക്കാൻ അനുവദിച്ചുകൂടാ. അതിനാൽ വിദ്വേഷപ്രസംഗം നടത്തിയവർക്കെതിരെ എത്രയും വേഗം കുറ്റപത്രം നല്കാനും 24 മണിക്കൂറിനകം ഇതുസംബന്ധിച്ച റിപ്പോർട്ട് നല്കാനും കമ്മീഷണറോട് കോടതി ആവശ്യപ്പെട്ടു. വിദ്വേഷപ്രസംഗം നടത്തിയ നേതാക്കളുടെ വീഡിയോ ക്ലിപ് ജസ്റ്റിസ് മുരളീധർ കോടതിയിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

നീതിമാനായ ജഡ്ജി സർക്കാരിന് അസ്വീകാര്യനായതിന്റെ കാരണം ഇതൊക്കെയാണ്. സാധാരണഗതിയിൽ ജഡ്ജിമാരെ സ്ഥലം മാറ്റിക്കൊണ്ടുള്ള രാഷ്ട്രപതിയുടെ ഉത്തരവിൽ, ഏതു തീയതിക്കാണ് പുതിയ കോടതിയിൽ ചുമതലയേൽക്കേണ്ടതെന്നു വ്യക്തമാക്കാറുണ്ട്. ജസ്റ്റിസ് മുരളീധറിന്റെ ഉത്തരവിൽ അങ്ങനെ സ്ഥലം മാറി ജോലിയിൽ പ്രവേശിക്കേണ്ട സമയം നല്കുന്നില്ല. ജസ്റ്റിസ് മുരളീധറിനെ സ്ഥലം മാറ്റാനുള്ള കൊളീജിയത്തിന്റെ ശിപാർശയിൽ, പകരം മദ്രാസ് ഹൈക്കോടതിയിലെ ജസ്റ്റിസ് സുബ്രഹ്മണ്യ പ്രസാദിനെ ഡൽഹിയിൽ നിയമിക്കാനുള്ള ശിപാർശയുമുണ്ടായിരുന്നു. ഇക്കാര്യത്തിൽ നടപടിയെടുത്തിട്ടില്ലെന്നതും ശ്രദ്ധേയമാണ്. ഡൽഹി ഹൈക്കോടതിയിൽ നിന്നു വിരമിച്ച ജസ്റ്റിസ് കൈലാഷ് ഗംഭീർ അഭിപ്രായപ്പെട്ടതുപോലെ, ഡൽഹി സംഭവത്തിൽ ബി.ജെ.പി നേതാക്കൾക്കെതിരെ ഉത്തരവോ എഫ്. ഐ.ആറോ സർക്കാർ ആഗ്രഹിക്കുന്നില്ലെന്നാണ് ഈ നടപടിയിലൂടെ വ്യക്തമാകുന്നത്. ഈ കേസിൽ ഹിന്ദുത്വരായ പ്രതികളെല്ലാം രക്ഷപ്പെടുകയും ജീവരക്ഷാർത്ഥം പ്രതിരോധിച്ച മറ്റുള്ളവരെ പ്രതിപ്പട്ടികയിൽ പെടുത്തുകയുമായിരിക്കും വരുംനാളുകകളിൽ കാണാനിരിക്കുന്നത്. ഇത് സാദ്ധ്യമാകണമെങ്കിൽ ജസ്റ്റിസ് മുരളീധറിനെപ്പോലെ നീതിബോധമുള്ള ജഡ്ജിമാർ ഉണ്ടാകാൻ പാടില്ലല്ലോ. 'ജഡ്ജിമാർ ബി.ജെ.പി.യുടെ താത്പര്യമനുസരിച്ച് നീങ്ങണമെന്നാണ് സർക്കാർ കരുതുന്നത്. എന്നാൽ, എല്ലാവർക്കും ജസ്റ്റിസ് അരുൺ മിശ്രയാകുവാൻ പറ്റില്ല'ല്ലോയെന്ന് മോദിയെ വാനോളം പുകഴ്ത്തിക്കൊണ്ട് മിശ്ര നടത്തിയ പ്രസംഗത്തെത്തുറിച്ച് ജസ്റ്റിസ് ഗംഭീർ പറഞ്ഞു. ഇത് എത്ര പ്രസക്തം. നീതിമാൻ അസ്വീകാര്യനാണെന്നുള്ള കാഴ്ചപ്പാട് കേന്ദ്രസർക്കാരിനുണ്ടെന്നാണ് ജസ്റ്റിസ് മുരളീധറിന്റെ പെട്ടെന്നുള്ള സ്ഥലംമാറ്റവും പിന്നീടുള്ള കോടതി നടപടികളും സൂചിപ്പിക്കുന്നത്.

# വിശ്വാസ്യത നഷ്ടപ്പെട്ട ആഭ്യന്തര ഭരണം

**രമേശ് ചെന്നിത്തല (പ്രതിപക്ഷ നേതാവ്)**

കേരളത്തിന്റെ ക്രമസമാധാനം, ആഭ്യന്തര സുരക്ഷാനിയമ വാഴ്ച എന്നിവ ഉറപ്പാക്കേണ്ട സുപ്രധാന ചുമതലയാണ് ആഭ്യന്തര വകുപ്പിന്റേത്. നിർഭാഗ്യവശാൽ മുഖ്യമന്ത്രി പിണറായി വിജയൻ ആഭ്യന്തര വകുപ്പ് ഭരിച്ച് തുടങ്ങിയ കാലം മുതൽ പുറത്ത് വരുന്ന മിക്ക വാർത്തകളും പൊതുസമൂഹത്തിന്റെ മുന്നിൽ പോലീസിന്റെയും ആഭ്യന്തര വകുപ്പിന്റെയും വിശ്വാസ്യത ചോദ്യം ചെയ്യുന്നതായിരുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു സ്വകാര്യ കമ്പനിയുടെ ഒരേ കളർ പെയിന്റ് തന്നെ അടിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവായിരുന്നു ആദ്യത്തേത്. പിന്നീട് ഒരു കമ്പനിയിൽ നിന്നുള്ള യൂണിഫോം എല്ലാവരും ധരിക്കണമെന്നായി. അതിന് ശേഷ നമ്മൾ കേട്ടത് പാസ്പോർട്ട് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ കുറ്റകൃത്യങ്ങളുടെയും വിവരം (DATA BANK) യുഎൽടിഎസ് എന്ന സ്വകാര്യ കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചുവെന്നതാണ്. ഇതിനെതിരെ പ്രതിപക്ഷം ഹൈക്കോടതിയെ സമീപിക്കുകയും വിവാദമായ തീരുമാനം സർക്കാർ തന്നെ പിൻവലിച്ച് ഉത്തരവിറക്കുകയും ചെയ്തു.

പണമുള്ളവന് മാത്രം പോലീസിന്റെ കൂടുതൽ സുരക്ഷ ഉറപ്പ് നൽകുന്ന മറ്റൊരു ജനവിരുദ്ധ പദ്ധതിയാണ് സിംസ് (CIMS). എൺപതിനായിരം മുതൽ നാലര ലക്ഷം രൂപവരെ നൽകുന്നവർക്ക് വീടുകളിൽ സിസിടിവി ക്യാമറകൾ ഘടിപ്പിച്ച് അതിലൂടെ 24 മണിക്കൂറും പോലീസ് നിരീക്ഷണം ഉറപ്പാക്കുന്ന പദ്ധതിയാണിത്. ക്രമസമാധാനം, സുരക്ഷ എന്നിവ എല്ലാ പൗരന്മാർക്കും ഒരേപോലെ ഉറപ്പാക്കേണ്ട ഭരണഘടനാ ബാധ്യതയുള്ള ഒരു സർക്കാരാണ് കുറച്ച് പേർക്ക് മാത്രം സുരക്ഷ വാഗ്ദാനം ചെയ്യുന്ന ഈ പദ്ധതി നടപ്പാക്കുന്നതെന്നോർക്കണം. കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവൃത്തി പരിചയം വേണമെന്ന നിബന്ധന കാറ്റിൽ പറത്തിക്കൊണ്ടാണ് തുടങ്ങിയിട്ട് ഒന്നര വർഷം പോലുമാകാത്ത ഗാലക്സോൺ എന്ന കമ്പനിക്ക് കേരളാ പോലീസ് ഈ പദ്ധതിയുടെ നടത്തിപ്പ് ഏൽപ്പിച്ച് കൊടുത്തത്. പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഈ കമ്പനിയുടെ രണ്ട് ഡയറക്ടർമാരേയും കേന്ദ്ര കമ്പനികാര്യ മന്ത്രാലയം കരിമ്പട്ടികയിൽ പെടുത്തിയിരിക്കുകയാണ്. ഈ കമ്പനിക്കാണ് കേരളാ പോലീസ് ആസ്ഥാനത്ത് പ്രത്യേക സ്ഥലം നൽകി പ്രവർത്തനാനുമതി നൽകിയിരിക്കുന്നത്. സർക്കാരിന്റെ പ്രാഥമികവും പ്രധാനവുമായ ജോലിയാണ് പോലീസിംഗ്. അതിനെ സ്വകാര്യ വൽക്കരിക്കുകയും അതുവഴി ആഭ്യന്തര സുരക്ഷ അപകടത്തിൽ ആക്കിയിരിക്കുകയാണ് പിണറായി വിജയൻ എന്ന ആഭ്യന്തരമന്ത്രി.

ഇതിലും ഞെട്ടിക്കുന്ന വിവരങ്ങളാണ് സിഎജി റിപ്പോർട്ടിലുള്ളത്. രാജ്യ സുരക്ഷയെ തന്നെ ബാധിക്കുന്ന വിധത്തിൽ 25 ഇൻസാസ് റൈഫിളുകളും 12061 വെടിയുണ്ടകളും പോലീസിൽ നിന്ന് കാണാതായി എന്നാണ് നിയമസഭയുടെ മേശപ്പുറത്ത് വെച്ച റിപ്പോർട്ട് പറയുന്നത്. ഇതിൽ പ്രതിയായ ഒരാൾ മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ ഗൺമാനായി തുടരുകയാണ് എന്നത് വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു.

എസ്ഐമാർക്കും എഎസ്ഐമാർക്കും ക്വാർട്ടേഴ്സ് പണിയാനുള്ള 4.35 കോടി രൂപ വകമാറ്റി ഡിജിപിക്കും നാല് എഡിജിപിമാർക്കും ലക്ഷ്വറി വില്ലകൾ പണിതതാണ് സിഎജി കണ്ടെത്തിയ മറ്റൊരു ക്രമക്കേട്. ഭരണാനുമതി പോലുമില്ലാതെയാണ് സംസ്ഥാന പോലീസ് മേധാവി ഇത് ചെയ്തത്. പോലീസ് സ്റ്റേഷനുകളിലേക്ക് 1.10 കോടി വിലവരുന്ന വാഹനങ്ങൾ വാങ്ങാൻ അനുവദിച്ച തുക വകമാറ്റി ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ വാങ്ങിച്ചതാണ് മറ്റൊരു അഴിമതി. ടെൻഡർ വിളിക്കാതെയാണ് ഡിജിപിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ കമ്മിറ്റിക്ക് രൂപം നൽകി 55 ലക്ഷം രൂപയുടെ മിസ്തുബിഷി പജീറോ വാങ്ങിയത്. സർക്കാർ അനുമതി ഇല്ലാതെ വിതരണക്കാർക്ക് 33 ലക്ഷം മുൻകൂർ നൽകിയാണ് ഈ കച്ചവടം നടത്തിയത്. പോലീസിന് വേണ്ടി വാങ്ങിയ മറ്റൊരു ആഡംബര വാഹനമാകട്ടെ ചീഫ് സെക്രട്ടറിയാണ് ഉപയോഗിക്കുന്നത്. കമ്പോള വിലയുടെ മൂന്നിരട്ടി വില നൽകിയാണ് ശബരിമലക്കായുള്ള മെറ്റൽ ഡിറ്റക്ടറ്റർ അടക്കമുള്ള സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയതെന്നും സിഎജി കണ്ടെത്തി. മുഖ്യമന്ത്രി പിണറായി വിജയന്റെ അനുമതിയില്ലാതെ ഇതൊന്നും സാധ്യമാകില്ലെന്ന് എല്ലാവർക്കും അറിയാം.

180 കോടിയുടെ ഇന്റർഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് പദ്ധതിയാണ് മറ്റൊരു തട്ടിപ്പ്. കേരളത്തിലെ റോഡുകളിൽ നടക്കുന്ന ട്രാഫിക് ലംഘനങ്ങൾ കണ്ടു പിടിക്കാനും അവർക്ക് ജനങ്ങളിൽ നിന്ന് പിഴകൾ ഈടാക്കാനും സ്വകാര്യ കമ്പനിക്ക് അനുവാദം നൽകുന്ന ഒരു പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുമ്പോൾ കിട്ടുന്ന വരുമാനത്തിന്റെ 90 ശതമാനവും സ്വകാര്യ കമ്പനിക്കാണ് ലഭിക്കുന്നത്. ബാക്കി പത്തുശതമാനം മാത്രമേ സർക്കാരിന് ലഭിക്കുകയുള്ളൂ. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് പെറ്റി അടിക്കാനും പിഴ ഈടാക്കാനും സ്വകാര്യ കമ്പനിയെ ചുമതലപ്പെടുത്തുന്നത്. ലാഭം മാത്രം ലക്ഷ്യമായ സ്വകാര്യ കമ്പനിക്ക് നാട് മുഴുവൻ നടന്ന് കൊള്ളയടിക്കാനുള്ള അവസരമാണ് സർക്കാർ രഹസ്യമായി ഒരുക്കി നൽകിയത്. എന്നാൽ പ്രതിപക്ഷത്തിന്റെ തക്ക സമയത്തുള്ള ഇടപെടൽ മൂലം സർക്കാരിന് ഇതിൽനിന്നു പിൻവാങ്ങേണ്ടി വന്നു. ഈ പദ്ധതിക്കായി റീ ടെൻഡർ വിളിക്കേണ്ട അവസ്ഥയിലേക്ക് സർക്കാർ മാറി. എന്നാൽ ഈ പദ്ധതി തന്നെ റദ്ദാക്കണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നത്.

സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനാകട്ടെ ഈ ഗുരുതരമായ വീഴ്ചകളെല്ലാം യുഡിഫ് കാലത്താണ് തുടങ്ങിയതെന്നാരോപിച്ച് തടി കഴിച്ചിലാക്കാൻ ശ്രമിക്കുകയാണ്. പാർട്ടിമുഖപത്രത്തിൽ ലേഖനം എഴുതി സമയം കളയാതെ സിഎജി റിപ്പോർട്ട് ഒന്ന് മനസിരുത്തി വായിക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. പിണറായി വിജയന്റെ ഭരണത്തിൽ നടന്ന അഴിമതികളെക്കുറിച്ചും വിഴ്ചകളെക്കുറിച്ചും ആ റിപ്പോർട്ടിൽ അക്കമിട്ട് നിരത്തുന്നുണ്ട്. പിണറായി മുഖ്യമന്ത്രിയും ലോ



ലേഖകൻ

ക്നാഥ് ബെഹ്റ ഡിജിപിയുമായ കാലം മുതൽ പോലീസിലും ആഭ്യന്തര വകുപ്പിലും നടക്കുന്ന അഴിമതികളുടെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് സിഎജി റിപ്പോർട്ട് പങ്കുവെക്കുന്നത്. അത് മുഴുവൻ വായിച്ച് മനസിലാക്കാതെ അക്കൗണ്ടന്റ് ജനറലിനെപ്പോലുള്ള ഉദ്യോഗസ്ഥർ ജാഗ്രത പാലിക്കണമെന്ന് ഗുണദോഷിച്ചിട്ടോ പ്രതിപക്ഷത്തിന് മേൽ കുതിര കയറിയിട്ടോ കാര്യമില്ല. പാർട്ടി പത്രത്തിലെ തന്റെ ലേഖനത്തിലൂടെ നീളം ആഭ്യന്തര വകുപ്പിലെ വൻകിട കോഴക്കച്ചവടങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന വിവാദ ബിനാമി കമ്പനികളെക്കുറിച്ച് ഒരക്ഷരം മിണ്ടുന്നില്ലെന്നതും ശ്രദ്ധേയമാണ്.

ഈ ആരോപണങ്ങളെല്ലാം പിടി തോമസ് എംഎൽഎ നിയമസഭയിൽ ഉന്നയിച്ചപ്പോൾ ഇതിനെയെല്ലാം നിഷേധിക്കുന്ന നിലപാടാണ് മുഖ്യമന്ത്രിയെടുത്തത്. പിന്നീട് ആ കുറ്റകൃത്യങ്ങളിൽ പങ്കാളിയായ ആഭ്യന്തര സെക്രട്ടറിയിൽ നിന്ന് ഒരു ന്യായീകരണ റിപ്പോർട്ടും എഴുതിവാങ്ങി.

വർത്തമാനകാല കേരളത്തിൽ ആഭ്യന്തര വകുപ്പ് ഭരിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ അറിയാതെ ഇതുപോലെ നഗ്നമായ തീവെട്ടിക്കൊള്ളയും. പോലീസിന്റെ സ്വകാര്യ വൽക്കരണവും നടക്കുമെന്ന് കരുതാൻ മാത്രം വിഡ്ഢികളല്ല മലയാളികൾ.

അതുകൊണ്ടാണ് സിബിസിഐയും എൻഐഎയും അടക്കമുള്ള ദേശീയ ഏജൻസികളുടെ അന്വേഷണവും അതിനോടനുബന്ധിച്ചുള്ള തിരുത്തൽ നടപടികളും പ്രതിപക്ഷം ആവശ്യപ്പെടുന്നത്.

**ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് പെറ്റി അടിക്കാനും പിഴ ഈടാക്കാനും സ്വകാര്യ കമ്പനിയെ ചുമതലപ്പെടുത്തുന്നത്. ലാഭം മാത്രം ലക്ഷ്യമായ സ്വകാര്യ കമ്പനിക്ക് നാട് മുഴുവൻ നടന്ന് കൊള്ളയടിക്കാനുള്ള അവസരമാണ് സർക്കാർ രഹസ്യമായി ഒരുക്കി നൽകിയത്. എന്നാൽ പ്രതിപക്ഷത്തിന്റെ തക്ക സമയത്തുള്ള ഇടപെടൽ മൂലം സർക്കാരിന് ഇതിൽ നിന്നു പിൻവാങ്ങേണ്ടി വന്നു. ഈ പദ്ധതിക്കായി റീ ടെൻഡർ വിളിക്കേണ്ട അവസ്ഥയിലേക്ക് സർക്കാർ മാറി. എന്നാൽ ഈ പദ്ധതി തന്നെ റദ്ദാക്കണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നത്.**

# പൗരത്വ നിയമം ഇന്ത്യയുടെ കാര്യം

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മതസ്വാതന്ത്ര്യ വിഷയം ചർച്ച ചെയ്തിരുന്നു ട്രംപ്. "ജനങ്ങൾക്ക് മതസ്വാതന്ത്ര്യം വേണമെന്നാണ് മോദിയുട നിലപാട്. ഇന്ത്യയുടെ പാരമ്പര്യവും അതാണ്. ഇന്ത്യയിൽ 20 കോടി മുസ്ലിംകളുണ്ടെന്നും സർക്കാർ ന്യൂനപക്ഷങ്ങളുമായി ചേർന്നാണ് പ്രവർത്തിക്കുന്നതെന്നും മോദി പറഞ്ഞു": മാധ്യമപ്രവർത്തകരെ വൈകിട്ട് പ്രത്യേകം കണ്ട ട്രംപ് വ്യക്തമാക്കി. താമസിക്കുന്ന ഹോട്ടലിൽ അപ്രതീക്ഷിതമായാണ് ട്രംപ് മാധ്യമ കൂടിക്കാഴ്ച പ്രഖ്യാപിച്ചത്.

പൗരത്വ നിയമത്തെക്കുറിച്ചും പ്രതികരിക്കാൻ അദ്ദേഹം വിസമ്മതിച്ചു. പൗരത്വ നിയമം ഇന്ത്യയുടെ കാര്യമാണെന്നും പറഞ്ഞു.

അതേസമയം, കശ്മീർ പ്രശ്നത്തിൽ മധ്യസ്ഥതയ്ക്കു ട്രംപ് വീണ്ടും താൽപര്യം പ്രകടിപ്പിച്ചതു കല്ലുകടിയായി. കശ്മീർ 'വലിയ പ്രശ്നം' ആണെന്നും പറഞ്ഞു.


PANCHAKARMA
AYURVEDA &
NATUROPATHY
TREATMENTS
Rejuvanation Therapy
Body Detoxification Therapy
Relaxation Programme
Weight Management Plans
Post Delivery Mother Care
Daily Yoga Sessions
Wellness Programmes
aarogyamantra
INTEGRATED HEALING
Ayurveda & Yoga & Naturopathy
www.aarogyamantra.com
T : +91 482 924 5400
M : +91 954 494 7778
E : info@aarogyamantra.com
W : www.aarogyamantra.com
REHABILITATION FACILITIES & CONVALESCENCE CARE


Philadelphia Pentecostal Church
3735 N Narragansett Ave., Chicago, IL 60634
Seeking a Full-Time Pastor
(Effective Start by July 01st, 2020)
The candidate shall possess the following qualifications:
- Must be an ordained minister with at least 8-10 years of pastoral experience leading a church.
- Credentialed by an accredited & recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa sponsorship) .
- Must be married & 35 years or older
Please send your CV or Resume to:
Email: Ppc.Chicago@Yahoo.Com
Questions or for more information contact:
George Iype: 708-539-1881
Benchi Abraham: 224-659-6035


Spectacular TOURS
Mathews Pilgrimage Tour
Holy Land
(Jordan, Israel, Palestine & Egypt)
Feb.16-27,2020 -Chicago
Rev.George Stephenson
April 17-28,2020-Chicago/FL
April 19-30,2020-Chicago
June22-July3,2020-WA,MTC.
Fabulous
Europe
Sept 7 - 19, 2020
Memorable
South Africa
Sept 1 - 13, 2020
Best of
Greece & Turkey
Oct.5 - 15, 2020
Stunning
AUSTRALIA & NEW ZEALAND
April 13—25, 2020 from New York
Discover Amazing
MALAYSIA, SINGAPORE & THAILAND
November 8 - 21, 2020
Singapore
Malaysia
Thailand
Book NOW: (847) 759-0899
Email: info@mathewstour.com

# കലാലയങ്ങളിൽ സമരത്തിന് ഹൈക്കോടതി വിലക്ക്

കൊച്ചി: കലാലയങ്ങളിൽ വിദ്യാർത്ഥി സമരങ്ങൾ നിരോധിച്ച് ഹൈക്കോടതി ഉത്തരവ്. പഠനം വിദ്യാർത്ഥികളുടെ മൗലികാവകാശമാണ്. അതു തടയാൻ മറ്റുള്ളവർക്ക് അധികാരമില്ല. ഉത്തരവ് കോളജുകൾക്കും സ്കൂളുകൾക്കും ഒരുപോലെ ബാധകമാണെന്നും ഹൈക്കോടതി വ്യക്തമാക്കി.

കലാലയ രാഷ്ട്രീയത്തിനല്ല, സമരങ്ങൾക്കും പഠിപ്പുമുടക്കിനുമാണ് വിലക്ക്. രാഷ്ട്രീയത്തിന്റെ പേരിൽ കലാലയ പ്രവർത്തനങ്ങൾ തടസ്സപെടുത്താൻ പാടില്ല. പഠിപ്പുമുടക്കോ ഘെരാവോയോ മാർച്ചോ അരുത്. സമരത്തിനും പഠിപ്പുമുടക്കിനും വിദ്യാർത്ഥികളെ പ്രേരിപ്പിക്കരുത്. സർഗാത്മക സംവാദത്തിനും ചർച്ചകൾക്കുമാണ് കലാലയങ്ങൾ വേദിയാകേണ്ടത്. വിദ്യാർത്ഥികളുടെ അവകാശങ്ങൾ തടസ്സപ്പെടുത്തി ഒരു സമരവുമുണ്ടാകരുത്. കലാലയത്തിൽ നടക്കുന്ന സമരങ്ങൾ, ഘെരാവോ, ജാഥ എന്നിവ നിയമവിരുദ്ധമായി കരുതണമെന്നും കോടതി വ്യക്തമാക്കി. കോളജുകളിൽ പ്രഥമ പരിഗണന നൽകേണ്ടത് വിദ്യാർത്ഥികളുടെ പഠനത്തിനാണെന്നും പ്രവർത്തനങ്ങളെ ബാധിക്കുന്ന തരത്തിൽ എന്തു സമരമുണ്ടായാലും മാനേജ്മെന്റുകൾക്ക് പോലീസിനെ വിളിച്ച് സമാധാനാന്തരീക്ഷം ഉറപ്പുവരുത്താവുന്നതാണെന്നും കോടതിവിധിയിൽ പറയുന്നു. സ്കൂളുകളിൽ വിദ്യാർത്ഥി സമരങ്ങളോ മറ്റു പ്രതിഷേധങ്ങളോ ഉണ്ടായാൽ സ്കൂൾ അധികാരികൾക്കോ ഡിഇഒമാർക്കോ ഉചിതമായ നടപടി സ്വീകരിക്കാം.

ഹർജി നേരത്തെ പരിഗണിച്ചപ്പോൾ കലാലയ രാഷ്ട്രീയത്തിന് തടയിടുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി സർക്കാരിന്റെ അഭിപ്രായം തേടിയിരുന്നു. ഹർജി വീണ്ടും പരിഗണിച്ചപ്പോഴാണ് ഉത്തരവ് പുറപ്പെടുവിച്ചത്. വിദ്യാർത്ഥി സമരങ്ങളിൽ നിന്ന് പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് വിവിധ കോളജ് മാനേജ്മെന്റുകൾ സമർപ്പിച്ച ഹർജികളിലാണ് ഉത്തരവ്.

## പഞ്ചായത്തുകളിൽ 1376 വാർഡുകൾ കൂടും

തിരുവനന്തപുരം: തദ്ദേശ സ്ഥാപനങ്ങളിലേക്ക് സംസ്ഥാനത്ത് 941 ഗ്രാമ പഞ്ചായത്തുകളിലായി 1376 വാർഡുകൾ വർധിക്കും. നിലവിൽ 15,962 വാർഡുകളുള്ളത് 17,338 ആകും. ബ്ലോക്ക് പഞ്ചായത്തുകളിൽ 187 ഡിവിഷനുകളും ജില്ലാ പഞ്ചായത്തുകളിൽ 18 ഡിവിഷനുകളും കൂടും. വാർഡുകളുടെ എണ്ണം വർധിപ്പിച്ചതു സംബന്ധിച്ച പഞ്ചായത്ത് വകുപ്പിന്റെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓരോ വാർഡുകൾ കൂടുമെന്നു പറഞ്ഞ സ്ഥാനത്താണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അടക്കം 1107 തദ്ദേശ സ്ഥാപനങ്ങളിലായി1578 വാർഡുകൾ വർധിച്ചത്. ഗ്രാമ പഞ്ചായത്തുകളിൽ വാർഡുകൾ 3 എണ്ണം വരെ കൂടിയിട്ടുണ്ട്. സംവരണ വാർഡുകളുടെ എണ്ണവും 2011ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ചു. വനിതാ, പട്ടികജാതി, പട്ടികവർഗ വനിത എന്നിങ്ങനെയാണ് സംവരണ വാർഡുകൾ നിശ്ചയിച്ചിരിക്കുന്നത്.

## ബിജെപിയിൽ പ്രതിസന്ധി

തിരുവനന്തപുരം: കെ. സുരേന്ദ്രന്റെ നേതൃത്വം അംഗീകരിക്കാനാവില്ലെന്ന് ഒരു വിഭാഗം നേതാക്കൾ നിലപാട് കടുപ്പിച്ചതോടെ സംസ്ഥാന ബിജെപിയിൽ പ്രതിസന്ധി. നേരത്തെ സുരേന്ദ്രനൊപ്പം സംസ്ഥാന ജനറൽ സെക്രട്ടറി പദവി വഹിച്ച എം.ടി. രമേശ്, ശോഭാ സുരേന്ദ്രൻ, എ.എൻ. രാധാകൃഷ്ണൻ എന്നിവരാണ് നേതൃത്വത്തോട് ഇടഞ്ഞു നിൽക്കുന്നത്. കേന്ദ്ര നേതൃത്വത്തിന്റെ അനുനയ നീക്കങ്ങളോടും സഹകരിക്കില്ലെന്ന നിലപാടിലാണ് ഇവരെന്നാണ് സൂചന. സുരേന്ദ്രനെ അംഗീകരിക്കില്ലെന്നതിൽ കൃഷ്ണദാസ് പക്ഷവും ഉറച്ചു നിൽക്കുകയാണ്. ഗ്രൂപ്പ് പരിഗണിച്ചുമാത്രം ജില്ല, മണ്ഡലം ഭാരവാഹികളെ തെരഞ്ഞെടുക്കുകയാണെന്ന പരാതി കൃഷ്ണദാസ് പക്ഷം ദേശീയ നേതൃത്വത്തിന്റെ ശ്രദ്ധയിൽ പെടുത്തും. കാസർകോട്ട് രവീശതന്ത്രി കുണ്ടാറുടെ പരസ്യ പ്രതിഷേധവും ഇവർ ചൂണ്ടിക്കാട്ടും. പാർട്ടി സംഘടനാ ചുമതലയുള്ള ദേശീയ ജനറൽ സെക്രട്ടറി ബി.എൽ. സന്തോഷ് ഇടഞ്ഞു നിൽക്കുന്ന നേതാക്കളുമായി ചർച്ച നടത്തിയെങ്കിലും പ്രയോജനമുണ്ടായില്ല. പുതിയ ചുമതലകൾ ഏറ്റെടുക്കാനില്ലെന്നും സാധാരണ പ്രവർത്തകരായി തുടരുമെന്നുമാണ് കൃഷ്ണദാസ് പക്ഷത്തെ നേതാക്കൾ അറിയിച്ചത്. അടിയന്തര പ്രശ്നപരിഹാരത്തിനു വരും ദിവസങ്ങളിലും നേതൃത്വം ശ്രമം തുടരും.

## ജോസ് കെ. മാണി 'വെറുവാ ചപ്പുക'യാണെന്നു പി.ജെ. ജോസഫ്


കോട്ടയം: കുട്ടനാട് സീറ്റ് സംബന്ധിച്ച് ജോസ് കെ. മാണി 'വെറുവാ ചപ്പുക'യാണെന്നു കേരളാ കോൺഗ്രസ് എം (ജോസഫ്) വർക്കിങ് ചെയർമാൻ പി.ജെ. ജോസഫ്. യുഡിഎഫുമായി 29ന് ചർച്ച ചെയ്യും. ജോസ് കെ. മാണിയുമായി ചർച്ച ചെയ്യേണ്ട കാര്യമില്ല.



കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജോസ് കെ. മാണിയുടെ ആളുകൾക്ക് കുട്ടനാട്ടിൽ 235 വോട്ട് കിട്ടി. അതാണ് അവിടെ അവരുടെ ശക്തി. 7ന് ജോണി നെല്ലൂർ പാർട്ടിയിൽ ചേരും. കെ. ഫ്രാൻസിസ് ജോർജുമായി ലയന ചർച്ചയുണ്ടെന്നും പി.ജെ. ജോസഫ് പറഞ്ഞു. പാർട്ടി സംസ്ഥാന കമ്മിറ്റി യോഗത്തിനുശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാർട്ടി പ്രസിദ്ധീകരണം 'ശബ്ദമില്ലാത്തവരുടെ ശബ്ദം' എംജി സർവകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസ് പ്രകാശനം ചെയ്തു. കാർഷിക മേഖലയിലെ പ്രശ്നങ്ങളാണ് മാസികയുടെ ഉള്ളടക്കം. രാഷ്ട്രീയമില്ല. കേരളാ കോൺഗ്രസ് എം (ജോസ് കെ. മാണി) വിഭാഗം മുഖപത്രമായ പ്രതിഛായ വിഷം ചീറ്റുന്ന പ്രസിദ്ധീകരണമാണെന്നു പി.ജെ. ജോസഫ് പറഞ്ഞു.

## ജോസഫിന്റെ ഭാഷയിൽ സഹതാപം: ജോസ് കെ. മാണി



കോട്ടയം: പി.ജെ. ജോസഫിനെപ്പോലെയുള്ള മുതിർന്ന നേതാവ് ഇത്രയും വികൃതമായ ഭാഷ ഉപയോഗിക്കുന്നതിൽ സഹതാപമുണ്ടെന്ന് ജോസ് കെ. മാണി പറഞ്ഞു. അദ്ദേഹത്തിന്റെ പ്രയോഗത്തിന് ആ നിലയിൽ മറുപടി പറയാൻ സംസ്കാരം അനുവദിക്കുന്നില്ല. കുട്ടനാട് ഉപതെരഞ്ഞെടുപ്പിൽ പി.ജെ. ജോസഫിന്റെ തിരക്കഥ നടപ്പാകില്ല. ഞങ്ങളുടെ സീറ്റാണ്. ഞങ്ങളുടെ സ്ഥാനാർത്ഥി മത്സരിക്കും. നിലപാട് യുഡിഎഫ് നേതൃത്വത്തെ ധരിപ്പിച്ചിട്ടുണ്ട്.

## കാണാതായതിനു പകരം കൃത്രിമ വെടിയുണ്ട: എസ്ഐ അറസ്റ്റിൽ

തിരുവനന്തപുരം: പേരൂർക്കട എസ്എപി ക്യാംപിൽനിന്ന് കാണാതായ വെടിയുണ്ടകൾക്കു പകരം കൃത്രിമ വെടിയുണ്ടകൾ നിർമിച്ചു സ്റ്റോറിൽ സൂക്ഷിച്ച എസ്ഐയെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തു. കേസിലെ 11 പ്രതികളിൽ ഒരാളായ അടൂർ കെഎപി ബറ്റാലിയൻ ട്രെയിനർ എസ്ഐ റെജി ബാലചന്ദ്രനാണ് (52) അറസ്റ്റിലായത്. 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു ജയിലിലേക്കയച്ചു. റെജി എസ്എപിയിൽ ക്വാർട്ടർ മാസ്റ്ററായിരിക്കെ, 2014 മേയിൽ 350 വ്യാജ വെടിയുണ്ടകൾ പകരം വെച്ചെന്നാണ് കേസ്. ഇക്കാര്യത്തിൽ മേലുദ്യോഗസ്ഥർ അടക്കമുള്ളവരുടെ പങ്കും പരിശോധിക്കുന്നു.

കാണാതായ വെടിയുണ്ടകൾ ഭീകരർക്കോ മാവോയിസ്റ്റുകൾക്കോ ലഭിച്ചോയെന്നു പരിശോധിക്കുന്നതായി ക്രൈംബ്രാഞ്ച് മേധാവി ടോമിൻ തച്ചങ്കരി അറിയിച്ചു.

Ann's Beauty Salon

517 N. Wolf Road, Hillside, IL 60162

annsalon@gmail.com

A Full Service Salon & Spa

For all your Beauty Care Needs



Lissy

(Licensed Cosmetologist &

Licensed Cosmetology Instructor)

Call for appointment

708-547-6787

Business Hours

Tue - Fri 9:30 a.m to 7 p.m.

Sat. 8 a.m. - 5 p.m.

Sunday appointment only

Monday closed

-Special-

Spa Day Package Includes

| | |
|---|---|
| Full Facial.................................................... | $ 47 |
| Eyebrow Arch............................................. | $ 12 |
| Hair Loss Treatment Dandruff Treatment.. | $ 30 |
| Deep Conditioning for Hair........................ | $ 30 |
| Scalp Massage w/hot oil............................ | $ 30 |
| Manicure...................................................... | $ 15 |
| Pedicure....................................................... | $ 25 |
| Total............................................................. | $ 189 |
| **Sale Price** | **$ 129** |

*Thank you for your support! Since 1995*

We Specialize In:

Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.

Achieve Real Estate Group, Inc.

Achieve all your real estate needs with us

"Satisfied customers are our primary Goal"

"We are hiring brokers"

Please contact Sabu Achettu for more information

Achieve Brokers

Alexander Mathew
847 650 0110 (alexmathewchicago@gmail.com)

Arkadiusz Jamula
773 671 5555 (aj.jamula@gmail.com)

Benny Joseph (Puthukulam)
847 612 4319 (bennyrealtor@comcast.net)

Biju Jacob
847 840 5532 (bijubjacob@gmail.com)

Eby George
1 773 671 3911 (Ebychengannur@yahoo.com)

George (Babu) Mathew
847-602-9326 (georgelrealtor@gmail.com)

George Panicker
847 401 7771 (realtorpanicker@gmail.com)

James P Kannookadan
847 910 7866 (jimkannoox@hotmail.com)

Jinson Vachachira
618-203-9142 (VachaRealtor@gmail.com)

John Lyndon Gatus
224 258 8235 (realtoryjohn1992@gmail.com)

John (Anish) Plamoottil
563-505-7377 (jplamoottil.realtor@gmail.com)

John (Thengumoottil) Mathew
847 309 2826 (realtorjthengum@gmail.com)

Luka Chirayil
630 290 1524 (lchirayil22@yahoo.com)

Luke Chirayil (Kochumon)
Cell 630 808 2125 (lchirayil@gmail.com)

Mariamma Thomas
847 452 8125 (mariammatho@gmail.com)

Mohan Sebastian
847 331 1123 (realtormohan@yahoo.com)

Prince Eapen
224 659 0336 (eapenrealtor@gmail.com)

Renchi Varghese
847 845 7361 (renchirealtor@yahoo.com)

Roy John
708 833 2769 (royjohnreb@yahoo.com)

Sabu Achettu (Managing Broker)
847 687 5100 (saburealtor@sbcglobal.net)

Sabu Philip Madathiparambil
847 276 7354 (sabuaphilip@hotmail.com)

Shawn S Achettu
847-529-7962 (realtorachettu@gmail.com)

Sheljo Abraham
331-202-6087 cell (realtorsheljo@gmail.com)

Soy Mathew
847 769 1805 (soymathew@sbcglobal.net)

Tino Tomy
847-651-2923.(realtortino@gmail.com)

Thomas (Karikulam) Kuruvilla
847 219 6050
thomasrealtor557@gmail.com

Tomy Plathottathil Mathew
773-349-7154 (tomyrealtor1229@gmail.com)

"For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group"

MLS

834 E Rand RD Suite 6, Mount Prospect, IL 60056
Real Estate for diversified Investors and Promise for future generations.

# ആരുടെയും പൗരത്വം നഷ്ടമാവില്ല: അമിത് ഷാ

ഭുവനേശ്വർ: പുതിയ നിയമം മുസ്ലികളുടെ പൗരത്വം നഷ്ടപ്പെടുത്തുമെന്ന് പറഞ്ഞ് വ്യാജപ്രചാരണം നടത്തി സാമുദായിക കലാപങ്ങൾക്കു പ്രേരിപ്പിക്കുകയാണ് പ്രതിപക്ഷപാർട്ടികളെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ആരോപിച്ചു. ഒഡിഷയിലെ ഭുവനേശ്വറിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പൗരത്വ നിയമ ഭേദഗതിയിലൂടെ ആരുടെയും പൗരത്വം നഷ്ടമാവില്ലെന്നും അദ്ദേഹം പറഞ്ഞു.



ഭുവനേശ്വറിൽ നടന്ന ബിജെപി റാലിയിൽ ആഭ്യന്തരമന്ത്രി അമിത് ഷാ പ്രസംഗിക്കുന്നു.

ജമ്മു കശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കൽ, പൗരത്വ നിയമം ഭേദഗതി ചെയ്യൽ, രാമജന്മഭൂമിക്കേസ് തുടങ്ങി ദേശസുരക്ഷയും വികാരങ്ങളുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെ അഭിസംബോധന ചെയ്തതിന് പ്രധാനമന്ത്രി നരേന്ദ്രമോദിയെ അദ്ദേഹം വാഴ്ത്തി.

"ഞാനീക്കാര്യം മുമ്പും പറഞ്ഞിട്ടുണ്ട്. ഇപ്പോൾ വീണ്ടും പറയുന്നു. ഇന്ത്യൻ മുസ്ലിങ്ങൾക്കാർക്കും പൗരത്വ നിയമഭേദഗതി മൂലം പൗരത്വം നഷ്ടമാകില്ല. പാക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും ബംഗ്ലാദേശിലും മതപീഡനമനുഭവിക്കുന്ന ന്യൂനപക്ഷങ്ങൾക്ക് പൗരത്വം നൽകുന്നതിനുള്ളതാണ് ഈ നിയമം. ആരുടെയും പൗരത്വം എടുത്തുകളയാനല്ല": ഷാ പറഞ്ഞു.

പൗരത്വ നിയമഭേദഗതിയെ ചരിത്രപരമായ നടപടിയെന്നു വിശേഷിപ്പിച്ച അദ്ദേഹം കോൺഗ്രസും കമ്യൂണിസ്റ്റുകളും എസ്പിയും ബിഎസ്പിയും മമതാ ദീദിയും ഇതേക്കുറിച്ച് നുണപ്രചരിപ്പിക്കുകയാണെന്ന് ആരോപിച്ചു. നിയമത്തെക്കുറിച്ച് ആശയക്കുഴപ്പമുണ്ടാക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമങ്ങളിൽ വഴിതെറ്റരുതെന്ന് അദ്ദേഹം ജനങ്ങളോട് പറഞ്ഞു. മഹാത്മാഗാന്ധി, സർദാർ പട്ടേൽ, മൗലാന ആസാദ് തുടങ്ങിയ നേതാക്കളുടെ സ്വപ്നം സാക്ഷാത്കരിക്കുക മാത്രമാണ് മോദി സർക്കാർ ചെയ്തതെന്നും അദ്ദേഹം പറഞ്ഞു.

# മലയാളി കൈകൾ ഉള്ള അഫ്ഗാൻ പട്ടാളക്കാരൻ ജ്വലിക്കുന്ന ഓർമയായി

കൊച്ചി: കൊച്ചി അമൃത ആശുപത്രിയിൽ നടന്ന ശസ്ത്രക്രിയയിലൂടെ ഇരുകൈകളും മാറ്റിവെച്ച അഫ്ഗാൻ പട്ടാളക്കാരനായ അബ്ദുൾ റഹിമിന് കാബൂളിലുണ്ടായ ബോംബ് സ്ഫോടനത്തിൽ വീരമൃത്യു.

ശരിക്കും ധീരനായിരുന്നു അബ്ദുൾ റഹിം. കഴിഞ്ഞ 19നായിരുന്നു സംഭവം. 2012 ഏപ്രിലിൽ കാണ്ഡഹാറിലുണ്ടായ സ്ഫോടനത്തിൽ അദ്ദേഹത്തിന്റെ ഇരുകൈകളും നഷ്ടപ്പെട്ടിരുന്നു. മൂന്നു വർഷത്തിനുശേഷം 2015ൽ അമൃത ആശുപത്രിയിൽ നടത്തിയ ശസ്ത്രക്രിയയിലൂടെ ഇരുകൈകളും മാറ്റിവെച്ചു.



കൊച്ചി അമൃത ആശുപത്രിയിൽ കൈകൾ വെച്ചുപിടിപ്പിച്ച ശേഷം നാട്ടിലേക്കു മടങ്ങുന്നതിനിടെ അബ്ദുൾ റഹിം, ജോസഫിന്റെ ഭാര്യയെയും കുടുംബാംഗങ്ങളെയും സന്ദർശിച്ചപ്പോൾ.

കൊച്ചിയിൽ വാഹനാപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച അൻപത്തിനാലുകാരൻ ടി.ജി. ജോസഫിന്റെ കൈകളാണ് മണിക്കൂറുകൾ നീണ്ടുനിന്ന ശസ്ത്രക്രിയയിലൂടെ അബ്ദുൾ റഹിമിൽ വെച്ചു പിടിപ്പിച്ചത്. ഏറെനാൾ ആശുപത്രിയിൽ കഴിഞ്ഞ ഇദ്ദേഹം തുന്നിച്ചേർത്ത കൈകൾ ചലിപ്പിക്കാനായ ശേഷം ആശുപത്രിവിടുകയായിരുന്നു. ആശുപത്രിവാസത്തിനിടയിലും തന്റെ രാജ്യത്തെ സേവിക്കണമെന്ന ആഗ്രഹം വെച്ചുപുലർത്തിയിരുന്ന അബ്ദുൾ റഹിം തിരികെ അഫ്ഗാനിസ്ഥാനിൽ എത്തിയ ശേഷം വീണ്ടും സേനയുടെ ഭാഗമായി അടുത്തിടെ മേജറായി പ്രമോഷൻ ലഭിക്കുകയും ചെയ്തിരുന്നു.

# ദേവനന്ദയുടെ മരണം: നേരറിയാൻ നാട്ടുകാർ

കൊല്ലം: ഇളവൂരിൽ നിന്നു കാണാതായ ദേവനന്ദയുടെ മൃതദേഹം കണ്ടുകിട്ടിയെങ്കിലും സംഭവത്തിൽ ദുരൂഹത ബാക്കിയാകുന്നതായി നാട്ടുകാർ പറയുന്നു. വീട്ടിനുള്ളിൽകളിച്ചിരുന്ന കുട്ടി എങ്ങനെ ഇത്തിക്കരയാറ്റിൽ എത്തി എന്നതാണ് പ്രധാന ചോദ്യം.

റ്റിൽ കൊണ്ടിട്ടതാണോ എന്ന സംശയമാണ് നാട്ടുകാർക്ക്. പോലീസിനും ഇക്കാര്യത്തിൽ ഉത്തരം പറയാൻ കഴിയാത്ത സ്ഥിതിയാണ്. വീടിനു സമീപം ക്ഷേത്രത്തിൽ ഉത്സവം നടക്കുന്നുണ്ട്. ഒരു ദിവസം മുത്തശിക്കൊപ്പം ദേവനന്ദ ക്ഷേത്രത്തിൽ ഉത്സവത്തിനു പോകുകയുമുണ്ടായി. അതുകൊണ്ടുതന്നെ വീട്ടിൽ നിന്നിറങ്ങി ക്ഷേത്രത്തിൽ പോകാനുള്ള സാദ്ധ്യതയും ചിലർ തള്ളിക്കളയുന്നില്ല. അവിടെവെച്ച് ആരെങ്കിലും പ്രലോഭിപ്പിച്ച് കൊണ്ടുപോയോ എന്നുള്ള സംശയവും നാട്ടുകാർക്കുണ്ട്.

കാണാതായ ദിവസം വൈകുന്നേരം സ്ഥലത്തെത്തിയ പോലീസ് നായ ദേവനന്ദയുടെ വീട്ടിൽ മണം പിടിച്ച് പള്ളിമൺ ആറിനു സമീപത്ത് കൂടി ഓടി ആദ്യം താത്കാലിക തടയണയുടെ ഭാഗത്ത് വരെ എത്തുകയുണ്ടായി. പിന്നീട് വീണ്ടും മുന്നോട്ട് ഓടിയ നായ സമീപത്തെ കെട്ടിടംവരെ പോയ ശേഷം മടങ്ങി. പിന്നീട് വീണ്ടും കുട്ടിയുടെ വീട്ടു പരിസരത്ത് നിന്ന് മറ്റൊരു ഭാഗത്തേക്കും മണം പിടിച്ച് 200 മീറ്റർ വരെ പോയി തിരികെ വന്നു. ഇതിലാണ് നാട്ടുകാർക്ക് വലിയ സംശയമുള്ളത്. പോലീസും ഇക്കാര്യം ഗൗരവമായി അന്വേഷിക്കുന്നുണ്ട്.



ദേവനന്ദയെ ഒരു നോക്ക് കാണാൻ എത്തിയ ജനക്കൂട്ടം.

വീടിനു പുറത്ത് എങ്ങോട്ടു പോയാലും കുട്ടി അമ്മയോടു പറയുമായിരുന്നു. അതുണ്ടായില്ല. ആറിനു സമീപത്തേക്ക് കുട്ടി പോകേണ്ട സാഹചര്യമില്ല. വള്ളിപ്പടർപ്പുകൾ പടർന്ന് പൊന്തക്കാടിനു സമാനമായ പ്രദേശത്ത് കൂടി വേണം ആറ്റിലേക്ക് പോകാൻ. മറ്റാരുടെയെങ്കിലും പ്രേരണയിൽ ഇവിടെ എത്തപ്പെട്ടതാണോ എന്നതാണ് നാട്ടുകാരുടെ സംശയം.

പകൽ മുതിർന്നവർ പോലും ഈ പ്രദേശത്തേക്ക് പോകാറില്ല. ആരെങ്കിലും തട്ടിക്കൊണ്ടുപോയശേഷം ആ

കുട്ടിയെ കാണാതായ ദിവസവും മൃതദേഹം കാണപ്പെട്ട ആറ്റിന്റെ ഇരുവശങ്ങളിലുമുള്ള പൊന്തക്കാടുകളിലടക്കം നാട്ടുകാരും പോലീസും ഫയർഫോഴ്സും വിശദമായ തെരച്ചിൽ നടത്തിയിരുന്നു.

ഒരു പകലും രാത്രിയും നീണ്ട തെരച്ചിലിനും പ്രാർത്ഥനയ്ക്കും ഒടുവിൽ എല്ലാവരെയും ദുഃഖത്തിലാഴ്ത്തി ദേവനന്ദയുടെ മൃതദേഹം കിട്ടി എന്ന സത്യം നാട്ടുകാർ വേദനയോടെയാണ് ശ്രവിച്ചത്.

# പ്രണയ സൗധത്തിൽ കൈകോർത്ത് താജ്മഹൽ കണ്ട് വിസ്മയിച്ച് ട്രംപും മെലനിയയും

ആഗ്ര: വെട്ടിയൊതുക്കി മനോഹരമാക്കിയ പുൽത്തകിടിക്കരികിലൂടെ, ജലധാരകളുടെയും സായാഹ്നക്കാറ്റിന്റെയും ശീതളിമയിൽ നടന്ന് താജ്മഹലിന്റെ മാസ്മരിക സൗന്ദര്യം ആസ്വദിക്കുമ്പോൾ ഡോണൾഡ് ട്രംപ് ഭാര്യ മെലനിയയുടെ കരംപിടിച്ചു. അസ്തമനത്തിനു തയാറെടുക്കുന്ന സൂര്യന്റെ പ്രഭ നുകർന്നുകൊണ്ട്, സന്ദർശക പുസ്തകത്തിൽ ട്രംപ് കുറിച്ചു: ഈ സൗധം വിസ്മയിപ്പിക്കുന്നതുതന്നെ. ഇന്ത്യയുടെ സമ്പന്നവും വൈവിധ്യപൂർണവുമായ സാംസ്കാരിക പാരമ്പര്യത്തിന്റെ കാലാതീതമായ മുദ്ര. ഇന്ത്യയ്ക്കു നന്ദി. ഭാര്യ മുംതാസിനോടുള്ള പ്രേമമുദ്രയായി ഷാജഹാൻ ചക്രവർത്തി 17-ാം നൂറ്റാണ്ടിൽ പണികഴിപ്പിച്ച മനോഹര സൗധം കണ്ടു വിസ്മയിച്ച് 2 പേർ കൂടി വന്നിരുന്നു. ട്രംപിന്റെ മകൾ ഇവാൻകയും ഭർത്താവ് ജാവെദും. മനോഹരമായ ഒരിടത്തെത്തിയപ്പോൾ മെലനിയ സ്വന്തം ഫോൺ കൈമാറി ഫോട്ടോയെടുത്തുതരാൻ ആവശ്യപ്പെട്ടു. ട്രംപിനും മെലനിയയ്ക്കും ഒപ്പം നടന്നു താജിന്റെ വിശദാംശങ്ങൾ പറഞ്ഞുകൊടുക്കാനുള്ള ഗൈഡിനെ കണ്ടെത്തിയത് പല ഘട്ടങ്ങളിലൂടെയുള്ള തെരഞ്ഞെടുപ്പിന് ശേഷമായിരുന്നു. താജ് പരിസരത്തിന്റെ മുഖം മിനുക്കാനായി തൊഴിലാളികളുടെ വലിയൊരു സംഘം പണിയെടുത്തു. പ്രണയകുടീരത്തിനു പിന്നിലൂടൊഴുകുന്ന യമനുയിലേക്ക് കൂടുതൽ വെള്ളം ഒഴുക്കിവിട്ടു മാലിന്യം കുറച്ചത് ഉൾപ്പെടെ വലിയ തോതിലുള്ള പുനരുദ്ധാരണമാണ് നടന്നത്.



ആഗ്രഹയിൽ താജ്മഹലിനു മുന്നിൽ ട്രംപും മെലനിയയും.






# കോവിഡ്: ഉംറ തീർത്ഥാടനം നിർത്തി

മക്ക: ലോകമെങ്ങും കൊറോണ വൈറസ് രോഗം (കോവിഡ് 19) പടരുന്ന പശ്ചാത്തലത്തിൽ വിദേശികളുടെ ഉംറ തീർത്ഥാടനം സൗദി അറേബ്യ, മക്ക, മദീന എന്നീ വിശുദ്ധ നഗരങ്ങളിലേക്കുള്ള പ്രവേശന കവാടങ്ങൾ അടച്ചു. വിലക്ക് പ്രാബല്യത്തിലായതോടെ മലയാളികൾ അടക്കമുള്ള തീർത്ഥാടകർക്ക് സൗദിയിൽ പ്രവേശിക്കാനായില്ല. നിലവിൽ രാജ്യത്തുള്ളവർക്ക് തീർത്ഥാടനം പൂർത്തിയാക്കി മടങ്ങാം. നിയന്ത്രണം എത്ര കാലത്തേക്കാണെന്നു വ്യക്തമാക്കിയിട്ടില്ല. 2 മാസത്തിനുശേഷം റമസാനിൽ ഉംറയും തുടർന്നു 2 മാസത്തിനു ശേഷം ഹജ്ജ് തീർത്ഥാടനവും ആഗ്രഹിക്കുന്ന ലക്ഷങ്ങളെ തീരുമാനം ആശങ്കയിലാക്കി. ഇത് താൽക്കാലിക തീരുമാനമാണെന്നും സ്ഥിതി നിയന്ത്രണവിധേയമായാൽ തീർത്ഥാടനം പുനരാരംഭിക്കുമെന്നും സൗദി അധികൃതർ വ്യക്തമാക്കി.

ഉംറ തീർത്ഥാടനം തടസ്സപ്പെട്ടവരുടെ കാര്യം അനുഭാവപൂർവം പരിഗണിക്കും. വീസ നീട്ടുകയോ മറ്റൊരു അവസരം നൽകുകയോ ചെയ്യുന്നതു പരിഗണിക്കും. റിയാദ്, ജിദ്ദ, ദമാം എന്നിവിടങ്ങളിലക്ക് ബുക്ക് ചെയ്തവരുടെ മുഴുവൻ ടിക്കറ്റ് തുകയും തിരിച്ചു നൽകുമെന്ന് ഇൻഡിഗൊ, സൗദി എയർലൈൻസ്, എയർ അറേബ്യ എന്നീ കമ്പനികൾ അറിയിച്ചു.

നാൽപതോളം ഉംറ തീർത്ഥാടകരെ വിമാനത്തിൽ കയറിയ ശേഷം തിരിച്ചു വിളിക്കുകയായിരുന്നു. തുടർദിവസങ്ങളിൽ ടിക്കറ്റ് ബുക്ക് ചെയ്തവരുടെയും യാത്രകൾ മുടങ്ങും.



യാത്രാവിലക്കിനെ തുടർന്ന് വിമാനത്തിൽ നിന്ന് തിരിച്ചിറങ്ങിയ ഉംറ തീർത്ഥാടകർ കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് പുറത്തേക്ക് വന്നപ്പോൾ.

കൊറോണ ബാധിത രാജ്യങ്ങളിൽ നിന്നുള്ളവർക്ക് സന്ദർശക വീസ നൽകുന്നതും നിർത്തിയിട്ടുണ്ട്. തിരിച്ചറിയൽ കാർഡുപയോഗിച്ച് മറ്റു ഗൾഫ് രാജ്യങ്ങളിലെ പൗരന്മാർക്കും സൗദിയിലെത്താനുള്ള സൗകര്യവും റദ്ദാക്കി. നിലവിൽ സൗദിയിലുള്ള ഗൾഫ് പൗരന്മാർക്കും സ്വന്തം രാജ്യത്തേക്കു മടങ്ങാം. സൗദി അറേബ്യയിൽ ഇതുവരെ കോവിഡ് 19 റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും മുൻകരുതൽ നടപടികളുടെ ഭാഗമാണിത്. ബഹ്റൈൻ, യുഎഇ, കുവൈത്ത്, ഒമാൻ എന്നീ ഗൾഫ് രാജ്യങ്ങളിൽ രോഗമുണ്ട്. ഇറാനിൽ സ്ഥിതി ഗുരുതരവുമാണ്.

സൗദി അറോബ്യ ഏർപ്പെടുത്തിയ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിൽ കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് 237 ഉംറ തീർത്ഥാടകരെ തിരിച്ചയച്ചു. സന്ദർശക വീസയുള്ള 11 പേർക്കും യാത്ര ചെയ്യാനായില്ല.

ഫെബ്രുവരി 4.40 മുതൽ രാവിലെ 11.25 വരെയുള്ള 4 വിമാനങ്ങളിലെ തീർത്ഥാടകരെയാണ് പെട്ടെന്നുള്ള അറിയിപ്പ് വലച്ചത്.

# ജോളി ആത്മഹത്യയ്ക്കു ശ്രമിച്ചു

കോഴിക്കോട്: കൂടത്തായി കൊലപാതക പരമ്പരയിലെ മുഖ്യ പ്രതി ജോളി ജോസഫ് ജയിലിൽ ആത്മഹത്യയ്ക്കു ശ്രമിച്ചു. ഫെബ്രുവരി 27ന് പുലർച്ചെ 4.50ന് ഇടത്തുകൈത്തണ്ടയിലെ ഞരമ്പു മുറിച്ച നിലയിൽ സെല്ലിനുള്ളിൽ കണ്ടെത്തിയ ജോളിയെ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചു. ഭിത്തിയിലെ ടൈലിന്റെ വക്കിൽ ഉരച്ചും കടിച്ചുമാണ് ഞരമ്പിൽ മുറിവുണ്ടാക്കിയതെന്നാണ് ജോളി ഡോക്ടർമാർക്ക് നൽകിയ മൊഴി.



ഒരിഞ്ച് നീളത്തിലും കാൽ ഇഞ്ച് ആഴത്തിലുമുള്ള മുറിവ് ഗുരുതരമല്ലെന്നും ജോളി അപകടനില തരണം ചെയ്തതായും ആശുപത്രി അധികൃതർ അറിയിച്ചു. പ്ലാസ്റ്റിക് സർജറിക്കു ശേഷം ജോളിയെ വാർഡിലേക്കു മാറ്റി. സംഭവത്തിൽ ഉത്തരമേഖല ജയിൽ ഡിഐജി അന്വേഷണം നടത്തി റിപ്പോർട്ട് ജയിൽ ഡിജിപിക്ക് സമർപ്പിച്ചു.

പുലർച്ചെ ജോളിയുടെ കിടപ്പിൽ അസ്വാഭാവികത തോന്നിയ ജയിൽ വാർഡൻ പ്രതിരോധിച്ചപ്പോഴാണ് മുറിവ് ശ്രദ്ധയിൽപ്പെട്ടത്. കൈ പുതപ്പിൽ പൊതിഞ്ഞിരുന്ന സെല്ലിൽ നിന്ന് മൂർച്ചയുള്ള വസ്തുക്കൾ ഒന്നും കണ്ടെത്താനായില്ലെന്നു ജയിൽ അധികൃതർ പറയുന്നു.

ശുചിമുറിയിലെ ഭിത്തിയിലെ ടൈലിന്റെ കൂർത്ത അഗ്രങ്ങളിൽ ഉരച്ച് മുറിവുണ്ടാക്കാനുള്ള സാധ്യതയാണ് ജയിൽ അധികൃതർ ചൂണ്ടിക്കാണിക്കുന്നത്.

ജയിലിലെത്തിയ ദിവസം മുതൽ ആത്മഹത്യാപ്രവണത പ്രകടിപ്പിച്ചിരുന്ന ജോളിക്ക് ജയിലിൽ പ്രത്യേക സുരക്ഷയും കൗൺസലിങ്ങും ഒരുക്കിയിരുന്നു.

മാതാപിതാക്കളെയും മകളെയും കൊലപ്പെടുത്തിയ കേസിലെ പ്രതിയായിരുന്നു കണ്ണൂർ പിണറായി സ്വദേശി സൗമ്യ 2018 ഓഗസ്റ്റിൽ കണ്ണൂർ വനിതാ ജയിലിൽ ആത്മഹത്യ ചെയ്ത സംഭവത്തെ തുടർന്നായിരുന്നു ഇത്.

## കുഞ്ഞിനെ എറിഞ്ഞു കൊന്ന കേസ്:

# അമ്മയുടെ കാമുകനും അറസ്റ്റിൽ

കണ്ണൂർ: തയ്യിൽ കൊടുവള്ളി ഹൗസിൽ വിയാനെ (ഒന്നര) തയ്യിൽ കടൽത്തീരത്തെ പാറയിൽ എറിഞ്ഞു കൊലപ്പെടുത്തിയ കേസിൽ ഒരാൾ കൂടി അറസ്റ്റിൽ. കേസിൽ നേരത്തെ അറസ്റ്റിലായ വിയാന്റെ അമ്മ ശരണ്യയുടെ കാമുകൻ കണ്ണൂർ വാരം പുന്നക്കൽ ഹൗസിൽ നിധിൻ (28) ആണ് പിടിയിലായത്. കുഞ്ഞിനെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തുകയും പ്രേരിപ്പിക്കുകയും ചെയ്തതു നിധിനാണെന്നു പോലീസ് പറഞ്ഞു.

സംഭവത്തെക്കുറിച്ച് പോലീസ് പറയുന്നത് ഇങ്ങനെ: ശരണ്യയെ പ്രണയം നടിച്ചു നിധിൻ ചൂഷണം ചെയ്തു. ഒന്നര വർഷത്തെ പരിചയത്തിനിടെ ശരണ്യയുടെ ആഭരണങ്ങൾ കൈക്കലാക്കി. ബാങ്കിൽ നിന്നു വായ്പ എടുക്കാനായി നിരന്തരം ഭീഷണിപ്പെടുത്തുകയും നിർബന്ധിക്കുകയും ചെയ്തു. ശരണ്യയെ കാണാനായി പലപ്പോഴും രാത്രി തയ്യിൽ കടപ്പുറത്തെ വീട്ടിലും എത്തി.

ഇതിനിടെ നിധിനു മറ്റൊരു പെൺകുട്ടിയുമായി അടുപ്പമുണ്ടായെന്നും വിവാഹം കഴിക്കാനായി ഉദ്ദേശിക്കുന്നതായും ശരണ്യ അറിഞ്ഞു. കുഞ്ഞിനെ കൊലപ്പെടുത്തുന്നതിന്റെ തലേദിവസം ഇതേച്ചൊല്ലി തർക്കമുണ്ടായി.

ശരണ്യയെ സ്വീകരിക്കാൻ കുഞ്ഞാണ് തടസ്സമെന്നും കുഞ്ഞ് ഇല്ലായിരുന്നെങ്കിൽ ശരണ്യയെ വിവാഹം കഴിക്കുമായിരുന്നു എന്നും നിധിൻ പറഞ്ഞു. ഇതാണ് കുഞ്ഞിനെ കൊലപ്പെടുത്താൻ ശരണ്യയെ പ്രേരിപ്പിച്ചതെന്നു പോലീസ് പറഞ്ഞു.

കാമുകനൊപ്പം ജീവിക്കാൻ ശരണ്യ തനിയെ നടത്തിയ കൊലപാതകമെന്നായിരുന്നു പോലീസിന്റെ ആദ്യ നിഗമനം. എന്നാൽ സംഭവത്തിന്റെ തലേദിവസം രാത്രി നിധിനെ പ്രദേശത്തു കണ്ടതായി നാട്ടുകാരിൽ ഒരാൾ പോലീസിനു മൊഴി നൽകിയതാണ് വഴിത്തിരിവായത്.

കൊലപാതകം ഗൂഢാലോചന, പ്രേരണ എന്നീ വകുപ്പുകൾ ചേർത്താണ് അറസ്റ്റ്. പ്രതിയെ കോടതി റിമാൻഡ് ചെയ്തു.

# വൈദ്യുതി ലൈൻ പൊട്ടി വീണ് ഷോക്കേറ്റ് 2 സ്ത്രീകൾ മരിച്ചു

ഇരിങ്ങാലക്കുട: പാടത്തു കള പറിക്കുന്നതിനിടെ വൈദ്യുത ലൈൻ പൊട്ടിവീണ് 2 കർഷകത്തൊഴിലാളി സ്ത്രീകൾ ഷോക്കേറ്റ് മരിച്ചു. പാലക്കാട് വടക്കഞ്ചേരി മുടപ്പല്ലൂർ തെക്കുഞ്ചേരി പരേതനായ കിട്ടുവിന്റെ ഭാര്യ കുഞ്ച (66), തെക്കുഞ്ചേരി കടാംകോട് പരേതനായ പഴനിമലയുടെ ഭാര്യ ദേവു (65) എന്നിവരാണ് മരിച്ചത്. മൂർക്കനാട് ശിവക്ഷേത്രത്തിനു പിന്നിലെ താമരപ്പാടത്ത് ഫെബ്രുവരി 29ന് രാവിലെയായിരുന്നു സംഭവം. ഭക്ഷണസമയം കഴിഞ്ഞിട്ടും ഇവർ തിരിച്ചെത്താതിരുന്നതോടെ മറ്റു പണിക്കാരും നാട്ടുകാരും അന്വേഷണത്തിനെത്തിയപ്പോഴാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. വൈദ്യുതി ലൈൻ ഇവരുടെ ദേഹത്തേക്കു പൊട്ടിവീണതാണോ, പൊട്ടിക്കിടന്ന ലൈനിൽ സ്പർശിച്ചതാണോ അപകടത്തിനു കാരണമെന്നു വ്യക്തമായിട്ടില്ല. മൂർക്കനാട് സ്വദേശി പുത്തൻവീട്ടിൽ പ്രമോദിന്റെ പാടത്തെ ജോലിക്കായി ഏതാനും ദിവസം മുൻപാണ് ഇവരെത്തിയത്. മുൻപും ഇവർ ഇവിടെ ജോലി ചെയ്തിട്ടുണ്ട്. ഒപ്പമുണ്ടായിരുന്ന കറപ്പൻ എന്ന തൊഴിലാളി കഞ്ഞികുടിക്കാൻ പോകുമ്പോൾ ഇവരെ വിളിച്ചെങ്കിലും പിന്നാലെ എത്താമെന്നായിരുന്നു മറുപടി. ഏറെ നേരമായിട്ടും കാണാതായപ്പോൾ അന്വേഷണം തുടങ്ങി. ഒടുവിൽ ഒരാൾ വരമ്പിലും മറ്റൊരാൾ സമീപത്തെ തോടിനോടു ചേർന്നും മരിച്ച നിലയിൽ കിടക്കുന്നതു കണ്ടെത്തി. ഇവരുടെ സമീപത്തു വൈദ്യുതി ലൈൻ പൊട്ടി വീണു കിടന്നിരുന്നു.


കുഞ്ചയുടെ മക്കൾ: വേണു, കൃഷ്ണൻകുട്ടി, നാരായണൻ, പാർവതി, ലക്ഷ്മി. ദേവുവിന്റെ മക്കൾ: സുരേഷ് ബാബു, ദിനേശ്, ഹരിദാസൻ, പുഷ്പലത.

# സഹോദരനെ കൊന്ന കേസിൽ ജീവപര്യന്തവും പിഴയും

പാലാ: സഹോദരനെ വിറകുകൊണ്ട് കൊലപ്പെടുത്തിയ കേസിൽ യുവാവിന് ജീവപര്യന്തം തടവും പിഴയും. ഇടമറ്റം ഉറുമ്പായിൽ വീട്ടിൽ ഷിജുവിനെ (36) കൊലപ്പെടുത്തിയ കേസിൽ അനുജൻ ഷിബുവിനെയാണ് (34) അഡീ. സെഷൻസ് കോടതി ജീവപര്യന്തം തടവിനും ഒരു ലക്ഷം രൂപ പിഴ അടയ്ക്കാനും ശിക്ഷ വിധിച്ചത്. 2016 ഫെബ്രുവരി 19ന് രാത്രി, വീട്ടിൽ നിന്നു മാറി താമസിക്കണമെന്നാവശ്യപ്പെട്ട് ഉണ്ടായ വഴക്കിനിടെ മുറ്റത്തു കിടന്ന വിറകുകൊണ്ട് ഷിജുവിന്റെ തലയ്ക്ക് അടിക്കുകയായിരുന്നു. പരുക്കേറ്റ ഷിജു പിറ്റേ ദിവസം മരിച്ചു.

# അഭയ കേസ് വിചാരണ 3 മാസത്തേക്ക് തടഞ്ഞു

കൊച്ചി: സിസ്റ്റർ അഭയ കേസിന്റെ വിചാരണ ഹൈക്കോടതി 3 മാസത്തേക്ക് തടഞ്ഞു. അതേസമയം, ഷെഡ്യൂൾ ചെയ്ത സാക്ഷിവിസ്താരം അനുവദിച്ചിരുന്നു. തിരുവനന്തപുരം സിബിഐ സ്പെഷൽ കോടതിയിലാണ് കേസിന്റെ വിചാരണ. പ്രതികളെ നാർക്കോ അനാലിസിസിനു വിധേയമാക്കിയ വിദഗ്ധരെ വിസ്തരിക്കുന്നതു തടഞ്ഞുകൊണ്ടുള്ള ഉത്തരവിനെതിരെ സുപ്രീംകോടതിയെ സമീപിക്കുകയാണെന്നു സിബിഐ അറിയിച്ചു. ഇക്കാരണത്താൽ വിചാരണ മാറ്റിവെക്കാൻ സിബിഐ നൽകിയ ഹർജിയിലാണ് ജസ്റ്റിസ് പി.ബി. സുരേഷ് കുമാറിന്റെ ഉത്തരവ്. ഈയാവശ്യം വിചാരണക്കോടതി നിരസിച്ച സാഹചര്യത്തിലാണ് ഹൈക്കോടതിയിലെ ഹർജി. 2007ൽ നാർകോ അനാലിസിസ് നടത്തിയ എൻ. കൃഷ്ണവേണി, പ്രവീൺ പർവതപ്പ എന്നിവരുടെ സാക്ഷിവിസ്താരത്തിനു സിബിഐ കോടതി നോട്ടീസ് അയച്ചെങ്കിലും പ്രതികൾ നൽകിയ ഹർജിയെത്തുടർന്നാണ് ഹൈക്കോടതി ഇടപെട്ടത്. ഇതിനെതിരെ അപ്പീൽ നൽകുന്ന കാരണത്തിലാണ് വിചാരണ മാറ്റാൻ സിബിഐ ആവശ്യപ്പെട്ടത്.

P. Isaac Isaac, B.S., D.D.S., M.P.H.

ISAAC PARAMPOTTIL, D.D.S.
FAMILY DENTAL CLINIC
259 E. Rand Rd, Suite # 110
Mount Prospect, IL 60056

Modern Personal Dental Care

For New Patient FREE Consultation

Most Major Insurance Plans Accepted


COMPREHENSIVE DENTAL CARE

Office Hours by Appointments

847-292-6640

- Extraction / Dentures
- Cosmetic Bonding / Bleaching / Porcelain Laminate / Cleaning / X-rays / Filling
- Preventive Checkups
- Root Canals / Crowns / Bridges


Trusted Representation
Achieves Aggressive Financial Results
Over $ 50M Recovered and Collected For Our Clients
Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
Free Confidential Consultation On All Matters
Home Visits Available
Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Attorney Steve Crifase
Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603
312-855-0511 StevenCrifase.com
LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603
Phone (312) 855-0511,
Fax (312) 855- 0537
A+ Rating
AV PREEMINENT
Peer Rated for Highest Level of Professional Excellence 2018


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# വിദ്വേഷ പ്രസംഗത്തിൽ ഉടൻ കേസില്ല

ന്യൂഡൽഹി: പൗരത്വ നിയമത്തിനെതിരെയുള്ള പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ, പ്രകോപനപരമായ പ്രസംഗം നടത്തിയ ബിജെപി നേതാക്കൾക്കെതിരെ ഉടൻ കേസ് രജിസ്റ്റർ ചെയ്യാൻ നിർദേശിക്കണമെന്ന ആവശ്യം ഹൈക്കോടതി നിരസിച്ചു. ഇപ്പോൾ കേസ് രജിസ്റ്റർ ചെയ്യാൻ പറ്റിയ സമയമല്ലെന്ന സോളിസിറ്റർ ജനറലിന്റെ (എസ്ജി) നിലപാട് അംഗീകരിച്ചാണ് ചീഫ് ജസ്റ്റിസ് ഡി.എൻ. പട്ടേൽ, ജസ്റ്റിസ് സി. ഹരിശങ്കർ എന്നിവരുടെ ബെഞ്ചിന്റെ നടപടി.

ഡൽഹി സംഘർഷത്തെക്കുറിച്ച് അന്വേഷണവും ബിജെപി നേതാക്കൾക്കെതിരെ നടപടിയുമാവശ്യപ്പെട്ട് ഹർഷ് മന്ദർ നൽകിയ ഹർജി ഏപ്രിൽ 13ന് പരിഗണിക്കാൻ മാറ്റി. കേസിൽ കക്ഷിചേരാൻ കേന്ദ്ര സർക്കാരിന് അനുമതി നൽകിയ കോടതി, 4 ആഴ്ചയ്ക്കകം എതിർസത്യവാങ്മൂലം നൽകാൻ നിർദേശിച്ചു.

കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ ബിജെപി നേതാക്കളായ കപിൽ മിശ്ര, പർവേഷ് വർമ എംപി, അഭയ് വർമ എംഎൽഎ എന്നിവർക്കെതിരെയാണ് വിദ്വേഷ പ്രസംഗ പരാതിയുള്ളത്. ഠാക്കൂറും പർവേഷ് വർമയും വിദ്വേഷ പ്രസംഗങ്ങൾ നടത്തിയത് ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണ ഘട്ടത്തിലാണ്. ഏതാണ്ട് ഒരു മാസം മുൻപ്. കപിൽ മിശ്രയുടേത് കഴിഞ്ഞ ഞായറാഴ്ചയും അഭയ് വർമയുടേത് 25ന് ചൊവ്വാഴ്ചയും.

വിദ്വേഷ പ്രസംഗം നടത്തിയവർക്കെതിരെ കേസെടുക്കുന്നതിനെക്കുറിച്ച് തീരുമാനമറിയിക്കാൻ ജസ്റ്റിസ് എസ്. മുരളീധർ അധ്യക്ഷനായ ബെഞ്ച് ഡൽഹി പോലീസിനോട് നിർദേശിച്ചിരുന്നു. അതിനു പിന്നാലെ കേസ് ജസ്റ്റിസ് മുരളീധറിന്റെ ബെഞ്ചിൽ നിന്ന് മാറ്റാൻ തീരുമാനമുണ്ടായി. ജസ്റ്റിസ് മുരളീധറിനെ പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റി രാഷ്ട്രപതിയുടെ ഉത്തരവും അർദ്ധരാത്രിയോടെ പുറത്തുവന്നു.

### ആറ് തവണ മുന്നറിയിപ്പ്; അനങ്ങാതെ പോലീസ്

ഡൽഹിയിൽ സംഘർഷ സാധ്യതയുണ്ടെന്ന രഹസ്യാന്വേഷണ വിഭാഗങ്ങളുടെ ആവർത്തിച്ചുള്ള മുന്നറിയിപ്പ് പോലീസ് അവഗണിച്ചു. സ്പെഷൽ ബ്രാഞ്ച്, ഇന്റലിജൻസ് ബ്യൂറോ എന്നിവ 6 തവണ മുന്നറിയിപ്പ് നൽകിയെന്നാണ് വിവരം.

ഫെബ്രുവരി 23ന് ബിജെപി നേതാവ് കപിൽ മിശ്ര നടത്തിയ വിവാദ പ്രസംഗത്തിനു പിന്നാലെയാണ് രഹസ്യാന്വേഷണ വിഭാഗങ്ങൾ മുന്നറിയിപ്പു നൽകിയത്. വടക്കു കിഴക്കൻ ഡൽഹി ഡിസിപി വേദ്പ്രകാശ് സൂര്യയുടെ സാന്നിദ്ധ്യത്തിലായിരുന്നു മിശ്രയുടെ പ്രസംഗം. ഉന്നതപോലീസ് ഉദ്യോഗസ്ഥർക്കു രഹസ്യാന്വേഷണ വിഭാഗങ്ങൾ വയർലെസ്സന്ദേശം അയച്ചിരുന്നു. പൗരത്വ നിയമത്തെ അനുകൂലിക്കുന്നവർ ഞായറാഴ്ച 3നു മൗജ്പുരിൽ എത്തണമെന്ന മിശ്രയുടെ ടീറ്റിന് പിന്നാലെയായിരുന്നു ആദ്യ മുന്നറിയിപ്പ്.

### 10,000 ഫോൺ സന്ദേശങ്ങൾ; മിക്കതും കണ്ടില്ല പോലീസ്

ഫെബ്രുവരി 24ന് മാത്രം ഡൽഹി പോലീസ് കൺട്രോൾ റൂമിലേക്ക് (പിസിആർ) ആക്രമണം നടന്ന പ്രദേശങ്ങളിൽ നിന്ന് 3,300 ഫോൺ സന്ദേശങ്ങളാണ് ലഭിച്ചത്. എന്നാൽ പല സ്ഥലത്തും പോലീസെത്തിയില്ല. നടപടിയെടുക്കാനും വൈകി. പിറ്റേന്ന് സന്ദേശങ്ങളുടെ എണ്ണം 7520 ആയി. ഏകദേശം 7000 പോലീസുകാരാണ് വടക്ക് കിഴക്കൻ ഡൽഹിയിലെ സ്റ്റേഷനുകളിലുള്ളത്. 900 പിസിആർ വാനുകളും.

# ഐബി ഉദ്യോഗസ്ഥന്റെ മൃതദേഹം ഓടയിൽ

ന്യൂഡൽഹി: ഡൽഹിയെ നടുക്കിയ കലാപത്തിൽ ഇന്റലിജൻസ് ബ്യൂറോ ഉദ്യോഗസ്ഥനും കൊല്ലപ്പെട്ടു. ഇന്റലിജൻസ് സെക്യൂരിറ്റി അസിസ്റ്റന്റായി ജോലി ചെയ്യുന്ന അങ്കിത് ശർമ (26)യാണ് കൊല്ലപ്പെട്ടത്. മൃതദേഹം കണ്ടെത്തിയത് ഓടയിൽ നിന്ന്.

അങ്കിത് ശർമയെ കാണാതായതായി വീട്ടുകാർ പരാതി നൽകിയിരുന്നു. ഇതേത്തുടർന്ന് അന്വേഷണം നടക്കുന്നതിനിടെയാണ് വടക്ക് കിഴക്കൻ ഡൽഹിയിലെ ചാന്ദ്ബാഗ് പ്രദേശത്തെ ഓടയിൽ നിന്ന് മൃതദേഹം ലഭിച്ചത്. ഫെബ്രുവരി 25ന് വൈകുന്നേരം ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്നതിനിടെ അങ്കിതിനെ ആൾക്കൂട്ടം ആക്രമിക്കുകയായിരുന്നു. ആക്രമണത്തിൽ ഗുരുതരപരുക്കേറ്റ അങ്കിത് സംഭവസ്ഥലത്തുതന്നെ മരിച്ചു.

തുടർന്ന് അക്രമികൾ മൃതദേഹം ഓടയിലേക്ക് വലിച്ചെറിയുകയായിരുന്നു. അതേസമയം, ആം ആദ്മി പ്രവർത്തകരാണ് അങ്കിതിന്റെ കൊലയ്ക്ക് പിന്നിലെന്ന് അദ്ദേഹത്തിന്റെ പിതാവും ഐബി ഉദ്യോഗസ്ഥനുമായ രവീന്ദർ ശർമ്മ ആരോപിച്ചു. ബിജെപി നേതാവ് കപിൽ മിശ്രയും ഇതേ ആരോപണം ഉന്നയിച്ചിട്ടുണ്ട്.

# ബിജെപി ജനറൽ സെക്രട്ടറിയുടെ താക്കീത് പിൻവലിച്ചു

ന്യൂഡൽഹി: അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ബിജെപി ഇടപെടുമെന്ന് യുഎസിലെ ഡെമോക്രാറ്റിക് പാർട്ടിക്ക് ബിജെപി സംഘടനാ ജനറൽ സെക്രട്ടറി സന്തോഷിന്റെ താക്കീത്. വിവാദമായതിനെത്തുടർന്ന് ഏറെനേരം കഴിയും മുൻപേ ടീറ്റ് പിൻവലിച്ചു.

തെരഞ്ഞെടുപ്പിൽ ഡോണൾഡ് ട്രംപിനെതിരെ മത്സരിക്കാൻ സാധ്യതയുള്ള ഡെമോക്രാറ്റിക് നേതാവ് ബേണി സാൻഡേഴ്സ് ഡൽഹി കലാപത്തെക്കുറിച്ച് ട്രംപ് നിശബ്ദത പാലിച്ചതിനെ വിമർശിച്ചിരുന്നു.

'നേതൃത്വത്തിന്റെ പരാജയം' എന്ന് സാൻഡേഴ്സ് പറഞ്ഞതിനെതിരെയായിരുന്നു സന്തോഷിന്റെ പ്രതികരണം. 'എത്രത്തോളം നിഷ്പക്ഷരാവണമെന്നു ഞങ്ങൾ വിചാരിച്ചാലും പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഇടപെടാൻ നിങ്ങൾ ഞങ്ങളെ പ്രേരിപ്പിക്കുകയാണ്. എന്നാലും നിങ്ങൾ പ്രേരിപ്പിക്കുന്നു.' എന്നായിരുന്നു സന്തോഷിന്റെ ടീറ്റ്.

20 കോടിയിലേറെ മുസ്ലിംകൾ ഇന്ത്യയെ മാതൃരാജ്യമെന്നു വിളിക്കുന്നുണ്ട്. മുസ്ലിം വിരുദ്ധ കലാപത്തിൽ ഒട്ടേറെ പേർ കൊല്ലപ്പെട്ടു. എന്നിട്ടും ട്രംപ് പറഞ്ഞത് 'അത് ഇന്ത്യയുടെ കാര്യമാണ്' എന്നാണ്. ഇത് മനുഷ്യാവകാശ വിഷയത്തിൽ നേതൃത്വത്തിന്റെ പരാജയമാണെന്ന് സാൻഡേഴ്സ് ടീറ്റ് ചെയ്തിരുന്നു. മറ്റൊരു രാജ്യത്തിന്റെ ആഭ്യന്തര കാര്യത്തിൽ പ്രത്യേകിച്ച് തെരഞ്ഞെടുപ്പിൽ ഇടപെടുന്നത് രാജ്യാന്തര തലത്തിൽ വലിയ പ്രത്യാഘാതമുണ്ടാക്കുന്നതാകയാൽ ബന്ധപ്പെട്ടവർ ഇക്കാര്യം പ്രധാനമന്ത്രിയെ അടക്കം അറിയിച്ചു. അധികം വൈകാതെ ടീറ്റ് പിൻവലിക്കുകയായിരുന്നു.

ഡെമോക്രാറ്റിക് പാർട്ടി നേതാക്കൾ നരേന്ദ്ര മോദി സർക്കാരിന്റെ പല നയങ്ങളും നേരത്തെയും വിമർശിച്ചിരുന്നു. ഇത്തവണ വിമർശനങ്ങളിൽ ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടി സെനറ്റർ ജോൺ കോർണിനാണ് ഡൽഹി കലാപങ്ങളിൽ ആശങ്ക പ്രകടിപ്പിച്ചത്. വേറെയും സെനറ്റ്, കോൺഗ്രസ് അംഗങ്ങളും ഡൽഹി കലാപം കൈകാര്യം ചെയ്ത രീതിയെ വിമർശിച്ചു രംഗത്തെത്തിയിരുന്നു. ഏറ്റവുമൊടുവിലാണ് സാൻഡേഴ്സിന്റെ ടീറ്റ് വന്നത്. മുൻപ് ബ്രിട്ടനിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ ബിജെപി അനുകൂല സംഘടനകളോട് കൺസർവേറ്റീവ് പാർട്ടിക്ക് അനുകൂലമായി പ്രവർത്തിക്കാൻ അവിടുത്തെ ഒരു പ്രാദേശിക ബിജെപി അനുകൂലി പറഞ്ഞത് വിവാദമായിരുന്നു. അന്ന് ബ്രിട്ടൻ ഔദ്യോഗികമായി പരാതി ഉന്നയിക്കുകയും മറ്റൊരു രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇന്ത്യ ഇടപെടില്ലെന്ന് വിദേശകാര്യമന്ത്രാലയത്തിന് വിശദീകരണമറിയിക്കേണ്ടി വരികയും ചെയ്തു.

# മുൻ മന്ത്രി പി. ശങ്കരൻ അന്തരിച്ചു

കോഴിക്കോട്: മുൻ മന്ത്രിയും യുഡിഎഫ് ജില്ലാ ചെയർമാനും കോൺഗ്രസ് നേതാവുമായ അഡ്വ. പി. ശങ്കരൻ (72) അന്തരിച്ചു. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 10 വർഷം ഡിസിസി പ്രസിഡണ്ടും കെപിസിസി ജനറൽ സെക്രട്ടറിയുമായിരുന്ന പി. ശങ്കരൻ 2001ൽ കൊയിലാണ്ടിയിൽ നിന്നു നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. എ.കെ. ആന്റണി മന്ത്രിസഭയിൽ ആരോഗ്യം, ടൂറിസം വകുപ്പ് മന്ത്രിയായിരുന്നു. 1998ൽ കോഴിക്കോട്ടുനിന്ന് ലോക്സഭയിലേക്ക് എംപി വീരേന്ദ്രകുമാറിനെ പരാജയപ്പെടുത്തി അട്ടിമറി ജയം നേടി.



മട്ടന്നൂർ പഴശ്ശിരാജ എൻഎസ്എസ് കോളജിൽ പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ കെഎസ്‌യു യൂണിറ്റ് സെക്രട്ടറിയായാണ് പൊതുരംഗത്തെത്തിയത്. 1991ൽ ബാലുശ്ശേരിയിൽ എ.സി. ഷൺമുഖദാസിനെതിരെയായിരുന്നു നിയമസഭയിലേക്കുള്ള കന്നിയങ്കം. 2005 ജൂലൈ ഒന്നിന് മന്ത്രിസ്ഥാനവും കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് നിയമസഭാംഗത്വവും രാജിവെച്ചു കെ. കരുണാകരനൊപ്പം ഡിഐസിയിൽ ചേർന്നു. പിന്നീട് കരുണാകരനൊപ്പം കോൺഗ്രസിൽ തിരിച്ചെത്തി.

ഭാര്യ: പ്രൊഫ. വി. സുധ (റിട്ട. പ്രിൻസിപ്പൽ കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളജ്). മക്കൾ: രാജീവ് എസ്. മേനോൻ (ദുബായ്), ഇന്ദു പാർവതി, ലക്ഷ്മിപ്രിയ. മരുമക്കൾ: രാജീവ്, ദീപക് (ഇരുവരും ഐടി എൻജിനീയർ, യുഎസ്), ദീപ്തി.

# ഡൽഹി കലാപം: കോടതികളുടെ കർശന ഇടപെടൽ

ന്യൂഡൽഹി: വടക്കു കിഴക്കൻ ഡൽഹിയിൽ പടർന്നു പിടിച്ച സംഘർഷങ്ങളിൽ കോടതികളുടെ ഇടപെടൽ. സംഘർഷം തടയുന്നതിൽ പരാജയപ്പെട്ട പോലീസിനെ ഡൽഹി ഹൈക്കോടതിയും നിശിതമായി വിമർശിച്ചു.

പരുക്കേറ്റവരുടെ ചികിത്സയ്ക്കും കൊല്ലപ്പെട്ടവരുടെ സംസ്കാരത്തിനും സൗകര്യമൊരുക്കാൻ ഇടപെട്ട ഹൈക്കോടതി, രാത്രികാലങ്ങളിലെ അടിയന്തര നടപടികൾക്കായി 2 ആഴ്ചത്തേക്ക് മജിസ്ട്രേട്ടുമാരെ നിയോഗിച്ചു.

കേസുകളിൽ സഹായിക്കാൻ അമിക്കസ് ക്യൂറിയായി സുബേദാ ബീഗത്തെ ചുമതലപ്പെടുത്തി. 1984ലെ സിഖ് വിരുദ്ധ കലാപം പോലുള്ള സാഹചര്യം ആവർത്തിക്കരുതെന്ന് അധികാരികൾക്കു കർശന മുന്നറിയിപ്പു നൽകി.

വിദ്വേഷ പ്രസംഗം നടത്തിയതിന് കേന്ദ്ര ധനമന്ത്രി അനുരാഗ് ഠാക്കൂർ, ബിജെപി നേതാക്കളായ പർവേഷ് വർമ എംപി, മുൻ മന്ത്രി കപിൽ മിശ്ര, അഭയ് വർമ എംഎൽഎ എന്നീ ബിജെപി നേതാക്കൾക്കെതിരെ ഉടൻ കേസെടുക്കണമെന്നു നടപടി പിറ്റേന്ന് അറിയിക്കണമെന്നും പോലീസിനോട് നിർദേശിച്ചു.

പോലീസിന് പ്രവർത്തന സ്വാതന്ത്ര്യമില്ലെന്നു വിവിധ ഹർജികൾ പരിശോധിച്ച സുപ്രീംകോടതി കുറ്റപ്പെടുത്തി.

ഈ പരാമർശം പോലീസിന്റെ മനോവീര്യം തകർക്കുമെന്നും സോളിസിറ്റർ ജനറൽ ചൂണ്ടിക്കാട്ടിയെങ്കിലും കോടതി വിമർശനം തുടർന്നു.

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ദോവൽ സംഘർഷ മേഖലകൾ സന്ദർശിച്ചു. ആഭ്യന്തരമന്ത്രി അമിത് ഷാ രാജിവെക്കണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു.

# കേന്ദ്രമന്ത്രിക്കെതിരെ ഉത്തരവിട്ട ജഡ്ജിമാർക്ക് അർധരാത്രി സ്ഥലംമാറ്റം

ന്യൂഡൽഹി: വിദ്വേഷ പ്രസംഗം നടത്തിയ കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ അടക്കമുള്ള ബിജെപി നേതാക്കൾക്കെതിരെ കേസെടുക്കാൻ ഉത്തരവിട്ട ഡൽഹി ബെഞ്ചിലെ ജസ്റ്റിസ് എസ്. മുരളീധറിന് അർധരാത്രി സ്ഥലം മാറ്റം. പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിലേക്കാണ് അടിയന്തര സ്ഥലംമാറ്റം.

കലാപം സംബന്ധിച്ചു പ്രത്യേക സംഘത്തിന്റെ അന്വേഷണമാവശ്യപ്പെട്ടുള്ള കേസ് ഡൽഹിയിലെ ഹൈക്കോടതിയിൽ ജസ്റ്റിസ് എസ്. മുരളീധറിന്റെ ബെഞ്ചിൽ നിന്ന് മാറ്റിയിരുന്നു. ചീഫ് ജസ്റ്റിസ് ഡി.എൻ. പട്ടേൽ അദ്ധ്യക്ഷനായ ബെഞ്ചാണ് പിന്നീട് കേസ് പരിഗണിച്ചത്. പിന്നാലെയാണ് സ്ഥലം മാറ്റ ഉത്തരവ്. ജസ്റ്റിസ് മുരളീധറിനെ സ്ഥലം മാറ്റാൻ കഴിഞ്ഞ കൊളീജിയം ശിപാർശ ചെയ്തിരുന്നതാണ്.

# ഡോക്ടർമാർക്ക് പണിമുടക്കാൻ അവകാശമില്ലെന്ന് മദ്രാസ് ഹൈക്കോടതി

ചെന്നൈ: ആവശ്യസേന വിഭാഗത്തിൽ ഉൾപ്പെട്ട ഡോക്ടർമാർക്ക് പണിമുടക്കാൻ അവകാശമില്ലെന്ന് മദ്രാസ് ഹൈക്കോടതിയുടെ ഉത്തരവ്. ശമ്പളവർധന ആവശ്യപ്പെട്ട് കഴിഞ്ഞ വർഷം നവംബറിൽ പണിമുടക്കിയ ഡോക്ടർമാരെ സ്ഥലംമാറ്റിയതിനെതിരെ നൽകിയ ഹർജിയിൽ വാദം കേൾക്കവെയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. അതേസമയം, പണിമുടക്കിയ ഡോക്ടർമാരെ സ്ഥലംമാറ്റിയ സർക്കാരിന്റെ നടപടി മദ്രാസ് ഹൈക്കോടതി റദ്ദാക്കി. ഡോക്ടർമാർക്ക് എതിരേയെടുത്ത എല്ലാ അച്ചടക്ക നടപടികളും റദ്ദാക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെട്ടു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 71.19 |
| യൂറോ | 78.26 |
| സ്റ്റെർലിംഗ്പൗണ്ട് | 91.64 |
| സ്വിസ് ഫ്രാങ്ക് | 73.38 |
| സിംഗപ്പൂർ ഡോളർ | 50.86 |
| കനേഡിയൻ ഡോളർ | 52.94 |
| ഒമാൻ റിയാൽ | 182.20 |
| ബഹ്റൈൻ ദിനാർ | 185.96 |
| സൗദി റിയാൽ | 18.75 |
| യു.എ.ഇ. ദിർഹം | 19.16 |
| കുവൈത്ത് ദിനാർ | 230.03 |

# ഭക്തപ്രിയങ്കരൻ ഗുരുവായൂർ പത്മനാഭൻ ഇനി ഓർമ

ഗുരുവായൂർ: അര നൂറ്റാണ്ടോളം ഗുരുവായൂരപ്പന്റെ സ്വർണക്കോലമേറ്റിയ ഗജരത്നം ഗുരുവായൂർ പത്മനാഭൻ ഓർമയായി. പ്രായാധിക്യം മൂലമുള്ള അസുഖങ്ങൾക്ക് അസമിൽ നിന്നുള്ള വിദഗ്ധരുടെ ചികിത്സയിലായിരുന്നു. ഫെബ്രുവരി 26ന് ഉച്ചയ്ക്ക് രണ്ടരയോടെയാണ് ചരിഞ്ഞത്. ഗുരുവായൂരപ്പന്റെ പ്രിയങ്കരനെന്നു ഭക്തർ വിശേഷിപ്പിക്കുന്ന പത്മനാഭനെ ഗുരുവായൂർ ആനത്താവളത്തിൽ സംസ്കരിക്കാൻ വനം വകുപ്പ് അനുമതി തേടിയിരുന്നു

പ്രായാധിക്യം മൂലം സമീപകാലത്ത് ഗുരുവായൂരപ്പനെ എഴുന്നള്ളിക്കാൻ മാത്രമാണ് നിയോഗിച്ചിരുന്നത് അവസാനമായി ഡിസംബർ 8ന് ഏകാദശിക്കാണ് എഴുന്നള്ളിച്ചത്. രണ്ട് മാസമായി ചികിത്സയിലായിരുന്നു.

നിലമ്പൂർ കാടുകളിൽ പിറന്ന പത്മനാഭനെ 1954 ജനുവരി 18ന് ഒറ്റപ്പാലത്തെ ഇ.പി. ബ്രദേഴ്സാണ് ഗുരുവായൂർ ക്ഷേത്രത്തിൽ നടയിരുത്തിയത്. അന്നു 14 വയസാണ് കണക്കാക്കിയിരുന്നത്. ഗുരുവായൂർ കേശവനുശേഷം വിശേഷവേളകളിലെല്ലാം ഗുരുവായൂരപ്പന്റെ തിടമ്പേറ്റിയിരുന്നത് പത്മനാഭനാണ്.

ലക്ഷണമൊത്ത കൊമ്പനെ ഉത്സവമെഴുന്നള്ളിപ്പിനു കൊണ്ടുവരാൻ ആനക്കമ്പക്കാർ മത്സരിച്ചതോടെ പത്മനാഭന്റെ ഏക്കത്തുക ലക്ഷങ്ങളിലെത്തി. ഒരിക്കൽ നെന്മാറ വലങ്ങി ദേശം 2,22,222 രൂപ നൽകി കൊണ്ടുപോയ പത്മനാഭൻ പിന്നീട് 2,27,222 രൂപ ഏക്കത്തുകയെന്ന പുതിയ റെക്കോർഡിട്ടു.

2004 ഏപ്രിലിൽ ഗുരുവായൂർ ദേവസ്വം ഗജരത്നപട്ടം നൽകി. അസംഖ്യം ക്ഷേത്രങ്ങളിൽ നിന്നും പൂരപ്പറമ്പുകളിൽ നിന്നും ലഭിച്ച ബഹുമതികൾ അനവധി. പത്മനാഭനെ അവസാനമായി കാണാൻ ആനത്താവളത്തിലേക്കു ജനപ്രവാഹമായിരുന്നു. ഇവിടുത്തെ ആനകളുടെഎണ്ണം 47 ആയികുറഞ്ഞു.



ഗുരുവായൂർ പത്മനാഭൻ

# ഹൂസ്റ്റണിൽ നടന്ന ഗ്രാന്റ് പേരന്റ്സ് ഡേ ശ്രദ്ധേയമായി



ഹൂസ്റ്റൺ: ഹൂസ്റ്റൺ സെയിന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന ഗ്രാന്റ് പേരന്റ്സ് ഡേ ശ്രദ്ധേയമായി.

എഴുപതു വയസിൽ താഴെ, എഴുപതു വയസിനു മുകളിൽ ഗ്രേറ്റ് ഗ്രാന്റ് പേരന്റ്സ് എന്നീ ക്രമത്തിൽ കൊച്ചു മക്കളോടൊപ്പം കത്തിച്ച തിരികളുമായി പള്ളിക്കുള്ളിലേക്കുള്ള ഘോഷയാത്രയോടെ ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്നു നടന്ന വിശുദ്ധ ബലിക്കുശേഷം ഗ്രാന്റ് പേരന്റ്സിന്റെ പ്രതിനിധികളായി ഗ്രേറ്റ് ഗ്രാന്റ് പേരന്റ്സ് കൂടിയായ പുളിക്കത്തൊട്ടിയിൽ ചാക്കോ-മേരിക്കുട്ടി ദമ്പതികൾ ചേർന്ന് ജൂബിലി തിരി തെളിച്ചു.

ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ ഗ്രാന്റ് പേരന്റ്സ്-ഗ്രാൻഡ് കിഡ്സ് ഇന്ററാക്ഷൻ വീഡിയോ മത്സരത്തിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ നീറ്റുകാട്ട് വിക്ടർ ഫാമിലി, പൂതക്കര സാബു ഫാമിലി, കൈതമറ്റത്തിൽ ജോസഫ് ഫാമിലി എന്നിവർക്ക് സമ്മാനങ്ങൾ നല്കുകയും തുടർന്ന് സമ്മാനാർഹമായ വീഡിയോകൾ പ്രദർശിപ്പിക്കുകയും ചെയ്തു.

ലൂസി കറുകപ്പറമ്പിൽ എംസിയായ ചെറുസമ്മേളനത്തിൽ ഈ പരിപാടിയുടെ കോ-ഓർഡിനേറ്റർ കൂടിയായ ബോബി കണ്ടത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ഗ്രാന്റ് കിഡ്സിനെ പ്രതിനിധീകരിച്ച് എറിക് ഇല്ലിക്കാട്ടിലും ഗ്രാന്റ് പേരന്റ്സിനെ പ്രതിനിധീകരിച്ച് മാത്യു പനന്താനംപറമ്പിലും സംസാരിച്ചു. ഗ്രാന്റ് പേരന്റ്സിനായി പ്രത്യേകം തയ്യാറാക്കിയ മംഗളഗാനം ബെറ്റ്സി തുണ്ടിപ്പറമ്പിലിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ശ്രുതിമധുരമായി ആലപിച്ചു.

തുടർന്ന് വികാരി റവ.ഫാ. സുനി പടിഞ്ഞാറേക്കര എല്ലാ ഗ്രാന്റ് പേരന്റ്സിനും ഗ്രേറ്റ് ഗ്രാന്റ് പേരന്റ്സിനും പൊന്നാടയും ആശീർവാദങ്ങളും നല്കി ആദരിച്ചു. 95-ാം ജന്മദിനം ആഘോഷിക്കുന്ന പൂതക്കരി അമ്മച്ചിയെ (മേരിക്കുട്ടി പൂതക്കരി), ഇടവകജനങ്ങൾ ഒന്നാകെ ഗാനാലാപത്തോടെ പിറന്നാൾ ആശംസകളേകി ആദരിച്ചു. അതേത്തുടർന്ന് ചെണ്ടവാദ്യമേളങ്ങളുടെ അകമ്പടിയോടെ ഏവരെയും സ്നേഹവിരുന്നുശാലയിലേക്ക് ആനയിച്ചു. ഒടുവിൽ നടന്ന സ്നേഹവിരുന്നോടെ ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷങ്ങൾക്ക് സമാപനംകുറിച്ചു.

വികാരി ഫാ. സുനി പടിഞ്ഞാറേക്കരയുടെ നേതൃത്വത്തിൽ കൈക്കാരന്മാരായ ബൈജു പഴേമ്പള്ളിൽ, റോയി മാങ്ങാപ്പള്ളിൽ, ജോണി പതിയിൽ, ജോൺസൻ വട്ടമറ്റത്തിൽ എന്നിവരോടൊപ്പം സിസ്റ്റർ റജി, സിസ്റ്റർ ജോസിയാ, സിസ്റ്റർ ജോയ്സി, ഷൈനി പറയങ്കാലായിൽ, ബെറ്റി പതിയിൽ തുടങ്ങിയവരുടെ ആത്മാർത്ഥമായ സേവനം ഈ പരിപാടി വൻ വിജയമാക്കുവാൻ സഹായിച്ചു.

## പാക്കിസ്ഥാനോട് ഇന്ത്യയും യുഎസും ആവശ്യപ്പെടുന്നു

# ഭീകരരെ തുരത്തൂ

ന്യൂഡൽഹി: മുംബൈ, പഠാൻകോട്ട് ഭീകരാക്രമണ കേസുകളിലെ പ്രതികൾക്കെതിരെ എത്രയും വേഗം നടപടി വേണമെന്നും പാക്കിസ്ഥാനിൽ ഭീകരതാവളങ്ങളില്ലെന്ന് ഉറപ്പാക്കണമെന്നും ഇന്ത്യയും യുഎസും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു. അൽ ഖായിദ, ഐഎസ്, ജയ്ഷെ മുഹമ്മദ്, ലഷ്കറെ തയിബ, ഹഖാനി ശൃംഖല, ദാവൂദ് ഇബ്രാഹിം സംഘം തുടങ്ങിയ ഭീകരസംഘടനകൾക്കെതിരെ ശക്തമായ നടപടി വേണമെന്നും യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ഇന്ത്യാ സന്ദർശന സമാപനത്തിൽ പുറത്തിറക്കിയ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടുന്നു. യുഎൻ രക്ഷാ സമിതിയിൽ സ്ഥിരാംഗത്വത്തിനും ആണവ ദാതാക്കളുടെ സംഘത്തിൽ (എസ്എൻജി) അംഗത്വത്തിനും ഇന്ത്യയ്ക്കുമുള്ള പിന്തുണ യുഎസ് ആവർത്തിച്ചു. പ്രതിരോധ സാങ്കേതിക-വിവര കൈമാറ്റം എളുപ്പമാക്കാനുള്ള കരാർ എത്രയും വേഗം സാധ്യമാക്കാനാകുമെന്നു ട്രംപും പ്രധാനമന്ത്രി നരേന്ദ്രമോദിയും പ്രതീക്ഷ പ്രകടിപ്പിച്ചു. ഇന്ത്യ-യുഎസ് ബന്ധം സമഗ്ര ആഗോള ശാക്തിക പങ്കാളിത്തമാക്കി മാറ്റാനും ധാരണയായി. സുരക്ഷ, പ്രതിരോധം എന്നീ മേഖലകളിലൊതുങ്ങിയ ശക്തിക പങ്കാളിത്തത്തെയാണ് വ്യാപാരം, സാങ്കതിക വിദ്യ, ഗവേഷണം തുടങ്ങിയ മേഖലകൾ കൂടി ഉൾപ്പെടുത്തുന്ന സമഗ്ര പങ്കാളിത്തമാക്കി മാറ്റുന്നത്. ഇന്ത്യയുടെ കര, നാവിക സേനകൾക്കായി 30 ഹെലികോപ്റ്റർ വാങ്ങാൻ 21,629 കോടി രൂപയുടെ കരാർ ഒപ്പുവെച്ചു. ഊർജ, ഔഷധ ചികിത്സാ മേഖലകളിൽ മൂന്നു ധാരണാപത്രങ്ങളും ഒപ്പിട്ടു. വ്യാപാര കരാറിന് ഇതുവരെയുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ രൂപം നൽകാൻ വാണിജ്യ മന്ത്രിമാരെ ചുമതലപ്പെടുത്തി.



# ഹൃദയത്തിലെ സുഷിരം ശസ്ത്രക്രിയ കൂടാതെ അടയ്ക്കാം

തിരുവനന്തപുരം: ഹൃദയത്തിന്റെ മേലറകളെ വേർതിരിക്കുന്ന ഭിത്തിയിൽ ജന്മനായുള്ള സുഷിരം ശസ്ത്രക്രിയ കൂടാതെ അടയ്ക്കാനുള്ള ഉപകരണവും അതു സ്ഥാപിക്കാനുള്ള സംവിധാനവും വികസിപ്പിച്ച് ശ്രീചിത്രയിലെ ഗവേഷകർ.

ചിത്ര എഎസ്ഡി ഒക്ലൂഡർ എന്നാണ് ഉപകരണത്തിന്റെ പേര്. നിറ്റിനോൾ കമ്പികളും നോൺവോവൺ പോളിസ്റ്ററും ഉപയോഗിച്ച് നിർമിച്ച ഉപകരണത്തിന്റെ രൂപകല്പനയുടെ ഇന്ത്യൻ പേറ്റന്റിന് ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി അപേക്ഷ നൽകി. ഉപകരണം സ്ഥാപിക്കാൻ നിർമിച്ച സംവിധാനത്തിന്റെ പേറ്റന്റിനും അപേക്ഷിച്ചിട്ടുണ്ട്.

ടെക്നിക്കൽ റിസർച്ച് സെന്റർ ഫോർ ബയോ മെഡിക്കൽ ഡിവൈസസ് എന്ന പ്രോജക്ടിലൂടെയാണ് ഒക്ലൂഡർ വികസിപ്പിച്ചത്. ലോഹചട്ടക്കൂടും അതിനകത്തുള്ള വൈദ്യശാസ്ത്ര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന തുണിയുമാണ് ഇതിന്റെ പ്രധാന ഭാഗങ്ങൾ. നിറ്റിനോൾ വയറുകൾ പ്രത്യേക രീതിയിൽ ബന്ധിച്ചാണ് ലോഹച്ചട്ടക്കൂട് നിർമിച്ചത്.

നിറ്റിനോളിന് മികച്ച ഇലാസ്തികതയുള്ളതിനാൽ കത്തീറ്റർ വഴി ഹൃദയത്തിൽ എത്തിച്ച് സുഷിരത്തിൽ സ്ഥാപിക്കാം.

കത്തീറ്ററിൽ നിന്ന് പുറത്തെത്തിയാൽ നിറ്റിനോൾ ചട്ടക്കൂട് വികസിപ്പ് ഉള്ളിൽ സ്ഥാപിച്ച തുണി രക്തം ആഗീരണം ചെയ്യും. ഇതോടെ തുണിക്ക് മുകളിൽ ആവരണം രൂപപ്പെട്ട് സുഷിരം അടയും. കാലക്രമേണ തുണിയുടെ ഉപരിതലത്തിൽ കൂടുതൽ കോശങ്ങൾ അടയും.

ഉപകരണത്തിന്റെ സ്ഥാനചലനം, ഹൃദയത്തിന്റെ മേലറയുടെ മുകൾഭാഗത്തുണ്ടാകുന്ന ഉരസൽ കൊണ്ടുള്ള ചതവ് എന്നിവയാണ് ഉപകരണവുമായി ബന്ധപ്പെട്ടുണ്ടാവുന്ന പ്രശ്നങ്ങൾ. ഡോ. സുജേഷ് ശ്രീധരൻ (സയന്റിസ്റ്റ്, എഫ് ഡിവിഷൻ ഓഫ് ആർട്ടിഫിഷ്യൽ ഇന്റേണൽ ഓർഗൻസ്, ബിഎംടി വിങ്), കാർഡിയോളജി വിഭാഗം പ്രൊഫസർമാരായ ഡോ. എസ്. ബിജുലാൽ, ഡോ. കെ.എം. കൃഷ്ണമൂർത്തി എന്നിവരുടെ നേതൃത്വത്തിലാണ് ഉപകരണം വികസിപ്പിച്ചത്.

ഇറക്കുമതി ചെയ്യുന്ന ഉപകരണങ്ങൾ ഉപയോഗിച്ചാണ് നിലവിൽ ഹൃദയത്തിലെ സുഷിരങ്ങൾ ചികിത്സിക്കുന്നത്.



ശ്രീചിത്രയിലെ ഗവേഷകർ വികസിപ്പിച്ച ഉപകരണം.

ഇത്തരം ഉപകരണത്തിന് ഏകദേശം 60,000 രൂപയാണ് വില. ചിത്ര എഎസ്ഡി ഒക്ലൂഡർ വിപണിയിലെത്തുന്നതോടെ ഇവയുടെ വില കുറയും. ഒക്ലൂഡർ ഉപകരണങ്ങൾ നിർമാതാക്കൾക്ക് കൈമാറും. അവരുമായി ചേർന്ന് മൃഗങ്ങളിലും മനുഷ്യരിലും പരീക്ഷിക്കും.

ഇതിന്റെ ഫലം അനുസരിച്ച് അനുമതി ലഭ്യമാകുന്നിതിന്റെയും അടിസ്ഥാനത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ നിർമിച്ച് വിപണിയിലെത്തിക്കും.



KERALA EXPRESS
പ്രവാസി താളുകൾ

# ഒ.എൻ.വിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് സർഗ്ഗവേദി

പി.ടി. പൗലോസ്

ന്യൂയോർക്ക്: സർഗ്ഗവേദിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 16ന് ഞായറാഴ്ച വൈകുന്നേരം 6.30ന് എൽമോണ്ടിലുള്ള കേരളാ സെന്ററിൽ ഒഎൻവി സ്മൃതി ആചരിച്ചു. പ്രശസ്ത സാമൂഹിക പ്രവർത്തകനായ വർഗീസ് ചുങ്കത്തിൽ അദ്ധ്യക്ഷനായി. മലയാളത്തെ ഭാവസാന്ദ്രമാക്കിയ കാവ്യസൂര്യൻ ഒഎൻവി ഓർമ്മയായിട്ട് ഫെബ്രുവരി 13ന് നാല് വർഷം തികയുമ്പോൾ ഈ ഓർമ്മപുതുക്കലിന് പ്രസക്തിയുണ്ടെന്നും മനുഷ്യത്വം തുളുമ്പുന്ന ഗൃഹാതുരത്വത്തിലേക്ക് നമ്മെ കൊത്തിവലിച്ച മറ്റൊരു കവി ഒഎൻവി അല്ലാതെ മലയാളത്തിലില്ല എന്ന് പി.ടി. പൗലോസ് തന്റെ സ്വാഗതപ്രസംഗത്തിൽ പറഞ്ഞു.

തുടർന്ന് എഴുത്തുകാരനും സർഗ്ഗവേദിയുടെ ആത്മബന്ധുവുമായ കെ.കെ. ജോൺസൺ 'ഒഎൻവി-മാനവികതയെ ചേർത്തുനിർത്തിയ കവി' എന്ന വിഷയം ചർച്ചയ്ക്ക് അവതരിപ്പിച്ചു. ഒരു കവിത മനുഷ്യരാശിക്കാകെ നന്മയും ശാന്തിയും നേരുന്നൊരു പ്രാർത്ഥനയാവാം, ഹൃദയങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു മന്ത്രമാവാം, ആസന്നമായ കൊടുങ്കാറ്റിനെക്കുറിച്ചൊരു മുന്നറിയിപ്പാകാം, നിണമൊലിക്കുന്ന മുറിവിലൊരു സാന്ത്വനസ്പർശമാവാം, വേർപാടിന്റെ വേദനയാവാം, ഒത്തുചേരലിന്റെ നിർവൃതിയാകാം, ഭാഷാതീതമായി ഭൂമിശാസ്ത്രപരമായ അതിരുകളെ ലംഘിച്ചുകൊണ്ട് കവിത എന്നും നിലനിൽക്കുമെന്ന് ഒഎൻവി ഒരിക്കൽ പറഞ്ഞ വാക്കുകൾ ഉരുവിട്ടുകൊണ്ടാണ് കെ.കെ. ജോൺസൺ തന്റെ പ്രസംഗമാരംഭിച്ചത്. 1946-ൽ സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്തെഴുതിയ 'മുന്നോട്ട്' എന്ന ആദ്യകവിത മുതൽ ഇന്നോളമെഴുതിയ ഒഎൻവി രചനകളെല്ലാം ഈ ദർശനത്തിലും വെളിപാടിലും അധിഷ്ഠിതമാണ്. തന്റെ കവിത തന്നെയാണ് തന്റെ ജീവിതം എന്ന് വിശ്വസിച്ച വിശ്വമാനവികതയുടെ ഗാഥാകാരനായ ഒഎൻവി എന്ന കവിയുടെ ഭാവനയിൽനിന്നും മയിൽപ്പീലി, അഗ്നിശലഭങ്ങൾ, ഉപ്പ്, ഭൂമിക്കൊരു ചരമഗീതം, മൃഗയ, ഉജ്ജയിനി, സ്വയംവരം, സ്നേഹിച്ചുതീരാത്തവർ, ചോറൂണ്, ഭൈരവന്റെ തുടി, വെറുതെ, ക്ഷണികം, പക്ഷേ തുടങ്ങി ആയിരത്തിലേറെ കവിതകളും അത്രത്തോളം ചലച്ചിത്രഗീതങ്ങളും നാടകഗാനങ്ങളും പിറന്നുവീണു. കേരളത്തെ പ്രക്ഷുബ്ധമാക്കിയ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക വിപ്ലവത്തിന്റെ സംഗീതവും സന്ദേശവുമായിരുന്നു ഒഎൻവിയുടെ ആദ്യകാല കവിതകൾ. പ്രണയവും വിപ്ലവവും നവോത്ഥാനാനന്തര രാഷ്ട്രീയവും മണ്ണും മഴയും സ്വപ്നങ്ങളും ഒഎൻവിയുടെ രചനകളിൽ പ്രമേയങ്ങളായി. ഇന്നും അസ്തമിച്ചിട്ടില്ലാത്ത കേരളീയ പ്രബുദ്ധതയെ വളർത്തിയവരിൽ ചുവന്ന കവിത്രയങ്ങൾ എന്നു വിളിക്കുന്ന ഒഎൻവി-വയലാർ-പി. ഭാസ്കരൻ എന്നിവർ വഹിച്ച പങ്ക് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ എന്നും നിറപ്പകിട്ടോടെ നിലനിൽക്കും. കീഴാളന്മാരുടെയും പണിയാളുകളുടെയും ഭാഷയും ബിംബങ്ങളും ധാരാളമായി ഉപയോഗിക്കാൻ തുടങ്ങിയത് ഒഎൻവി ഉൾപ്പെടെയുള്ള പുരോഗമനപക്ഷ കവികളുടെ കടന്നുവരവോടെയാണ്. കവിതയുടെ സംഗീതാത്മകതയും വായനാസുഖവുമാണ് ഒഎൻവി കവിതകളെ ജനപ്രിയമാക്കിയത്. കാലിക തീവ്രതയുള്ള സാമൂഹിക രാഷ്ട്രീയ സമസ്യകളെ കവിതയ്ക്ക് വിഷയമാക്കിയ ഈ കവി ബോധപൂർവ്വം തന്നെയായിരിക്കണം ഇങ്ങനെയൊരു വഴി സ്വീകരിച്ചത്. ഏറ്റവും സാധാരണക്കാരനു വേണ്ടിയാണ് താൻ നിലകൊള്ളുന്നത് എന്നതിനാൽ തന്റെ കവിതകളും അങ്ങനെ ആയിരിക്കട്ടെ എന്ന് കവി നിശ്ചയിച്ചിരിക്കാം. ഭൂമിയേയും മനുഷ്യരേയും ഉഷസന്ധ്യകളേയും പൂക്കളേയും ശലഭങ്ങളേയും ഋതുഭേദങ്ങളെയും സ്നേഹിച്ചുതീരാത്ത കവി വിഷാദാത്മകനാവുമ്പോഴും നീതിബോധത്താൽ ജ്വലിക്കുമ്പോഴും അന്യദുഃഖങ്ങളിൽ ഉലയുമ്പോഴും ജീവിതത്തിന്റെ വിരിമാറിൽ പറ്റിപ്പിടിച്ചു കിടന്നു. നാം അധിവസിക്കുന്ന ഭൂമിതന്നെ മൃത്യുവിനെ അഭിമുഖീകരിക്കുന്ന ആപൽക്കര കാലത്താണ് നാം ജീവിക്കുന്നതെന്ന ആഴമേറിയ ദാർശിനികതയോടെ നമ്മെ അനുഭവപ്പെടുത്തുകയും നമ്മുടെ ചിന്തകളെ ഉണർത്തുകയും ചെയ്ത കവിതയാണ് 'ഭൂമിക്കൊരു ചരമഗീതം'. നമ്മുടെ കൊച്ചുകേരളത്തിൽ കവിതകളിലൂടെയും ഗാനങ്ങളിലൂടെയും സ്നേഹാനുഭൂതികളുടെ വൻകര തീർത്ത് കടന്നുപോയ



ഒഎൻവി എന്ന കാവ്യതേജസ്സിന് പ്രണാമം അർപ്പിച്ചുകൊണ്ട് ജോൺസൺ തന്റെ പ്രസംഗമവസാനിപ്പിച്ചു.

ഒഎൻവി-വയലാർ-പി. ഭാസ്കരൻ എന്ന ഇടതുപക്ഷ കവിത്രയങ്ങളിൽ അടിച്ചമർത്തപ്പെട്ട കീഴാളന്മാർക്കു വേണ്ടി തൂലിക എടുത്ത ഭാവഗായകനായ കവിയാണ് ഒഎൻവി എന്നും കാല്പനികമായ മനുഷ്യബന്ധങ്ങളുടെ സരളമായുള്ള കഥപറച്ചിലുകളാണ് ഒഎൻവി കവിതകൾ എന്നും ജയൻ കെ.സി അഭിപ്രായപ്പെട്ടു. "കുഞ്ഞേടത്തിയെ തന്നേയല്ലോ ഉണ്ണിയ്ക്കെന്നും ഏറെയിഷ്ടം..." കുഞ്ഞേടത്തി എന്ന ഒഎൻവി കവിതയുടെ ഭാവസുന്ദരമായ ഈ വരികളെ ഹൈലൈറ്റ് ചെയ്തുകൊണ്ടായിരുന്നു സന്തോഷ് പാലാ സംസാരിച്ചത്. കാവ്യതലത്തിലും സിനിമ-നാടക-ആത്മീയഗാന തലങ്ങളിലും ഒഎൻവി വേറിട്ടുനിന്നു. തന്റെ ശൈലി വിടാൻ തയ്യാറാകാത്തതുകൊണ്ടാകണം പുതുമക്കാരുടെ നിരൂപണങ്ങളെയും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട് എന്ന് സന്തോഷ് ചൂണ്ടിക്കാട്ടി. ഇരുപത്തൊന്നാം വയസ്സു മുതൽ കവിതയെഴുതി കവിതയിലൂടെ ജീവിച്ച ഈശ്വര വിശ്വാസമുള്ള കമ്യൂണിസ്റ്റുകാരനായ കവിയായിരുന്നു ഒഎൻവി കുറുപ്പ് എന്ന് മോൺസി കൊടുമൺ അഭിപ്രായപ്പെട്ടു. അമേരിക്കയിൽ ഒഎൻവി പലപ്രാവശ്യം അതിഥിയായി എത്തിയിട്ടുണ്ട്. സംസാരഭാഷയിൽ കവിതയെഴുതി മനുഷ്യമനസ്സിൽ മൃദുലവികാരങ്ങളെ ഉണർത്തുന്ന ഒരു കവിയായിരുന്നു ഒഎൻവി എന്നായിരുന്നു ജോസ് ചെരിപുറത്തിന്റെ അഭിപ്രായം. അലക്സ് എസ്തപ്പാന്റെ സംശയം മറ്റൊന്നായിരുന്നു. കവികൾ ഭൂരിപക്ഷവും ഇടതുപക്ഷ ചിന്താഗതിക്കാരാണ്. എന്നാൽ, ഇടതുപക്ഷം തെറ്റ് ചെയ്താൽ വിമർശിക്കപ്പെടുമോ എന്നായിരുന്നു അലക്സിന്റെ ചോദ്യം.

മാമ്മൻ സി. മാത്യു തന്റെ ഹ്രസ്വമായ പ്രസംഗത്തിൽ പറഞ്ഞത് ഗഗനമായ തത്വശാസ്ത്രമില്ലാതെ സരളമായ ഭാഷയിൽ വേണ്ടിവന്നാൽ ആർക്കും കവിതയെഴുതാം എന്നു തോന്നിപ്പിക്കുന്ന വിധം കവിതകളെഴുതിയ, തോന്ന്യാക്ഷരങ്ങൾ തന്നെയാണ് കവിതയെന്നു പറഞ്ഞ, താൻ സൂര്യോദയവും സൂര്യാസ്തമയവും കണ്ട ചവറയുടെ മണൽ തരികൾക്ക് തന്റെ ജ്ഞാനപീഠം സമർപ്പിച്ച പ്രതിഭാധനനായ കവിയായിരുന്നു ഒഎൻവി എന്നാണ്. സ്വാതന്ത്ര്യാനന്തര കാലത്ത് കമ്യൂണിസ്റ്റ് സഹയാത്രികനായി മലയാള ഭാഷയുടെ സൗന്ദര്യം മലയാളിക്ക് ബോദ്ധ്യപ്പെടുത്തിയ എക്കാലത്തെയും വലിയ കവിയാണ് ഒഎൻവി എന്ന് രാജു തോമസ് അഭിപ്രായപ്പെട്ടു. ഒരു എഴുത്തുകാരൻ സാംസ്കാരിക പ്രവർത്തകൻ ആകണമെങ്കിൽ അവൻ ഇടതുപക്ഷത്ത് ആയിരിക്കണം എന്നായിരുന്നു ഇ.എം. സ്റ്റീഫന്റെ അഭിപ്രായം.

ഒരു നുറുങ്ങു വെളിച്ചമായി ആരുടെയും ആത്മാവിലേക്ക് അരിച്ചിറങ്ങുന്ന വരികളുടെ ലാളിത്യം ഒട്ടും വിടാതെ ഭാവസാന്ദ്രമായി സന്തോഷ് പാലായും കെ.കെ. ജോൺസണും ഒഎൻവി കവിതകൾ ആലപിച്ചതോടെ ഒരു സർഗ്ഗസായാഹ്നത്തിന് തിരശ്ശീല വീണു. അത് മലയാള കവിതയുടെ പര്യായമായ ഒഎൻവി എന്ന ത്രയാക്ഷര പ്രതിഭയ്ക്ക് ശ്രദ്ധാഞ്ജലിയുമായി.

## ഫോമായുടെ വൈപ്പിനിലുള്ള വീടിന്റെ നിർമ്മാണം പൂർത്തിയായി

ഫോമാ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി വെസ്റ്റേൺ റീജിയൻ പണിതു നല്കിയ ആലുവ വൈപ്പിനിലെ വീടിന്റെ നിർമ്മാണം പൂർത്തിയായി. വെസ്റ്റേൺ റീജിയൻ ആർവിപി ജോസഫ് ഔസോയുടെ പത്നി സുജ ഔസോയുടെ കുടുംബമാണ് ഈ വീടിനുള്ള സ്പോൺസർഷിപ്പ് നടത്തിയത്. സുജയുടെ സഹോദരി രശ്മി ഷേയും ഭർത്താവ് മാർട്ടി ഷേയും ചേർന്ന് എണ്ണായിരം ഡോളർ ഈ വീടുനിർമ്മാണത്തിനായി സംഭാവന നല്കി.











കുറഞ്ഞ ചെലവിൽ പണി പൂർത്തിയാക്കാമെന്ന് ഏറ്റിരുന്ന കമ്പനിക്ക് ചില സാങ്കേതിക കാരണങ്ങളാൽ ജോലി ചെയ്തു തീർക്കുവാൻ സാധിക്കാതെ വന്നതിനാൽ അധികമായി വന്ന ആയിരം ഡോളർ സുമനസ്സോടെ ജോസ് വടകര നല്കുകയായിരുന്നു. ഫോമായുടെ നാഷണൽ കമ്മിറ്റി മെംബറാണ് ജോസ് വടകര. പണി പൂർത്തിയായ വീട്ടിലേക്ക് നന്ദിപൂർവം ഒരു നിർദ്ധനകുടുംബംകൂടി താമസമാക്കി. മാനവസ്നേഹത്തിൽ അടിയുറച്ച ഫോമായുടെ നന്മനിറഞ്ഞ കാരുണ്യപ്രവർത്തനങ്ങളുടെ മറ്റൊരു നേർക്കാഴ്ചയാണ് ഈ ഭവനം. വെസ്റ്റേൺ റീജിയനിൽ നിന്നും ഏകദേശം പത്തോളം വീടുകൾ ഫോമാ വില്ലേജിലേക്ക് സംഭാവന നല്കിയ സംഘടനകളേയും ഭാരവാഹികളേയും ഫോമായുടെ വെസ്റ്റേൺ റീജിയൻ ഭാരവാഹികളെയും അഭിനന്ദിക്കുന്നതായി ഫോമാ പ്രസിഡണ്ട് ഫിലിപ്പ് ചാമത്തിൽ, ജനറൽ സെക്രട്ടറി ജോസ് ഏബ്രഹാം, ട്രഷറർ ഷിനു ജോസഫ്, വൈസ് പ്രസിഡണ്ട് വിൻസന്റ് ബോസ് മാത്യു, ജോ. സെക്രട്ടറി സജു ജോസഫ്, ജോ. ട്രഷറർ ജെയിൻ കണ്ണച്ചാൻപറമ്പിൽ എന്നിവർ അറിയിച്ചു.

## ഹൂസ്റ്റൺ സെ. മേരീസ് ക്നാനായ ഇടവകയിൽ ജൂബിലി സെമിനാർ

ജോസ് ചാഴികാട്ട്

ഹൂസ്റ്റൺ: സെ. മേരീസ് ക്നാനായ കാത്തലിക് മിഷന്റെ 25-ാം വാർഷികത്തിന്റെയും മിഷൻ ഇടവകയായി ഉയർത്തിയതിന്റെ പത്താം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി മാസത്തിൽ ഒരു സെമിനാർ വെച്ച് ഒരു വർഷത്തേക്ക് സെമിനാറുകൾ നടത്താൻ ജൂബിലി കമ്മിറ്റി തീരുമാനിച്ചു.



ഇതിന്റെ ഭാഗമായുള്ള ആദ്യസെമിനാർ ഫെബ്രുവരി 23ന് ഞായറാഴ്ച ഹൂസ്റ്റൺ സെ. മേരീസ് ഫൊറോനാ ദേവാലയത്തിൽ നടത്തി. ഡോ. അനൂപ് സ്കറിയ കറുകശേരിൽ എംഡി സെമിനാർ നയിച്ചു. മക്കൾ മാതാപിതാക്കളിൽ നിന്നും എന്തു പ്രതീക്ഷിക്കുന്നു എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. അനൂപ് സെമിനാർ നയിച്ചു. മുന്നൂറിൽപ്പരം മാതാപിതാക്കൾ സെമിനാറിൽ പങ്കെടുത്തു. മക്കളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയിൽ പ്രത്യേകിച്ച് ആദ്ധ്യാത്മിക വളർച്ചയിൽ 85 ശതമാനം പങ്കും പിതാക്കന്മാർക്കും 35 ശതമാനം പങ്ക് മാതാക്കൾക്കുമാണെന്ന് പഠനങ്ങളുടെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടിട്ടുണ്ടെന്ന് പീഡിയാട്രീഷനും എട്ട് മക്കളുടെ പിതാവുമായ ഡോ. അനൂപ് സമർത്ഥിച്ചു. കുടുംബങ്ങളിൽ കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് പിതാക്കന്മാർ തന്നെ നേതൃത്വം കൊടുക്കണമെന്നും മക്കൾ 85 ശതമാനവും പിതാക്കന്മാരെ സ്വാധീനിക്കുന്നു എന്നും പഠനങ്ങൾ തെളിയിച്ചിട്ടുള്ളതായി ഡോ. അനൂപ് വിശദീകരിച്ചു. മക്കളുടെ വിശ്വാസവളർച്ചയിൽ പിതാക്കന്മാരുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണെന്നും വിവിധ ഉദാഹരണങ്ങളിലൂടെ ഡോ. അനൂപ് സമർത്ഥിക്കുകയുണ്ടായി.

ദിവ്യബലിക്കുശേഷം ആരംഭിച്ച സെമിനാറിന് ജൂബിലി ജനറൽ കൺവീനറും ഫൊറോനാ വികാരിയുമായ ഫാ. സുനി പടിഞ്ഞാറേക്കര, കൺവീനർ പീറ്റർ ചാഴികാട്ട്, ഫിനാൻസ് കമ്മിറ്റി കൺവീനർ ജോസ് പുളിക്കത്തൊട്ടി എന്നിവർ നേതൃത്വം നല്കി. സെമിനാർ കമ്മിറ്റി കൺവീനർ ജോസ് ചാഴികാട്ട് സ്വാഗതവും കമ്മിറ്റി അംഗം ഷീബ താന്നിച്ചുവട്ടിൽ കൃതജ്ഞതയും പറഞ്ഞു.

# സി.എം.എസ്. കോളജ് പൂർവ്വവിദ്യാർത്ഥി സംഘടന സ്കോളർഷിപ് നല്കുന്നു

ന്യൂജേഴ്സി: സി.എം.എസ്. കോളജ് അലൂംമ്നി അസോസിയേഷൻ വിദ്യാസൗഹൃദം ന്യൂജേഴ്സി ന്യൂയോർക്ക് ചാപ്റ്റർ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നല്കുവാൻ തീരുമാനമെടുത്തു.

ഇന്ത്യയിലെ തന്നെ ആദ്യകലാലയമായ സി.എം.എസ്. കോളജ് അതിന്റെ 200ാം വാർഷികമാഘോഷിക്കുന്ന വേളയിൽ പൂർവ്വവിദ്യാർത്ഥികൾ നല്കുന്ന ഉപഹാരമെന്ന നിലയ്ക്കാണ് ഈ സ്കോളർഷിപ് അവാർഡ്. വൈസ് പ്രസിഡണ്ട് ആൻഡ്രു പാപ്പച്ചന്റെ വസതിയിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 2020 ജൂൺ മാസത്തിൽ ആരംഭിക്കുന്ന അദ്ധ്യയന വർഷത്തിൽ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു തുടങ്ങും. 20,000 രൂപയുടെ 20 സ്കോളർഷിപ്പുകൾ നല്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. യാതൊരു സാമ്പത്തിക സഹായവും ലഭിക്കാത്ത ഇടത്തരം കുടുംബങ്ങളിലെ അനേകം വിദ്യാർത്ഥികൾ ഇന്ന് കോളജിലുണ്ട്. അവർക്ക് കൈത്താങ്ങൽ കൊടുക്കുകയെന്നത് പൂർവ്വവിദ്യാർത്ഥികൾക്ക് കോളജിനു വേണ്ടി ചെയ്യാവുന്ന വലിയ സഹായമായിരിക്കുമെന്ന് കോളജ് അധികൃതരുമായി കമ്മിറ്റിയംഗങ്ങൾ നടത്തിയ ചർച്ചകളിൽ നിന്നും വ്യക്തമായി.



ഈ ചരിത്രമുഹൂർത്തത്തിൽ മാതൃവിദ്യാലയത്തെ സ്നേഹിക്കുന്ന പൂർവ്വവിദ്യാർത്ഥികൾക്ക് നമ്മെ നാമാക്കിയ കലാലയമുത്തശ്ശിക്ക് ഒരു ഉപഹാരമർപ്പിക്കാനുള്ള സുവർണ്ണാവസരമാണിത്. അമേരിക്കയിലെമ്പാടുമുള്ള നൂറുകണക്കിന് പൂർവ്വവിദ്യാർത്ഥികൾ ഈ സംരംഭത്തിൽ ഹൃദയപൂർവം സഹകരിക്കുമെന്നാണ് കമ്മിറ്റിയുടെ പ്രതീക്ഷ. സ്കോളർഷിപ് സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ പ്രസിഡണ്ട് പ്രൊഫ. സണ്ണി മാത്യൂസ് 201 736 8767 sunnymat101@yahoo.com, സെക്രട്ടറി കോശി ജോർജ് 718 314 8171 koshygeorge47@gmail.com, ട്രഷറർ ഡോ. ടി.വി.ജോൺ 732 839 9238 tvjohn2020@gmail.comഎന്നിവരുമായി ബന്ധപ്പെടാവുന്നതാണ്. തങ്ങളുടെ സ്വന്തം പേരിലോ പ്രിയപ്പെട്ടവരുടെ പേരിലോ ഈ സ്കോളർഷിപ്പുകൾ നല്കാം.


**ബെഞ്ചമിൻ ബെയ്‌ലി മ്യൂസിയം:** കോളജിന്റെ ആദ്യ പ്രിൻസിപ്പലും മലയാളം അച്ചടിയുടെ പിതാവുമായ റവ. ബഞ്ചമിൻ ബെയ്‌ലിയുടെ സ്മരണാർത്ഥം സി.എം.എസ് കോളജിൽ സ്ഥാപിതമായ ബെയ്‌ലി മ്യൂസിയത്തിന്റെ വികസനത്തിനു വേണ്ടി കേരള സർക്കാർ 2020 ബജറ്റിൽ രണ്ടു കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നുള്ളത് സന്തോഷകരമായ വാർത്തയാണ്.

ഇതിനു താത്പര്യമെടുത്ത ധനമന്ത്രി തോമസ് ഐസക്കിനെ കമ്മിറ്റി മുക്തകണ്ഠം പ്രശംസിച്ചു. ഈ പദ്ധതിയുടെ പൂർത്തീകരണത്തിൽ പങ്കാളികളാകാനും പൂർവ്വവിദ്യാർത്ഥി സംഘടനയോട് കോളജ് അധികൃതർ അഭ്യർത്ഥിച്ചു.

# 40–കാരന് 1.5 മില്യൺ ഡോളർ നഷ്ടപരിഹാരം

**മൊയ്തീൻ പുത്തൻചിറ**

കൻസാസ്: ഇരട്ടക്കൊലപാതകത്തിന് 23 വർഷം ജയിൽ ശിക്ഷയനുഭവിച്ചതിനുശേഷം നിരപരാധിയെന്ന് തിരിച്ചറിഞ്ഞ് മോചിപ്പിച്ച 40-കാരന് 1.5 മില്യൺ ഡോളർ നഷ്ടപരിഹാരം നല്കാൻ കോടതി വിധിച്ചു. നിരപരാധിയായ തന്നെ ജയിലിലടച്ചതിന് ഉത്തരവാദികളായവർക്കെതിരെ നിയമപോരാട്ടം തുടരാൻ പദ്ധതിയിട്ടിട്ടില്ലെന്ന് അഭിഭാഷകൻ പറഞ്ഞു.




1994-ൽ ഡോണിയൽ ക്വിൻ, ഡൊണാൾഡ് എവിംഗ് എന്നിവരെ കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായപ്പോൾ ലാമോണ്ട് മക്കിന്റയറിന് 17 വയസ്സായിരുന്നു പ്രായം. ഇരട്ടജീവപര്യന്തം ശിക്ഷ ലഭിച്ച മക്കിന്റെറിൻ 2017-ലാണ് ജയിൽമോചിതനായത്. നഷ്ടപരിഹാരത്തിനു പുറമെ ലാമോണ്ട് മക്കിന്റിറിന് നിരപരാധിത്വ സർട്ടിഫിക്കറ്റും കൻസാസ് സിറ്റിയിലെ ഷാവ്നി കൗണ്ടി ജില്ലാ ജഡ്ജി തെരേസ എൽ. വാട്സനിൽ നിന്നു ലഭിച്ചു. കഴിഞ്ഞവർഷം സമർപ്പിച്ച തെറ്റായ ശിക്ഷാവിധിയുടെ പുനർവിചാരണയിലാണ് കോടതി മക്കിന്റിറിന്റെ നിരപരാധിത്വം കണ്ടെത്തിയത്.

ലാമോണ്ട് മക്കിന്റിറിനെ തീർത്തും നിരപരാധിയായി പ്രഖ്യാപിച്ചതായി അദ്ദേഹത്തിന്റെ അഭിഭാഷകൻ ചെറിൻ പീലാറ്റോ പറഞ്ഞു. നഷ്ടപ്പെട്ടുപോയ യൗവ്വനവും ആരോഗ്യവും തിരിച്ചു കിട്ടുകയില്ലെങ്കിലും നിരപരാധിയായി പ്രഖ്യാപിച്ചതിനും നഷ്ടപരിഹാരം നല്കിയതിനും ലാമോണ്ട് നന്ദിയുള്ളവനാണെന്ന് അഭിഭാഷകൻ പറഞ്ഞു.

# ഡാളസ് കേരളാ അസോസിയേഷന്റെ ബോധവത്കരണ സെമിനാർ വിജ്ഞാനപ്രദമായി

ഡാളസ്: കേരളാ അസോസിയേഷൻ ഓഫ് ഡാളസ് ഫെബ്രുവരി 22ന് ശനിയാഴ്ച അസോസിയേഷൻ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ബോധവത്കരണ സെമിനാർ



വിജ്ഞാനപ്രദമായി. വിൽപത്രം തയ്യാറാക്കൽ, ട്രസ്റ്റ് രൂപീകരിക്കൽ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പരിചയസമ്പന്നനായ അറ്റോർണി അറ്റ് ലോ എസ് കൊസൻ, സമഗ്രവിശദീകരണം നല്കി.

അസോസിയേഷൻ പ്രസിഡണ്ട് ഡാനിയേൽ കുന്നേൽ അറ്റോർണിയെ സദസ്സിന് പരിചയപ്പെടുത്തുകയും സ്വാഗതം ചെയ്യുകയും ചെയ്തു. സെമിനാറിൽ പങ്കെടുത്തവരുടെ സംശയങ്ങൾക്ക് അറ്റോർണി സമുചിതമായി മറുപടി നല്കി. തുടർന്നു നടന്ന ചർച്ചയിൽ ഐ. വർഗീസ്, റോയ് കൊടുവത്ത്.

ചെറിയാൻ ചൂരനാട്, ജോസഫ് ജോർജ് വിലങ്ങോലിൽ, ടോമി നെല്ലുവേലിൽ, ജോയ് ആന്റണി, സെബാസ്റ്റ്യൻ പ്രാക്കുഴി, സൈമൺ, അനശ്വർ മാമ്പിള്ളി, ഫ്രാൻസിസ് തടത്തിൽ തുടങ്ങിയവർ പങ്കെടുത്തു. അസോസിയേഷൻ ജനറൽ സെക്രട്ടറി പ്രദീപ് നാഗനൂലിൽ നന്ദി പറഞ്ഞു. പങ്കെടുത്ത എല്ലാവർക്കും ലഘുഭക്ഷണവും ക്രമീകരിച്ചിരുന്നു.

# പ്രത്യേക അറിയിപ്പ്

## വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ 'പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല' എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

## ഫോട്ടോ അയക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ 'JPEG,' ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

## എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപസമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.




# പ്രത്യേക അറിയിപ്പ്

കേരളാ എക്സ്പ്രസ്സിൽ വാർത്തകളോ പരസ്യങ്ങളോ നല്ഖകുവാൻ ആഗ്രഹിക്കുന്നവർ കേരളാ എക്സ്പ്രസ്സുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളെയോ റിപ്പോർട്ടർമാരെയോ സംഘടനകളെയോ കേരളാ എക്സ്പ്രസ് മാനേജ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അമേരിക്കയിൽ ഒന്നിലധികം പ്രസ്ക്ലബുകൾ രൂപംകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്ക്ലബ് എന്ന ഓമനപ്പേരിൽ കൂടുതൽ സംഘടനകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ മുന്നിൽ കാണുന്നതിനാലും കേരളാ എക്സ്പ്രസ് മാനേജ്മെന്റോ പ്രതിനിധികളോ ഇനി മുതൽ ഒരു പ്രസ്ക്ലബിന്റെയും ഭാഗമായിരിക്കുന്നതല്ല. കേരളാ എക്സ്പ്രസ്സിനെ സംബന്ധിച്ചിടത്തോളം പത്രത്തിന്റെ നിലനില്പ് നിങ്ങൾ ഓരോരുത്തരും നല്കുന്ന വരിസംഖ്യയിലാണ്. വാർത്തകളും സാഹിത്യസൃഷ്ടികളും കേരളാ എക്സ്പ്രസ്സിലേക്ക് അയയ്ക്കുമ്പോൾ വരിസംഖ്യ നല്കി പത്രത്തെ സഹായിക്കുന്നവർക്കായിരിക്കും മുൻഗണന എന്ന വിവരവും അറിയിക്കട്ടെ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പത്രാധിപർ

കഥ

# കുമാരസംഭവം

**ഷാജൻ ആനിത്തോട്ടം**

കുമാരൻകുട്ടി എന്റെ പ്രിയപ്പെട്ട കൂട്ടുകാരനാണ്. ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഞങ്ങളുടെ സൗഹൃദം. ഓർമ്മവെച്ച കാലം മുതലേ എന്റെ കളിക്കൂട്ടുകാരൻ ആയിരുന്നു കുമാരൻ. എന്നുവെച്ചാൽ ഏതാണ്ട് അര നൂറ്റാണ്ട് കാലത്തെ സുഹൃദ് ബന്ധം. പ്രൈമറി സ്കൂൾ ക്ലാസ്സുകൾ മുതൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിക്കാലം വരെ ഞങ്ങൾ സതീർത്ഥ്യരായിരുന്നു. പിന്നെ കാലചക്രത്തിനൊപ്പം ഞങ്ങളും വ്യത്യസ്ത സ്ഥലങ്ങളിൽ കറങ്ങിതിരിഞ്ഞ് ഒടുവിൽ അങ്കിൾ സാമിന്റെ നാട്ടിൽ വീണ്ടും കണ്ടുമുട്ടി സൗഹൃദം തുടർന്നു പോരുന്നു.

കുമാരൻകുട്ടിയെപ്പറ്റിയുള്ള എന്റെ ഏറ്റവും പഴയ ഓർമ്മയിൽ ഇന്നും തിളങ്ങിനിൽക്കുന്നത് അവന്റെ മനോഹരമായ തലമുടിയാണ്. നന്നായി ചുരുണ്ട, കറുകറുത്ത ഭംഗിയുള്ള മുടിയായിരുന്നു അവന്റെ ഏറ്റവും വലിയ ആകർഷണം. എവിടെനിന്നോ സംഘടിപ്പിച്ച ഹെയർ ഓയിൽ തലയിൽ പുരട്ടി, ചുറ്റിലും പരിമളം പരത്തിക്കൊണ്ടായിരുന്നു അവന്റെ നടപ്പും വരവും. കൂട്ടുകാരായ ഞങ്ങൾ തലനിറയെ അമ്മമാർ ലോഭമില്ലാതെ പൊത്തിയൊഴിക്കുന്ന വെളിച്ചെണ്ണയും പുരട്ടി ഏതെങ്കിലും ദിക്കിലേയ്ക്ക് മുടി ചീകിവെച്ച് സ്കൂളിൽ ചെല്ലുമ്പോൾ, കുമാരൻകുട്ടി ഞങ്ങളെയൊക്കെ അസൂയപ്പെടുത്തുന്ന രീതിയിൽ ഭംഗിയായി മുടി ചീകിയൊതുക്കി ക്ലാസ്സിൽ വന്നുകൊണ്ടിരുന്നു. ഹെയർ ഓയിലിന്റെ കൊതിപ്പിക്കുന്ന വാസന കൂടിയാകുമ്പോൾ ക്ലാസ്സിലെ അറിയപ്പെടുന്ന സുന്ദരിക്കോതകളൊക്കെ അവനെത്തന്നെ നോക്കിയിരിക്കുന്നത് ഞങ്ങളെ തെല്ലൊന്നുമല്ല നിരാശപ്പെടുത്തിയത്. സ്വതവേ സുന്ദരനായ കുമാരന് ഇരട്ടിയഴകാണ് അവന്റെ കേശസമ്പത്ത് നൽകിയിരുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഹൈസ്കൂൾ ക്ലാസ്സിലെത്തിയപ്പോഴേക്കും കുമാരന്റെ സൗന്ദര്യവും മുടിയഴകും ഒരുപാടിരട്ടിച്ചു. അസൂയയോടെയാണെങ്കിലും ഞങ്ങളവനെ 'സിംപ്ളൻ കുമാരൻ' എന്ന് വിളിക്കുവാൻ തുടങ്ങിയത് അവനും ആസ്വദിച്ചുവെന്ന് പറയാം. നിക്കറിന്റെ പോക്കറ്റിൽ ഒരു ചീപ്പും ഒളിപ്പിച്ചുവെച്ചായിരുന്നു അക്കാലങ്ങളിൽ അവന്റെ വരവ്. മുണ്ടുടുക്കാൻ തുടങ്ങിയതോടെ ചീപ്പിന്റെ സ്ഥാനം എളിയിലായെങ്കിലും കൂടെക്കൂടെ അതെടുത്ത് പ്രയോഗിക്കുന്നതിന് അവൻ മടി കാണിച്ചില്ല. സ്കൂളിലേക്ക് പോകുന്ന വഴിക്കും മടങ്ങി വീട്ടിലേയ്ക്ക് പോകുമ്പോഴും ഇടയ്ക്കിടെ ചീപ്പെടുത്ത് മുടി ചീകുന്നത് അവന്റെ സ്ഥിരം പതിവായിരുന്നു; ദൂരെ നിന്നെങ്ങാനും ഏതെങ്കിലും പെൺകുട്ടികൾ വരുന്നുണ്ടെങ്കിൽ പലവട്ടം അതാവർത്തിക്കുകയും ചെയ്യുമായിരുന്നു.

കോളജിൽ ചേർന്നതോടുകൂടി 'സിംപ്ളൻ കുമാരൻ' മറ്റൊരു ശീലം കൂടി തുടങ്ങി. കൂടെക്കൂടെയുള്ള സിഗരറ്റ് വലി. പുകവലിക്കുന്നത് പുരുഷലക്ഷണമാണെന്ന ചിന്ത എങ്ങനെയോ അവന്റെ തലയിൽ കയറിക്കൂടി. ഉച്ചഭക്ഷണത്തിന് ബെല്ലടിച്ചാലുടനെ ഞങ്ങൾ കൂട്ടുകാരൊക്കെ കാന്റീനിലേക്ക് പായുമ്പോൾ കുമാരൻ പാന്റ്സിന്റെ പോക്കറ്റിൽ നിന്നും 'വിൽസ്' പാക്കറ്റെടുത്ത് ലൈറ്ററിൽ നിന്നും സ്റ്റൈലിൽ ഒരു സിഗരറ്റിന് തീ കൊളുത്തി പെൺകുട്ടികൾ ഊണ് കഴിക്കാനിരിക്കുന്ന തണൽമരച്ചുവട്ടിലും പരിസരത്തുമായി കറങ്ങി നടക്കും. അവരിൽ ചിലരുമായുള്ള കൊഞ്ചിക്കുഴയലുകൾക്കും വാചകമടികൾക്കും ശേഷം എപ്പോഴെങ്കിലും ചെന്ന് ഒരു വടയോ കാപ്പിയോ കഴിച്ചാലായി. പുകവലിക്കുന്നവരെ പെൺകുട്ടികൾ വെറുക്കുമെന്ന ഞങ്ങളുടെ സാമാന്യചിന്തകളെ തിരുത്തുന്നതായിരുന്നു അവർക്കിടയിൽ അവന് ലഭിച്ചിരുന്ന സ്വീകാര്യത. കോളജിലെ പേരുകേട്ട സുന്ദരികൾ പോലും അവന്റെ 'ആൺമണം' ആസ്വദിച്ചുകൊണ്ട് കൊഞ്ചിക്കുഴയുന്നതു കാണുമ്പോൾ അസൂയപ്പെട്ട് നോക്കിനിൽക്കാനല്ലാതെ ഞങ്ങൾക്കൊന്നുമാവില്ലായിരുന്നു.

കുമാരൻകുട്ടിയുടെ ജീവിതത്തിലെ സുപ്രധാനമായൊരു വഴിത്തിരിവായിരുന്നു അനുപമയുമായുള്ള അവന്റെ വിവാഹം. ഞങ്ങളുടെ വീടുകളിൽ നിന്നും ഏറെയകലെയല്ലാതെ തൊട്ടടുത്ത ഗ്രാമക്കാരിയായൊരു കൊച്ചുസുന്ദരിയായിരുന്നു അനുപമ. പെൺകുട്ടികൾ മാത്രം പഠിക്കുന്ന, കന്യാസ്ത്രീയമ്മമാർ നടത്തുന്ന മറ്റൊരു സ്കൂളിൽ പഠിച്ചതുകൊണ്ട് ഞങ്ങൾക്ക് അവളെ മുമ്പ് അത്ര പരിചയമില്ലായിരുന്നു. കോളജിൽ പഠിക്കാനവൾ പോയത് എറണാകുളത്തെ പ്രശസ്തമായ വനിതാ കോളജിലും. പക്ഷേ, കാലത്തിന്റെ തികവിൽ കാണേണ്ടവർ കണ്ടുമുട്ടുകതന്നെ ചെയ്തു. ഒരു വേനലവധിക്കാലത്ത് ഞങ്ങളുടെ വീടിനടുത്തുള്ള ദേവീക്ഷേത്രത്തിൽ ദീപാരാധനയ്ക്ക് വന്ന അവളെ കുമാരൻ യാദൃശ്ചികമായി കണ്ടു. അമ്പലമുറ്റത്തെ സന്ധ്യാദീപപ്രഭയിൽ, തൊഴുതുമടങ്ങുന്ന അവളെ കണ്ട് കുമാരൻ വല്ലാതെ മോഹിച്ചുവെന്ന് പറയാം. പനങ്കുലപോലെ തഴച്ച്വളർന്ന് നിതംബം കവിഞ്ഞ് തൂങ്ങിനിൽക്കുന്ന മുടിയിൽ അവൾ ചൂടിയ തുളസിക്കതിരിന്റെ ഭംഗിയെപ്പറ്റി വരെ അവൻ ഞങ്ങളോട് പറയുമായിരുന്നു. അവളെക്കാണാനായി മാത്രം കുമാരൻ പതിവായി സന്ധ്യക്ക് എന്നും അമ്പലത്തിൽ പോകാൻ തുടങ്ങി. അമ്മയോടൊത്ത് വന്ന് തൊഴുത് മടങ്ങുന്ന അവളെ തന്റെ സ്വതസിദ്ധമായ വാക്ചാതുരി കൊണ്ടും (ഒരു പക്ഷേ മുടിയഴകുകൊണ്ടും) പെരുമാറ്റത്തിലെ വശ്യതകൊണ്ടും അവൻ മെല്ലെ കീഴ്പ്പെടുത്തി.

പക്ഷെ പിന്നീടങ്ങോട്ട് കാര്യങ്ങൾ അത്ര എളുപ്പമായില്ല. അറിയപ്പെടുന്നൊരു നായർ പ്രമാണിയായ അവളുടെ അച്ഛനെ സംബന്ധിച്ചിടത്തോളം കുമാരൻകുട്ടി വെറുമൊരു ഈഴവപ്പയ്യനായിരുന്നു. പോരെങ്കിൽ പ്രത്യേകിച്ചും പണിയൊന്നുമില്ലാത്ത വെറുമൊരു പാരലൽ കോളജദ്ധ്യാപകൻ. അനുപമ താമസിയാതെ നഴ്സിംഗ് പഠിക്കാൻ ഡൽഹിക്ക് പോവുകയും ചെയ്തു. എം.എ. യും കഴിഞ്ഞ് നല്ലൊരു പണി കിട്ടാതെ ട്യൂട്ടോറിയൽ കോളജ് അദ്ധ്യാപനവും നാട്ടിലെ വായനശാലനിരങ്ങലും നടത്തുന്ന കുമാരൻ പക്ഷേ, വിട്ടുകൊടുക്കാൻ ഭാവമില്ലായിരുന്നു. കത്തുകളിലൂടെ അവർ പ്രണയം കൈമാറി. അവധിക്ക് വരുമ്പോഴൊക്കെ അമ്പലപ്പറമ്പിലും അമ്മവീട്ടിലുമൊക്കെയായി അവർ പരസ്പരം കാണുകയും ചെയ്തു.



ലേഖകൻ

പഠനം കഴിഞ്ഞ് മസ്ക്കറ്റിൽ ജോലി കിട്ടി അനുപമ പോയതോടെ 'ചോവച്ചെറുക്കന്റെ' ശല്യം തീർന്നെന്ന് സമാധാനിച്ച ശങ്കരൻനായരുടെ മനസ്സിൽ ഇടിത്തീ വീഴ്ത്തിക്കൊണ്ട് ഒരു നാൾ മകളുടെ കത്തു വന്നു. അടുത്ത അവധിക്ക് താൻ വരുമ്പോൾ കുമാരേട്ടനുമായുള്ള കല്യാണം നടത്തിത്തരണമെന്നും അല്ലെങ്കിൽ അച്ഛന് പിന്നെ വേറൊരു കല്യാണം തനിക്കായി നടത്താൻ ഇടവരികയില്ലെന്നുമുള്ള ഭീഷണി ഫലം കണ്ടു. കൂടുതൽ പ്രതിഷേധിച്ച് പ്രശ്നം വഷളാക്കി നാട്ടുകാരുടെ മുമ്പിൽ നാറണ്ടെന്നുള്ള ഭാര്യയുടെ ഉപദേശം കൂടിയായപ്പോൾ അയാൾ മനസ്സില്ലാമനസ്സോടെ മകളുടെ ആഗ്രഹത്തിന് വഴങ്ങി. കല്യാണം കഴിഞ്ഞ് ഏതാനും ആഴ്ചകൾ കഴിഞ്ഞ് അനുപമ മസ്ക്കറ്റിലേക്ക് മടങ്ങുമ്പോൾ ഒപ്പം കുമാരനുമുണ്ടായിരുന്നു. കുമാരൻ വെറും കുട്ടിയല്ല, ഒരു സംഭവമാണെന്ന് ഞങ്ങൾ കൂട്ടുകാരും നാട്ടുകാരും സംശയലേശമെന്യേ ഉറപ്പിച്ചു.

കാലത്തിന്റെ തികവിൽ 'അങ്കിൾ സാമി'ന്റെ നാട്ടിലെത്തിയ എനിക്ക് കുറെക്കാലം കുമാരനുമായുള്ള സൗഹൃദം തുടരാനായില്ല. പക്ഷേ എങ്ങനെയോ എന്റെ മേൽവിലാസം കണ്ടെത്തി മസ്ക്കറ്റിൽ നിന്നും അവനയച്ച കത്തിലൂടെ ഞങ്ങളുടെ സ്നേഹബന്ധം വീണ്ടും പൂർവ്വാധികം ശക്തമായി വളർന്നു. സലാലയിലെ മനോഹരമായ ബീച്ചിന്റെ പശ്ചാത്തലത്തിൽ അനുപമയെ ചേർത്തുപിടിച്ചുനിർത്തിയെടുത്ത അവരുടെ പ്രണയനിമിഷങ്ങളുടെ ഫോട്ടോകളും കത്തിനൊടൊപ്പം കണ്ടപ്പോൾ ഞാൻ ഒരുപാട് സന്തോഷിച്ചു. രണ്ടു പേരുടെയും പുഞ്ചിരിക്കുന്ന മുഖങ്ങൾക്ക് കൂടുതൽ ചാരുത നൽകുന്നതായിരുന്നു ഇരുവരുടെയും കേശഭംഗി.

സി.ജി.എഫ്.എൻ.എസ്. പരീക്ഷയിൽ തിളക്കമാർന്ന വിജയവുമായി അനുപമ ഭർത്താവിനോടൊത്ത് അമേരിക്കയിലെത്തുമ്പോൾ ഏറ്റവുമധികം സന്തോഷിച്ചത് ഞാനായിരുന്നു. മസ്ക്കറ്റിലെ ഇന്ത്യൻ സ്കൂളിൽ അദ്ധ്യാപകനായിരുന്ന കുമാരന്, വന്നയുടനെ തന്നെ ചിക്കാഗോ പബ്ലിക്ക് സ്കൂളിൽ സബ്സ്റ്റിറ്റ്യൂട്ട് ടീച്ചറായി ജോലി വാങ്ങിച്ചുകൊടുക്കാനും അവർക്ക് അവശ്യം വേണ്ട സാധനങ്ങൾ വാങ്ങി നൽകാനും ഓടി നടക്കുമ്പോൾ ബാല്യകാല സുഹൃത്തുമൊത്തുള്ള പുനർജീവിതത്തിന്റെ ആവേശത്തിലായിരുന്നു ഞങ്ങൾ. പോകെപ്പോകെ ഞങ്ങളുടെ കുടുംബങ്ങൾ ഒന്നുപോലെയായി, എന്റെ സുഹൃത്തുക്കൾ അവരുടേതുമായി. കുമാരന്റെയും അനുവിന്റെയും മുടിയഴകുപോലെ ഞങ്ങളുടെ ജീവിതവും അനുദിനം തിളങ്ങി വളർന്നുകൊണ്ടിരുന്നു.

സ്കൂളിൽ കുട്ടികളും സഹഅദ്ധ്യാപകരും മിസ്റ്റർ 'കുമരൻ കുറ്റി' എന്ന് വിളിക്കുന്നതു മാത്രമായിരുന്നു കുമാരന്റെ വലിയൊരു ദുഃഖം. 'കുമാരേട്ടൻ അതൊന്നും കാര്യമാക്കേണ്ട. സായ്പ്പിനും കുഞ്ഞുങ്ങൾക്കും നാവ് വഴങ്ങാത്തതുകൊണ്ട് അങ്ങനെയൊക്കെ വിളിക്കുന്നതാവും'- അനുപമ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. വർഷങ്ങൾ കഴിഞ്ഞപ്പോൾ അതിനും ഞങ്ങൾ പരിഹാരം കണ്ടെത്തി. സിറ്റിസൺഷിപ്പെടുത്തപ്പോൾ കിട്ടിയ അവസരമുപയോഗിച്ച് പി.കെ. കുമാരൻകുട്ടി എന്ന പേര് മാറ്റി 'കുമാർ മോഹൻ' എന്നാക്കി. 'സിംപ്ളൻ കുമാരൻ' അങ്ങനെ ഞങ്ങൾക്ക് കുമാരമോഹനായി. ആയിടെ വാങ്ങിയ വീടിന് 'മോഹനം' എന്ന് പേരിടാനും കുമാരൻ മറന്നില്ല. വീടിനകത്ത് 'മോഹനം ഈ മനോഹരതീരം' എന്ന് കവിത തുളുമ്പുന്നൊരു പ്രഖ്യാപനവും വർണ്ണപ്പകിട്ടോടെ പലകയിലെഴുതി ലിവിംഗ് റൂമിലെ ഭിത്തിയിൽ അവൻ തൂക്കിയിട്ടു.

മക്കളില്ലാത്തതിന്റെ വേദന കുമാരനും അനുവിനും കലശലായുണ്ടായിരുന്നെങ്കിലും അത് മറ്റാരെയും അറിയിക്കാതെ അവർ നോക്കിയിരുന്നു. കുടുംബസദസ്സുകളിലും പാർട്ടികളിലും ഞങ്ങൾ കുട്ടികളുമായി ചെല്ലുകയും അവരുടെ സ്കൂൾ വിശേഷങ്ങൾ പറയുകയും ചെയ്യുമ്പോൾ, ഭാര്യയെ ചേർത്തുപിടിച്ച്, 'ഈ അനുക്കുട്ടിയാണെന്റെ കുട്ടി'യെന്ന് കുമാരനും 'കുമാരേട്ടൻ എന്റെ കുട്ടൻ' എന്ന് അനുപമയും ചിരിച്ചുകൊണ്ട് പ്രഖ്യാപിക്കുമായിരുന്നു. അങ്ങനെ പറയുമ്പോഴും അവരുടെ മനസ്സിലെ നീറുന്ന വേദന എന്നെപ്പോലെ അടുത്ത സ്നേഹിതർ മനസ്സിലാക്കി. മക്കൾക്ക് കൂടി കൊടുക്കേണ്ട സ്നേഹം പരസ്പരം നൽകി അവർ ആശ്വസിപ്പിച്ചുവെന്ന് പറയാം.

ദുഃഖങ്ങളൊക്കെയും പങ്കുവെച്ചുകൊണ്ട് സമാധാനത്തോടെ മുന്നോട്ടുപോയ അവരുടെ കുടുംബത്തിലേക്ക് അസഹനീയമായൊരു ദുരന്തമായി അനുവിനെ ഈശ്വരൻ ഒരു രോഗിണിയാക്കി. നെഞ്ചിലെ ചെറിയ തോതിലുള്ള തടിപ്പും ഇടവിടാതെയുള്ള വേദനയും കൂടിവന്നപ്പോൾ ഡോക്ടറെ കണ്ട് അനു ദേഹപരിശോധന നടത്തി. ടെസ്റ്റുകൾക്കും പരിശോധനകൾക്കുമൊടുവിൽ ബ്രെസ്റ്റ് കാൻസർ എന്ന് ഉറപ്പിച്ചതോടെ അനുവും കുമാരനും കടുത്ത വിഷാദത്തിലേക്ക് കൂപ്പുകൂത്തുകയായിരുന്നു. 'അമേരിക്കയല്ലേ, ഇവിടുത്തെ ചികിത്സകൊണ്ട് അതൊക്കെ നിസ്സാരമായി മാറു'മെന്നൊക്കെ ഞങ്ങൾ അടുത്ത കൂട്ടുകാർ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചെങ്കിലും അവരുടെ ഭയവും വേദനയും വർദ്ധിച്ചുകൊണ്ടിരുന്നു; രോഗത്തിന്റെ തീവ്രതയും.

ചികിത്സയുടെ ഒരു ഘട്ടത്തിൽ രോഗാതുരമായ ഇടതുമുല എടുത്തുമാറ്റുന്നതിന്റെ തലേന്ന് രാത്രി കുമാരന്റെ ചാരത്തുകിടന്ന് ഒരുപാട് നേരം അനുപമ തേങ്ങിക്കരഞ്ഞു. ആശ്വസിപ്പിക്കുവാൻ ശ്രമിക്കുന്തോറും അനുവിന്റെ കരച്ചിൽ വർദ്ധിച്ചതേയുള്ളൂ. 'ഇനിയെല്ലാവരുമെന്നെ ഒറ്റമുലച്ചിയെന്ന് വിളിക്കുമായിരിക്കും, അല്ലേ കുമാരേട്ടാ' യെന്നുള്ള പതം പറച്ചിലിൽ കുമാരനും വല്ലാതെ ഖിന്നനായി. 'നിന്റെ ഒരവയവമങ്ങ് പോയാലും ഞാനില്ലേ നിന്റെ കൂടേ' യെന്നുള്ള സ്നേഹവചനം അവളെ കുറച്ചൊന്നുമല്ല ആശ്വസിപ്പിച്ചത്.

കീമോതെറാപ്പിയുടെ അനന്തരഫലമായി മുടിസമ്പത്തുകൂടി നഷ്ടപ്പെട്ടതോടെ അനുപമ വല്ലാത്ത മാനസികതകർച്ചയിലായി. ജോലിയിൽ നിന്നും ദീർഘകാലാവധിയെടുത്ത് വീടും ആശുപത്രിയുമായി കഴിയുമ്പോൾ നഷ്ടപ്പെട്ട തന്റെ സുന്ദരമായ മുടിയഴകിനെപ്പറ്റിയും ശരീരലാവണ്യത്തെക്കുറിച്ചുമോർത്തവൾ ഏറെ വിലപിച്ചു. പബ്ലിക് സ്കൂളിൽ അപ്പോഴേക്കും സ്ഥിരപ്പെടുത്തിക്കിട്ടിയ കുമാരന്റെ അദ്ധ്യാപന ജോലി വലിയൊരാശ്വാസമായിരുന്നെങ്കിലും വീട്ടിൽ ചെന്നു കഴിയുമ്പോൾ അനുവിന്റെ രൂപവും വിഷാദവും കാണുന്നതോടെ കുമാരന്റെ സങ്കടവും ഇരട്ടിക്കുകയായിരുന്നു. പൊഴിഞ്ഞുപോയ മുടിക്കുപകരം മെല്ലെ പൂർവ്വാധികം ഭംഗിയോടെ കൂടുതൽ മുടിസമ്പത്തുണ്ടാവുമെന്നൊക്കെ കുമാരനെപ്പോലെ ഉറ്റ സ്നേഹിതരായ ഞങ്ങളും ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ അതൊന്നും അനുപമയ്ക്കാശ്വാസമായിരുന്നില്ലെന്ന് കുമാരനും തോന്നി. സ്വന്തം മുടിയഴകിൽ അവർ രണ്ടുപേരും എത്രമാത്രം അഭിമാനിച്ചിരുന്നുവെന്ന് ഞങ്ങൾക്കറിവുള്ളതാണല്ലോ.

പ്രിയതമയുടെ നഗ്നശിരസ്സ് കണ്ട് ജോലിക്ക് പോകാനൊരുങ്ങുന്ന കുമാരന് സ്വന്തം തലമുടി ചീകിയൊതുക്കാനുള്ള താൽപ്പര്യം പോലും മെല്ലെ കുറഞ്ഞുവന്നു. ഓരോ ദിവസവും മുടിയൊതുക്കിവെക്കാനും പരിലാളിക്കാനുമായി ഒരുപാട് സമയം ചെലവഴിക്കുമായിരുന്ന കുമാരൻ, പിന്നെപ്പിന്നെ അതിലൊക്കെ താൽപ്പര്യം നഷ്ടപ്പെട്ട് എന്തെങ്കിലും കാട്ടിക്കൂട്ടി ജോലിക്ക് പോകാനൊരുങ്ങുന്നത് ശീലമാക്കി. അതുകാണുമ്പോൾ അനുപമയനുഭവിച്ചിരുന്ന കുറ്റബോധം വലുതായിരുന്നു. അവളുടെ ഓർമ്മപ്പെടുത്തലുകൾക്ക് വലിയ വില കൊടുക്കാതെ കുമാരൻ തന്റെ മുടിയെയും സൗന്ദര്യത്തെയും അവഗണിച്ചു.

ക്രിസ്മസ് വെക്കേഷൻ കഴിഞ്ഞ് സ്കൂൾ തുറന്നപ്പോഴാണ് എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് കുമാരൻ പുതിയ രൂപത്തിൽ അവതരിച്ചത്. അതുവരെ കറുകറുത്ത, ചുരുണ്ട മുടി മനോഹരമായി ചീകിയൊതുക്കി വന്നിരുന്ന 'മിസ്റ്റർ കുമാർ മോഹൻ', അന്ന് സ്കൂളിൽ ചെന്നത് തലയിൽ ഒറ്റ മുടിയുമില്ലാതെ മൊട്ടയടിച്ച് തിളങ്ങുന്ന ശിരസ്സുമായാണ്. കുട്ടികൾ മാത്രമല്ല, സഹഅദ്ധ്യാപകരും ആ കാഴ്ചകണ്ട് അന്തംവിട്ടുപോയി. മുഖത്ത് ലജ്ജയോ അപൂർവ്വതയോ പ്രകടിപ്പിക്കാതെ തികച്ചും നോർമലായി സ്ഥായിയായ പുഞ്ചിരിയോടെ അന്ന് മുഴുവനും കുമാരൻ പെരുമാറി. മനസ്സിൽ ഇരമ്പിയടിച്ചിരുന്ന മഹാസമുദ്രം മറ്റാരും കാണാതിരിക്കുവാൻ പക്ഷേ, അവനൊരുപാട് വിഷമിച്ചു.


ക്രിസ്മസ് തലേന്ന് പ്രിയതമയോട് താനൊരു സർപ്രൈസ് സമ്മാനമവൾക്ക് നൽകുന്നുണ്ടെന്നവൻ പറഞ്ഞിരുന്നു. പണ്ട് പത്താം ക്ലാസ്സിലെ ഇംഗ്ലീഷ് ക്ലാസ്സിൽ പഠിച്ച ഓ. ഹെന്റിയുടെ 'ദ ഗിഫ്റ്റ് ഓഫ് ദ മജൈ' (The Gift of the Mage) എന്ന കഥയായിരുന്നു അപ്പോഴവന്റെ മനസ്സിൽ. ക്രിസ്മസിന് ജീവിത പങ്കാളിക്ക് ഏറ്റവും മനോഹരമായൊരു സമ്മാനം നൽകണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും പണമില്ലാത്തതിനാൽ വിലപിടിച്ച തങ്ങളുടെ വാച്ചും മുടിയും വിറ്റ് പരസ്പരം സമ്മാനം വാങ്ങി നൽകി നിസ്വാർത്ഥ സ്നേഹത്തിന്റെ ഉദാത്ത ദൃഷ്ടാന്തമായ നായികാ-നായകന്മാരുടെ കഥ കുമാരനെ അന്നേ സ്വാധീനിച്ചിരുന്നു. സന്ധ്യക്ക് ബ്യൂട്ടി ബലൂണിൽ ചെന്ന് മുടി മുഴുവനും മുറിച്ച് പുതിയ രൂപത്തിൽ വീട്ടിലെത്തിയ കുമാരനെ അനുപമയ്ക്കാദ്യം മനസ്സിലായതുപോലുമില്ല. 'നിനക്കില്ലാത്തതെന്നും എനിക്കും വേണ്ട'ന്ന് പറഞ്ഞവൻ നിറപുഞ്ചിരിയോടെ അവൾക്ക് 'മെറി ക്രിസ്മസ്' ആശംസിച്ചു. പ്രിയതമന്റെ സ്നേഹത്തിന്റെ ആഴം ഒരിക്കൽ കൂടി തിരിച്ചറിഞ്ഞപ്പോളവൾ നിറമിഴികളോടവനെ കെട്ടിപ്പിടിച്ച് സ്നേഹചുംബനങ്ങൾ കൊണ്ട് മൂടി.

കുമാരൻ ഇപ്പോൾ ഞങ്ങൾക്ക് വെറുമൊരു സുഹൃത്തല്ല. സ്നേഹത്തിന്റെ, ത്യാഗത്തിന്റെ ഉദാത്ത ഉദാഹരണമാണവൻ; സ്നേഹം ചൊരിയുന്ന നന്മമരം. പ്രണയവും വഴിപിരിയലും ഇപ്പോഴൊരു സംഭവമേയല്ലാതാവുമ്പോഴും ഞങ്ങൾക്ക് കുമാരൻ എന്നുമൊരു സംഭവമാണ്; സൗഹൃദത്തിന്റെ വിസ്മയിപ്പിക്കുന്ന കുമാരസംഭവം!

## ഫാമിലി കോൺഫറൻസിൽ പങ്കെടുക്കുന്നവർക്ക് ഡ്രസ്കോഡ്

**രാജൻ വാഴപ്പള്ളിൽ**

വാഷിങ്ടൺ ഡിസി: ന്യൂജേഴ്സിയിലെ ക്ലാറിഡ്ജ് റാഡിസൺ ഹോട്ടലിൽ ജൂലൈ 15ന് നടക്കുന്ന നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് ഘോഷയാത്രയിൽ പങ്കെടുക്കുന്നവർക്കായുള്ള ഡ്രസ് നിശ്ചയിച്ചു. ലോങ് ഐലൻഡ്, ക്യൂൻസ്, ബ്രുക്‌ലിൻ ഏരിയായിൽ നിന്നുള്ള സ്ത്രീകളും പെൺകുട്ടികളും ലൈറ്റ് ബ്ലൂ സാരിയോ ചുരിദാറോ ധരിക്കണം. പുരുഷന്മാരും ആൺകുട്ടികളും ബ്ലാക്ക് പാൻസും വെള്ള ഷർട്ടും ലൈറ്റ് ബ്ലൂ ടൈയും ധരിക്കണം. ബ്രോങ്ക്സ്, വെസ്റ്റ് ചെസ്റ്റർ ഏരിയായിൽ നിന്നുള്ള സ്ത്രീകളും പെൺകുട്ടികളും ലൈറ്റ് പിങ്ക് സാരിയോ ചുരിദാറോ ധരിക്കണം. പുരുഷന്മാരും ആൺകുട്ടികളും ബ്ലാക്ക് പാന്റ്സും വെള്ള ഷർട്ടും ലൈറ്റ് പിങ്ക് ടൈയും ധരിക്കണം. റോക്‌ലൻഡ്, അപ്സ്റ്റേറ്റ്, ബോസ്റ്റൺ, കണക്ടിക്കട്ട് ഏരിയയിൽ നിന്നുള്ള സ്ത്രീകളും പെൺകുട്ടികളും ലൈറ്റ് ഗ്രീൻ സാരിയോ ചുരിദാറോ ധരിക്കണം. പുരുഷന്മാരും ആൺകുട്ടികളും ബ്ലാക്ക് പാന്റ്സും വെള്ള ഷർട്ടും ലൈറ്റ് ഗ്രീൻ ടൈയും ധരിക്കണം. ന്യൂജേഴ്സി, സ്റ്റാറ്റൻ ഐലൻഡ് ഏരിയയിൽ നിന്നുള്ള സ്ത്രീകളും പെൺകുട്ടികളും ഓറഞ്ച് സാരിയോ ചുരിദാറോ ധരിക്കണം. പുരുഷന്മാരും ആൺകുട്ടികളും ബ്ലാക്ക് പാന്റ്സും വെള്ള ഷർട്ടും ഓറഞ്ച് ടൈയും ധരിക്കണം. ഫിലാഡൽഫിയ, മേരിലാൻഡ്, വിർജീനിയ, നോർത്ത് കരോലിന ഏരിയായിൽ നിന്നുള്ള സ്ത്രീകളും പെൺകുട്ടികളും ലാവണ്ടർ സാരിയോ ചുരിദാറോ ധരിക്കണം. പുരുഷന്മാരും ആൺകുട്ടികളും ബ്ലാക്ക് പാൻസും വെള്ള ഷർട്ടും ലാവണ്ടർ ടൈയും ധരിക്കണം. കൂടുതൽ വിവരങ്ങൾക്ക്: തോമസ് വർഗീസ് (സജി) 917 731 7493.


Malabar
FOODS
909 Greenwood Rd., Unit B, Glenview, IL 60025
Tel: 224-616-3048
Email: malabarcorp@gmail.com
Indian Spices & Groceries
Meat & Sea Food
Kerala Snacks
South Indian / North Indian Catering & Carry Out
Fruits & Vegetables
Organic Produce
WE ACCEPT
EBT
LINK CARD
Royal
Malabar
Catering
911 B Greenwood Rd, Glenview, IL 60025
Tel: 847-998-5635
Email: malabarcorp@gmail.com


27–ാം ചരമവാർഷികം
3–7–2020
കെ.കെ. ചാണ്ടി
കൂവക്കാട്ടിൽ
കിടങ്ങൂർ
ദുഃഖസ്മരണകളോടെ
കുടുംബാംഗങ്ങൾ


LOWEST FARE & HASSLE FREE SERVICES
Holy Land
12 Days
on November 25-December 07, 2020
From Dallas/Houston
New York/Atlanta
Florida/Boston
South Africa
on August 04-17, 2020
New York/Houston
Philadelphia
Florida/Dallas
EXCEL WORLD TOURS
Our Travel Partners
EXCEL HOLY LAND & HOLIDAYS
Kerala, India
B6 travel and tourism LLC.
Dubai, UAE
+1 267 549 4733
Info@excelworldtours.com
Excel World Tours LLC
16112 Gladewater Ter.,
Prosper, TX 75078 USA
+ 1 215 322 3161
ALL INTERNATIONAL FLIGHTS SERVICES


SHIJU ABRAHAM
FINANCIAL SERVICES
www.ShijuFinancial.com
Off : 972-455-4371
sabraham@financialguide.com
Achieve Your Goals
Saving & Investment Strategies
Life Insurance & Annuities
College Saving Strategies
Disability & Long Term Care Insurance
Tax Reduction Strategies
IRA, Roth IRA & SEP IRA
Retirement Plans & Mutual Funds
401(k) Set Up & Rollovers
13455 Noel Rd, 20th Floor, Dallas, TX 75240
Securities offered through qualified registered representatives of MML Investors Services, LLC. Member www.sipc.org.
Shiju Abraham Financial Services is not a subsidiary or affiliate of MML Investors Services, LLC. or its affiliated companies
CRN202110-255789

# മാർത്തോമ്മാ കത്തീഡ്രലിൽ വിഭൂതി അനുസ്മരണം

ചിക്കാഗോ: വലിയനോമ്പിലേക്ക് പ്രവേശിച്ചുകൊണ്ടുള്ള വിഭൂതിയാഘോഷം (കുരിശുവര/ചാരംപൂശൽ) രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ മാർത്തോമ്മാ കത്തീഡ്രലിൽ നടന്നു.



വികാരി ഫാ. കടകംപള്ളി, അസി. വികാരി ഫാ. കെവിൻ മുണ്ടയ്ക്കൽ, ഫാ. പോൾ ചാലിശേരി, ഫാ. ജോസഫ് ചെറുനിലം തുടങ്ങിയവർ സഹകാർമ്മികരായിരുന്നു.

ക്രിസ്തുവിന്റെ പീഢാസഹനവും ഉത്ഥാനവും അനുസ്മരിക്കുന്ന അമ്പത് ദിവസം നീണ്ടുനിൽക്കുന്ന നോമ്പിന്റെ അനുസ്മരണം അങ്ങനെയൊക്കെ ആദ്ധ്യാത്മികമായി ഓരോ വ്യക്തികളെയും കുടുംബങ്ങളേയും ഇടവകസമൂഹത്തെയും ഒരുക്കാം എന്ന് വചനസന്ദേശത്തിൽ മാർ ജേക്കബ് അങ്ങാടിയത്ത് അനുസ്മരിപ്പിച്ചു.

മുൻവർഷത്തെ കുരുത്തോല കരിച്ചുണ്ടാക്കുന്ന ചാരംകൊണ്ട് കുർബാനയിൽ പങ്കെടുത്ത എല്ലാ വിശ്വാസികളെയും നെറ്റിയിൽ കുരിശുവരച്ച് പശ്ചാത്താപത്തിനു പ്രേരിപ്പിക്കുന്ന അനുഷ്ഠാനം ഓരോ വ്യക്തികൾക്കും തങ്ങളുടെ കഴിഞ്ഞകാലത്തേക്ക് തിരിഞ്ഞു നോക്കാനും തങ്ങളെത്തന്നെ ഒരുക്കാനുമുള്ള ഒരവസരമായിരുന്നു.

**സെബാസ്റ്റ്യൻ ഇമ്മാനുവേൽ**

കത്തീഡ്രലിൽ നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും മലയാളത്തിലും ഇംഗ്ലീഷിലും വൈകുന്നേരം കുരിശിന്റെ വഴിയും ശനിയാഴ്ചകളിൽ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് മൂന്നുവരെ വചനാധിഷ്ഠിതമായ ധ്യാനപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്.

# ഓറഞ്ച്ബർഗ് ഇടവകയിൽ രജിസ്ട്രേഷൻ കിക്കോഫ്

വാഷിങ്ടൺ ഡിസി: മലങ്കര ഓർത്തഡോക്സ് നോർത്തീസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ ഫണ്ട് ശേഖരണാർത്ഥം ഓറഞ്ച്ബർഗ് സെ. ജോൺസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു.

23ന് വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ചടങ്ങിൽ വികാരിയും ഭദ്രാസന സെക്രട്ടറിയുമായ ഫാ. ഡോ. വർ

**രാജൻ വാഴപ്പള്ളിൽ**

ഗീസ് എം. ഡാനിയേൽ ടീം അംഗങ്ങളെ സ്വാഗതം ചെയ്യുകയും ഇടവകാംഗങ്ങളുടെ പങ്കാളിത്തം കോൺഫറൻസിൽ ഉണ്ടാകണമെന്നും പറഞ്ഞു. ഇടവക ട്രസ്റ്റി, അജിത് തോട്ടാശ്ശേരിൽ എന്നിവർ കോൺഫറൻസ് പ്രതിനിധികളെ പരിചയപ്പെടുത്തി. കൗൺസിൽ അംഗം സജി പോത്തൻ, ഫിനാൻസ് ചെയർ ചെറിയാൻ പെരുമാൾ, മത്തായി ചാക്കോ എന്നിവർ കോൺഫറൻസിനെക്കുറിച്ചും രജിസ്ട്രേഷൻ, സുവനീർ എന്നിവയെക്കുറിച്ചും വിവരണങ്ങൾ നല്കി.

ഫാ. ഡോ. വർഗീസ് എം. ഡാനിയേലും ചെറിയാൻ പെരുമാളും ചേർന്ന് രജിസ്ട്രേഷൻ കിക്കോഫ് നിർവഹിച്ചു. തുടർന്ന് ഗ്രാൻഡ് സ്പോൺസർമാരെ ലഭിക്കുകയും നിരവധി അംഗങ്ങൾ രജിസ്റ്റർ ചെയ്യുകയും സുവനീറിലേക്ക് പരസ്യങ്ങൾ നല്കുകയും ചെയ്തു.

പീലിപ്പോസ് ഫിലിപ്പ്, ജീമോൻ വർഗീസ്, ഷീലാ ജോസഫ്, ഷീലാ വർഗീസ് എന്നിവരും യോഗത്തിൽ പങ്കെടുത്തു. ഓറഞ്ച്ബർഗ് ഇടവകയിൽ നിന്നും നല്കിക്കൊണ്ടിരിക്കുന്ന എല്ലാ സഹായങ്ങൾക്കും കമ്മിറ്റി നന്ദി അറിയിച്ചു.



# ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു

വാഷിങ്ടൺ ഡിസി: മലങ്കര ഓർത്തഡോക്സ് നോർത്തീസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ ഇടവക സന്ദർശനങ്ങളുടെ ഭാഗമായി സ്റ്റാറ്റൻ ഐലൻഡ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു.

ഫെബ്രുവരി 23ന് ഞായറാഴ്ച വി. കുർബാനയ്ക്കുശേഷം നടന്ന യോഗത്തിൽ വികാരി ഫാ. ഡോ. ജോൺസൺ ടി. ജോൺ ടീം അംഗങ്ങളെ സ്വാഗതം ചെയ്തു പരിചയപ്പെടുത്തി. കോൺഫറൻസ് പ്രതിനിധികളായ സണ്ണി വർഗീസ്, അജോയ് ജോർജ്, ബിജു തോമസ്, നോബിൾ വർഗീസ്, ജിത്തു വർഗീസ്, ഇടവക സെക്രട്ടറി കൊച്ചുമ്മൻ കൊച്ചുമ്മൻ, ട്രസ്റ്റി നിബു ഈപ്പൻ, മലങ്കര അസോസിയേഷൻ അംഗം തോമസ് എടത്തിക്കുന്നേൽ ഭദ്രാസനഗ്രോ സെക്രട്ടറി പിൻസി ജോയി എന്നിവർ യോഗത്തിൽ പങ്കെടുത്തു.

സണ്ണി വർഗീസ്, അജോയ് ജോർജ് എന്നിവർ കോൺഫറൻസിനെക്കുറിച്ചും ഫണ്ട് ശേഖരണത്തെക്കുറിച്ചും സുവനീറിനെക്കുറിച്ചും വിവരം നല്കി. ഇടവക വികാരിയും സണ്ണി വർഗീസും ചേർന്ന് രജിസ്ട്രേഷൻ കിക്കോഫ് നിർവഹിച്ചു.

രണ്ട് അംഗങ്ങൾ ഗ്രാൻഡ് സ്പോൺസർമാരാകുകയും അഞ്ച് കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും നിരവധി അംഗങ്ങൾ സുവനീറിലേക്ക് പരസ്യങ്ങൾ നല്കുകയും ചെയ്തു.

ഇടവകയിൽ നിന്നും നല്കിയ എല്ലാ സഹായങ്ങൾക്കും ക്രമീകരണങ്ങൾ ചെയ്ത നോബിൾ വർഗീസിനോടും ബിജു തോമസിനോടും ഇടവകയോടുമുള്ള നന്ദി സണ്ണി വർഗീസ് അറിയിച്ചു.



# ചിക്കാഗോ മലയാളി അസോസിയേഷന്റെ വിമൻസ് ഡേ

**ജോഷി വള്ളിക്കളം**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ വിമൻസ് ഡേ ആഘോഷങ്ങളുടെ മുഖ്യാതിഥിയായി കുക്ക് കൗണ്ടി സർക്യൂട്ട് കോർട്ട് അസോസിയേറ്റ് ജഡ്ജ് ഓണറബിൾ സഞ്ജു ഉമ്മൻ ഗ്രീൻ പങ്കെടുക്കുന്നതാണ്. മാർച്ച് ഏഴിന് ശനിയാഴ്ച വൈകുന്നേരം മോർട്ടൻഗ്രോവിലുള്ള സെ. മേരീസ് ക്നാനായ പള്ളിയുടെ ഹാളിൽ നടത്തപ്പെടുന്ന പൊതുയോഗം ജഡ്ജ് ഉദ്ഘാടനം ചെയ്യും.



ഉച്ചകഴിഞ്ഞ് നാല് മുതൽ വനിതകൾക്കായി പ്രത്യേകം തയ്യൽ ക്ലാസുകളും മലയാളി ഡയറ്റീഷനുമായി നേരിട്ട് സംസാരിക്കുന്നതിനും ആശയവിനിമയത്തിനുമുള്ള അവസരവുമുണ്ടായിരിക്കും. തുടർന്ന് വനിതകൾക്കായുള്ള മത്സരങ്ങൾ ഗ്രൂപ്പുകളായി തിരിച്ച് നടത്തപ്പെടും. ചിക്കാഗോ മലയാളി അസോസിയേഷന്റെ അംഗങ്ങളായിട്ടുള്ള വനിതകളിൽ 20 വർഷമോ അതിൽ കൂടുതലോ ടീച്ചറായി സേവനം ചെയ്തിട്ടുള്ളവരെ മീറ്റിങ്ങിൽ വെച്ച് ആദരിക്കുന്നതാണ്. ഇതിനു യോഗ്യരായിട്ടുള്ള അസോസിയേഷൻ മെംബേഴ്സ് മാർച്ച് രണ്ടിനു മുമ്പ് കോ-ഓർഡിനേറ്റേഴ്സിനെ അറിയിക്കേണ്ടതാണ്.

ഈ വർഷത്തെ വിമൻസ് ഡേ ആഘോഷങ്ങൾക്ക് അവൾ (ഷീ--ഷീ ഹഡ്സ് ഈക്വാലിറ്റി) എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. ഇതിനു നേതൃത്വം നല്കുന്നത് വിമൻസ് റെപ്രെസെന്റേറ്റീവുകളായ ലീല ജോസഫ്, മേഴ്സി കുര്യാക്കോസ്, ജനറൽ കോ-ഓർഡിനേറ്റർ റോസ് വടകര, കോ-ഓർഡിനേറ്റേഴ്സായ സിബിൾ ഫിലിപ്പ്, ഷിജി അലക്സ്, ബ്രിജീറ്റ് ജോർജ്, ജയ കുളങ്ങര, ജോമോൾ ചെറിയതിൽ, ശാലിനി ശിവറാം, രാജി തോമസ്, റേനു തോമസ്, ഷൈനി ഹരിദാസ്, ജെസി റിൻസി, ആഗ്നസ് മാത്യു, ബീന കണ്ണൂക്കാടൻ, ജൂബി വള്ളിക്കളം എന്നിവരാണ്. വ്യത്യസ്തമായി നടത്തപ്പെടുന്ന ഈ ആഘോഷപരിപാടികളിലേക്ക് ചിക്കാഗോയിലും പരിസരപ്രദേശങ്ങളിലുമുള്ള എല്ലാ മലയാളികളേയും വിമൻസ്ഫോറം കോ-ഓർഡിനേറ്റേഴ്സ് ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക്: ലീല ജോസഫ് 224 578 5262, മേഴ്സി കുര്യാക്കോസ് 773 865 2456, റോസ് വടകര 708 662 0774.

# സാഹിത്യവേദി സമ്മേളനം മാർച്ച് 13ന്

ചിക്കാഗോ: 2020-ലെ ആദ്യ സാഹിത്യവേദി സമ്മേളനം മാർച്ച് 13ന് വെള്ളിയാഴ്ച വൈകുന്നേരം 6.30ന് ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ (834 E. Rand Road, Suite 13, Mount Prospect, IL 60056) കൂടുന്നതാണ്.



സാഹിത്യവേദിയിൽ ജോസി കുറുപ്പംപറമ്പിൽ, ജോൺ കരമ്യാലിൽ, ജോൺ ഇലക്കാട്

ഇത്തവണത്തെ സമ്മേളനത്തിൽ കേരള സർവകലാശാലയിലെ സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ് ഡയറക്ടറും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്-ലെ അദ്ധ്യാപികയും പ്രമുഖ എഴുത്തുകാരിയും ചലച്ചിത്രനിരൂപകയുമായ ഡോ. മീന റ്റി. പിള്ള സാഹിത്യവേദി അംഗങ്ങളുമായി സംവദിക്കുന്നു. നിലവിൽ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിൽ അദ്ധ്യാപികയാണ് ഡോ. മീന റ്റി. പിള്ള (കൂടുതൽ വിവരങ്ങൾ www.meenatpillai.com) എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.)

ഇരുനൂറ്റി ഇരുപത്തൊന്നാമത് സാഹിത്യവേദി 2019 നവംബർ 8ന് സി.എം.എ ഹാളിൽ നടന്നു. ജോസി കുറുപ്പംപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. ഈശ്വരപ്രാർത്ഥന, പരിചയപ്പെടൽ, ഉപക്രമം, മുൻ യോഗറിപ്പോർട്ട് എന്നീ പതിവ് യോഗക്രമങ്ങൾക്കുശേഷം സാഹിത്യവേദി അംഗം ജോൺ കരമ്യാലിൽ തന്റെ ആഫ്രിക്കൻ പര്യടനവും ദീർഘകാലം അവിടുത്തെ വിവിധ രാജ്യങ്ങളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചതിന്റെ പശ്ചാത്തലത്തിൽ ആഫ്രിക്കക്കാരുടെ ജീവിതരീതിയും തനിക്കുണ്ടായ അനുഭവങ്ങളുടെയും തുടർഭാഗം പങ്കുവെച്ചു. അദ്ദേഹത്തിന്റെ വിവരണം നാം ഇന്നുവരെ കേട്ടിട്ടില്ലാത്ത വേറിട്ടൊരു ലോകത്തിന്റെ വാതായനങ്ങൾ തുറക്കുകയായിരുന്നു.

ലിൻസ് ജോസഫ് സ്പോൺസർ ചെയ്ത സാഹിത്യവേദി ജോൺ ഇലക്കാടിന്റെ കൃതജ്ഞതാ പ്രകടനത്തോടെ സമാപിച്ചു.

ചിക്കാഗോയിലെ എല്ലാ ഭാഷാസ്നേഹികളെയും മാർച്ച്മാസ സാഹിത്യവേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: ലിൻസ് ജോസഫ് 630 540 6758, സായി പുല്ലാപ്പള്ളി 773 505 9600, അനിലാൽ ശ്രീനിവാസൻ 630 400 9735, ജോൺ ഇലക്കാട് 773 282 4955.

# കേരളാ എൻജിനീയറിംഗ് അസോസിയേഷന് വനിതാ നേതൃത്വം

ന്യൂയോർക്ക്: കേരളാ എൻജിനീയറിംഗ് ഗ്രാജുവേറ്റ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (കീൻ) യ്ക്ക് പുതുനേതൃത്വം. ന്യൂയോർക്കിലെ സഫേണിലുള്ള അദ്രക്ക് റെസ്റ്ററന്റിൽ ചേർന്ന വാർഷിക പൊതുയോഗം 2020 -ലെ പ്രസിഡണ്ടായി മെറി ജേക്കബിനെയും ജനറൽ സെക്രട്ടറിയായി നീമാ സുധീറിനെയും ട്രഷററായി ബീനാ ജയിനിനെയും തെരഞ്ഞെടുത്തു.

നിലവിലെ പ്രസിഡണ്ട് ലിസി ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം 2019-ലെ പ്രവർത്തന റിപ്പോർട്ടും കണക്കും അംഗീകരിച്ചു. സെക്രട്ടറി മനോജ് ജോൺ അവതരിപ്പിച്ച റിപ്പോർട്ടും ട്രഷറർ ജോഫി മാത്യു അവതരിപ്പിച്ച കണക്കും കീനിന്റെ പ്രവർത്തന മികവ് വെളിപ്പെടുത്തുന്നതായി. കീനിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച ഏവരോടുമുള്ള നന്ദി പ്രസിഡണ്ട് അദ്ധ്യക്ഷ പ്രസംഗത്തിൽ രേഖപ്പെടുത്തി. സാമ്പത്തികമായി പിന്നിട്ടു നിൽക്കുന്ന കേരളത്തിലെ എൻജിനീയറിംഗ് കോളജുകളിൽ പഠിക്കുന്ന നൂറിൽപ്പരം കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നല്കാനായത് കീനിന്റെ പ്രവർത്തന മികവായി പ്രസിഡണ്ട് ചൂണ്ടിക്കാട്ടി.

കീനിന്റെ പുതിയ ഭാരവാഹികൾക്ക് എല്ലാ പിന്തുണയും പ്രസിഡണ്ട് ലിസി ഫിലിപ്പ് വാഗ്ദാനം ചെയ്തു. തുടർന്ന് ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ ജെയിൻ അലക്സാണ്ടറിന്റെയും ബോർഡ് അംഗങ്ങളായ ഫിലിപ്പോസ് ഫിലിപ്പ്, ഷാജി കുര്യാക്കോസ് എന്നിവരുടെയും നേതൃത്വത്തിൽ 2020 -ലെ ഭാരവാഹികളെ ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. ഭാരവാഹികളായി മെറി ജേക്കബ്-പ്രസിഡണ്ട്, നീമാ സുധീർ-ജനറൽ സെക്രട്ടറി, ബീനാ ജെയിൻ-ട്രഷറർ, ജേക്കബ് തോമസ്-വൈസ് പ്രസിഡണ്ട്, ഷിജിമോൻ മാത്യു-ജോ. സെക്രട്ടറി, സോജിമോൻ ജെയിംസ്-ജോ. ട്രഷറർ, ലിസി ഫിലിപ്പ്-എക്സ് ഒഫീഷ്യോ എന്നിവരെയും വിവിധ കമ്മിറ്റി അദ്ധ്യക്ഷരായി കോശി പ്രകാശ്: ചാരിറ്റി ആൻഡ് സ്കോളർഷിപ്, പ്രേമ ആന്ത്രാപ്പള്ളിയിൽ-ജനറൽ അഫയേഴ്സ്, എൽദോ പോൾ-സോഷ്യൽ ആൻഡ് കൾച്ചറൽ അഫയേഴ്സ്, മനോജ് ജോൺ-പ്രൊഫഷണൽ അഫയേഴ്സ്, കെ.ജെ. ഗ്രിഗറി-ന്യൂസ് ലെറ്റേഴ്സ്, ഫിലിപ്പോസ് ഫിലിപ്പ്-പബ്ലിക് റിലേഷൻസ് എന്നിവരെയും തെരഞ്ഞെടുത്തു.






റോക്ക്‌ലൻഡ്-വെസ്റ്റ് ചെസ്റ്റർ റീജിയൻ വൈസ് പ്രസിഡണ്ടായി ജേക്കബ് ഫിലിപ്പിനെ നിയോഗിച്ചു. ബോർഡ് ഓഫ് ട്രസ്റ്റിലേക്ക് ഒഴിവ് വന്ന സ്ഥാനത്തേക്ക് കീനിന്റെ മുൻ പ്രസിഡണ്ട് അജിത് ചിറയിലിനെ തെരഞ്ഞെടുത്തു. അജിത്തിനെ കൂടാതെ ഷാജി കുര്യാക്കോസ്, ജയ്സൺ അലക്സ്, ജയിൻ അലക്സാണ്ടർ, റെജിമോൻ ഏബ്രഹാം, ജോർജ് ജോൺ, ഗീവർഗീസ് വർഗീസ് വർഗീസ് എന്നിവരും ബോർഡിൽ തുടരുന്നു. തുടർന്നു നടന്ന ബോർഡ് ഓഫ് ട്രസ്റ്റ് മീറ്റിംഗിൽ ഷാജി കുര്യാക്കോസിനെ 2020-ലെ ബോർഡ് ചെയർമാൻ ആയി തെരഞ്ഞെടുത്തു.

കീനിന്റെ ആരംഭകാലം മുതൽ വിവിധ പ്രവർത്തനമേഖലകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന ഷാജി പാലക്കാട് എൻ.എസ്.എസ്, എൻജിനീയറിംഗ് കോളജിൽ നിന്നും ഗ്രാജുവേറ്റ് ചെയ്തതിനു ശേഷം ഇപ്പോൾ മെട്രാപ്പോളിറ്റൻ ട്രാൻസ്പോർട്ടേഷൻ അതോറിറ്റി ഉദ്യോഗസ്ഥനാണ്. കീനിന്റെ കരിയർ കൗൺസിലിംഗ്, സ്കോളർഷിപ് പദ്ധതി, അച്ചീവ്മെന്റ്, അവാർഡ് എന്നീ രംഗങ്ങളിൽ നേതൃത്വം നല്കിയിട്ടുള്ള ഷാജി കുര്യാക്കോസ്, സിസ്കോസ് സർട്ടിഫൈഡ് നെറ്റ്‌വർക് എൻജിനീയർ കൂടിയാണ്. പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട മെറി ജേക്കബ് പാലക്കാട് എൻഎസ്എസ് എൻജിനീയറിംഗ് കോളജിൽ നിന്നും ബിരുദമെടുത്തശേഷം ഇന്ത്യയിലും ദുബൈയിലും അമേരിക്കയിലുമായി അനേകം പ്രോജക്ടുകൾക്ക് നേതൃത്വം നല്കിയിട്ടുണ്ട്. ഇപ്പോൾ ജെഎഫ്കെ എയർപോർട്ട് പ്രൊജക്ടിന്റെ ലീഡ് മാനേജരായി പ്രവർത്തിക്കുന്ന മെറി, ട്രൈസ്റ്റേറ്റിലെ അറിയപ്പെടുന്ന എംസിയും പാട്ടുകാരിയുമാണ്.



സെക്രട്ടറി നീമാ സുധീർ സാമൂഹിക, സാംസ്കാരിക, കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള എൻജിനീയറാണ്. മാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നും കംപ്യൂട്ടർ എൻജിനീയറിംഗിൽ ബിരുദമെടുത്തിട്ടുള്ള നീമ, ഐടി പ്രൊജക്ട് മാനേജരായി അന്തർദ്ദേശീയതലത്തിലുള്ള അനേകം പ്രോജക്ടുകൾക്ക് നേതൃത്വം നല്കുന്നു.

ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ബീനാ ജെയിൻ തൃശൂർ ഗവ. എൻജിനീയറിംഗ് കോളജിൽനിന്നും ബിരുദമെടുത്തശേഷം ന്യൂയോർക്ക് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് ഓഫ് ട്രാൻസ്പോർട്ടേഷനിൽ സിവിൽ എൻജിനീയർ ആയി സേവനം അനുഷ്ഠിക്കുന്നു. കീനിന്റെ സ്കോളർഷിപ് പദ്ധതിക്ക് ബീനയും ഭർത്താവ് മുൻ ബോർഡ് ചെയർമാൻ ജെയിൻ അലക്സാണ്ടറും നിർലോഭമായ പിന്തുണയാണ് നല്കിക്കൊണ്ടിരിക്കുന്നത്.

കഴിഞ്ഞ 11 വർഷമായി സ്തുത്യർഹമായ സേവനമാണ് കീൻ നല്കിക്കൊണ്ടിരിക്കുന്നത്. സ്കോളർഷിപ് കരിയർ കൗൺസിലിംഗ്, ജോബ് സെർച്ച്, മെന്ററിംഗ് തുടങ്ങി വിവിധ മേഖലകളിലുള്ള കീനിന്റെ പ്രവർത്തനം പ്രശംസനീയമാണ്. എസ്501 സി(3) സ്റ്റാറ്റസുള്ള കീനിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ താത്പര്യമുള്ളവർ താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക. മെറി ജേക്കബ് 845 553 4301, നീമാ സുധീർ 732 789 8262, ബീനാ ജെയിൻ 845 490 4260, ഷാജി കുര്യാക്കോസ് 845 321 9015.

## ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ ലോകപ്രാർത്ഥനാദിനം മാർച്ച് 7ന്

ജോർജ് പണിക്കർ

ചിക്കാഗോ: വൈവിദ്ധ്യമാർന്ന പരിപാടികൾക്ക് എന്നും നേതൃത്വം നല്കുന്ന ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ ഈ വർഷത്തെ ലോകപ്രാർത്ഥനാദിനം മാർച്ച് 7ന് നടത്തും. ലോകമെമ്പാടുമുള്ള വനിതകൾ ഈ ദിനത്തിൽ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും കഴിയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും വിമോചനത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസം അവരുടെ ആരോഗ്യസംരക്ഷണം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ, ദൈവകൃപയിൽ അവരെ സംരക്ഷിക്കുന്നതിനും മറ്റുമായി പ്രാർത്ഥനകൾ നടത്തും. ലോകപ്രാർത്ഥനാദിന കൗൺസിൽ എല്ലാ വർഷവും ഒരു രാജ്യത്തെ ഇതിലേക്കായി തെരഞ്ഞെടുക്കും. ഈ വർഷം തെരഞ്ഞെടുത്തിരിക്കുന്ന രാജ്യം സിംബാബ്‌വെയാണ്. ഇവിടുത്തെ സ്ത്രീകൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ പരിഹരിക്കുവാനാണ് പ്രധാന പ്രാർത്ഥന.






യോഹന്നാന്റെ സുവിശേഷം അഞ്ചാം അദ്ധ്യായം 2 മുതൽ 9 വരെയുള്ള വാക്യത്തിന്റെ അടിസ്ഥാനത്തിൽ 'എഴുന്നേറ്റ് കിടക്ക എടുത്ത് നടക്കുക' എന്ന ആപ്തവാക്യമാണ് പ്രധാന ചർച്ചയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. സൗത്ത് വെസ്റ്റ് ഭദ്രാസന വനിതാ സമാജത്തിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ശ്രീമതി രൂപാ ജോൺ ആണ് ഈ വർഷത്തെ മുഖ്യസന്ദേശം നല്കുന്നത്. ചിക്കാഗോയിലെ സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ മാർച്ച് ഏഴിനു ശനിയാഴ്ച രാവിലെ 9.30ന് പരിപാടികൾ ആരംഭിക്കും. ചെയർമാനായി റവ.ഡോ. ഭാനു ശാമുവേലും ജനറൽ കൺവീനറായി സൂസമ്മ തോമസും പ്രവർത്തിക്കുന്നു. ഫാ. ഹാം ജോസഫ് (പ്രസിഡണ്ട്), ജാസ്മിൻ ഇമ്മാനുവേൽ, ആന്റോ കവലയ്ക്കൽ (സെക്രട്ടറി), ഏലിയാമ്മ പുന്നൂസ് (ജോ.സെക്രട്ടറി), ഏബ്രഹാം വറുഗീസ് (ട്രഷറർ) എന്നിവരും പരിപാടികളുടെ വിജയത്തിനായി പ്രവർത്തിക്കുന്നു. ലോകപ്രാർത്ഥനാദിനത്തിന്റെ ആവശ്യം മനസ്സിലാക്കി എക്യുമെനിക്കൽ കൂട്ടായ്മയിലെ എല്ലാ ദേവാലയങ്ങളിൽനിന്നും വിശ്വാസികൾ പങ്കെടുത്ത് ഇതൊരു വൻവിജയമാക്കണമെന്ന് എക്യുമെനിക്കൽ കൗൺസിൽ പ്രസിഡണ്ടും സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിന്റെ വികാരിയുമായ ഫാ. ഹാം ജോസഫ് അറിയിക്കുന്നു.

## സാബു കെ. ജേക്കബിന് ന്യൂയോർക്കിൽ സ്വീകരണം

ന്യൂറോഷൽ: കോൺഗ്രസ് നേതാവും പിറവം നഗരപിതാവും കേരള മുനിസിപ്പാലിറ്റി അസോസിയേഷന്റെ സെക്രട്ടറിയുമായ സാബു കെ. ജേക്കബിന് പിറവം അസോസിയേഷനും ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് ന്യൂയോർക്ക് ചാപ്റ്ററും സംയുക്തമായി ന്യൂറോഷലിലെ ഷെർലിസ് റെസ്റ്റോറന്റിൽ സ്വീകരണം നല്കി. ഭാര്യ പ്രീതി ജേക്കബിനൊപ്പമാണ് സാബു ജേക്കബ് യോഗത്തിൽ പങ്കെടുത്തത്.



ബാബു തുമ്പയിൽ ആമുഖപ്രസംഗം നടത്തി സാബുവിനെയും ഭാര്യ പ്രീതിയെയും സദസിനു പരിചയപ്പെടുത്തി. പിറവം നേറ്റീവ് അസോസിയേഷന്റെ സെക്രട്ടറി ഷാജി ഏലിയാസ് ഏവർക്കും സ്വാഗത പറഞ്ഞു. ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ജോയി ഇട്ടൻ അദ്ധ്യക്ഷപ്രസംഗം നടത്തി. പിറവം നഗരപിതാവ് എന്നതിനുപരി നല്ലൊരു സുഹൃത്തായ സാബു എന്നും ജനങ്ങളോടൊത്തുനിന്ന്, ജാതി മത രാഷ്ട്രീയവ്യത്യാസം നോക്കാതെ പ്രവർത്തിക്കുന്ന വ്യക്തിയാണെന്നും സൗഹൃദം സൂക്ഷിക്കാനുള്ള സാബുവിന്റെ പ്രവർത്തന രീതി പ്രശംസനീയമാണെന്നും പിറവത്തിന്റെ അവസാന പഞ്ചായത്ത് പ്രസിഡണ്ടും ആദ്യനഗരപിതാവുമാകാനുള്ള ഭാഗ്യവും അദ്ദേഹത്തിനു ലഭിച്ചതിനാൽ പിറവത്തിന്റെ ചരിത്രത്തിൽ എന്നും സാബു ജേക്കബ് ഉണ്ടായിരിക്കുമെന്ന് ജോയി ഇട്ടൻ അഭിപ്രായപ്പെട്ടു.

ഫൊക്കാന എക്സി. വൈസ് പ്രസിഡണ്ട് ശ്രീകുമാർ ഉണ്ണിത്താൻ, ഹ്യൂമൻറൈറ്റ് കമ്മീഷണർ തോമസ് കോശി, ജോസ് കാടാപുറം (കൈരളി ടിവി), ഫൊക്കാനാ വിമൻസ്ഫോറം ചെയർ ലൈസി അലക്സ്, ഫൊക്കാന ജോ. ട്രഷറർ ഷീല ജോസഫ്, ഷെവ. ജോർജ് പടിയേടത്ത്, സക്കറിയ പെരിയപ്പുറം, മത്തായി ചാക്കോ (ലയൺസ്ക്ലബ് ഡിസ്ട്രിക്ട് ഗവർണർ) ഫൊക്കാന മുൻസെക്രട്ടറി ടെറൻസൺ തോമസ്, വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ വൈസ് പ്രസിഡണ്ട് കെ.ജി. ജനാർദ്ദനൻ, ബിനോയി തേനാശ്ശേരി, ബെന്നി തോമസ് എന്നിവർ ആശംസകൾ നടത്തി.

സാബു ജേക്കബ് മറുപടിപ്രസംഗത്തിൽ നഗരപിതാവ് എന്ന രീതിയിൽ കഴിഞ്ഞ ഒമ്പതു വർഷമായി ചെയ്ത കാര്യങ്ങൾ അക്കമിട്ടു ന്യൂയോർക്കിലെ നാട്ടുകാരോട് വിവരിച്ചു. ബാബു തുമ്പയിൽ ഏവർക്കും നന്ദി രേഖപ്പെടുത്തി.

# മാപ്പിൽ കിഡ്സ് ആൻഡ് യൂത്ത് വോളണ്ടിയർ ഡേ നടന്നു

ഫിലാഡൽഫിയ: കുട്ടികളിലെ മാനസിക വളർച്ചയെ പരിപോഷിപ്പിക്കുന്നതിനും കലാവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി മലയാളി അസോസിയേഷൻ ഓഫ് ഗ്രേയ്റ്റർ ഫിലാഡൽഫിയായുടെ (മാപ്പ്) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കിഡ്സ് ആൻഡ് യൂത്ത് വോളണ്ടിയർ ഡേ അറ്റ് മാപ്പ് എന്ന പ്രോഗ്രാം വൻ വിജയമായി.

മാപ്പ് പ്രസിഡണ്ട് ശാലൂ പുന്നൂസ്, സെക്രട്ടറി ബിനു ജോസഫ്, ട്രഷറർ ശ്രീജിത്ത് കോമാത്ത്, വൈസ് പ്രസിഡണ്ട് തോമസ് ചാണ്ടി, വിമൻസ് ഫോറം ചെയർപേഴ്സൺ അഷിതാ ശ്രീജിത്ത്, സോയാ നായർ, അനു സ്കറിയാ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഈ പ്രോഗ്രാമിൽ കിന്റർഗാർട്ടൻ മുതൽ ഹൈസ്കൂൾ തലത്തിൽ വരെയുള്ള 32-ൽപരം കുട്ടികൾ പങ്കെടുത്തു. കിന്റർഗാർട്ടൻ, എലിമെന്ററി, മിഡിൽസ്കൂൾ തലത്തിലുള്ള കുട്ടികൾക്കായി നടത്തിയ ചിത്രരചന, പെയിന്റിംഗ്, ജപ്പഡി, പസിൽ ഗെയിമുകൾ എന്നിവ കുട്ടികൾ ഏവർക്കും ഏറെ ആസ്വാദ്യകരമായി. ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ലൈബ്രറി കാറ്റലോഗ്, മെംബർഷിപ് ഡാറ്റാബേസ് എന്നിവ അപ്ഡേറ്റ് ചെയ്തു. അനു വർഗീസ്, സൂസൻ ശാലു, അനിതാ പണിക്കർ എന്നിവർ വിമൻസ്ഫോറം അംഗങ്ങൾ കുട്ടികൾക്കു വേണ്ടുന്ന മാർഗ്ഗിർദ്ദേശങ്ങൾ നല്കി.



വിനോദത്തിനും വിജ്ഞാനത്തിനും ആത്മസംരക്ഷണത്തിനും വേദിയൊരുക്കിയ അഞ്ചു മണിക്കൂർ നീണ്ടുനിന്ന പ്രോഗ്രാമിനും വിഭവസമർത്ഥമായ അത്താഴത്തിനും ശേഷം കുട്ടികൾ സമ്മറിൽ കൂട്ടുകാരോടൊത്തു വീണ്ടും വരാം എന്ന ആത്മസംതൃപ്തിയോടെ യാത്ര പറഞ്ഞു. പടിയിറങ്ങുമ്പോൾ അവരോടൊപ്പം വന്ന ഓരോ മാതാപിതാക്കളും മാപ്പ് പ്രവർത്തകരോട് തങ്ങളുടെ കുട്ടികൾക്ക് ഇത്തരമൊരു അവസരമൊരുക്കിയതിനുള്ള നന്ദി പറയാൻ

**രാജു ശങ്കരത്തിൽ**

മറന്നില്ല. കുട്ടികൾ സ്കൂൾ കഴിഞ്ഞു വീട്ടിൽ എത്തി ഹോം വർക്ക് കഴിഞ്ഞാലുടൻ ടിവിയിലേക്കും ഫോണിലേക്കും ശ്രദ്ധതിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിൽനിന്നും വ്യത്യസ്തമായി മാതാപിതാക്കളോടൊപ്പം ചെലവഴിക്കാൻ കിട്ടുന്ന ഇത്തരം സന്ദർഭങ്ങൾ കുട്ടികളുടെ മാനസികോല്ലാസത്തിനും മാനസിക വളർച്ചയ്ക്കും സൗഹൃദബന്ധങ്ങളുടെ വളർച്ചയ്ക്കും ഏറെ പ്രയോജനം ചെയ്യുമെന്നതിൽ യാതൊരു തർക്കവുമില്ലെന്ന് മിക്ക മാതാപിതാക്കളും അഭിപ്രായപ്പെട്ടു. പ്രയോജനപ്രദമായ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് എല്ലാ മാസവും വ്യത്യസ്ത പ്രോഗ്രാമുകൾ നടത്തുവാൻ വിമൻസ്ഫോറം തീരുമാനിച്ചു. വന്നുചേർന്ന ഏവർക്കും സെക്രട്ടറി ബിനു ജോസഫ് സ്വാഗതവും വൈസ് പ്രസിഡണ്ട് തോമസ് ചാണ്ടി നന്ദിയും രേഖപ്പെടുത്തി.

# മാർ മാക്കീൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ് റ്റാമ്പായിൽ

റ്റാമ്പാ: സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് ഫൊറോനാ ദേവാലയം കഴിഞ്ഞ ആറു വർഷമായി നടത്തിവരുന്ന മാർ മാക്കീൽ നാഷണൽ ബാസ്കറ്റ്ബോൾ ടൂർണമെന്റ് ദേവാലയത്തിന്റെ ദശാബ്ദിയോടനുബന്ധിച്ച് അതിവിപുലമായി ഈ വർഷം നടത്തുന്നു.

കോട്ടയം രൂപതയുടെ പ്രഥമ മെത്രാൻ മാർ മത്തായി മാക്കീലിന്റെ സ്മരണാർത്ഥം നടത്തുന്ന ഈ ടൂർണമെന്റ് മൂന്നു വിഭാഗമായാണ് ക്രമീകരിച്ചിരിക്കുന്നത്. കോളജ് വിഭാഗത്തിൽ 24 വയസിനും അതിനു താഴെയുള്ളവർക്കും, ഹൈസ്കൂൾ വിഭാഗത്തിൽ 18 വയസിനും അതിനു താഴെയുള്ളവർക്കും മിഡിൽസ്കൂൾ വിഭാഗത്തിൽ 14 വയസിനും അതിനു താഴെയുള്ളവർക്കും പങ്കെടുക്കാവുന്നതാണ്.

അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ടീമുകൾ പങ്കെടുക്കും. ടീമുകൾക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റവ.ഫാ. ജോസഫ് ആദോപ്പിള്ളിൽ 914 673 6956, സന്തോഷ് പുതിയകുന്നേൽ 813 679 0278, തോമസ് പഴുക്ക 813 846 4129. e-mail: marmakilbasketball@gmail.com

# വർഗീസ് ജോർജ് നിര്യാതനായി

സൗത്ത് ഫ്ളോറിഡ: ആലപ്പുഴ തലവടി കുന്തിരിക്കൽ കടമാട്ട് വർഗീസ് ജോർജ് (ജോയി-80) മുംബൈയിൽ നിര്യാതനായി. മുംബൈ ആസ്ഥാനമായുള്ള ജോയ് കൺസ്ട്രക്ഷൻ സ്ഥാപകനാണ്. മരോൽ സെ. സ്റ്റീഫൻ മാർത്തോമ്മാ പള്ളിയിലെ ശുശ്രൂഷയ്ക്കുശേഷം ശിവടി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.



ഭാര്യ പരേതയായ വത്സമ്മ. മക്കൾ: സൈറ, സജു, സരോ. മരുമക്കൾ: സെയിൻ, നിടാഷ, മാർട്ടിൻ. സാലി-കായംകുളം, ലാലച്ചൻ-ന്യൂയോർക്ക്, ചാക്കോച്ചൻ-മുംബൈ, മാമ്മച്ചി-എറണാകുളം, ഉണ്ണിയച്ചൻ-തിരുവല്ല, റ്റാറ്റാമ-മുംബൈ, സിറിൽ-മയാമി, റജി-എറണാകുളം. സജി-മുംബൈ, ബൈജി-എടത്വാ എന്നിവർ സഹോദരങ്ങളാണ്.

# ഹൂസ്റ്റൺ ഓർത്തഡോക്സ് കൺവൻഷൻ

ഹൂസ്റ്റൺ: മലങ്കര ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ഹൂസ്റ്റൺ റീജിയനിൽപ്പെട്ട ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഹൂസ്റ്റൺ ഓർത്തഡോക്സ് കൺവൻഷൻ ഷുഗർലാൻഡ് സെ. മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ മാർച്ച് 26, 27, 28 (വ്യാഴം, വെള്ളി, ശനി) തീയതികളിൽ നടത്തപ്പെടുന്നു. കൺവൻഷന് സെ. തോമസ് കത്തീഡ്രൽ, സെ. ഗ്രിഗോറിയോസ്, സെ. സ്റ്റീഫൻസ്, സെ. മേരീസ്, സെ. പീറ്റേഴ്സ് ആൻഡ് സെ. പോൾസ് എന്നീ ദേവാലയങ്ങൾ നേതൃത്വം നല്കും.

ഈ വർഷത്തെ കൺവൻഷൻ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. സഖറിയാസ് മാർ അപ്രേം, അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. പുലിക്കോട്ടിൽ ഗീവർഗീസ് മാർ യൂലിയോസ്, ഓർത്തഡോക്സ് സഭയിലെ പ്രമുഖ കൺവൻഷൻ പ്രസംഗകനും മാവേലിക്കര ഭദ്രാസന മുൻ സെക്രട്ടറിയുമായിരുന്ന റവ.ഫാ. എബി ഫിലിപ്പ് എന്നിവർ നേതൃത്വം നല്കും. വിവിധ ഇടവകകളിൽ നിന്നുമുള്ള അംഗങ്ങൾ ചേർന്നുള്ള ഗായകസംഘം ഗാനശുശ്രൂഷ നയിക്കും. യുവതീയുവാക്കൾക്കും കുട്ടികൾക്കുമായി പ്രത്യേക സെഷനുകളും ഉണ്ടാകും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിന് ഹൂസ്റ്റൺ ഏരിയായിലെ വിവിധ ഇടവകകളിൽ നിന്നുള്ള വൈദികരും ഇടവകാംഗങ്ങളും അടങ്ങുന്ന കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. കൺവൻഷൻ കൺവീനർ ഫാ.പി.എം. ചെറിയാൻ, സെക്രട്ടറി മനോജ് തോമസ് (സെ. തോമസ്), ട്രഷറർ അനിൽ ഏബ്രഹാം (സെ. മേരീസ്), കമ്മിറ്റി അംഗങ്ങളായ ഷീജ അലക്സ്, എൽദോ പീറ്റർ (സെ. ഗ്രിഗോറിയോസ്), സജി പുളിമൂട്ടിൽ (സെ. സ്റ്റീഫൻസ്), നൈനാൻ വീട്ടിനാൽ, ബീന ജോർജ് (സെ. മേരീസ്), രാജു സ്കറിയ, ഷിജിൻ തോമസ്, (സെ. പീറ്റേഴ്സ് ആൻഡ് സെ. പോൾസ്), ഷൈനി ജോർജ് ആൻഡ് ബിജു ജോർജ് (സെ. തോമസ്), ഗായകസംഘം കോ-ഓർഡിനേറ്റർമാരായി വിശാഖ് പണിക്കർ (സെ. മേരീസ്), ബിജു ജോർജ് (സെ. തോമസ്. ജോബിൻ മാ



മ്മൻ (സെ. ഗ്രിഗോറിയോസ്), അഭിലാഷ് ജോർജ് (സെ. സ്റ്റീഫൻസ്), ഷെജിൻ ബോബൻ (സെ. പീറ്റേഴ്സ് ആൻഡ് സെ. പോൾസ്), ജോർജ് തോമസ് (ബിജു) (സെ. തോമസ്) പബ്ലിസിറ്റി കൺവീനർ ഫാ. ജോൺസൺ പുഞ്ചക്കോണം, എൽദോ പീറ്റർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു. ഏവരുടെയും പ്രാർത്ഥനാപൂർണ്ണമായ സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

# ഡിവൈൻ ഗ്രേസ് ഡിസൈപ്പിൾഷിപ് ധ്യാനം ഫലദായകമായി

ചിക്കാഗോ: ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ പ്രമുഖ വചനപ്രഘോഷകരായ ബ്രദപ് പ്രിൻസ് വിതയത്തിലും ഫാ. ജോൺ പാലത്തിങ്കലും നയിച്ച ധ്യാനം വളരെ ഫലദായകമായി. ഫെബ്രുവരി 21ന് വെള്ളിയാഴ്ച രാവിലെ 9 മുതൽ തുടങ്ങിയ ധ്യാനം ഞായറാഴ്ച വൈകുന്നേരം 5ന് സമാപിച്ചു.

വികാരി ഫാ. അബ്രാഹം മുത്തോലത്തിന്റെയും വിമൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റർ ശ്രീമതി ഷീബാ

**ബിനോയി സ്റ്റീഫൻ കിഴക്കനടി**

മുത്തോലത്തിന്റെയും നേതൃത്വത്തിലായിരുന്നു ധ്യാനം സംഘടിപ്പിച്ചത്.

ഇറ്റലി, ജർമ്മനി, ഓസ്ട്രിയ, ഇംഗ്ലണ്ട് തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സുവിശേഷപ്രവർത്തകർ ഒരുമിച്ച് വചനശുശ്രൂഷകൾ പങ്കുവെച്ചത് വേറിട്ടൊരു അനുഭവമായിരുന്നു. ദൈവവചന വിചിന്തനങ്ങളിലൂടെ ജീവിതവഴികളെ ഏകീകരിക്കുന്നതിനും വചനങ്ങൾ പഠിക്കുന്നതിനും മറ്റുള്ളവരിലേക്ക് പകർന്നു നല്കുന്നതിനും ഈ ധ്യാനം ഏറെ സഹായകരമായി. കുർബാന, നിത്യാരാധന, വചനപ്രഘോഷണം, കുമ്പസാരം, കൗൺസിലിങ്, സ്നേഹവിരുന്ന് എന്നിവയാൽ ഏറെ അനുഗൃഹീതമായിരുന്നു മൂന്നു ദിവസങ്ങളിലായി ക്രമീകരിച്ചിരുന്ന ഈ ധ്യാനം.



വചനത്തിൽ വളർന്ന് എങ്ങനെ യേശുവിന്റെ ശിഷ്യന്മാരാകാമെന്ന് പരിശീലിപ്പിച്ച ഈ ധ്യാനത്തിൽ വചനത്തിൽ ഏറെ വളരുവാൻ സഹായകരമായിരുന്നുവെന്നും പങ്കെടുത്തവരെല്ലാവരുംതന്നെ അഭിപ്രായപ്പെട്ടു.

കൈക്കാരന്മാരായ ഏബ്രഹാം അരിച്ചിറയിൽ, സാബു മുത്തോലം, റ്റിജോ കമ്മപറമ്പിൽ, സണ്ണി മുക്കേട്ട് എന്നിവർ ചടങ്ങുകൾക്കുള്ള ക്രമീകരണങ്ങൾ ചെയ്തു.

# അപാരതയുടെ തീരത്ത്

**ഷാജി മണിയാറ്റ്**

1961-ൽ റഷ്യൻ ഗഗന സഞ്ചാരി യൂറി ഗഗാറിൻ ശൂന്യാകാശത്തിൽ സഞ്ചരിച്ചു. ആദ്യമായി ശൂന്യാകാശത്തിൽ പ്രവേശിച്ച ഗഗാറിൻ തിരികെ വന്ന് ഇപ്രകാരം പറഞ്ഞു: "ഞാൻ ശൂന്യാകാശം മുഴുവൻ ദൈവത്തെ നോക്കി. കണ്ടില്ല." ഗഗാറിനെ പുകഴ്ത്തിക്കൊണ്ട് പിന്നീട് മലയാള കവി 'ഗഗാറിൻ ഗഗനചാരിൽ' എന്നൊരു കവിതയെഴുതി. ഗഗാറിന്റെ വെല്ലുവിളി കേട്ട് ദൈവം ഓടിയൊളിച്ചോ എന്ന് കവി പാടുകയുണ്ടായി. എന്നാൽ, എട്ട് വർഷങ്ങൾക്കു ശേഷം അമേരിക്കൻ ഗഗനസഞ്ചാരി നീൽ ആംസ്ട്രോങ് ചന്ദ്രനിൽ ആദ്യമായി കാലുകുത്തി. ചന്ദ്രമണ്ഡലത്തിൽ നിന്നുകൊണ്ട് ബൈബിൾ വായിക്കുകയും അനന്തവിശാലമായ ഈ ബ്രഹ്മാണ്ഡത്തെ സൃഷ്ടിച്ച ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

ഭൂമിയിൽ നിന്ന് 300 മൈൽ മുകളിലേക്ക് സഞ്ചരിച്ചാൽ നാം ഭൂമിയുടെ ഉപരിതലം കടന്ന് ശൂന്യാകാശത്തിലേക്ക് പ്രവേശിക്കും. ഗഗാറിന്റെയും മലയാള കവിയുടെയും ചിന്താഗതിയിൽ പ്രപഞ്ചം വെറും 300 മൈലുകളിൽ ഒതുങ്ങിയതായിരുന്നു. പ്രപഞ്ചത്തിന്റെ വലിപ്പത്തെപ്പറ്റി ഏകദേശരൂപം ഉണ്ടായിരുന്നുവെങ്കിൽ അവർ അത്തരം ഒരു പ്രസ്താവനയ്ക്ക് മുതിരില്ലായിരുന്നു. ശാസ്ത്രജ്ഞരുടെ അഭിപ്രായപ്രകാരം ഈ പ്രപഞ്ചത്തിന്റെ ഡയമീറ്റർ 93 ബില്യൺ പ്രകാശവർഷമാണ്. അതായത് പ്രപഞ്ചത്തിന്റെ ഒരു വശത്തുനിന്ന് മറ്റേ അറ്റത്ത് എത്താൻ 9300 കോടി പ്രകാശവർഷം എടുക്കും. ഒരു പ്രകാശവർഷം എന്നത് 58 ലക്ഷം കോടി മൈൽ അതായത് പ്രപഞ്ചത്തിന്റെ വലിപ്പം എന്നത് 58 ലക്ഷം കോടി 9300 കോടി കൊണ്ട് ഗുണിക്കുന്നതിന് തുല്യമായിരിക്കും. മനുഷ്യബുദ്ധിക്ക് നിരക്കുന്നതിനപ്പുറമാണ് പ്രപഞ്ചത്തിന്റെ വലിപ്പം എന്ന് സാരം. ഈ പ്രപഞ്ചം എങ്ങനെ ഉണ്ടായി?

ഹിന്ദു പുരാണത്തിൽ ഭൂമണ്ഡലങ്ങളുടെ ഉല്പത്തിയെപ്പറ്റി വ്യക്തമായി പ്രതിപാദിക്കുന്നില്ല. പല വ്യാഖ്യാനങ്ങൾ പല വേദഗ്രന്ഥങ്ങളിൽ പറയുന്നു. പരക്കെ ഹിന്ദുക്കൾ വിശ്വസിക്കുന്നത് ഭൂമി മുഴുവൻ ഒരു പ്രളയത്താൽ മുങ്ങപ്പെടുന്നു. ആ വെള്ളപ്പൊക്കത്തിൽ ഒരു ആലിന്റെ ഇല ഒഴുകിവരുന്നു. ആ ഇലയിൽ ഒരു കുഞ്ഞ് പ്രത്യക്ഷപ്പെടുന്നു. ആ കുഞ്ഞ് വിഷ്ണുവായി രൂപാന്തരപ്പെടുന്നു. വിഷ്ണുവിന്റെ നാഭിയിൽ നിന്ന് ബ്രഹ്മാവും നെറ്റിയിൽ നിന്ന് ശിവനും ഉണ്ടായിവന്നു." എന്നാൽ, വെള്ളം എവിടെനിന്നു വന്നുവെന്നോ വെള്ളത്തെ ഉൾക്കൊള്ളാൻ ഭൂമി എങ്ങുനിന്നു വന്നുവെന്നോ വ്യക്തതയില്ല.

ബൈബിൾ പറയുന്നു ആദിയിൽ ദൈവം ആകാശവും ഭൂമിയും ഉണ്ടാക്കി. ആകാശങ്ങളെ ഉണ്ടാക്കി എത്ര സമയം കഴിഞ്ഞാണ് ഭൂമിയെയും സൂര്യനെയും മറ്റും സൃഷ്ടിച്ചതെന്ന് ശാസ്ത്രലോകത്തിനിടയിൽ ഭിന്നാഭിപ്രായമാണ്. ഈ പ്രപഞ്ചം ഉണ്ടായിട്ട് 13.8 ബില്യൺ വർഷം അതായത് 13800 കോടി വർഷം ആയി എന്നും സൂര്യനും ഭൂമിയും ഉണ്ടായിട്ട് 4.5 ബില്യൺ വർഷം അതായത് 4500 കോടി വർഷം എന്നും അവർ അഭിപ്രായപ്പെടുന്നു. അതായത് ഈ പ്രപഞ്ചവും മിക്കിലിവേ ഗാലക്സിയും മറ്റും ഉണ്ടായി 9 ബില്യൺ വർഷം അതായത് 9000 കോടി വർഷങ്ങൾക്കു ശേഷമാണ് ഭൂമിയും സൂര്യനും ഉണ്ടായതെന്ന് ശാസ്ത്രലോകം അഭിപ്രായപ്പെടുന്നു. സൂര്യൻ എന്നത് രണ്ടാം തലമുറയിൽപ്പെട്ട ഒരു നക്ഷത്രം മാത്രമാണെന്ന് അഭിപ്രായം. തിരുവചന വെളിച്ചത്തിൽ ദൈവം ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചു. അതിനുശേഷം ചിലപ്പോൾ കോടിക്കണക്കിനു വർഷം ഭൂമി വെള്ളത്താൽ മൂടപ്പെട്ടിരിക്കാം. വെള്ളത്തിനു മീതെ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരുന്നു. ഇരുളായിരുന്ന പ്രപഞ്ചത്തിൽ ദൈവം വെളിച്ചം ഉണ്ടാക്കി. ഒന്നാം ദിവസത്തെ സൃഷ്ടിയിൽ പ്രധാനം വെളിച്ചമായിരുന്നു. സൂര്യനെയും ചന്ദ്രനെയും നാലാം ദിവസം സൃഷ്ടിച്ചു. മറ്റു സൃഷ്ടികൾ പൂർത്തീകരിച്ച ദൈവം ആറാംദിവസം മനുഷ്യനെ സൃഷ്ടിച്ചു. ആറു ദിവസംകൊണ്ട് സൃഷ്ടി പൂർത്തിയാക്കിയ ആദിശാസ്ത്രജ്ഞൻ തന്റെ പരീക്ഷണശാല അടച്ച് സീൽവെച്ചു. വിശ്രമിച്ചു.

മനുഷ്യനെ സൃഷ്ടിച്ചതിനു മുമ്പ് അവന് വേണ്ടതെല്ലാം ദൈവം സൃഷ്ടിച്ചു. പാർക്കുവാൻ ഭൂമി, ഭൂമിയെ ഇരുപത്തിമൂന്ന് ഡിഗ്രി ചെരിച്ച്, കാലങ്ങളും കലാവസ്ഥകളും പകലും രാവും ഉണ്ടാകത്തക്ക രീതിയിൽ സൃഷ്ടിച്ചു. മനുഷ്യന് ശ്വസിക്കുവാൻ ഓക്സിജൻ 20.9 ശതമാനം സൃഷ്ടിച്ചു. ഓക്സിജൻ അളവ് കൂടിപ്പോയി തീ കത്താതിരിക്കുവാൻ കാർബൺ ഡൈഓക്സയിഡും നൈട്രജനും നിർമ്മിച്ചു. ആവശ്യത്തിനു വെള്ളവും കൃഷിക്കായി ഭൂമിയും വേർതിരിച്ചു. 51 കോടി ചതുരശ്ര കി


ലേഖകൻ

ലോമീറ്റർ വിസ്താരമുള്ള ഭൂമിയിൽ 35 കോടി ചതുരശ്ര കിലോമീറ്റർ വെള്ളവും 16 കോടി ചതുരശ്ര കിലോമീറ്റർ കരയും ആക്കി സൃഷ്ടിച്ചു. 5972 സെക്സിട്രില്യൻ മെട്രിക് ടൺ (1000 ട്രില്യൺ ഒരു സെക്സിട്രില്യൻ) ഭാരമുള്ള ഭൂമിയെ ദൈവം നാസ്തിത്വത്തിൽ തൂക്കിയിരിക്കുന്നു എന്നു തിരുവചനം പറയുന്നു.

ഈ ഭൂമി മണിക്കൂറിൽ ആയിരം മൈൽ വേഗത്തിൽ പടിഞ്ഞാറുനിന്നും കിഴക്കോട്ട് കറങ്ങുന്നതു കൂടാതെ മണിക്കൂറിൽ 6700 മൈൽ സ്പീഡിൽ സൂര്യനെ വലംവെക്കുകയും ചെയ്യുന്നു. ഒരുദിവസം തന്നെ ഭൂമി 16 ലക്ഷം മൈൽ യാത്ര ചെയ്യുന്നു. അപ്പോൾത്തന്നെ സൂര്യനും നവഗ്രഹങ്ങളും ഉൾപ്പെടുന്ന നമ്മുടെ സോളാർ സിസ്റ്റം സൗരയൂഥം മുഴുവനായും സെക്കൻഡിൽ 150 മൈൽ സ്പീഡിൽ മിൽക്കിവേ ഗാലക്സിയെ വലംവെക്കുന്നു. ബൈബിളിൽ യോശുവ സൂര്യനെ ഗിബയോനിലും ചന്ദ്രനെ അയ്യാലോൻ താഴ്വരയിലും നില്ക്കാ എന്നു കല്പിച്ചപ്പോൾ (യോശുവ 10:12) സൂര്യൻ ഒരു ദിവസം മുഴുവൻ കറങ്ങാതെ നിന്നതായി പറയുന്നു. ലേഖകന്റെ അഭിപ്രായത്തിൽ അന്ന് നമ്മുടെ സോളാർസിസ്റ്റം നിശ്ചലമായി നിന്നിരിക്കണം. സൂര്യൻ ഉൾപ്പെടുന്ന നമ്മുടെ സോളാർസിസ്റ്റം പോലത്തെ 150 ബില്യൺ (1500 കോടി) നക്ഷത്രസമൂഹം അടങ്ങുന്നതാണ് നമ്മുടെ മില്ക്കിവേ ഗാലക്സി. അതുപോലെയുള്ള 20000 കോടി ഗാലക്സികൾ ഉൾപ്പെടുന്നതാണ് നമ്മുടെ പ്രപഞ്ചം. നമ്മുടെ ഗാലക്സി തന്നെ ഈ പ്രപഞ്ചത്തെ സെക്കൻഡിൽ 250 മൈൽ സ്പീഡിൽ കറങ്ങിക്കൊണ്ടിരിക്കുന്നു.

ഈ ബ്രഹ്മാണ്ഡകടാകത്തെ മുഴുവൻ സൃഷ്ടിച്ചത് ദൈവത്തിന്റെ 'ഉണ്ടാകട്ടെ' എന്നുള്ള ശബ്ദത്തിൽ നിന്നാണ്. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതിനേക്കാൾ അത്ഭുതം ഈ പ്രപഞ്ച സൃഷ്ടിതാവ് ഒരു മനുഷ്യനായി ഭൂമിയിൽ അവതരിച്ചു എന്നുള്ളതല്ലേ?

ജ്ഞാനത്തോട് ആകാശങ്ങളെ ഉണ്ടാക്കുകയും ഭൂമിയെ വെള്ളത്തിന്മേൽ വിരിക്കുകയും ചെയ്തത് ദൈവമാണെന്ന് ബൈബിളിൽ പറയുന്നു. (സങ്കീർത്തനം 136:5) ഈയോബ് 38:4 "ഞാൻ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു" നിനക്ക് വിവേകമുണ്ടെങ്കിൽ പ്രസ്താവിക്ക. "അതിന്റെ അളവ് നിയമിച്ചവൻ ആർ. നീ അറിയുന്നുവോ അല്ല, അതിനു അളവുനൂൽ പിടിച്ചവനാർ. പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കുകയും ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ അതിന്റെ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചു. അല്ല, അതിന്റെ മൂലക്കല്ലിട്ടവൻ ആർ."

ദൈവത്തിന്റെ ജ്ഞാനത്താൽ താൻ ഇതൊക്കെയും നിശ്ചിത അകലത്തിൽ ഒന്നോടൊന്ന് അടുത്തുവരാതെ ഓരോ ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കും സഞ്ചാരപാത നിശ്ചയിച്ചിരിക്കുന്നു. സൂര്യനെ ഭൂമിയിൽ നിന്നും 9 കോടി 29 ലക്ഷം മൈൽ അകലെയാക്കി നിർത്തിയിരിക്കുന്നു. അതല്പം അടുത്തുപോയാൽ ഭൂമി കത്തിനശിക്കും. ചന്ദ്രനെ 238900 മൈൽ അകലെ നിർത്തിയിരിക്കുന്നു. ചന്ദ്രൻ ഭൂമിയോട് അടുത്താൽ കടലിൽ മാത്രമല്ല തടാകങ്ങളും വേലിയേറ്റംകൊണ്ട് നശിക്കും. ബൈബിൾ പറയുന്നു (ഈയോബ് 38:33) "ആകാശത്തിലെ നിയമങ്ങളെ നീ അറിയുന്നുവോ? അതിന് ഭൂമിമേലുള്ള സ്വാധീനത നിർണ്ണയിക്കാമോ?"

ഈ അപാരമായ പ്രപഞ്ചത്തെ നിർമ്മിക്കുകയും ഇവയ്ക്ക് പേർ വിളിക്കുകയും ചെയ്യുന്ന ശക്തിയാണ് ദൈവം.

ഈ പ്രപഞ്ചം മുഴുവനും സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളാകട്ടെ കർതൃത്വങ്ങളാകട്ടെ വാഴ്ചകളാകട്ടെ അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ. അവൻ സകലത്തിനും ആധാരമായിരിക്കുന്നു. അതേ ഈ പ്രപഞ്ചത്തിന്റെ മുഴുവൻ ആധാരം കൈയിലുള്ള യേശുക്രിസ്തുവിന്റെ 'ഇവിടെ കയറിവരുവിൻ' എന്നുള്ള ശബ്ദത്തിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ മഹാകവി കെ.വി. സൈമണിന്റെ ഭാഷയിൽ "ആയിരം ആയിരം കോടി വാനഗോളങ്ങളെ, താണ്ടി പോയിടുന്നെൻ മാർഗ്ഗം ഊഹിക്കാവതോ."

സമീപഭാവിയിൽ നമ്മുടെ കർത്താവിന്റെ ശബ്ദം വാനമേഘത്തിൽ നാം കേൾക്കും. ഭൂമിയുടെ ഗ്രാവിറ്റേഷനെ ഭേദിച്ചുകൊണ്ട് ദൈവമക്കൾ ഈ ഭൂമിയോട് വിട പറയും. ഭൂമിയോട് അടുക്കുംതോറും ആകർഷണം കൂടുകയും അകലുംതോറും ഗ്രാവിറ്റേഷൻ കുറയുകയും ചെയ്യും.


ഒരു വ്യക്തി ഭൂമിക്ക് മുകളിൽ 350 മൈൽ ഉയരത്തിൽ നിന്നും ഭൂമിയിലേക്ക് ചാടിയാൽ ഏകദേശം രണ്ട് വർഷത്തോളം അയാൾ ഭൂമിക്കു മുകളിൽ പറന്നുനടക്കും. അതിനുശേഷം ക്രമേണ ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് വരും. എന്നാൽ 2700 ഡിഗ്രി ഫാരൺഹീറ്റിൽ ആ വ്യക്തി കരിഞ്ഞു ചാമ്പലായി പോകും. ശരിയായ കവചങ്ങൾ ഇല്ലാതെ ഒരാൾക്ക് ഈ ഭൂമിയിലേക്ക് കടന്നുവരുവാനോ പുറത്തുപോകാനോ സാദ്ധ്യമല്ല. വിശുദ്ധ പൗലോസ് കൊരിന്ത്യരെ ഉദ്ബോധിപ്പിക്കുമ്പോൾ "അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമെയ്ക്കുന്നതിനിടയിൽ നാം രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും." കണ്ണിമയ്ക്കുന്നതിനിടയിൽ എന്നത് സെക്കൻഡിന്റെ ആയിരത്തിൽ ഒന്ന്. അറ്റോമോസ് എന്ന ഗ്രീക്ക് പദം പൗലോസ് ഉപയോഗിച്ചിരിക്കുന്നു. അതായത് വിഭജിക്കാൻ സാദ്ധ്യമല്ലാത്തവ എന്ന് അർത്ഥം. ഭൂമിയുടെ ആകർഷണവലയത്തെ ഭേദിച്ച് ഗ്രാവിറ്റേഷൻ തിയറിയെ പരാജയപ്പെടുത്തി ദൈവജനം കുതിച്ചുയരും. എം. ഇ. ചെറിയാൻ സാറിന്റെ ഭാഷയിൽ പറഞ്ഞാൽ പിന്നെ പുതുയുഗം വിരിയും. തിരികെ വരാതെ നാം നിത്യതയിൽ മറയും. സമീപഭാവിയിൽ നടക്കുവാൻ പോകുന്ന ഏറ്റവും വലിയ അത്ഭുതമായിരിക്കും റാപ്ചർ അഥവാ ദൈവജനത്തിന്റെ ഉയിർപ്പ്.

# റവ.ഫാ. ചെറിയാൻ (സണ്ണി) എം. കുന്നേൽ കോർ എപ്പിസ്കോപ്പ സ്ഥാനത്തേക്ക്

**കോര ചെറിയാൻ**

ഡാളസ്: പുത്തൻകാവ് കുന്നേൽ വലിയവീട്ടിൽ പരേതനായ വർഗീസിന്റെയും സാറാമ്മ മാമ്മന്റെയും ദ്വിതീയ പുത്രനും പുത്തൻകാവ് സെ. മേരീസ് കത്തീഡ്രൽ ഇടവകാംഗവുമായ ചെറിയാൻ കുന്നേൽ അച്ചൻ, അമേരിക്കൻ ഭദ്രാസനങ്ങളുടെ ആരംഭകാലഘട്ടം മുതൽ അഹോരാത്രം ഭദ്രാസനത്തിന്റെ ഉന്നതിക്കുവേണ്ടി പ്രവർത്തിച്ച വന്ദ്യ തൊട്ടുപുറം കോർ എപ്പിസ്കോപ്പയുടെ സഹോദരീപുത്രനാണ്.

1978-ൽ പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായാൽ യൗപ്പധിയാക്കിനോയായും 1981-ൽ പൂർണ്ണ ശെമ്മാശ്ശപട്ടവും തുടർന്ന് അതേവർഷംതന്നെ പൂർണ്ണ വൈദിക സെമിനാരി പഠനം പൂർത്തീകരണത്തെത്തുടർന്ന് ചെറിയാൻ ശെമ്മാശ്ശൻ കാലം ചെയ്ത മലങ്കര മക്കളുടെ മനസ്സിൽ എന്നും നിത്യപ്രഭയോടെ



നിലനിൽക്കുന്ന പരിശുദ്ധ മാത്യൂസ് പ്രഥമൻ (വട്ടക്കുന്നേൽ ബാവായുടെ) സെക്രട്ടറിമാരിൽ ഒരാളായി നിയമിക്കപ്പെട്ടു. ബാഹ്യകേരള സേവനത്തിന്റെ തുടക്കമായി ജബൽപൂർ മാർ ഗ്രിഗോറിയോസ് സ്കൂൾ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ട അച്ചൻ കൽക്കട്ട ഭദ്രാസനങ്ങളിലെ വിവിധ കേന്ദ്രങ്ങളിൽ ആരാധന ആരംഭിക്കുകയും പിൽക്കാലത്ത് ആ സ്ഥാനങ്ങളിലെല്ലാം ഇടവകകൾ വളർച്ച പ്രാപിക്കുകയും ചെയ്തിട്ടുണ്ട്.

1982-ൽ അമേരിക്കയിലെത്തിയ ചെറിയാൻ അച്ചൻ മാത്യു സഹോദരനായ വന്ദ്യ തൊട്ടുപുറം കോർ എപ്പിസ്കോപ്പയോടൊപ്പം താമസിച്ച് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന ഡേ. തോമസ് മാർ മക്കാറിയോസ് തിരുമേനിയുടെ നിർദ്ദേശാനുസരണം ചിക്കാഗോ സെ. മേരീസ് ദേവാലയത്തിന്റെ പ്രഥമ വികാരിയായി ചുമതലയേറ്റ അച്ചൻ ഇരുസ്ഥലങ്ങളിലും മലങ്കര സഭയ്ക്ക് സ്വന്തമായി ദേവാലയങ്ങൾ വാങ്ങുവാൻ പരിശ്രമിച്ചു വിജയിക്കുകയും ചെയ്തു. 2004-ൽ വീണ്ടും ദേവാലയത്തിലേക്കു നിയമിതനായ അച്ചൻ സർവ്വശക്തന്റെ സഹായത്താൽ ഇന്നും തന്റെ ദൗത്യം തുടർന്നുകൊണ്ടിരിക്കുന്നു. കാൻസാസ് സിറ്റിയിൽ പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ ഒരു കോൺഗ്രിഗേഷൻ ആരംഭിക്കുകയും ഇപ്പോൾ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ഒരു അഭിമാന ഇടവകയായി വന്ദ്യ ഡിജു സ്കറിയാ അച്ചന്റെ നേതൃത്വത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. ചെറിയാൻ അച്ചന്റെ സഹധർമ്മിണി പള്ളം പാറേപ്പറമ്പിൽ കുടുംബാംഗവും വിവാഹിതരായ സുമി, ഷേർളി, ഷീബാ എന്നീ പുത്രിമാരും മരുമക്കൾ റ്റോണി ഡ്യൂക്ക്, ഫാ. ഡിജു സ്കറിയ, ജസ്റ്റിൻ ചെറിയാനുമാണ്. കൊച്ചുമക്കൾ: സാറിയാ, ഇസഹാർ ഡ്യൂക്ക്, അരിയാന, സെറഫിനാ, മൈഖാ സ്കറിയ എന്നിവരുമാണ്.

# മിൽവാക്കി വെടിവെപ്പ്: അക്രമിയടക്കം ആറ് പേർ കൊല്ലപ്പെട്ടു

**മൊയ്തീൻ പുത്തൻചിറ**

വിസ്കോൺസിൻ: മിൽവാക്കിയിലെ മോൾസൺ കൂർസ് ബ്രൂയിംഗ് കമ്പനിയിൽ നടന്ന വെടിവെപ്പിൽ തോക്കുധാരി ഉൾപ്പെടെ ആറ് പേർ കൊല്ലപ്പെട്ടതായി പോലീസ് സ്ഥിരീകരിച്ചു.



51-കാരനായ മിൽവാക്കി സ്വദേശിയാണ് സ്വയം വെടിവെച്ചു മരിച്ചത്. കൊല്ലപ്പെട്ടവരുടെ തിരിച്ചറിയൽ രേഖകൾ പിന്നീട് പുറത്തുവിടുമെന്ന് പോലീസ് മേധാവി അൽഫോൻസോ മൊറേൽസ് പറഞ്ഞു.

മിൽവാക്കിയിലെ വെസ്റ്റ് സ്റ്റേറ്റ് സ്ട്രീറ്റിലെ 4000 ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന കമ്പനിയിൽനിന്ന് അടുത്തിടെ പിരിച്ചുവിട്ട വ്യക്തിയാണ് വെടിവെപ്പ് നടത്തിയതെന്ന് പോലീസ് പറഞ്ഞു. ബുധനാഴ്ച ഉച്ചയ്ക്കുശേഷമായിരുന്നു സംഭവം.

സംഭവത്തിൽ പ്രസിഡണ്ട് ട്രംപ് ദുഃഖം രേഖപ്പെടുത്തുകയും അനുശോചനം അറിയിക്കുന്നതായും വൈറ്റ് ഹൗസ് പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. മില്ലർ കൂർസ് ബ്രൂവറിയിലെ വെടിവെപ്പിന്റെ സാഹചര്യത്തോട് പ്രതികരിക്കുകയാണെന്ന് ബ്യൂറോ ഓഫ് ആൽക്കഹോൾ, ടുബാക്കോ, ഫയർആംസ് ആൻഡ് എക്സ്പ്ലോസീവ് അറിയിച്ചു.

KERALA EXPRESS | പ്രവാസി താളുകൾ

# ഡൽഹിയിലേക്ക് യാത്ര ചെയ്യുന്ന അമേരിക്കൻ പൗരന്മാർക്ക് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ മുന്നറിയിപ്പ്



**മൊയ്തീൻ പുത്തൻചിറ**

വാഷിങ്ടൺ: യു.എസ്. പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ഇന്ത്യൻ സന്ദർശനം അവസാനിച്ചതിന്റെ തൊട്ടടുത്ത ദിവസം തന്നെ അമേരിക്കയിൽ താമസിക്കുന്ന പൗരന്മാർക്ക് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് സുരക്ഷാനിർദ്ദേശങ്ങൾ നല്കി. ഡൽഹിയിൽ നടന്ന അക്രമങ്ങളെക്കുറിച്ചും പ്രക്ഷോഭങ്ങളെക്കുറിച്ചും വളരെ ജാഗ്രത പാലിക്കണമെന്നാണ് നിർദ്ദേശത്തിൽ പറഞ്ഞിരിക്കുന്നത്. എല്ലാ അമേരിക്കൻ പൗരന്മാരും പ്രതിഷേധ പ്രദേശങ്ങളിൽ നിന്ന് മാറിനിൽക്കണമെന്നാണ് മുന്നറിയിപ്പ്.

പ്രാദേശിക മാധ്യമങ്ങളിലൂടെ പ്രകടനത്തെക്കുറിച്ചുള്ള വിവരങ്ങൾ നിരീക്ഷിക്കുന്നത് വളരെ പ്രധാനമാണെന്നും റോഡുകളും മെട്രോകളും അടച്ചുപൂട്ടുന്നതിനെക്കുറിച്ചും സാദ്ധ്യമായ കർഫ്യൂ വ്യവസ്ഥകളെക്കുറിച്ചും നിരന്തരം ജാഗ്രത പാലിക്കുകയെന്നത് വളരെ പ്രധാനമാണെന്ന് യു.എസ്. പൗരന്മാരോട് പറഞ്ഞിട്ടുണ്ട്. ആവശ്യമായ പല നടപടികളും സ്വീകരിക്കാനും പൗരന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ച ജാഗ്രതാ നിർദ്ദേശത്തിലും സെഷൻ 144-നെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇന്ത്യൻ സർക്കാർ അത്തരമൊരു നിയമം നടപ്പാക്കിയിട്ടുണ്ടെന്ന് ജാഗ്രതയിൽ പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയ ഉദ്ദേശ്യത്തോടെ നാലോ അതിലധികമോ ആളുകളെ ഒത്തുകൂടുന്നത് നിരോധിച്ചിരിക്കുന്നു. ഇതിനെ സെഷൻ 144 എന്നാണ് വിളിക്കുന്നതെന്നും ഡൽഹിയിൽ പല മേഖലകളിലും ഇതു നടപ്പാക്കിയിട്ടുണ്ടെന്നും പറയുന്നു.

**അമേരിക്കൻ പൗരന്മാർക്ക് നല്കിയിട്ടുള്ള ജാഗ്രതാ നിർദ്ദേശങ്ങളിൽ ചിലത്:** ഗതാഗതം അധികമുള്ള സ്ഥലങ്ങൾ ഒഴിവാക്കുക അല്ലെങ്കിൽ റോഡ് അടയ്ക്കുന്നതിനോ പ്രകടനങ്ങൾ നടത്തുന്നതിനോ സാദ്ധ്യതയുണ്ട്. ചർച്ചകളിൽ പങ്കാളികളാകരുത്. നിങ്ങളുടെ ചുറ്റുമുള്ള പരിസ്ഥിതിയെക്കുറിച്ച് അറിഞ്ഞിരിക്കുക. പ്രാദേശിക മാധ്യമങ്ങളിൽ ശ്രദ്ധ പുലർത്തുക. പ്രാദേശിക അഡ്മിനിസ്ട്രേഷൻ ഓർഡറുകൾ പാലിക്കുക. വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്ന പൗരന്മാർക്കും സുരക്ഷാ അലേർട്ടുകളിൽ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്.

ഇതിനു പുറമെ വിദേശത്തേക്കു പോകുന്ന അമേരിക്കൻ പൗരന്മാർക്കും മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. വിദേശത്തുള്ള അമേരിക്കൻ പൗരന്മാർ യു എസ് ഡിപ്പാർട്ടുമെന്റ് ഓഫ് സ്റ്റേറ്റ്സ് ബ്യൂറോ ഓഫ് കൗൺസിലർ അഫയേഴ്സിന്റെ വെബ്സൈറ്റിൽ സമയാസമയങ്ങളിൽ ശ്രദ്ധിക്കണമെന്ന് നിർദ്ദേശവുമുണ്ട്.

അവിടെ ലോകമെമ്പാടുമുള്ള സാഹചര്യങ്ങൾക്കനുസരിച്ച് ജാഗ്രതാ, യാത്രാ മുന്നറിയിപ്പുകൾ, രാജ്യനിർദ്ദിഷ്ട വിവരങ്ങൾ എന്നിവ കണ്ടെത്താനാകുമെന്നു പറയുന്നു.

അലേർട്ടിൽ യാത്രക്കാരുടെ ചെക്ക് ലിസ്റ്റ് അവലോകനം ചെയ്യാൻ എല്ലാ അമേരിക്കൻ പൗരന്മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. വിദേശത്തു താമസിക്കുന്ന അല്ലെങ്കിൽ വിദേശ യാത്ര ചെയ്യുന്ന അമേരിക്കൻ പൗരന്മാർക്ക് നിരവധി തൊഴിൽ സുരക്ഷാ വിവരങ്ങൾ ട്രാവലേഴ്സ് ചെക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഇടവക സന്ദർശിച്ചു

**രാജൻ വാഴപ്പള്ളിൽ**

വാഷിങ്ടൺ ഡിസി: ഇടവക സന്ദർശനങ്ങളുടെ ഭാഗമായി നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ ട്രഷറർ എബി കുര്യാക്കോസിന്റെ നേതൃത്വത്തിൽ ബോസ്റ്റൺ സെ. മേരീസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു.

ഹോളി ട്രാൻസ്ഫിഗുറേഷൻ റിട്രീറ്റ് സെന്റർ അഡ്വൈസറി ബോർഡ് അംഗം ജോർജ് വർഗീസ്, ഭദ്രാസന മർത്തമറിയം വനിതാസമാജം ജനറൽ സെക്രട്ടറി സാറാ വർഗീസ്, ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗം മേരി യോഹന്നാൻ, എബി കുര്യാക്കോസ് എന്നിവരെ ഇടവക വികാരി ഫാ. റോയ് ജോർജ് സ്വാഗതം ചെയ്തു പരിചയപ്പെടുത്തി.

ട്രഷറർ എബി കുര്യാക്കോസ് കോൺഫറൻസിനെക്കുറിച്ചും രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ചും വിവരിച്ചു. സാറാ വർഗീസ് എല്ലാ മർത്തമറിയം വനിതാസമാജം അംഗങ്ങളെയും കോൺഫറൻസിലേക്ക് ക്ഷണിച്ചു.

റോസ് മേരി യോഹന്നാൻ സുവനീറിനെക്കുറിച്ചും കുട്ടികൾക്കും മുതിർന്നവർക്കും നല്കാവുന്ന ആർട്ടിക്കിൾ, ചെറുകഥകൾ, ഗാനങ്ങൾ എന്നിവയെക്കുറിച്ചും സംസാരിച്ചു. ടോമി തോമസ് കുട്ടിക്കാലത്ത് കോൺഫറൻസിൽ പങ്കെടുത്ത അനുഭവം വിവരിച്ചു.

കൂടാതെ ജീവിതപങ്കാളിയെ ആദ്യമായി 25 വർഷം മുമ്പ് കോൺഫറൻസിൽ വെച്ച് കണ്ടുമുട്ടിയ കാര്യവും ഓർമ്മിപ്പിച്ചു.

ഫാ. എം.റ്റി. ഫിലിപ്പ് യോഗത്തിൽ സന്നിഹിതനാകുകയും ഫിലിപ്പ് വർഗീസിൽ നിന്നും ആദ്യരജിസ്ട്രേഷൻ സ്വീകരിച്ചുകൊണ്ട് കിക്കോഫ് നിർവഹിച്ചു.

തുടർന്ന് മുൻവർഷത്തെപ്പോലെ ഡോ. സീമാ ജേക്കബ്, ടോമി തോമസ് എന്നിവർ ആയിരം ഡോളർ വീതം കൊടുത്ത് ഗ്രാൻഡ് സ്പോൺസർമാരാകുകയും എട്ട് കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. നിരവധി അംഗങ്ങൾ സുവനീറിലേക്ക് പരസ്യങ്ങളും നല്കി.



# കോശി ജോർജ് ഫിയാകോന പ്രസിഡണ്ട്

ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് ഇന്ത്യൻ ക്രിസ്ത്യൻ ഓർഗനൈസേഷൻ ഇൻ നോർത്ത് അമേരിക്ക (ഫിയാകോന) യുടെ പ്രസിഡണ്ടായി കോശി ജോർജ് തെരഞ്ഞെടുക്കപ്പെട്ടു. ഡിസംബർ 15ന് നടന്ന വാർഷികസമ്മേളനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. സ്ഥാനമൊഴിയുന്ന പ്രസിഡണ്ട് ജോൺ പ്രഭുദോസ് ബോർഡ് ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു. പ്രഭുദോസ് തുടർന്നും വാഷിങ്ടണിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. നിലവിലുള്ള എക്സിക്യൂട്ടീവ് ബോർഡ് മറ്റുള്ള സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടക്കുന്നതുവരെ അതത് സ്ഥാനങ്ങളിൽ തുടരും.

യുഎസിലേയും കാനഡായിലേയും ഇന്ത്യൻ വംശജരായ പ്രോട്ടസ്റ്റന്റ്, റോമൻ കത്തോലിക്കാ, പെന്തെക്കോസ്തൽ തുടങ്ങിയ സഭാവിഭാഗങ്ങളുടെയും സ്വതന്ത്രസഭാ സംഘടനകളുടെയും ഐക്യവേദിയായ ഫിയാകോന (www.fiacona.org) മതസ്വാതന്ത്ര്യവും മനുഷ്യാവകാശവും സംരക്ഷിക്കുക, ആതുരസേവനം നടത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയാണ്.

ഇന്ത്യയിലെ ക്രിസ്ത്യാനികൾ അനുഭവിക്കുന്ന മതപീഡനത്തിനെതിരെ പ്രതികരിക്കുന്നതിലും ഫിയാകോന ശ്രദ്ധകേന്ദ്രീകരിച്ചുവരുന്നു. വാഷിങ്ടൺ ഡിസി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫിയാകോന 2000-ൽ രൂപീകൃതമായതുതന്നെ ഇന്ത്യയിലുടനീളം ക്രിസ്ത്യാനികൾക്കെതിരെ വ്യാപകമായ തോതിൽ ആക്രമണങ്ങൾ നടന്നതിനെ അപലപിക്കുന്നതിനും അതിനെതിരെ ശക്തമായി പ്രതികരിക്കുന്നതിനും സംഘടിതമായ ശ്രമം ആവശ്യമാണെന്നുള്ള തിരിച്ചറിവിന്റെ ഫലമായിട്ടായിരുന്നു.

ഭാരതത്തിലെ രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ദേവാലയങ്ങളും ആരാധനാലയങ്ങളും സംരക്ഷിക്കപ്പെടുക, അവയുടെ സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യവും ഭരണഘടന ഉറപ്പു നല്കിയിട്ടുള്ള സമത്വവും ആരാധനാസ്വാതന്ത്ര്യവും മൗലികാവകാശങ്ങളും ഹനിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുക എന്നിവ ഫിയാക്കോനായുടെ പ്രഖ്യാപിത ലക്ഷ്യമാണ്. നോർത്ത് അമേരിക്കയിലെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിലും പ്രവർത്തനങ്ങളിലും സജീവസാന്നിദ്ധ്യവും.



ന്യൂയോർക്കിലെ സി.എസ്.ഐ സഭയുടെ സ്ഥാപകരിലൊരാളായ കോശി ജോർജ് പല പ്രാദേശിക ഇടവകകളിലും വിവിധ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൗൺസിൽ ഓഫ് സി.എസ്.ഐ കോൺഗ്രിഗേഷൻസ് ഇൻ നോർത്ത് അമേരിക്കയുടെ രൂപീകരണത്തിനു മുൻകൈയെടുത്ത കോശി ജോർജ് കൗൺസിലിൽ ഉത്തരവാദപ്പെട്ട പല സ്ഥാനങ്ങളും വഹിച്ചു. തുടർച്ചയായി കഴിഞ്ഞ ആറു വർഷക്കാലം നാഷണൽ അസോസിയേഷൻ ഓഫ് ഏഷ്യൻ ഇന്ത്യൻ ക്രിസ്ത്യൻസ് (എൻഎഎഐസി) യുടെ പ്രസിഡണ്ടായി പ്രവർത്തിച്ചുവരുന്നു. ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുകയും പ്രതിഷേധം സംഘടിപ്പിക്കുകയും ചെയ്യുന്നത് ഈ സംഘടനയുടെ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിനുവേണ്ടി യുണൈറ്റഡ് നേഷൻസിന്റെയും ഇന്ത്യൻ കോൺസിലേറ്റിന്റെയും മുമ്പിൽ പ്രതിഷേധറാലികൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

നയപരമായ നിലപാടുകളെടുക്കുന്നതിൽ സംഘടന കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകതയും ഭാരതത്തിലെ സഭകളുടെയും ക്രിസ്തീയ ദേവാലയങ്ങളുടെയും സുരക്ഷയും നിലനില്പും വെല്ലുവിളി നേരിടുന്ന അവസരത്തിൽ ബോധവത്കരണവും പ്രതിഷേധവും സംഘടിപ്പിക്കുവാൻ കഴിവും നേതൃപരിചയവും സന്നദ്ധതയുമുള്ള ഇന്ത്യൻ അമേരിക്കൻ നേതാക്കൾ മുമ്പോട്ടുവരണമെന്നും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട കോശി ജോർജ് എടുത്തുപറഞ്ഞു. മോദി സർക്കാരിന്റെ ഹിന്ദുത്വ അജണ്ട മതേതര ജനാധിപത്യ രാഷ്ട്രമെന്ന നിലയിലുള്ള ഇന്ത്യയുടെ നിലനില്പിനു തന്നെ ഭീഷണിയാണുയർത്തുന്നതെന്നും അത് മറ്റ് മധ്യേഷ്യൻ രാജ്യങ്ങളിൽ സംഭവിച്ചതുപോലെ മതന്യൂനപക്ഷങ്ങളുടെ പാർശ്വവത്കരണത്തിനും വംശനാശത്തിനു തന്നെയും വഴിയൊരുക്കുമെന്നും ഇതിനെതിരെ ഓരോ ഇന്ത്യൻ അമേരിക്കൻ ക്രിസ്തീയവിശ്വാസിയും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണെന്നും കോശി ജോർജ് മുന്നറിയിപ്പ് നല്കി.

**ഫിയാകോനയുടെ പ്രധാന ലക്ഷ്യങ്ങൾ:** ഇന്ത്യയിലെ ക്രിസ്ത്യാനികളും ദളിതരും നേരിടുന്ന പീഡനത്തെ സംബന്ധിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചും വാർത്തകളും വിവരങ്ങളും വിതരണം ചെയ്തും സമ്മേളനങ്ങൾ സംഘടിപ്പിച്ചും അമേരിക്കൻ മുഖ്യധാരയെ ബോധവത്കരിക്കുക, അമേരിക്കൻ രാഷ്ട്രീയ നേതാക്കളുമായി സഹകരിച്ച് നിയമനിർമ്മാണത്തിലൂടെ ഇന്ത്യയിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളും ന്യൂനപക്ഷ മതപീഡനവും അവസാനിപ്പിക്കാൻ ശ്രമിക്കുക, മതത്തിന്റെ പേരിൽ അടുത്തിടെ നടപ്പാക്കിയ കുടിയേറ്റ നിയന്ത്രണ ബിൽ പിൻവലിക്കുക, വിദേശ സന്നദ്ധസംഘടനകൾക്ക് ഇന്ത്യയിൽ പ്രവർത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യുക, ദളിതരെയും അഹിന്ദുക്കളെയും പ്രതികൂലമായി ബാധിക്കുന്ന വിദ്യാഭ്യാസ നയം അവസാനിപ്പിക്കുക എന്നിവയെല്ലാം അമേരിക്കൻ ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകളിലൂടെ അവസാനിപ്പിക്കാവുന്ന നടപടികളാണ്.

മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ വംശജരായ അമേരിക്കൻ പൗരന്മാർക്ക് ഇന്ത്യയിലേക്കു പോകുന്നതിനും മതപരമായ ചടങ്ങുകളിൽ സംബന്ധിക്കുന്നതിനും സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിനും വിലക്ക് ഏർപ്പെടുത്തുന്നതിനെതിരെ ശബ്ദമുയർത്തുക, യുണൈറ്റഡ് സ്റ്റേറ്റ്സ് അംബാസഡർ ഫോർ റിലിജിയസ് ഫ്രീഡം സാംബ്രൗൺ ബാക്ക് വിളിച്ചുകൂട്ടുന്ന റിലിജിയസ് ഫ്രീഡം റൗണ്ട് ടേബിളിൽ സജീവമായി പങ്കാളികളാകുക, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ്, എക്യുമെനിക്കൽ അഡ്വക്കസിഡേയ്സ്, ന്യൂയോർക്ക് സ്റ്റേറ്റ് കൗൺസിൽ ഓഫ് ചർച്ചസ് എന്നീ സംഘടനകളുമായി സഹകരിച്ച് ഇന്ത്യയിലെ മതസ്വാതന്ത്ര്യത്തിന്റെ അഭാവവും മനുഷ്യാവകാശ ലംഘനങ്ങളുടെയും ശരിയായ വിവരം അതത് സംഘടനകളുടെ അംഗങ്ങൾ ലഭ്യമാക്കുക, ഐക്യരാഷ്ട്രസഭയുടെ വിവിധ നിയമ നിർമ്മാണ സംവിധാനങ്ങളോടും കമ്മീഷനുകളോടും ചേർന്നു പ്രവർത്തിച്ച് ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾക്കും ദളിതർക്കും മനുഷ്യാവകാശവും തുല്യാവകാശവും ഉറപ്പുവരുത്തുക.

കൂടുതൽ വിവരങ്ങൾക്ക്: കോശി ജോർജ് 202 924 4087.

## സ്വർണ്ണം, റബർ മാർക്കറ്റ്

(ഫിലാഡൽഫിയ ബ്യൂറോ)

### സ്വർണ്ണം

| | |
|---|---|
| 8 ഗ്രാം | 31640 |
| 1 ഗ്രാം | 3955 |

### റബർ

| | |
|---|---|
| കോട്ടയം | 13500 |
| കൊച്ചി | 13450 |
| കോഴിക്കോട് | 13150 |

### രാജ്യാന്തരം

| | |
|---|---|
| ബാങ്കോക്ക് | |
| ആർ.എസ്.എസ്.-1 | 11911 |
| ആർ.എസ്.എസ്.-2 | 11776 |
| ആർ.എസ്.എസ്.-3 | 11652 |
| ആർ.എസ്.എസ്.-4 | 11584 |
| എസ്.എം.ആർ.-20 | 9490 |


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


7 മലയാളം ചാനൽ, മാസം $13.33 മാത്രം
ഒരു വർഷത്തേക്ക് $160.00 ഒരുമിച്ച് അടക്കുക. *
മഴവിൽ manorama
SURYA
SURYA MOVIE
KAIRALI
KAIRALI NEWS
NEWS 18 കേരളം
WILLOW
INDIA TODAY TELEVISION
NDTV 24x7
dish
sling
അമേരിക്കയിലെ അംഗീകൃത മലയാളം ചാനൽ വിതരണക്കാർ.
UNITED MEDIA DVP INC
AUTHORIZED RETAILER
UNITEDMEDIALIVE.COM
unitedmediads@gmail.com
Call: 972 839 9080 - 914 954 9586
മഴവിൽ മനോരമ, സൂര്യ, സൂര്യ സിനിമ, കൈരളി, കൈരളി ന്യൂസ്, കൈരളി വി ചാനൽ, ചാനൽ 18 മലയാളം ന്യൂസ്, രണ്ടു ക്രിക്കറ്റ് ചാനൽ. കൂടാതെ നിരവധി ഫ്രീ ചാനലുകളും




# ഒരു കാമ്പസിന്റെ തിളക്കവും സ്വപ്നവുമായി വർത്തമാനം

സമീപകാലത്തെ ഏറ്റവും കാലിക പ്രാധാന്യമുള്ള വിഷയത്തെ അടിസ്ഥാനമാക്കി സിദ്ധാർത്ഥ് ശിവ സംവിധാനം ചെയ്യുന്ന ചിത്രമാണ് വർത്തമാനം.

കേരളത്തിൽ നിന്നും ദില്ലിയിലെ കാമ്പസിൽ പഠിക്കാനെത്തിയ ഫൈസ സൂഫി എന്ന പെൺകുട്ടിയേയും സഹപ്രവർത്തകരായ കുട്ടികളെയും കേന്ദ്രകരിച്ചുകൊണ്ടാണ് ഈ ചിത്രത്തിന്റെ അവതരണം. സമീപകാലത്ത് ദില്ലിയിലെ ജെഎൻയു സർവകലാശാലയിലെ പ്രശ്നങ്ങൾ ഈ ചിത്രത്തിന്റെ കാതലായ വിഷയമാകുന്നു.

പാർവതി തിരുവോത്താണ് ഈ ചിത്രത്തിലെ കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്നത്.

ആര്യാടൻ ഷൗക്കത്തിന്റേതാണ് തിരക്കഥ. മലയാളത്തിന് പുറമെ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അഭിനേതാക്കളും ഈ ചിത്രത്തിലണിനിരക്കുന്നുണ്ട്.

ദില്ലിക്കും കേരളത്തിനും പുറമെ ഉത്തരാഖണ്ഡും നൈനിറ്റാളുമൊക്കെ ഈ ചിത്രത്തിലെ പ്രധാന ലൊക്കേഷനുകളാണ്. എല്ലാ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും ഇന്ത്യയ്ക്കു പുറത്തുള്ള കുട്ടികളും പഠിക്കുന്ന ഒരു കാമ്പസ്. വ്യത്യസ്ത വീക്ഷണങ്ങളും, മതവിഭാഗത്തിൽപ്പെട്ടവരും, സംസ്കാരവും, വ്യത്യസ്ത ഭാഷകളുടേയുമൊക്കെ സംഗമസ്ഥാനമാണ് ഈ കലാശാല. കലാശാലയിൽ ഫൈസ ഉൾപ്പെടെയുള്ള സഹപാഠികൾക്ക് തിക്തമായ അനുഭവങ്ങൾ ഉണ്ടാകുന്നിടത്താണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. ഉയർന്ന ചിന്താഗതിയും ആശയങ്ങളുമുള്ള കുട്ടികളുടെ പ്രതികരണശേഷി അവരെ ഒന്നിപ്പിക്കാൻ പ്രേരിപ്പിക്കുകയാണ്. സ്വാതന്ത്ര്യസമര സേനാനിയായ അബ്ദുറഹ്മാൻ സാഹിബിന്റെ ആരാധകനായ ഒരാളിന്റെ ചെറുമകളായ ഫൈസ അബ്ദുറഹ്മാൻ സാഹിബിനെക്കുറിച്ചുള്ള റിസർച്ചിന് വേണ്ടിയാണ് കാമ്പസിലെത്തുന്നത്.

കാമ്പസിലെ ഗൗരവമായ നീക്കങ്ങൾക്കൊപ്പം ശക്തമായ ഒരു പ്രണയവും ഈ ചിത്രം പറയുന്നുണ്ട്. റോഷൻ മാത്യൂസ് അവതരിപ്പിക്കുന്ന അമൽ എന്ന കഥാപാത്രമായിട്ടാണ് ഫൈസയ്ക്ക് പ്രണയമുണ്ടാകുന്നത്. ഒരു കാമ്പസിന്റെ തിളക്കവും സ്വപ്നങ്ങളുമൊക്കെ ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുമ്പോൾ പുതിയ തലമുറയുടെ ലക്ഷ്യബോധത്തെയും പ്രതികരണ ശേഷിയേയുമൊക്കെ ഈ ചിത്രം കാട്ടിത്തരുന്നുണ്ട്.



സിദ്ധിഖ് അവതരിപ്പിക്കുന്ന പൊതുവാൾ മറ്റൊരു പ്രധാന കഥാപാത്രമാണ്.

സുധീഷ്, നിർമ്മൽ പാലാഴി, ഡെയ്ൻ ഡേവിഡ് എന്നിവർക്കൊപ്പം നിരവധി പുതുമുഖങ്ങളും ഈ ചിത്രത്തിലണിനിരക്കുന്നു. റഫീഖ് അഹമ്മദ്, വിശാൽ ജോൺസൺ എന്നിവരുടെ ഇഷ്ടഗാനങ്ങൾക്ക് പണ്ഡിറ്റ് രമേഷ് നാരായണൻ, ഇഷാം അബ്ദുൾ വഹാബ് എന്നിവർ ഈണം പകരുന്നു.

ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ ബെനസീർ നാസറും ആര്യാടൻ ഷൗക്കത്തും ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

# മാഹി പൂർത്തിയായി

മാഹി. ഈ പ്രദേശത്തിന്റെ പ്രത്യേക സാദ്ധ്യതകളെ പശ്ചാത്തലമാക്കി നവാഗതനായ സുരേഷ് കുറ്റ്യാടി സംവിധാനം ചെയ്യുന്ന ചിത്രമാണ് മാഹി. മലയാളത്തിലെ ഒരുപിടി യുവതാരങ്ങൾ അണിനിരക്കുന്ന ഈ ചിത്രത്തിന്റെ ചിത്രീകരണം രണ്ട് ഘട്ടങ്ങളിലായി മാഹിയിൽ പൂർത്തിയായി.



എം. മുകുന്ദന്റെ വിമോചന സമര നായകൻ, മദ്യവർജ്ജനത്തിനുവേണ്ടി പോരാടിയ എം.കെ. കുമാരൻ മാസ്റ്ററുടെ മാഹി, മയ്യഴിയെപ്പറ്റി ഇതുവരെ പറയാത്ത അറിയാത്ത കഥയുമായിട്ടാണ് അണിയറ പ്രവർത്തകർ കടന്നുവരുന്നത്. വി.എസ്. ഡി.എസ്സ്. എന്റർടൈനേഴ്സിന്റെ ബാനറിൽ വസന്തൻ, ഷാജിമോൻ, ഡോ. ധ്രു ഹീൻ, ഡോ. ശ്രീകുമാർ എന്നിവരാണ് ഈ ചിത്രം നിർമിക്കുന്നത്. മാഹിയിലെ പ്രത്യേക സാഹചര്യങ്ങൾക്ക് വിധേയനായി മദ്യത്തിനടിമയായ അലസനുമായ മാനവ് കൃഷ്ണനും മദ്യത്തിനെതിരെ ശബ്ദമുയർത്തുന്ന ഹിതാ ദാസ് എന്ന പെൺകുട്ടിയും തമ്മിലുണ്ടാകുന്ന പ്രണയവും അതിലൂടെയുണ്ടാകുന്ന സംഘർഷങ്ങളുമാണ് ചിത്രം.

അനീഷ് ജി. മേനോനും ഗായത്രി സുരേഷുമാണ് കേന്ദ്ര കഥാപാത്രങ്ങളായ മാനവ് കൃഷ്ണ, ഹിതാ ദാസ് എന്നിവരെ അവതരിപ്പിക്കുന്നത്.

ഇവർക്ക് പുറമേ ഹരീഷ് കണാരൻ, അൽത്താസ്, നവാസ് വള്ളിക്കുന്ന്, അനീഷ് ഗോപാൽ, ഷഹീർ സിദ്ധിഖ്, സുധീർ കരമന, സ്ഫടികം ജോർജ്, സുശീൽ കുമാർ, ശശാങ്കൻ, മനു ആദിത്യ, അനുജോസഫ്, സാവിത്രി ശ്രീധരൻ, അൽസാബിത് (ഉപ്പും മുളകും ഫെയിം), സനൂപ്, ആശാ നായർ എന്നിവരും ഈ ചിത്രത്തിലെ പ്രധാന താരങ്ങളാണ്. ഈ ചിത്രത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

# ബാക്ക് പാക്കേഴ്സ്

സംവിധായകൻ ജയരാജ് തന്റെ പുതിയ സിനിമയായ ബാക്ക് പാക്കേഴ്സിലൂടെ പറയുന്ന കഥയുടെ പശ്ചാത്തലത്തിൽ കാൻസർ രോഗത്തിന്റെ ചില തലങ്ങളുണ്ട്. കാൻസർ രോഗവുമായി ബന്ധപ്പെട്ടുള്ള ഒരു പ്രണയകഥയാണ് ഈ സിനിമയിലൂടെ അവതരിപ്പിക്കുന്നത്.

ഖലീലും ദയയും. പുതിയ തലമുറയിലെ രണ്ട് കമിതാക്കളാണ് ഇവർ. ടിയുണ്ടെങ്കിൽ പിന്നെ എല്ലാമായി. അതിനുള്ളിൽ ഒതുങ്ങും. അത്തരമൊരു യാത്ര പുറപ്പെടലിന്റെയും യാത്രകൾ ചെന്ന് ചേരുന്നതിന്റെയും ഒരു കഥ ഈ സിനിമയുടെ പിന്നിലുണ്ട്.

ഖലീൽ, ദയ എന്നീ പ്രണയജോഡികളെ അവതരിപ്പിക്കുന്നത് യഥാക്രമം കാളിദാസ് ജയറാമും പുതുമുഖം കാർത്തികാ നായരുമാണ്. ഡൽഹി മലയാളിയാണ് കാർത്തിക. രഞ്ജി പണിക്കർ, ഉല്ലാസ് പന്തളം, ശിവ, ജിത്തു പത്മനാഭൻ, സബിതാ ജയരാജ് എന്നിവരോടൊപ്പം ഡോ. വി.പി. ഗംഗാധരനും ശ്രദ്ധേയ കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്.

പ്രകൃതി പിക്ച്ചേഴ്സിന്റെ ബാനറിൽ ഡോ. സുരേഷ് കുമാർ മുട്ടത്താണ് ഈ സിനിമ നിർമിക്കുന്നത്. കഥ, തിരക്കഥ, സംഭാഷണം, ഗാനങ്ങൾ സംവിധായകൻ ജയരാജ് തന്നെ രചിക്കുന്നു.



പുതിയ തലമുറയുടെ ഏറ്റവും വലിയ സിംബലാണ് ബാക്ക് പാക്കേഴ്സ്.

പഴയകാലങ്ങളിൽ യാത്ര പുറപ്പെടുന്നതിന് ചില രീതികളുണ്ടായിരുന്നു. കാലം മാറിയതോടെ രീതികളും മാറിപ്പോയി. ഇന്ന്, യുവാക്കൾ തോളിൽ ഒരു ബാഗുമായി എവിടെയും യാത്ര പോകുന്നത് നിമിഷ വേഗതയിലാണ്. ആ ബാഗിനുള്ളിൽ അവർക്കു വേണ്ടതെല്ലാം ഉണ്ടാകും. ചിലപ്പോൾ അവർ തനിച്ചാകും യാത്ര. അല്ലെങ്കിൽ കൂട്ടുചേർന്നായിരിക്കും.

ഇന്ന് ഏത് രാജ്യത്ത് പോയാലും ഇതുപോലെയുള്ള ബാക്ക് പാക്കേഴ്സിനെ കാണാവുന്നതാണ്. അവരുടെ ബാഗിനുള്ളിൽ ഒരു ലാപ് ടോപ്പുംകൂ

# ബറോസ് ജൂണിൽ തുടങ്ങും

മോഹൻലാലിന്റെ ആദ്യ സംവിധാന സംരംഭമായ ബറോസ് എന്ന ചിത്രം ജൂണിൽചിത്രീകരണമാരംഭിക്കും. 2019 ഒക്ടോബറിൽ ചിത്രീകരണം തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും മോഹൻലാലിന്റെ മറ്റു സിനിമകളിലെ തിരക്കുമൂലം നീട്ടിവെക്കുകയായിരുന്നു.

ഒരു മാധ്യമത്തിനു നൽകിയ അഭിമുഖത്തിലാണ് ബറോസിന്റെ ആദ്യ ഷെഡ്യൂൾ ജൂണിൽ തുടങ്ങുന്ന കാര്യം മോഹൻലാൽ വെളിപ്പെടുത്തിയത്.

ഗോവയും കേരളവുമാണ പ്രധാന ലൊക്കേഷൻ. ഒരു കുട്ടിക്കും ഭൂതത്തിനും ഇടയിലുള്ള നിഗൂഢതയാണ് ഈ ത്രീഡി ചിത്രത്തിന്റെ ഇതിവൃത്തം.





പകൽക്കിനാവ്

ജോർജ് തുമ്പയിൽ 190

thumpayil@aol.com

# കൊറോണയെ ആർക്കാണ് പേടി?

ചൈനയിലെ വുഹാൻ നഗരത്തിൽ 2019 ഡിസംബർ 31-ന് പടർന്ന ന്യൂമോണിയ പിന്നീട് കൊറോണ രോഗമായി ലോകമെങ്ങും വ്യാപിച്ചിരിക്കുകയാണ്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പകർച്ചവ്യാധി എന്നു ലോകാരോഗ്യസംഘടന തന്നെ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. രോഗം പടരാതിരിക്കാൻ പലേടത്തും വലിയ ജാഗ്രതകൾ സ്വീകരിച്ചിരിക്കുന്നു. അമേരിക്കയിൽ നിരവധി കേസുകൾ ഇതിനകം റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. അറുപതു ദിവസത്തിനുള്ളിൽ ആദ്യ മരണവും യുഎസിൽ സംഭവിച്ചു. വാഷിംഗ്ടൺ സ്റ്റേറ്റിലെ സിയാറ്റിലിലായിരുന്നു ഇത്. കാലിഫോർണിയ, ഓറിഗൺ എന്നിവിടങ്ങളിലും ചിലർക്ക് വൈറസ് ബാധ സംശയിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. ന്യൂജേഴ്സിയിലെ മൊൻമത്തിൽ ഐസൊലേഷൻ വാർഡിൽ രോഗിയെ നിരീക്ഷിക്കുന്നു. ന്യൂയോർക്ക് സിറ്റിയിൽ ഇതേ വരെ വൈറസ് ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ലോകത്താകെ ഒരു ലക്ഷത്തോളം പേർക്ക് വൈറസ് ബാധിച്ചതായാണ് കണക്ക്. മൂവായിരത്തോളം പേർ മരിച്ചത് വെറും രണ്ടു മാസത്തിനുള്ളിൽ. യുഎസ് അടക്കം പല രാജ്യങ്ങളും രോഗം ബാധിച്ചയിടങ്ങളിലേക്കുള്ള വ്യോമയാന ഗതാഗതം നിർത്തി. പലരും പുറത്തു നിന്നുള്ളവരെ സ്വീകരിക്കാൻ മടിക്കുന്നു. അത്രയ്ക്കും ഭയാനകമാണ് കാര്യങ്ങൾ.

കാര്യങ്ങൾ ഇങ്ങനെ ഭീതികരമായി തുടരുമ്പോഴും സമൂഹമാധ്യമങ്ങളിൽ ഇപ്പോഴും കൊറോണ വലിയ തമാശയായി മുന്നേറുകയാണ്. കൊറോണയെ ആർക്കും ഭയമില്ലെന്നും, ഇതു തങ്ങളുടെ ഏഴയൽപക്കത്ത് പോലുമെത്തില്ലെന്ന മട്ടിലാണ് സന്ദേശങ്ങൾ പരക്കുന്നത്. തെറ്റിദ്ധാരണ പടർത്തുന്ന നിരവധി സന്ദേശങ്ങൾ ഇവിടെ പറന്നു കളിക്കുന്നു. ഇത്തരം നവമാധ്യമങ്ങളോടു ശക്തമായ എതിർപ്പുള്ളതിനാൽ ഈ ലേഖകൻ ഇപ്പോഴും ഫേസ്ബുക്ക് പോലെയുള്ള വിവരപങ്കിടൽ മാധ്യമത്തിൽ പങ്കാളിയല്ല. എന്നാൽ, അടിയന്തരാവശ്യമുള്ള ഇൻസ്റ്റന്റ് മെസേജിങ് സംവിധാനമായ വാട്സ് ആപ്പിൽനിന്നും ഒഴിഞ്ഞു നിൽക്കാനും കഴിയുന്നില്ല. ഇവിടെയാണ് ഇപ്പോൾ തെറ്റിദ്ധാരണ പരത്തുന്നതും അസ്വാഭാവികവുമായ വാർത്തകൾ പരക്കുന്നത്, അതും തലയ്ക്ക് മീതേ കൊറോണ വൈറസ് തൂങ്ങിയാടുമ്പോൾ. ശുദ്ധ അസംബന്ധമായ ഇത്തരം വാർത്തകൾ ശരിയെന്ന മട്ടിൽ പറത്തി വിടുന്നത് വിവരവും വിദ്യാഭ്യാസമുള്ളവരാണെന്നതും ഓർക്കണം. അത്തരത്തിൽ രണ്ടു കാര്യങ്ങളെക്കുറിച്ചു പറയാം.

ചൈനയുടെ അടുത്ത അയൽവാസിയാണെങ്കിലും ഇന്ത്യ കൊറോണ വൈറസ് രഹിതമാണെന്നും ഇതിനുള്ള വലിയ കാര്യങ്ങൾ ഇനി പറയുന്നതാണെന്നും കാണിച്ചു കൊണ്ടുള്ള ഒരു വാട്സ് ആപ്പ് സന്ദേശം നിരവധി ഗ്രൂപ്പുകളിലാണ് ഈ ലേഖകൻ കാണാനിടയായത്. ഈ ഗ്രൂപ്പുകളിലെല്ലാം തന്നെ ആതുരസേവനരംഗത്ത് വലിയ സംഭവാനകൾ നൽകുന്ന വിശിഷ്ട വ്യക്തികളുടെ സാന്നിധ്യവും ഉണ്ടെന്നത് ആശ്ചര്യപ്പെടുത്തുന്നു.

വാട്സ് ആപ്പ് സന്ദേശം ഏതാണ്ട് ഇപ്രകാരമായിരുന്നു. അതിൽ ഇന്ത്യയിൽ കൊറോണ പരക്കാതിരിക്കാൻ പത്തു ന്യായങ്ങളാണ് പറയുന്നത്. കൊറോണ പടർന്നു പിടിക്കാൻ ഏറെ സാധ്യതയുള്ളതായിട്ടും, അയൽരാജ്യമായിട്ടും ഇന്ത്യ രക്ഷപ്പെട്ടു നിൽക്കുന്നതിന്റെ കാരണങ്ങൾ കേട്ടാൽ ബോധമുള്ള ആരും ചിരിച്ചുപോകും. സംഗതി ഇങ്ങനെ-

1) ഇന്ത്യൻ ജീനുകൾ കൊറോണ വൈറസ് പരത്തുന്ന രോഗത്തെ കാര്യമായി പ്രതിരോധിക്കാൻ ശേഷിയുള്ളതാണത്രേ. (ഇന്ത്യക്കാർക്കു മാത്രമായി എന്തൊരു ജീൻ! ബംഗ്ലാദേശികളും പാക്കിസ്ഥാനികളും നേപ്പാളുകാരും, ഭൂട്ടാൻകാരും എന്തിന് ബദ്ധവൈരികളായ സിക്കീമുകാർക്കും ഇന്ത്യക്കാരിൽ നിന്നും വിഭിന്നമായ ഏതു തരം ജീൻ ആണാവോ ശരീരത്തിൽ ഉള്ളത്.)

2) കുറഞ്ഞ ശുചിത്വം ഇന്ത്യക്കാരെ ഈ വൈറസിൽ നിന്ന് പ്രതിരോധിക്കാൻ പ്രേരിപ്പിച്ചു.

3) ഇന്ത്യൻ കറിയിൽ ആന്റിവൈറൽ ഘടകങ്ങൾ അടങ്ങിയിരിക്കാം.



4) നമ്മുടെ ഭക്ഷണത്തിലെ ഉയർന്ന അളവിലുള്ള മുളകുകൾ സി 19 വഴി പടരുന്ന ശ്വാസകോശ അണുബാധ തടയാൻ സഹായിക്കുന്നു.

5) കൈ കഴുകുന്ന ഇന്ത്യൻ ശീലവും രോഗത്തെ പ്രതിരോധിക്കുന്നതിൽ വലിയൊരു പങ്കു വഹിച്ചേക്കാം.

6) മിക്ക ഇന്ത്യക്കാരും ചൂടുള്ള ഭക്ഷണം കഴിക്കുന്നു, ഭക്ഷണം പങ്കിടുന്നില്ല. ഇത് അണുബാധ വ്യാപിക്കുന്നത് തടയുന്നു.

7) ഹസ്തദാനം നടത്താത്തതിനാലും അതു കൊണ്ടു തന്നെ ജനങ്ങൾ പരസ്പരം സ്പർശിക്കാത്തതിനാലും വൈറസ് ബാധ ഉണ്ടാകാതെ സഹായിക്കുന്നു.

8) സി 19നെ കൊല്ലുന്ന ചൂടുള്ള കാലാവസ്ഥയാണ് ഇന്ത്യയിലുള്ളത്.

9) ഇന്ത്യക്കാർ ധാരാളം സസ്യഭുക്കുകളാണ്, നോൺ-വെജിറ്റേറിയൻമാർക്ക് പോലും പച്ചക്കറികളിലേക്ക് മാറാനുള്ള വലിയ സാഹചര്യമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. സ്ഥിതിവിവരക്കണക്കുകൾ പ്രകാരം സി 19 പേടിക്ക് ശേഷം മാംസം കഴിക്കുന്നത് ഇന്ത്യയിൽ ഗണ്യമായി കുറഞ്ഞു.

വാസ്തവത്തിൽ, ലോകാരോഗ്യസംഘടനയും ചൈനയും 1.38 ബില്യൺ ജനസംഖ്യയുള്ള ഒരു രാജ്യം കൊറോണ വൈറസ് രഹിതമാകുന്നത് എങ്ങനെയെന്ന് മനസ്സിലാക്കാൻ ശ്രമിക്കുകയാണ്! വാട്സ് ആപ്പ് സന്ദേശം അവസാനിച്ചിരിക്കുന്നു. ഒറ്റനോട്ടത്തിൽ ബൗദ്ധികമായി ആരെയും കീഴടക്കുന്ന ഒരു സന്ദേശമാണിത്. പ്രത്യേകിച്ച് ഇന്ത്യൻ വികാരമുണർത്തുന്ന ഒരു പോസ്റ്റ്. വായിച്ചു കഴിഞ്ഞാലുടൻ ആർക്കെങ്കിലുമൊക്കെ ഷെയർ ചെയ്യാൻ തോന്നിക്കുന്ന പോസ്റ്റ്. ഇതിനെ എങ്ങനെയാണ് മറ്റുള്ളവർ കാണുന്നതെന്നു പോലും ചിന്തിക്കാതെയാണ് ഇതു പടർത്തുന്നത്. അവരുടെ മുന്നിൽ ഇന്ത്യക്കാർ സ്വയം അപഹാസ്യരാവുകയുള്ളുവെന്ന് ഇവർ മനസ്സിലാക്കുന്നില്ലല്ലോ. ഇനി മറ്റൊന്ന് കാണാം. ഇത് ഫേസ്ബുക്കിലും ടിറ്ററിലുമൊക്കെയാണ് പടരുന്നത്. ഇതിന്റെ ലിങ്കുകൾ വാട്സ് ആപ്പിലും പ്രചരിക്കുന്നുണ്ട്. സംഗതി ന്യൂയോർക്ക് ടൈംസും വായനക്കാരെ അറിയിച്ചതോടെയാണ് കോമഡി സീരിയസായി മാറിയത്. സംഗതി ഇതാണ്-

കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടുന്നതിനിടയിൽ ചില അമേരിക്കൻ ബിയർ പ്രേമികൾ കൊറോണ എന്ന ബിയർ ഒഴിവാക്കുന്നുവെന്ന് പുതിയ സർവേയിൽ പറയുന്നു. സർവേ പ്രകാരം 38 ശതമാനം ബിയർ കുടിക്കുന്നവർ കൊറോണബിയർ മാരകമായ വൈറസ് പടരുന്നതിനാൽ വാങ്ങില്ലെന്ന് വാദിച്ചു. 'കൊറോണ വൈറസ് കാരണം കൊറോണ ബിയർ വിൽപ്പനയിൽ വൻ ഇടിവ് അനുഭവിക്കുന്നുണ്ടെന്നതിൽ തർക്കമില്ല,' സ്ഥാപകനായ റോൺ ടൊറോസിയൻ പ്രസ്താവനയിൽ പറഞ്ഞു.

എന്നാൽ, ഏതൊരാൾക്കുമറിയാം ബിയറും വൈറസും പേരിൽ ഒഴികെ അറിയപ്പെടുന്ന ഒരു ബന്ധവുമില്ലെന്ന്. സർവേയിൽ സമ്മതിച്ച ഒരു കാര്യമുണ്ട്. കൊറോണ ബിയർ പതിവായി കഴിക്കുന്നുവെന്ന് പറഞ്ഞ 14 ശതമാനം പേർ പരസ്യമായി പാനീയത്തിന് ഓർഡർ നൽകില്ലെന്ന് അഭിപ്രായപ്പെട്ടു. കൊറോണ ബിയറുമായി വൈറസ് ബന്ധമുണ്ടോയെന്ന് ഉറപ്പില്ലെന്ന് സർവേയിൽ പങ്കെടുത്ത 16 ശതമാനം പേർ അഭിപ്രായപ്പെട്ടു.

737 ബിയർ കുടിയന്മാരെയാണ് സർവേ ചോദ്യം ചെയ്തത്. അൽബാനി യൂണിവേഴ്സിറ്റിയിലെ ഒരുകൂട്ടം കോളേജ് വിദ്യാർത്ഥികൾ അടുത്തിടെ കൊറോണ ബിയറുകൾ മാത്രം ഉൾക്കൊള്ളുന്ന ഒരു ഓഫ് കാമ്പസ് പാർട്ടി നടത്തിയത് മാധ്യമങ്ങളിൽ വന്നതാണ് ഇത്തരമൊരു സർവ്വേയ്ക്ക് കാരണമായത്.

കൊറോണ ബിയറിന് കൊറോണ വൈറസുമായി യാതൊരു തരത്തിലുമുള്ള ബന്ധമില്ലെന്ന് ഏതൊരു സാധാരണക്കാരനും അറിയാമായിരുന്നിട്ടും എന്തിനാവും വിദ്യാഭ്യാസ സമ്പന്നരെന്ന് അവകാശപ്പെടുന്നവർ പോലും ഇതു വേണ്ടെന്നു വയ്ക്കുന്നത്.

അടിസ്ഥാനപരമായ ഭയമാവും കാരണം, അല്ലാതെന്ത്! എന്തായാലും ഒരു അപേക്ഷയുണ്ട്, ദയവായി ഇത്തരം തമാശകൾ പങ്കുവയ്ക്കാനുള്ള ഒരു സാഹചര്യമില്ല ഇപ്പോൾ നിലനിൽക്കുന്നത്. അപ്പുറത്തെ വീട്ടിലുള്ളവന്റെ ദയനീയാവസ്ഥ കണ്ട് ഊറിച്ചിരിക്കുന്നത് എന്തിന്റെ പേരിലാണെങ്കിലും നമുക്ക് എതിർക്കാം. അത് മാനുഷികമല്ല, പൈശാചികമാണ്. അത്രമാത്രം ഓർമ്മിക്കുന്നത് നന്ന്.



KERALA EXPRESS പ്രവാസി താളുകൾ

# TRUMP HAS FURTHER HELPED MODI TO TIGHTEN HIS GRIP ON POWER

George Abraham

The visit by President Donald Trump to India was a massive success in terms of optics; however, only time will tell whether they have made any substantial progress in terms of Trade or other pressing issues in their burgeoning relationship. The United States and India have a lot in common: democratic systems of governance that respect individual freedom and promote equal justice. Therefore, it will only be surprising if India and the U.S., the largest and oldest democracies, do not forge a stronger bond.



Although India followed a non-alignment policy during the cold war period, the relationship between these two countries continued to improve in the last two decades. The US-India civil nuclear deal during the UPA government under the leadership of Dr. Manmohan Singh was indeed a turning point in paving the way for a more strategic partnership between these two nations.

However, the current dynamics between Trump and Modi may have roots in their mutual concerns about tackling the scourge of transnational Islamic terrorism and checking the growing Chinese power that could destabilize the region. Trump's unhappiness with Pakistan as a reliable partner may have also played into this newly emerging equation. Modi and Trump are conservative nationalists who rail against immigrants and intolerant to any criticism.

The arms deal agreement that was signed during Trump's visit seals the deal for long-term cooperation in the area of security. However, Trade is an entirely different matter for Trump, who has openly chastised India for its high tariffs and trade surpluses. With an America first philosophy, Trump may run a hard bargain in that regard to please his political base back at home and to keep his critics at bay. India may then be forced to take stock of the reality and may act in their own best interests.

It is quite extra-ordinary for Mr. Modi, who was banned from entering the U.S. due to his terrible human rights record, has now become a close ally of the United States. Despite the humongous efforts by the Modi administration to show India in a positive light, serious riots have erupted in parts of East Delhi only a few miles from where Mr. Trump was being feted. For Someone who is never reluctant to offer an opinion, Trump sidestepped the question on CAA and thereby shielding Modi from any criticism.

Modi has proven to the world that one can be an authoritarian leader in a vibrant democracy. He has succeeded in decimating the opposition, silencing the critics, and consolidating power through the weakening of its revered institutions. Trump's fascination for authoritarian rulers is no secret, and he even called Egypt's strongman Abdel Sisi once as his favorite dictator. His reverence for Tayyip Erdogan of Turkey or Kim Jong-Un of North Korea is quite well known. It may partly explain the mutual admiration each has for the other. "I remember India before, and it was very torn," Trump said after his meeting with Modi last year. "There was a lot of dissension, a lot of fighting. And he brought it all together, like a father would bring it together. Maybe he's the father of India."

As it has been said, Trump looks more like a Salesman than Statesman. Minorities and Dalits in India who are under everyday assault by the Modi regime expected an American President to speak out in support of our shared values that promote freedom, liberty, and equal justice under the law. Trump also appears to champion the cause of religious freedom back home and even spoke about it on many forums that include the United Nations.



George Abraham

Yet, he has decided to go mostly silent on these critical issues to the delight of his hosts. By doing so, Trump has further helped Modi to tighten his grip on power while also weakening the forces that resist his drive towards making India a Hindu nation.

## പാറ്റേഴ്സൺ പള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

ജോസ് മാളേയ്ക്കൽ

ന്യൂജേഴ്സി: ഇടവക മദ്ധ്യസ്ഥനായ വി. ഗീവർഗീസ് സഹദായുടെ തിരുനാൾ പാറ്റേഴ്സൺ സെ. ജോർജ് സീറോ മലബാർ കത്തോലിക്കാ ദേവാലയത്തിൽ ഏപ്രിൽ 17 മുതൽ 27 വരെ ഭക്തിപൂർവം ആഘോഷിക്കുന്നു. ഏപ്രിൽ 17ന് വെള്ളിയാഴ്ച വൈകുന്നേരം തിരുനാൾ കൊടി ഉയരുന്നതോടെ പത്ത് ദിവസം നീണ്ടുനിൽക്കുന്ന പെരുന്നാളിനു തുടക്കമാകും.

ഏപ്രിൽ 17 മുതൽ 25 ശനിയാഴ്ച വരെ വിശുദ്ധ ഗീവർഗീസ് സഹദായുടെ നൊവേനയും ദിവ്യബലിയും ഉണ്ടാകും. ഇടവകയിലെ സെ. ഫിലിപ്, സെ. സൈമൺ എന്നീ കുടുംബ യൂണിറ്റുകളാണ് ഈ വർഷത്തെ തിരുനാൾ ഏറ്റെടുത്തു നടത്തുന്നത്. ഏപ്രിൽ 24 വെള്ളി, 25 ശനി, 26 ഞായർ എന്നീ മൂന്നു ദിവസങ്ങളിലായിരിക്കും പ്രധാന തിരുനാൾ.

ഏപ്രിൽ 24ന് വിശുദ്ധ കുർബാന, നൊവേന, ലദീഞ്ഞ്, 25ന് ശനിയാഴ്ച വിശുദ്ധ കുർബാന, നൊവേന, ലദീഞ്ഞ്, വിവിധ കലാപരിപാടികൾ. പ്രധാന തിരുനാൾ ദിവസമായ 26ന് ഞായറാഴ്ച 10ന് ആഘോഷമായ റാസക്കുർബാന, തിരുനാൾ സന്ദേശം, മുത്തുക്കുടകൾ, ചെണ്ടമേള, സെ. ജോർജ് ബാൻഡ് എന്നിവയുടെ അകമ്പടിയോടെ വിശുദ്ധരുടെ തിരുസ്വരൂപവും വഹിച്ചുള്ള പ്രദക്ഷിണം എന്നിവയാണ്



മറ്റു ചടങ്ങുകൾ.

തിരുനാൾ ദിവസങ്ങളിൽ വി. ഗീവർഗീസ് സഹദായുടെ തിരുസ്വരൂപം വണങ്ങുന്നതിനും നേർച്ചകാഴ്ചകൾ സമർപ്പിക്കുന്നതിനുമുള്ള സൗകര്യം ഉണ്ടായിരിക്കും. തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് വി. ഗീവർഗീസ് സഹദായോടുള്ള ഭക്തി പ്രകടിപ്പിക്കുന്നതിനും അനുഗ്രഹം പ്രാപിക്കുന്നതിനും എല്ലാ വിശ്വാസികളെയും ഇടവക വികാരി റവ. ഫാ. തോമസ് മങ്ങാട്ട് മത്തായി, കൈക്കാരന്മാരായ ആൽബിൻ തോമസ്, ബിജു എട്ടുങ്ങൽ, കൈക്കാരനും സെ. ഫിലിപ് കുടുംബയൂണിറ്റ് പ്രസിഡണ്ടുമായ മാത്യു ചെറയിൽ, സെ. സൈമൺ കുടുംബയൂണിറ്റ് പ്രസിഡണ്ട് സണ്ണി വടക്കേമുറി എന്നിവർ ഹൃദയപൂർവം ക്ഷണിക്കുന്നു.

തിരുനാൾ പ്രമാണിച്ച് വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ സ്നേഹവിരുന്ന് ഉണ്ടായിരിക്കും. ബാൻഡ്മേളം, ചെണ്ടമേളം, കരിമരുന്നു കലാപ്രകടനം, യുവജനങ്ങൾ ഒരുക്കുന്ന പെരുന്നാൾ സ്റ്റാളുകളും, വിവിധ ഗെയിമുകളും കാർണിവൽ എന്നിവ പെരുന്നാളിന്റെ സവിശേഷതകളാണ്.

തിരുനാളിന്റെ വിജയത്തിനായി സെ. ഫിലിപ്പ്, സെ. സൈമൺ കുടുംബയൂണിറ്റ് പ്രസിഡണ്ടുമാരും കൈക്കാരന്മാരും പാരിഷ് കൗൺസിൽ അംഗങ്ങളും ഭക്തസംഘടനകളും ഉൾപ്പെടെയുള്ള കമ്മിറ്റി ഇടവക വികാരിക്കൊപ്പം പ്രവർത്തിക്കുന്നു.

## കവിതാ പുരസ്കാരത്തിന് രചനകൾ ക്ഷണിക്കുന്നു

ന്യൂയോർക്ക്: അമേരിക്കൻ മലയാളികൾക്കിടയിൽ കവിതകൾ എഴുതുന്ന സാഹിത്യപ്രേമികൾക്ക് കവിതാപുരസ്കാരത്തിനുള്ള അ വസരം. നിങ്ങൾ 2019-20-ലെ എഴുതിയ മികച്ച കവിതകൾ കൈരളി ടിവി യുഎസ്എ ക്ഷണിക്കുന്നു. കേരളത്തിൽ ആദ്യമായി കവിതകളുടെ റിയാലിറ്റി ഷോ (മാമ്പഴം) സംഘടിപ്പിച്ച് സാഹിത്യപ്രേമികൾക്ക് വലിയ പ്രോത്സാഹനം നല്കിയ പ്രേക്ഷകരുടെ പ്രിയ ചാനലായ കൈരളി അമേരിക്കൻ മലയാളികൾക്കിടയിലെ മികച്ച കവിതയും കവിയെയും തെരഞ്ഞെടുക്കുന്ന പ്രത്യേക പുരസ്കാരവും കാഷ് അവാർഡും നല്കുന്ന ചടങ്ങ് ഏപ്രിൽ നാലിന് ചിക്കാഗോയിൽ വെച്ച് നടക്കും.

എല്ലാ കാലത്തും കൈരളി ആത്മാവ് നഷ്ടപ്പെടാത്ത ദൃശ്യചാരുതയോടെ വിരുന്നൊരുക്കിയവരാണ്. കവിതകൾ മാർച്ച് 15ന് മുൻപ് ഇ-മെയിൽ വിലാസത്തിൽ അയച്ചുതരിക (kairalitvny@gmail.com). കൂടുതൽ വിവരങ്ങൾക്ക്: ജോസ് കാടാപുറം 9149549586.

## സെമിനാർ സംഘടിപ്പിച്ചു



ചിക്കാഗോ: ചിക്കാഗോ സെയിന്റ് മേരീസ് ക്നാനായ പള്ളിയിൽ ഹൈസ്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്കു വേണ്ടി പ്രത്യേക സെമിനാർ സംഘടിപ്പിച്ചു. ഡോ. അജി മോൾ പുത്തൻപുരയിൽ ആയിരുന്നു സെമിനാർ നയിച്ചത്. കോളജ് ജീവിതം എങ്ങനെ ക്രമീകരിക്കണം അതിനായി കുട്ടികളെ എങ്ങനെ ഒരുക്കണം എന്നതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ മാതാപിതാക്കൾക്ക് പറഞ്ഞു നല്കി. ഇരുനൂറോളം മാതാപിതാക്കൾ സെമിനാറിൽ പങ്കെടുത്തു.

## ബിഷപ് റാഫേൽ തട്ടിൽ നോമ്പുകാല ധ്യാനം നയിക്കുന്നു



ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിന്റെ ദശവത്സരത്തോടനുബന്ധിച്ച് ഈ വർഷത്തെ നോമ്പുകാല ധ്യാനം ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ നയിക്കും. മാർച്ച് 27, 28, 29 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിലാണ് നടത്തപ്പെടുന്നത്. എല്ലാ ദിവസവും രാവിലെ 9ന് വി. കുർബാനയോടു കൂടി ആരംഭിച്ച് വൈകിട്ട് 5ന് ആരാധനയോടെ സമാപിക്കും, പ്രശസ്ത വാഗ്മിയും ധ്യാനചിന്തകനുമായ ബിഷപ് റാഫേൽ തട്ടിലിന്റെ ധ്യാനത്തിനായി വിവിധ കമ്മിറ്റികളായി തിരിഞ്ഞ് വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

## തോമസ് രാജു നിര്യാതനായി



ന്യൂഡൽഹി: ജനക്പുരി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗമായിരുന്ന പന്തളം, മുളമ്പുഴ അമ്പലംകണ്ടത്തിൽ തോമസ് രാജു (67) നിര്യാതനായി. ആറ്റുവ പറമൺ മിഷൻ വീട്ടിൽ സൂസൻ രാജുവാണ് ഭാര്യ. മക്കൾ: സാം തോമസ് (ദുബായ്), സൈമൺ രാജു (യുഎസ്എ). സൂസമ്മ, സാലി, ഗ്രേസി, മോനിച്ചൻ എന്നിവർ സഹോദരങ്ങളാണ്.

# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

**FEATURES:**
- Free Wi-Fi
- Plenty of parking.
- Beautician near by
- Mosquito proof house
- Currency exchange near by
- Cook available to cook with your choice
- Kottayam Railway Station & Town near by
- Excellent ayurvedic massage place near by
- All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# GREEN NESTLE HERITAGE HOME

Kannachamparambil, Kuruppanthara,
Manjoor P.O, Kottayam 686 603

For Vacation and Holiday rentals.
Licensed Homestay, Safe and secured.
3 A/C rooms. Unique packages for 2-8 people very economical.
Individual Room rental for families
Fruits and vegetable Garden, nature's paradise.
Feels like farm house with pets, animals, fish and birds.
Free wifi- with High speed internet, CCTV camera, Police Clearance
Gold classification - Tourism Department of Kerala.
Cook available (optional)
Full fledged kitchen with all facilities to cook yourself
Caretaker to help you in as your needs, Transportation facilities to Pick up and Drop, HDTV




Contact -
+919497238215, +918078265859 (INDIA)
+16305976978, +12482502327 (USA)
greennestlehomes@gmail.com,
greennestlehomesusa@gmail.com
www.greennestlehomes.com






# ആഗോള ഓഹരിവിപണികളിൽ 433 ലക്ഷം കോടി നഷ്ടം

ന്യൂയോർക്ക്: ആറു ലക്ഷം കോടി ഡോളർ (433 ലക്ഷം കോടി രൂപ) ഒരാഴ്ച കൊണ്ട് ആഗോളവിപണിയിൽ നഷ്ടമായി. കോവിഡ്–19 വൈറസ്ബാധ ആഗോളതലത്തിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുമെന്ന ആശങ്കയാണ് ഇതിലേക്ക് നയിച്ചത്.

അമേരിക്കൻ ഓഹരിവിപണിക്കു തന്നെ നാലുലക്ഷം കോടി ഡോളർ നഷ്ടമുണ്ടായി. യുഎസ് ഓഹരിസൂചികകൾ ശരാശരി 12 ശതമാനം താണു. മുഖ്യസൂചികയായ ഡൗജോൺസ് ഇൻഡസ്ട്രിയൽ ആവറേജ് 3200 പോയിന്റാണ് ഒരാഴ്ചകൊണ്ട് താണത്.

കോവിഡ്–19 ഭീതി നീണ്ടുനിന്നാൽ കമ്പോളങ്ങൾ മാത്രമല്ല സാമ്പത്തിക മേഖല തന്നെ വല്ലാത്ത പതനത്തിലാകുമെന്നു നിരീക്ഷകർ മുന്നറിയിപ്പ് നല്കി. ആപ്പിൾ അടക്കം ചില വമ്പൻ ഓഹരികൾ 20 ശതമാനം വിലത്തകർച്ചയിലായി. ഇത്രയും ഇടിവ് കരടിവിപണിയെ സൂചിപ്പിക്കുന്നു. അതും കംപ്യൂട്ടർ പ്രോഗ്രാമുകൾവെച്ച് വിപണനം നടത്തുന്നവരെ പൊടുന്നനെ വില്പനയ്ക്കു പ്രേരിപ്പിക്കും. അങ്ങനെവന്നാൽ പല ഓഹരികളും വേണ്ടതിനേക്കാൾ വളരെ കൂടുതൽ താണെന്നുവരും. ഇതു പൊതുവിപണിയെ ഉലയ്ക്കും.

മാർച്ച് ഒന്നാംവാരം വിപണി വീണ്ടും തളരുമോ ഇല്ലയോ? ഭിന്ന താത്പര്യക്കാർ ഭിന്നമറുപടികൾ നല്കുന്നു. പക്ഷേ, കോവിഡ്–19 അമേരിക്കയിൽ പലേടത്തും കണ്ടെത്തിയതും യൂറോപ്പിലും പശ്ചിമേഷ്യയിലും പൂർവേഷ്യയിലും പ്രതീക്ഷിച്ചതിലേറെ വേഗം പടരുന്നതും ആശങ്ക വളർത്തുന്നു.

രോഗബാധ നിയന്ത്രണത്തിലായില്ലെങ്കിൽ കമ്പോളങ്ങൾ വീണ്ടും തകരുമെന്നതിൽ ആർക്കും തർക്കമില്ല. അത് 2008ലേതുപോലെ നീണ്ടുനിൽക്കുമോ എന്നേ അറിയാനുള്ളൂ. മറിച്ച് രോഗബാധയുടെ തോത് കുറഞ്ഞാൽ വിപണികൾ വേഗംതന്നെ തിരിച്ചുകയറും.

കഴിഞ്ഞ അര നൂറ്റാണ്ടിനിടയിലെ ഒരു ഡസനിലേറെ വിപണി തിരുത്തലുകളിൽ ശരാശരി 13 ശതമാനം വിലയിടിവാണുണ്ടായിട്ടുള്ളത്. ഇപ്പോൾ പ്രധാന യുഎസ് സൂചികകളെല്ലാം അതിനടുത്ത താഴ്ചയിലാണ്. ഏറ്റവും ചെറിയ അനുകൂല ഘടകം കണ്ടാൽ ഓഹരികൾ തിരിച്ചുകയറാൻ വഴിതെളിയും. ചൈനയുടെ വ്യവസായ മേഖല വലിയ തളർച്ചയിലാണെന്ന റിപ്പോർട്ടും മറ്റും പ്രത്യാശ നല്കുന്നതല്ലെന്നു പല നിരീക്ഷകരും ചൂണ്ടിക്കാട്ടി.

## വാദം തെറ്റ്

(ഒന്നാം പേജിൽ നിന്നും)

യുഡിഎഫ് സർക്കാർ നാലുവർഷം കൊണ്ട് 4,11,000 വീടുകളാണ് നിർമിച്ചത്. 3.34 ലക്ഷത്തോളം ഭവനരഹിതരിൽ 164 പേർക്കു മാത്രമാണ് വീടുവെക്കാൻ സർക്കാർ സഹായം ലഭിച്ചതെന്ന് അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞു.

## ദേവനന്ദ

(ഒന്നാം പേജിൽ നിന്നും)

പരിശോധിച്ചെങ്കിലും കണ്ടെത്താനായില്ല. ആരെങ്കിലും കുട്ടിയെ അപായപ്പെടുത്തിയതോ തട്ടിക്കൊണ്ടുപോയതോ ആണോയെന്നു സംശയമുയർന്നിരുന്നു. കാണാതായി ഒരു മണിക്കൂറിനുള്ളിൽ ദേവനന്ദ മരിച്ചിരിക്കാമെന്ന് പോസ്റ്റുമോർട്ടത്തിൽ കണ്ടെത്തി. കാലുതെറ്റി വെള്ളത്തിൽ വീണതാകാമെന്നാണ് നിഗമനം. തിരുവനന്തപുരം മെഡിക്കൽ കോളജിൽ പോസ്റ്റുമോർട്ടത്തിനായി എത്തിക്കും മുമ്പേ മൃതദേഹം അഴുകാൻ തുടങ്ങിയിരുന്നു. മരിച്ചിട്ട് 18 മുതൽ 20 മണിക്കൂർ വരെയായെന്നാണ് നിഗമനം. വയറ്റിലും ശ്വാസകോശത്തിലും ചെളിയും വെള്ളവും കണ്ടെത്തി.

## ഡൽഹി കലാപം

(ഒന്നാം പേജിൽ നിന്നും)

സാഹചര്യത്തിലായിരുന്നു ഇത്. മാർച്ച് നടത്തുമെന്ന് ഫെബ്രുവരി 29ന് ശനിയാഴ്ചയാണ് സേന ഭീഷണിമുഴക്കിയിരുന്നത്. പിന്നീട് പോലീസുമായി നടത്തിയ ചർച്ചയെത്തുടർന്ന് മാർച്ച് റദ്ദാക്കി. കലാപം വീണ്ടും പൊട്ടിപ്പുറപ്പെട്ടെന്ന് മാർച്ച് ഒന്നിന് ഞായറാഴ്ച വൈകിട്ട് അഭ്യൂഹം പരന്നു. ഇതോടെ ജനങ്ങൾ പരിഭ്രാന്തരായി. കടകളടച്ചു. ഒമ്പതു മെട്രോ സ്റ്റേഷനുകളും അടച്ചു. ചൂതുകളി സംഘങ്ങൾക്കായി പോലീസ് നടത്തിയ തെരച്ചിലിലാണ് തെറ്റിദ്ധരിച്ചത്.

കൂടുതൽ പേർ ബന്ധുവീടുകളിലേക്കും മറ്റും പലായനം തുടരുകയാണ്. 48 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 130 പേരെ അറസ്റ്റ് ചെയ്തു. 50 ഫോണുകളും പിടിച്ചെടുത്തു. അക്രമം അന്വേഷിക്കാൻ ഡിസിപിമാരായ ജോയ് ടി.ആർ.കെ. രാജേഷ് ദിയോ എന്നിവരുടെ നേതൃത്വത്തിൽ 2 പ്രത്യേക സംഘങ്ങൾ രൂപീകരിച്ചു. ക്രൈംബ്രാഞ്ച് അഡീഷണൽ കമ്മിഷണർ ബി.കെ. സിങ്ങാണ് ഇരു സംഘങ്ങളുടെയും മേൽനോട്ടം വഹിക്കുക.

സ്ഥിതിഗതികൾ അൽപം ശാന്തമായെങ്കിലും ചന്തകളും വ്യാപാരകേന്ദ്രങ്ങളുമെല്ലാം അടഞ്ഞു കിടക്കുകയാണ്. ജനങ്ങളുടെ ഭീതി വിട്ടൊഴിഞ്ഞിട്ടില്ല.

അതേസമയം വടക്കുകിഴക്കൻ ഡൽഹിയിലെ കലാപബാധിത പ്രദേശങ്ങളിൽ സാധാരണ നിലയിലേക്കെത്തിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. പ്രദേശത്ത് ഗതാഗതം സാധാരണ നിലയിലേക്കെത്തിയെന്ന് അധികൃതർ പറഞ്ഞു. ഏതാനും കടകൾ തുറന്നു പ്രവർത്തിച്ചു. കലാപത്തിന്റെ പ്രഭവ കേന്ദ്രങ്ങളിൽ സുരക്ഷാ സേനകൾ നിലയുറപ്പിച്ചിട്ടുണ്ട്. കത്തിനശിച്ച വാഹനങ്ങളും റോഡിലെ തടസങ്ങളും ക്രെയിനുകൾ ഉപയോഗിച്ച് നീക്കിത്തുടങ്ങി. ആളുകൾ പൂർണമായും ഒഴിഞ്ഞു പോയ സ്ഥലങ്ങൾ സാധാരണ നിലയിലെത്താൻ ഇനിയും ദിവസങ്ങളെടുക്കും.

## സിസ്റ്റർ ലൂസിയുടെ അപ്പീൽ രണ്ടാമതും തള്ളി

മാനന്തവാടി: സിസ്റ്റർ ലൂസി കളപ്പുരയെ എഫ്സിസി സഭയിൽ നിന്നു പുറത്താക്കിയതിനെതിരെ നൽകിയ രണ്ടാത്തെ അപ്പീലും വത്തിക്കാൻ തള്ളി. സിസ്റ്റർ ലൂസി സുപ്രീം ട്രിബ്യൂണലിനു നൽകിയ അപ്പീലാണ് തള്ളിയത്. ലാറ്റിൻ ഭാഷയിലുള്ള കത്തിന്റെ തുടക്കത്തിൽ തന്നെ സിസ്റ്റർ നൽകിയ അപേക്ഷ പൂർണമായി തള്ളുന്നുവെന്നു വ്യക്തമാക്കിയിട്ടുണ്ട്.

ബിഷപ് ഫ്രാങ്കോ മുളയ്ക്കലിനെതിരെ സമരത്തിൽ പങ്കെടുത്തശേഷം സിസ്റ്റർക്കു സഭയിൽ നിന്നു നിരന്തരം മുന്നറിയിപ്പു നോട്ടീസുകൾ ലഭിച്ചിരുന്നു. അതിനുശേഷമാണ് സന്യാസസഭ പുറത്താക്കിയത്. എഫ്സിസി സഭയുടെ നടപടിക്കെതിരെ വത്തിക്കാനു നൽകിയ അപ്പീൽ 2019 ഒക്ടോബറിൽ തള്ളുകയും സുപ്രീം ട്രിബ്യൂണലിനു അപ്പീൽ നൽകാൻ സാവകാശം അനുവദിക്കുകയും ചെയ്തിരുന്നു.

സുപ്രീം ട്രിബ്യൂണലാണ് ഇപ്പോൾ അപ്പീൽ തള്ളി കത്തയച്ചിരിക്കുന്നത്. ഇതോടെ സഭയുമായി ബന്ധപ്പെട്ട മുഴുവൻ അപ്പീൽ സാധ്യതകളും അവസാനിച്ചു. മാനന്തവാടി മുൻസിഫ് കോടതിയിൽ സിസ്റ്റർ ലൂസി നൽകിയ ഹർജി നിലവിലുണ്ട്. ഇതുപ്രകാരം മഠത്തിൽ തുടരാമെങ്കിലും അവിടെ നിന്നു പുറത്താക്കാനുള്ള സാധ്യത ഏറെയാണ്.

അതേസമയം മഠത്തിൽ നിന്ന് ഇറങ്ങില്ലെന്നും തന്റെ ഭാഗം കേൾക്കാതെയാണ് വത്തിക്കാൻ അപ്പീൽ തള്ളിയതെന്നും കന്യാസ്ത്രീയായി തുടരുമെന്നും സിസ്റ്റർ ലൂസി പ്രതികരിച്ചു. സ്ത്രീത്വത്തെ അപമാനിക്കുന്ന വിധത്തിൽ സാമൂഹിക മാധ്യമം വഴി വീഡിയോ പ്രചരിപ്പിച്ചതിനെതിരെ സിസ്റ്റർ നേരത്തെ പോലീസിൽ കൊടുത്ത പരാതിയും കേസെടുക്കാനാവില്ലെന്നു പറഞ്ഞു തള്ളിയിരുന്നു.

## മലയാളികളടക്കം എണ്ണൂറോളം ഇന്ത്യൻ മീൻപിടിത്തക്കാർ ഇറാനിൽ കുടുങ്ങി

ന്യൂഡൽഹി: കോവിഡ്–19 പടരുന്ന ഇറാനിൽ മലയാളികളടക്കം എണ്ണൂറോളം ഇന്ത്യൻ മീൻപിടിത്തക്കാർ കുടുങ്ങി. കേരളത്തിൽ നിന്നുള്ള 17 പേരും തമിഴ്നാട്ടിൽ നിന്നുള്ള ഇരൂറോളം പേരും ഇതിലുണ്ട്.

സ്ഥിതിഗതികൾ നിരീക്ഷിച്ചുവരുകയാണെന്നും ഇറാൻ അധികൃതരുമായി ടെഹ്റാനിലെ ഇന്ത്യൻ സ്ഥാനപതി കാര്യാലയം ബന്ധപ്പെടുന്നുണ്ടെന്നും വിദേശകാര്യസഹമന്ത്രി വി. മുരളീധരൻ അറിയിച്ചു.

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ, വിഴിഞ്ഞം, മരിയനാട് ഭാഗങ്ങളിൽ നിന്നുള്ളവരാണ് പുറത്തിറങ്ങാൻ കഴിയാതെ മുറികളിൽ കഴിയുന്നത്. നാലുമാസം മുൻപ് മീൻപിടിത്ത വിസയിൽ പോയതാണിവർ.

## യുഎസ്–താലിബാൻ കരാർ ഒപ്പുവെച്ചു

(ഒന്നാം പേജിൽ നിന്നും)

മാർച്ച് പത്തിനു കാബൂളിലെ അഫ്ഗാൻ ഭരണകൂടവും താലിബാനും തമ്മിൽ അഫ്ഗാനിസ്ഥാന്റെ ഭാവിഭരണം എങ്ങനെയാകണം എന്നതിനെപ്പറ്റി ചർച്ച തുടങ്ങും. നോർവേയുടെ തലസ്ഥാനമായ ഓസ്‌ലോയിലാണ് ചർച്ച. അതിനു മുൻപേ പരസ്പര വിശ്വാസം വളർത്താൻ ഇരുപക്ഷവും തടവുകാരെ മോചിപ്പിക്കും.

കരാർ ഒപ്പിട്ടു 135 ദിവസത്തിനകം നാറ്റോ സേനയിൽ പകുതിയെ പിൻവലിക്കും. അമേരിക്കയുടെ 8000 അടക്കം 16000 നാറ്റോ സൈനികർ ഇപ്പോൾ അഫ്ഗാനിസ്ഥാനിലുണ്ട്. ജർമനിയുടെ 1300, ബ്രിട്ടന്റെ 1100 എന്നിങ്ങനെ പോകുന്നു 38 നാറ്റോ രാജ്യങ്ങളിൽ നിന്നുള്ള സൈനികരുടെ എണ്ണം. ഇതിനു പുറമെ അഫ്ഗാൻ സേനയെ സഹായിക്കാനും ഭീകരവിരുദ്ധ ദൗത്യങ്ങൾക്കുമായി 5000 അമേരിക്കൻ ഭടന്മാർകൂടിയുണ്ട് അഫ്ഗാനിസ്ഥാനിൽ.

അമേരിക്കയിൽ 2001 സെപ്റ്റംബർ 11നു നടത്തിയ ഭീകരാക്രമണത്തിനു പകരം ചോദിക്കാനാണ് അഫ്ഗാനിസ്ഥാനിലെ യുഎസ്–നാറ്റോ സൈനിക നടപടി തുടങ്ങിയത്. 2014–ൽ സൈനിക നടപടി നിർത്തി. പിന്നീട് അഫ്ഗാൻ സേനയ്ക്ക് പരിശീലനവും സഹായവും നൽകുന്ന ദൗത്യമാണ് നാറ്റോ നിർവഹിച്ചത്. അമേരിക്കയ്ക്ക് ഒരുലക്ഷം കോടി ഡോളർ (72 ലക്ഷം കോടി രൂപ) ചെലവുവന്നതാണ് അഫ്ഗാൻ യുദ്ധം.

പതിനായിരക്കണക്കിനു സാധാരണക്കാർ കൊല്ലപ്പെട്ടു. ആയിരക്കണക്കിനു ഭടന്മാരും. അഫ്ഗാനിസ്ഥാനിൽ 25 ലക്ഷം ജനങ്ങൾ അഭയാർത്ഥികളായി മാറി.

ഇതൊരു പുതിയ ഭാവിയുടെ തുടക്കമാണെന്നും ഈ അവസരം കൈവിടരുതെന്നും പ്രസിഡണ്ട് ട്രംപ് അഫ്ഗാൻ ജനതയ്ക്കു നൽകിയ സന്ദേശത്തിൽ പറഞ്ഞു.

അഫ്ഗാൻ പ്രസിഡണ്ടായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട അഷ്റഫ് ഘനിയെ മുഖ്യ എതിരാളി അബ്ദുള്ള അംഗീകരിക്കുന്നില്ല. ഓസ്‌ലോയിലെ ചർച്ചകളിൽ കാബൂൾ ഭരണകൂടത്തിനു യോജിച്ച നിലപാട് എടുക്കാൻ പറ്റുമോ എന്നതുതന്നെ സംശയമാണ്. സോവിയറ്റ് പിന്മാറ്റത്തിനുശേഷം പടയാളി ഗോത്രങ്ങളുടെ പോരാട്ടഭൂമിയും ഭീകരവാദികളുടെ റിക്രൂട്ടിങ് കേന്ദ്രവുമായി അഫ്ഗാനിസ്ഥാൻ മാറിയിരുന്നു.

വീണ്ടും അതേപോലൊരു സാഹചര്യം വരുമോ എന്ന് ഇന്ത്യയടക്കമുള്ള രാജ്യങ്ങൾക്ക് ആശങ്കയുണ്ട്. ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറി ഹർഷ് വർധൻ ശൃംഗല കരാർ ഒപ്പിടീൽ ചടങ്ങിൽ പങ്കെടുത്തു.

### യുഎസ് – താലിബാൻ കരാർ വ്യവസ്ഥകൾ

* അഫ്ഗാനിസ്ഥാനിൽ നിന്നു നാറ്റോ സേന 14 മാസത്തിനകം പിൻവാങ്ങും; നാലരമാസത്തിനകം നാറ്റോ പകുതിസേനയെ പിൻവലിക്കും.

* താലിബാനും കാബൂൾ ഭരണകൂടവും ചർച്ച നടത്തി ഭാവിക്രമീകരണം തീരുമാനിക്കും.

* പരസ്പരവിശ്വാസം വളർത്താൻ തടവുകാരെ കൈമാറും. മാർച്ച് പത്തിനകം 5000 താലിബാൻകാരെ വിട്ടയയ്ക്കും; 1000 അഫ്ഗാൻ സൈനികരെ താലിബാൻ സ്വതന്ത്രരാക്കും.

* താലിബാൻ അൽക്വയ്ദയുമായുള്ള ബന്ധം വിച്ഛേദിക്കും.

## കൊറോണ: 3000 പേർ മരിച്ചു

(ഒന്നാം പേജിൽ നിന്നും)

ഏർപ്പെടുത്തുന്നതായി യുഎസ് വൈസ് പ്രസിഡണ്ട് മൈക്ക് പെൻസ് പറഞ്ഞു. ഇറ്റലി, ദക്ഷിണകൊറിയ എന്നിവിടങ്ങളിലെ വൈറസ് ബാധിത പ്രദേശങ്ങൾ സന്ദർശിക്കരുതെന്ന് മുന്നറിയിപ്പും നൽകി.

വാഷിങ്ടൺ സ്റ്റേറ്റിലെ കിങ് കൗണ്ടിയിൽ 50 വയസ്സുള്ളയാളാണ് ഈയിടെ വൈറസ് ബാധിച്ച് ചികിത്സയിലിരിക്കെ മരിച്ചത്. ഓസ്ട്രേലിയയിലും കഴിഞ്ഞദിവസം ആദ്യമരണം റിപ്പോർട്ട് ചെയ്തു. ജപ്പാൻ പിടിച്ചുവെച്ച ആഡംബരക്കപ്പൽ ഡയമണ്ട് പ്രിൻസസിലുണ്ടായിരുന്ന എഴുപത്തിയെട്ടുകാരനാണ് പെർത്തിലെ ആശുപത്രിയിൽ മരിച്ചത്. ദക്ഷിണകൊറിയ, ഇറാൻ, ഇറ്റലി എന്നിവിടങ്ങളിൽ വൈറസ് കൂടുതൽ പേരിലേക്ക് പടരുന്നതും മരണം വർധിക്കുന്നതുമാണ് ഇപ്പോൾ ആശങ്കപ്പെടുത്തുന്നത്. ഖത്തർ, നൈജീരിയ, ഇക്വഡോർ അടക്കമുള്ള രാജ്യങ്ങളിലേക്ക് വൈറസ് എത്തിയതും വെല്ലുവിളിയുയർത്തുന്നുണ്ട്. അതിനൊപ്പമാണ് വിദേശയാത്ര നടത്തുകയോ വൈറസ് ബാധിച്ചവരുമായി ബന്ധപ്പെടുകയോ ചെയ്യാത്തവർക്കും രോഗം ബാധിക്കുന്നത്.

### സൗദിയിൽ ജോലി തേടിപ്പോകാനും വിലക്ക്

നെടുമ്പാശേരി: സൗദി അറേബ്യയിലേക്ക് ജോലിതേടിപ്പോകാനും താത്കാലിക വിലക്കേർപ്പെടുത്തിയുള്ള നിർദേശം വിവിധ വിമാനക്കമ്പനികൾക്കു ലഭിച്ചു. ഗൾഫിൽ കോവിഡ്–19 ബാധ കൂടുതലായി റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് നിർദേശം. ഇതുവരെ ഉംറ വിസക്കാരെയും വിസിറ്റിങ് വിസക്കാരെയും മാത്രമാണ് വിലക്കിയിരുന്നത്. ഫെബ്രുവരി 29ന് രാവിലെ ഒമാൻ എയർ ഏതാനും യാത്രക്കാരെ തിരിച്ചയച്ചു.

സൗദി എയർലൈൻസിന്റെ കൊച്ചി–റിയാദ് വിമാനം മാർച്ച് ഒന്നിന് സർവീസ് നടത്തിയില്ല. എയർ ഇന്ത്യയുടെ കൊച്ചി–ജിദ്ദ സർവീസും റദ്ദാക്കി.

BEST TIME TO BUY!!!

GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS



Mathew Kunjappy
Managing Broker
Emsons Realty LTD

Holiday Inn Express

bp

IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA

The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.

For more details, please email or call!

Call: 1-630-935-4333 • Fax: 1-630-785-6605

Email: mk@emsonsrealty.com

IS 132 Summit Ave, Suite # 103, Oakbrook Terrace, IL 60181, USA

EMSONS REALTY

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter currently working as R.N, born again, baptized, spirit filled 28 yrs, 5 feet 4 inch from parents of Pentecostal professional boys from USA with similar background. If interested please contact: **lethakuruvila@yahoo.com, 405-514-5062.**

*Pentecostal, Malayali parents settled in USA inviting proposal for their daughter, 29 years, 5'1", born again, spirit filled, MD student in USA, expected to start residency during summer of this year. We are seeking a professionally qualified Christian man with a heart for mission work. Please respond with details and a recent photograph to **TLG7736@gmail.com**

*Pentecostal parents settled in U.S. seeking proposals for their daughter born and brought up in U.S., born again, baptized and spirit filled, board certified internal medicine doctor, currently doing fellowship in Geriatrics. She is 31/ 5"3 looking for a God fearing, compatible qualified boy from U.S.A. If interested please send recent photos with bio data to **mathewthomas0810@yahoo.com** or call **469-360-5735.**

*Pentecostal parents are prayerfully seeking a proposal for their daughter born in Kerala and brought up in Middle East and USA. She is 29, 5' 1", holds Doctors degree in Pharmacy and currently working as Pharmacy Manager In Kroger store, Michigan. She is born again, baptized, family-oriented, spiritual, loves the Lord. We are seeking proposals from the parents of Pentecostal, God-fearing who loves the Lord, educated, family-oriented and USA citizen or green card boys. Please contact with recent photos with full details. **Thomaskutty Mathai - Cell# 919-482-9788, tom966t@gmail.com**

**Pentecostal parents settled in USA inviting proposal for their daughter, 28 yrs 5"7, born again, baptized and completed medical school, currently doing second year residency. We are seeking born again, spiritual boys with similar educational background from USA. You may please contact with recent pictures to **sobha6588@yahoo.com**

*Orthodox parents invite proposals for our daughter. 27 years old. Born and brought up in the U.S.A. Who is a Family Nurse Practitioner working in Texas. We are very well established in the U.S.A and also outside of Kerala. Preferences will be given to boys who in the medical profession(Doctors NP, PA, Pharmacy etc) who are in Texas or willing to move to Texas. Boys with good character, good family background, non-smoker and non-drinker. From a well-established family with good educated family background. Orthodox, Catholic, Marthoma, Bretheran, CSI etc. Call **214-578-2235** leave message or email to **turnerj12000@yahoo.com**

*Knanaya Catholic parents settled in USA invite proposals for their daughter 37, widow, has a son. Interested Knanaya men or parents please contact **6305186001** or **jfmcd785@gmail.com**

*Pentecostal parents are prayerfully seeking a proposal for their daughter born and brought up in the US. She is 26, 5'1", holds BS degree in accounting and currently working as an accountant in a company. She is born again, baptized, family oriented, spiritual, loves the Lord and a worship leader. We are seeking proposals from the parents of Pentecostal, God fearing who loves the Lord, educated, family oriented and US born and brought up boys. Please contact with recent photos with full details. **shalomkbd2016@gmail.com.**

*Pentecostal parents settled in USA inviting proposal for their daughter, 28 yrs, 5'7" BSc Nurse, born again , spiritual, born and brought up in USA. We are seeking professionally qualified boys with good spiritual background. You may please contact with recent pictures and details to **vineyard525@gmail.com**

*Catholic parents settled in US inviting proposals for their daughter born and brought up in US (27 years,5'3") with a Masters Degree in Anesthesia from a prestigious University,currently working in a prestigious University Hospital in Missouri.We are seeking proposals from God fearing boys,preferably grow up in US. Please send with recent pictures and details to **john.thomas2@duke.edu.** Or call **336-693-9397** or **crthomas913@gmail.com.**

*Pentecostal parents settled in North America invite proposal for their daughter, MBA; 33; 5'6" working in U.S. for a financial company. She is born again, baptized and spirit filled. Parents of professionally qualified boys and good spiritual background may please respond with details and picture to **scjoseph22@gmail.com** or call **905 793 5007.**

*Roman Catholic mother invites proposals for her daughter M.D. Working as Ob & Gyn Specialist in New York since 2012. She is born in July 1982, ht 5' 2", good looking with fair complexion, born in U.S and graduated from U.S. medical school. Seeking qualified christian professionals age 37-39yrs. If interested, please reply with a recent photograph to **gladys.abraham01@gmail.com.**

*Pentecostal parents settled in US inviting proposal for their daughter, 27 yrs, 5'6", CPA, working in a major auditing firm. Born again, baptized, spiritual. Born and brought up in US, attractive. We are seeking professionally qualified Pentecostal boys. Please contact with recent pictures and detail to **wmathew1@comcast.net** or call Phone **206-234-5555**

*Kerala Pentecostal Parents invite proposal for their daughter (DOB:29/12/1992) (5'1") (BSc Nurse) Born again with good spirituAal values currently working in Kerala seeking proposal from professionally qualified, baptized, and spirit filled young men with similar Christian faith and values. Email: **jaisonkvj@gmail.com.** Contact: **+91 7025416048, +91 6282129858**

**Syrian Catholic parents settled in MI seeking groom for their God-fearing daughter who was born and raised in US. She is 25 years old (Dec 1993), 5'7" and currently completing MD degree at a top university. We are seeking God-fearing professionally qualified Catholic groom who is either born in the US or raised in the US since high school. Please contact with full details at: **mango4212@yahoo.com**

*Christian parents seeking groom for their, God-fearing, slim, fair and good-looking daughter (5.4 and 31) from Dallas, TX with a MPH degree and a nice job. She loves to travel and is a hard working individual. Seeking well-educated, true Christian boys who are either born in the US or raised in the US since high and preferably 5'7 and above. Interested please contact: **blossom2029@gmail.com**

# SEEKING BRIDE

*Christian Parents (Orthodox) settled in USA (NY) invite proposals for their son 40 years old 6'2" M.S. in Criminal Justice (Detective Investigator working with New York Police Department). His wife passed away in 2016, having a son 7 years old. We are seeking proposals for girls from USA, Late Marriage or Widow age 32-37. Please contact Phone **516 616 0611 or 516 287 6361.** Email: **thekkmathew@gmail.com.**

*Seeking bride for a Christian boy age 29, 6 ft tall, holding business degree, working with Bloomberg group in New York. Looking for a Malayalee girl that is brought up in the U.S. Should be tall and educated professional. Please email details and photo to: **prabhaphilip@yahoo.com** or call: **614-329-9361**

*Knanaya Jacobite parents invite proposals for our son ( 31, 5'10", employed in IT field). He was born and raised in the U.S and is living in Boston. Preferably seeking proposals from parents of Knanaya girls, employed in the medical field. Please contact **bmt554206@gmail.com** or call **978-577-7732.**

*Pentecostal family members are seeking a suitable life partner for our nephew (26 years old, 5'8") born in the U.S. Bachelor's in Business Management, MBA specialized in Aerospace Logistics. Working in the Tinker Airforce Base (civilian). Active in the church in the role of praise and worship leader, Sunday school teacher, and as evangelism director. We are seeking a born-again, spirit-filled girl, with some professional education (Knanaya background preferred). Please contact with details to **mtkuruvilla1@hotmail.com** or call **(405) 474-1222.**

*Syrian Christian Pentecostal parents invites proposal for their son 27, 179 cm, fair, B.Tech, working as instrumentation engineer in Kuwait, Baptized and spiritfilled. From parents of well educated girls with good spiritual life and family backgrounds. Phone USA **405 541 5567**, Kerala **9633170515**

*Pentecostal parents prayerfully seeking suitable life partner for their son (26, 5-11)born and brought up in the US, holds a degree in business administration and currently working for a reputable firm. We are seeking proposals from the parents of Pentecostal, Holy Spirit baptized US born girls with similar field of education, employed or unemployed. Please contact with full detailsto: **Eliazer2017@yahoo.com**

*Proposals are invited for a Knanaya Catholic groom, 39 years old, divorced, working in USA; from girls belonging to any mainstream Christian denominations. Please contact with details to: infomatrimonial **20@gmail.com** or call: **(803) 873-0395.**

**Christian/Catholic Malayalee parents settled in USA invite proposal for their son family-oriented, caring with moral/ spiritual value, good character, 34 years, 5'9", US-educated medical doctor MD. Proposal seeking from slim, fair, beautiful Christian/catholic girls with similar professions. please send emails with recent picture to **mkurian101@gmail.com**

* Malayalee Pentecostal Parents settled in the USA invite marriage proposals for their son, born again, baptized, spirit filled, 5'10", 34 years old, spiritual, and family oriented IT professional working for a highly acclaimed IT firm in the USA, from parents of born again, baptized, spirit filled Pentecostal girls, with excellent spiritual and family values, preferably raised in the USA. Please reply with recent photos to **onlyhisgrace79@gmail.com**

*Sister invites proposal for her born again brother, 26 years, fair in complexion, 5'9", studying MBA Pharmacy and completing in 2020. He is born and brought up in the US and from the Knanaya back-ground. Looking for God-fearing born again girl working or studying in the medical field preferably from the US or Canada. Phone # **847 337 0660.** Email: **Neethusz@gmail.com** or **ashzach84@gmail.com**

*Christian male, divorced, 44 yrs, well mannered, a graduate electrician with Saudi Arabian work experience currently in Kerala seeking Christian Malayalee bride (Single, widowed, divorced) from USA or Canada. Contact **(713) 505 4747** or email to: **priyajohn002@gmail.com.**

**Christian Malayalee parents settled in the USA invite proposal for their sons MD 41 & 42 years, 5'7" & 5'9". 1st son is ER doctor in California and 2nd son double board-certified MD V A Hospital. We are seeking God-fearing and professionally qualified, slim, fair and good looking girl. Please contact with recent picture and details to email: **j_indy21@hotmail.com**

*Roman Catholic parents well settled in USA invite Marriage Proposal for their only son 34 years 5'5" Fair Complex USA Educated Chemical Engineer with Master of Business Management. He is working in Chicago in a MN Chemical Company as Global Innovation manager. He has all The Best Qualities. Please send details with recent full size pictures to **stevarmaan@hotmail.com**

# SEEKING BRIDEGROOM CONTD.....

*Pentecostal parents currently settled in Madhya Pradesh, India is inviting proposals for their daughter, brought up in Madhya Pradesh, India (27 Years, 4'11") with M.Com, MBA, working at a Multi National Corporation. She is born again, baptized, family oriented and committed for ministry. We are seeking proposals from God fearing boys who are US citizen or Green holder. Please contact with recent pictures and full details to: **tonygeorge316@sbcglobal.net** or Call at **815-723-0650**

**Pentecostal parents are prayerfully seeking a proposal for their daughter who was born and raised in the USA. She is 25 years old (October 1993), 5'4", and loves to travel. She is currently finishing up rotations for PA school and will graduate with her Masters in September. She is a hardworking individual who loves the Lord and is involved in the worship team. We are seeking proposals from a God-fearing Pentecostal groom who is professionally (BS/MS) qualified. We prefer him to be raised in the USA, Canada, Middle East, or North India as well as someone who has a personal relationship with God, loves family, and is actively involved in church activities. Interested individuals please contact with a latest picture and recent information by sending an email to **jaomf99@gmail.com**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## പി.കെ. ജോസഫ്

**മുത്തോലപുരം:** റിട്ട. എളഒ കൂത്താട്ടുകുളം നിരപ്പിൽ പി.കെ. ജോസഫ് (88) നിര്യാതനായി. ഭാര്യ: മരങ്ങാട്ടുപള്ളി മണിമലത്തറപ്പിൽ പരേതയായ ഏലിക്കുട്ടി (ജോസ്ഗിരി സെയിന്റ് ജോർജ് സ്കൂൾ റിട്ട. ഹെഡ്മിസ്ട്രസ്). മക്കൾ: ഡോ. ആൻസ് ജോർജ് (സൂപ്രണ്ട്, ഇഎസ്ഐ, ഹോസ്പിറ്റൽ, വടവാതൂർ, കോട്ടയം), അഡ്വ. സിറിൾ ജോസഫ് (മൂവാറ്റുപുഴ), വിൽസൺ ജോസഫ് (യുഎസ്), സ്റ്റാർലിൻ ജോസഫ് (അഡ്മിനിസ്ട്രേറ്റീവ്, ഓഫീസർ, എൽഐസി ഓഫ് ഇന്ത്യ, കോട്ടയം). മരുമക്കൾ: ഡോ. കെ.സി. ജോർജ്, ചാലാശേരി, അതിരമ്പുഴ (പ്രഫ. അൽ അസർ മെഡിക്കൽ കോളജ്, തൊടുപുഴ), ആനിയമ്മ സിറിൾ (ടിടിവിഎച്ച്എസ്എസ്, മൂവാറ്റുപുഴ), റെജി വിൽസൺ (യുഎസ്), ഡോ. സന്തോഷ് ജോസഫ് എടച്ചേത്ര കുടമാളൂർ (സീനിയർ വെറ്ററിനറി സർജൻ, ചെങ്ങന്നൂർ).

## സി.ഒ. മാത്യു

**കിടങ്ങൂർ:** ചെറുതാനിയിൽ സി.ഒ. മാത്യു (93) നിര്യാതനായി. ഭാര്യ: നീണ്ടൂർ മണപ്പാട്ട് ഏലിക്കുട്ടി. മക്കൾ: ജോൺ മാത്യു, ഫിലോമിന മാത്യു, സ്റ്റാനി മാത്യു, സണ്ണി മാത്യു, ലൈലാ മാത്യു (മൂന്നുപേരും യുഎസ്), സിസ്റ്റർ മേഴ്സിലിൻ (ജെർമനി), സിസ്റ്റർ ലിസി (ലക്നൗ), ജോസ് മാത്യു (യുകെ). മരുമക്കൾ: ലില്ലി, ടി.സി. ജോസഫ് തേനാകര കളപ്പുരയിൽ (കുറുമുള്ളൂർ), ഷേർളി, ഷേർളി, മാത്യു ചാരത്ത് (പുന്നത്തുറ), സിബി വെള്ളംകുളം (മള്ളുശേരി).

**തിരുവാതുക്കൽ:** വേളൂർ പുത്തൻപുരയ്ക്കൽ വാട്ടർ ട്രാൻസ്പോർട്ട് റിട്ട. സീനിയർ സൂപ്രണ്ട് പി.ജി. ഗോപിനാഥൻ നായർ (86) നിര്യാതനായി.

**വാകത്താനം:** ഞാലിയാകുഴി കൊച്ചുപ്ലാമ്പറമ്പിലായ പൂവനോലിക്കൽ പിഡബ്ല്യുഡി കോൺട്രാക്ടർ പി.ടി. തോമസ് (ജോയി-79) നിര്യാതനായി.

## സഖറിയാസ് മഹാപിള്ള

**കിടങ്ങൂർ സൗത്ത്:** വലിയവീട്ടിൽ (മാളിയേക്കൽ) റിട്ട. ഹൈസ്കൂൾ അധ്യാപകൻ സഖറിയാസ് മഹാപിള്ള (90) നിര്യാതനായി. ഭാര്യ: ആലപ്പുഴ നടയ്ക്കൽ എൻ.ടി. മേരിക്കുട്ടി (റിട്ട. അധ്യാപിക). മക്കൾ: റോയി, ടെസി (ഇരുവരും യുഎസ്), ഡോളി, അനിത, സിന്ധു. മരുമക്കൾ: റെജി (യുഎസ്), മാത്യു ജോസ് അമ്പാട്ട് (പാലാ), രാജു പറക്കുന്നേൽ ആരക്കുഴ (സൗത്ത് ആഫ്രിക്ക), മാത്യു ജോസഫ് തെക്കേക്കരോട്ട് (ആകാശവാണി, കോഴിക്കോട്), മനോജ് പുന്നയ്ക്കാപ്പടവിൽ വാഴക്കുളം (യുഎസ്).

**വലവൂർ:** മുണ്ടത്താനത്ത് എം.ജെ. വർഗീസ് (പാപ്പച്ചൻ-85) നിര്യാതനായി.

**കൊച്ചി:** സെയിന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ മുൻ പ്രിസൈഡിങ് ബിഷപ്പ് ചെങ്ങന്നൂർ മലയിൽ മടയ്ക്കൽ ഡോ. എം.കെ. കോശിയുടെയും മോളിയുടെയും മകൻ അനു നൈനാൻ കോശി (53) നിര്യാതനായി.

**കോഴഞ്ചേരി:** ചെറുകോൽ മേലേത്തറയിൽ എം.ടി. ഏബ്രഹാമിന്റെ ഭാര്യ അന്നമ്മ (കുഞ്ഞുമോൾ-65) നിര്യാതയായി.

**തലയോലപ്പറമ്പ്:** കുന്നേൽ പരേതനായ ചാക്കോ കുര്യന്റെ ഭാര്യ മറിയാമ്മ (70) നിര്യാതയായി.

## ത്രേസ്യാമ്മ ജെയിംസ്

**തകഴി:** ചെട്ടിയാംപറമ്പിൽ പരേതനായ കെ.വി. ജെയിംസിന്റെ ഭാര്യ ത്രേസ്യാമ്മ (ചിന്നമ്മ-74) നിര്യാതയായി. ചമ്പക്കുളം പരൂപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: സ്കറിയ (ഖത്തർ), ഷിബു (യുഎസ്), ഷിജി, ഷീബ (യുകെ), പരേതനായ വർഗീസ്. മരുമക്കൾ: മെർഡി, ആൻസമ്മ, ജിജി, സിനി, സാബു.

**മണിയാകുന്ന്:** എഫ്സിസി സഭാംഗം സിസ്റ്റർ അഗസ്റ്റിൻ മരിയ പാമ്പയ്ക്കൽ (80) നിര്യാതയായി.

## ഡോ. എൻ. മാധവൻ

**ഡിട്രോയിറ്റ്:** കേരള ക്ലബ് എന്ന മിഷിഗണിലെ മലയാളി സാംസ്കാരിക സംഘടനയുടെ സ്ഥാപക പ്രസിഡണ്ടും വക്കം സ്വദേശിയുമായ ഡോ. എൻ. മാധവൻ (93) നിര്യാതനായി. ഭാര്യ: ഇന്ദിര. മക്കൾ: ഡോ. സന്തോഷ് മാധവൻ, സ്നേഹ റീസ്.

**തൃശൂർ:** സെവൻത്ത് ഡേ അഡ്വന്റിസ്റ്റ് സൗത്ത് ഇന്ത്യാ യൂണിയൻ യൂത്ത് ഡയറക്ടറും സൗത്ത് സെക്ഷൻ പ്രസിഡണ്ടുമായിരുന്ന തിരുവല്ല വെണ്ണിക്കുളം കാഞ്ഞിരത്താനോലിൽ പാസ്റ്റർ കെ.ജെ. വർഗീസ് (അച്ചൻകുഞ്ഞ്-71) നിര്യാതനായി.

**ആലുവ:** ഗ്രാൻഡ് വെൽ സ്പോർട്ടിങ് ഗുഡ്സ്, ആംകോ ഫാർമോ പ്ലാസ്റ്റ് സിഇഒ മഹിളാലയം സരോജിൽ ടി.കെ. രവിമോഹൻ (72) നിര്യാതനായി.

## ജോൺ ജോൺ

**തുകലശേരി:** പെരുമ്പള്ളിക്കാട്ട് ജോൺ ജോൺ (കുഞ്ഞുമോൻ-75) ഹൂസ്റ്റണിൽ നിര്യാതനായി. ഭാര്യ: കോട്ടയം തേക്കുംമൂട്ടിൽ എലിസബത്ത്. മക്കൾ: ഡോജി, സോജി, പരേതനായ ടോജി.

**കൊച്ചി:** കലൂർ ആസാദ് റോഡ് മീനുകൃഷ്ണയിൽ ഹൈക്കോടതി സീനിയർ അഡ്വക്കേറ്റ് കെ.കെ. ചന്ദ്രൻപിള്ളയുടെ ഭാര്യ ഇന്ദിര സി. പിള്ള (61) നിര്യാതയായി.

**ളാക്കാട്ടൂർ:** മറ്റപ്പള്ളി കവലയ്ക്കു സമീപം തടമുറിയിൽ പരേതനായ ടി.ടി. തോമസിന്റെ മകൻ ടോമി തോമസ് (55) നിര്യാതനായി.

**തിരുവല്ല:** പുല്ലാട് ഓവനാലിൽ ഒ.സി. ഫിലിപ്പോസിന്റെ (ചെയർമാൻ, അൽ ഖൊവഹിർ കെമിക്കൽ, ഷാർജ) ഭാര്യ ലീലാമ്മ ഫിലിപ്പോസ് (72) നിര്യാതയായി.

## സെയ്തു മുഹമ്മദ്

**ചേർത്തല:** കെപിസിസി നിർവാഹക സമിതിയംഗം കല്ലറക്കൽ കെ.എൻ. സെയ്തുമുഹമ്മദ് (69) നിര്യാതനായി. ഭാര്യ: പട്ടണക്കാട് ജിവിഎച്ച്എസ് റിട്ട. അധ്യാപിക റഥലത്ത്. മക്കൾ: അഫ്സൽ (ഖത്തർ), ഷഹാന (യുഎസ്). മരുമക്കൾ: ഷാനാസ് (യുഎസ്), ഫാത്തിമ.

**പായിപ്പാട്:** കുന്നിക്കൽ എൻ. ശശികുമാർ (68) നിര്യാതനായി.

**അതിരമ്പുഴ:** ഫാക്ട് (ആലുവ) റിട്ട. പ്ലാന്റ് എൻജിനീയർ കുന്നേൽ കെ.എ. തോമസ് (82) നിര്യാതനായി.

**കോട്ടയം:** പേരൂർ കാക്കനാട്ടായ പൂവന്നിക്കുന്നേൽ പരേതനായ സി.കെ. കുര്യന്റെ ഭാര്യ അന്നാമ്മ (79) നിര്യാതയായി.

**ചെങ്ങളം:** മഞ്ഞപ്പള്ളിക്കുന്നേൽ ജോസഫ് ആന്റണി (66) നിര്യാതനായി.

**വള്ളിച്ചിറ:** പുള്ളോലിക്കൽ പി.സി. തോമസിന്റെ ഭാര്യ ത്രേസ്യാമ്മ (80) നിര്യാതയായി.

## വർഗീസ് ആന്റണി

**ചങ്ങനാശേരി:** ഫാത്തിമാപുരം തൊട്ടിക്കൽ വർഗീസ് ആന്റണി (അപ്പച്ചൻ-77) നിര്യാതനായി. ഭാര്യ: പുളിക്കൽ മേരിക്കുട്ടി. മക്കൾ: സിന്ധു, സന്തോഷ് (ന്യൂയോർക്ക്), സിജു (സ്കൈലൈൻ കാപ്പ്യുട്ടേഴ്സ്). മരുമക്കൾ: രാജൻ സി. തോമസ് (ചിറയിൽ ഫൈനാൻസ് ഏറ്റുമാനൂർ), സിന്ധു (ന്യൂയോർക്ക്), ജെൻസി (എകെഎം പബ്ലിക് സ്കൂൾ).

**മാങ്ങാനം:** കൺട്രോളർ ഓഫ് ഇംപോർട്സ് ആൻഡ് എക്സ്പോർട്സ് റിട്ട. ഉദ്യോഗസ്ഥൻ കാക്കശേരിൽ കെ.വി. ജോൺ (ജോണി-86) നിര്യാതനായി.

**ഏറ്റുമാനൂർ:** ഏറ്റുമാനൂർ റോയൽ വെഡിംഗ് കാർഡ്സ് ഉടമയും വിമുക്തഭടനുമായ വള്ളിക്കാട് ചെറുകര വീട്ടിൽ വിൻസന്റിന്റെ ഭാര്യ കോട്ടയം ജില്ലാ ആശുപത്രി റിട്ട. നേഴ്സ് ടി.ജെ. ഏലിയാമ്മ (63) നിര്യാതയായി.

## മേരി മാത്യു

**ഭരണങ്ങാനം:** പാറൻകുളങ്ങര പരേതനായ പി.ടി. മാത്യുവിന്റെ ഭാര്യ മേരി (83) നിര്യാതയായി. മരങ്ങാട്ടുപിള്ളി പുളിക്കിയിൽ കുടുംബാംഗമാണ്. മക്കൾ: പി.എം. മാത്യു, റെൻസി, എത്സമ്മ, ജോൺസൺ പാറൻകുളങ്ങര, സോൺസിൽ. മരുമക്കൾ: ഷാലി, കേണൽ ബേബി മാത്യു ഇലവുങ്കൽ, പാലാ (സിഎസ്ഐ, ഫെഡറൽ ബാങ്ക്), സിറിയക് തോമസ് മണിയങ്ങാട്ട് (യുഎസ്), ബീന, സന്തോഷ് ജോർജ് കുളങ്ങര (മാനേജിങ് ഡയറക്ടർ, ലേബർ ഇന്ത്യ പബ്ലിക്കേഷൻസ് ആൻഡ് സഫാരി ചാനൽ).

**മുട്ടുചിറ:** കടുത്തുരുത്തി പഞ്ചായത്ത് മുൻ അംഗം മാത്തിക്കുന്നേൽ (കുളത്തുംകാലായിൽ) എം.ജെ. ജോർജിന്റെ ഭാര്യ കുഞ്ഞമ്മ ജോർജ് (74) നിര്യാതയായി.

## ഏലിയാമ്മ കോശി

**പൊൻകുന്നം:** പാട്ടുപാറ താമരപ്പള്ളിലായ ചെങ്ങാലിക്കുഴിയിൽ പരേതനായ സി.ടി. കോശിയുടെ ഭാര്യ ഏലിയാമ്മ (90) നിര്യാതയായി. റാന്നി കൊച്ചമ്മേപ്പുറത്ത് കുടുംബാംഗമാണ്. മക്കൾ: ലീലാമ്മ, സാജൻ, ആനി, ബിനു (നാലുപേരും യുഎസ്), സൂസമ്മ, സിസിലി, പരേതരായ രാജൻ, ലില്ലിക്കുട്ടി. മരുമക്കൾ: ജോയിക്കുട്ടി (യുഎസ്), മേഴ്സി, ജോയിക്കുട്ടി (വടശേരിക്കര), സണ്ണി ഏറത്ത് പൊൻകുന്നം, ജോൺസൺ (കോട്ടയം), ശാലിനി, ബിജി, ജനി (മൂന്നുപേരും യുഎസ്).

**കുമരകം:** മാറിയിടം പരേതനായ പാപ്പച്ചന്റെ ഭാര്യ മറിയാമ്മ (78) നിര്യാതയായി.

**പിറവം:** നിരപ്പുകാട്ടിൽ കെ.ജെ. സാജു (59) നിര്യാതനായി.

**നെടുംകുന്നം:** കുത്രപ്പള്ളി മാത്തിനാൽ ജോസഫ് ജോസഫിന്റെ ഭാര്യ ഏലിക്കുട്ടി (67) നിര്യാതയായി.

**ചമ്പക്കുളം:** അറയ്ക്കൽ ജെ. ജോസഫ് (അപ്പച്ചൻ-80) നിര്യാതനായി.

**ഇത്തിത്താനം:** കുന്നേൽ പുതുപ്പറമ്പിൽ തോമസ് വർഗീസ് (77) നിര്യാതനായി.

**തിടനാട്:** മഞ്ഞപ്പാറ പൂവത്തിങ്കൽ പരേതനായ വർഗീസിന്റെ ഭാര്യ ചിന്നമ്മ (77) നിര്യാതയായി.


**തിരുവല്ല:** കല്ലൂപ്പാറ ഐരാമ്പള്ളിൽ പരേതനായ എ.സി. കുരുവിളയുടെ ഭാര്യ സരസു കുരുവിള (92) നിര്യാതയായി.

## പി.ടി. തോമസ്

**റാന്നി:** ഉന്നക്കാവ് തെങ്ങുംതോട്ടത്തിൽ പി.ടി. തോമസ് (തങ്കച്ചൻ-85) നിര്യാതനായി. ഭാര്യ: മൈലപ്ര മന്ദപ്പുഴയിൽ പരേതയായ തങ്കമ്മ. മക്കൾ: മോൻസി (യുഎസ്), ഷേർലി, ബിജു (ഇരുവരും ഖത്തർ). മരുമക്കൾ: തോമസ് കണ്ണംകര (ഓർത്തഡോക്സ് സഭ മാനേജിംഗ് കമ്മിറ്റിയംഗം), പുഷ്പ (യുഎസ്), ഷീല (ഖത്തർ).

**കോഴിക്കോട്:** പഴയകാല പത്രപ്രവർത്തകനും ബാലസാഹിത്യകാരനും കവിയും ഗാനരചയിതാവുമായ എസ്.വി. ജനാർദ്ദനൻ നായർ (ജനാർദ്ദനൻ പള്ളിക്കുന്ന്-79) നിര്യാതനായി.

## കെ.എ. ഫിലിപ്



**അയിരൂർ:** തേക്കുങ്കൽ കൈതക്കുഴിയിൽ കെ.എ. ഫിലിപ് (73) നിര്യാതനായി. ഭാര്യ: ചാത്തങ്കരി വേടൻപറമ്പിൽ റോസമ്മ. മക്കൾ: ബിന്ദു, സന്തോഷ്. മരുമക്കൾ: റവ. ലാബി ജോർജ് പനയ്ക്കമറ്റം, ജെനി (എല്ലാവരും യുഎസ്).

**കോട്ടയം:** റബർബോർഡ് പ്രോജക്ട് ഹെഡായിരുന്ന പുത്തനങ്ങാടി ചക്കാലപ്പറമ്പിൽ സി.എം. ജോർജ് (ബേബി-86) നിര്യാതനായി.

## ഏലിയാമ്മ ഏബ്രഹാം

**തിരുവല്ല:** അരുണാചൽ പ്രദേശ് റിട്ട. എൻജിനീയർ ഇരുവള്ളിപ്ര നെച്ചൂവേലിൽ പരേതനായ എൻ.ഐ. ഏബ്രഹാമിന്റെ ഭാര്യ ഏലിയാമ്മ (80) നിര്യാതയായി. വള്ളംകുളം പൗവ്വര കുടുംബാംഗമാണ്. മക്കൾ: സാജൻ, സുനിൽ (യുഎസ്), ഡോ. സോമൻ. മരുമക്കൾ: ലൗലി, അനിൽ (യുഎസ്), ഡോ. ഷാജി പൗലോസ്.

**ചങ്ങമ്പുഴ നഗർ:** കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് റിട്ട. സൂപ്രണ്ട് തിരുവല്ല ചാലക്കുഴി പുളിമൂട്ടിൽ പി.എം. മാമ്മൻ (94) നിര്യാതനായി.

## എം.ജെ. ജോസഫ്

**വെമ്പള്ളി:** പട്ടിത്താനം താഴപടത്തിൽ പരേതനായ അവിരാ ജോസഫിന്റെ മകൻ വിമുക്തഭടൻ എം.ജെ. ജോസഫ് (സണ്ണി-57) നിര്യാതനായി. ഭാര്യ: തെക്കേമല കുഴിയൻപ്ലാവിൽ മോളി. മക്കൾ: ആഷിൻ സാവിയോ ജോസഫ് (യുഎസ്), എമിൻ ട്രീസാ ജോസഫ് (യുഎസ്). മരുമകൾ: ശ്രുതി ജോസഫ് (യുഎസ്).

**ആർപ്പൂക്കര:** വൈദ്യുതി ബോർഡ് (പള്ളം) റിട്ട. സീനിയർ സൂപ്രണ്ട് പെരുമ്പടപ്പിൽ ജെയിംസ് മാത്യു (70) നിര്യാതനായി.

**പാലാ:** കവീക്കുന്ന് കദളിക്കാട്ടിൽ പരേതനായ കുര്യന്റെയും ത്രേസ്യാമ്മയുടെയും മകൻ കുര്യാച്ചൻ (60) നിര്യാതനായി.

**തിരുവഞ്ചൂർ:** മണികണ്ഠഭവനത്തിൽ കെ.വി. നാരായണൻ പോറ്റിയുടെ ഭാര്യ കുത്താട്ടുകുളം കൊറ്റനാട്ട് ഇല്ലം സാവിത്രി അന്തർജനം (77) നിര്യാതയായി.

**കല്ലൂപ്പാറ:** കടമാൻകുളം ഇടയാട്ട് പരേതനായ ഗീവർഗീസിന്റെ ഭാര്യ തങ്കമ്മ (88) നിര്യാതയായി.

## രാജമ്മ ഫിലിപ്പ്

**കോഴഞ്ചേരി:** ചെറുകോൽ വാഴക്കുന്നത്ത് പേട്ടയിൽ പുതുപ്പറമ്പിൽ പി.എം. ഫിലിപ്പിന്റെ ഭാര്യ രാജമ്മ (80) നിര്യാതയായി. പന്തളം ശങ്കരത്തിൽ കുടുംബാംഗമാണ്. മക്കൾ: ഡാരൻ ഫിലിപ്പ് (മുംബൈ), ഡാമിൻ ഫിലിപ് (യുഎസ്). മരുമക്കൾ: ലിജി (മുംബൈ), ഷേർലി (യുഎസ്).

**സൗത്ത് പാമ്പാടി:** പാമ്പാടി ഗ്രാമ പഞ്ചായത്ത് മുൻ അംഗം ഇലക്കൊടിഞ്ഞി പൂവത്തിനാക്കുഴി പരേതനായ കെ. കൊച്ചുരാമന്റെ ഭാര്യ മാട്ടുപ്പെട്ടി ഇൻഡോ സ്വിസ് പ്രോജക്ട് റിട്ട. സീനിയർ സൂപ്രണ്ട് ചന്ദ്രകുമാരി (78) നിര്യാതയായി.

**നരിയമ്പാറ:** കാരയ്ക്കാട്ട് കെ.ടി. തോമസിന്റെയും മറിയാമ്മയുടെയും മകൻ റ്റോജി തോമസ് (38) നിര്യാതനായി.

**ഈര:** പറപ്പുത്ര ചെറിയാൻ ഏബ്രഹാം (തങ്കച്ചൻ കുളത്തൂർ-78) നിര്യാതനായി.

**പത്തനംതിട്ട:** താഴെവെട്ടിപ്രം ചെറിയപാറ്റുപുരത്ത് ഐസക് വില്ലയിൽ സി.കെ. വർഗീസിന്റെ ഭാര്യ ലില്ലി (63) നിര്യാതയായി.

## ആലീസ് കുര്യൻ

**ഇരവിമംഗലം:** പനങ്കാലായിൽ പരേതനായ കുര്യാക്കോസിന്റെ ഭാര്യ ആലീസ് (70) നിര്യാതയായി. ഇരവിമംഗലം ചാരവേലിൽ കുടുംബാംഗമാണ്. മക്കൾ: സാബു (യുഎസ്), സിബി (ഓസ്ട്രേലിയ), സിനി, സിജി (ഇരുവരും കുവൈത്ത്). മരുമക്കൾ: ലിസി (യുഎസ്), സിമ്മി (ഓസ്ട്രേലിയ), സജി വേലിക്കെട്ടേൽ ഉഴവൂർ, ജിസ് ചോരത്ത് കല്ലറ (ഇരുവരും കുവൈത്ത്).

**തൃത്താല:** മുൻ തൃത്താല എംഎൽഎ പരേതനായ എം.പി. താമിയുടെ ഭാര്യ കാളിക്കുട്ടി (80) നിര്യാതയായി.

## മറിയക്കുട്ടി ഔസേപ്പച്ചൻ

**ആർപ്പൂക്കര:** അങ്ങാടി പ്ലാക്കിയിൽ ദീപിക മുൻ ഉദ്യോഗസ്ഥൻ ഔസേപ്പച്ചന്റെ ഭാര്യ മറിയക്കുട്ടി (87) നിര്യാതയായി. ഇത്തിത്താനം കരിയിലാകുഴി കുടുംബാംഗമാണ്. മക്കൾ: മാത്യൂസ് ആർപ്പൂക്കര (റിട്ട. മുനിസിപ്പൽ ഉദ്യോഗസ്ഥൻ), ഡോ. പി.ജെ. ജോസഫ്, ജയ്സൺ പി. തോമസ് (ഇരുവരും യുഎസ്), ആനി ജോർജ് (ബെംഗളൂരു), ജേക്കബ് പ്ലാക്കൻ (യുകെ). മരുമക്കൾ: കുസുമം മാത്യൂസ് (റിട്ട. നേഴ്സിങ് സൂപ്രണ്ട് ഗവ. മെഡിക്കൽ കോളജ്, കോട്ടയം), മീന, എൽസി, കെ.എൽ. ജോർജ് ഓളിയിൽ (ഐക്കരച്ചിറ), ആൻസി.

**തൃശൂർ:** ഗവ. മെഡിക്കൽ കോളജ് വൈസ് പ്രിൻസിപ്പലും പരേതനായ ഒ.സി. ഉണ്ണികൃഷ്ണൻ നായരുടെ ഭാര്യയുമായ ഡോ. കെ. പ്രീതി നായർ (62) നിര്യാതയായി.

**വെള്ളയാംകുടി:** കട്ടപ്പന സെയിന്റ് ജോർജ് എച്ച്എസ് റിട്ട. അധ്യാപകൻ കാഞ്ഞിരക്കാട്ട് പി.സി. വർഗീസ് (75) നിര്യാതനായി.

**തൈക്കാട്ടുശേരി:** പറമ്പത്തറ മഠത്തിൽ പറമ്പിൽ പരേതനായ പി.വി. ജോസഫിന്റെ ഭാര്യ കുടവെച്ചൂർ സെയിന്റ് മൈക്കിൾസ് എച്ച്എസ് റിട്ട. അധ്യാപിക മേരി ജോസഫ് (86) നിര്യാതയായി.

**അണക്കര:** പോത്താനിക്കലായ കുത്തതയിൽ തൊമ്മി ഏലിയാസ് (84) നിര്യാതനായി.

## എം.എ. ഫിലിപ്പോസ്

**വിൻസർ (കാനഡ):** മുംബൈ അറ്റോമിക് എനർജിയിൽ എൻജിനീയറായിരുന്ന കുമ്പനാട് മുണ്ടനിൽക്കുന്നതിൽ എം.എ. ഫിലിപ്പോസ് (ജോയി-83) കാനഡയിൽ നിര്യാതനായി. ഭാര്യ: കോട്ടയം വടവാതൂർ ശാലേം ബൈബിൾ കോളജ് സ്ഥാപകൻ പാസ്റ്റർ പി.എം. ഫിലിപ്പിന്റെ മകൾ മേരി ഫിലിപ്. മക്കൾ: അബി (എൻജിനീയർ ജനറൽ മോട്ടോഴ്സ്, കാനഡ), കുഞ്ഞുമോൾ (യുഎസ്). മരുമക്കൾ: ലാലി (കാനഡ), സാബുസൺ (യുഎസ്).

**ഇരട്ടയാർ:** കുടവനപ്പാട്ട് പരേതനായ കെ.കെ. തോമസിന്റെ ഭാര്യ മാഗി (70) നിര്യാതയായി.

## വത്സമ്മ ബേബി

**തലയോലപ്പറമ്പ്:** കരിപ്പാടം കണിയാർകുന്നേൽ ബേബിയുടെ ഭാര്യ വത്സമ്മ (75) നിര്യാതയായി. കല്ലറ മീൻചിറയിൽ കുടുംബാംഗമാണ്. മക്കൾ: ബിനു (യുഎസ്), ബിജു. മരുമക്കൾ: ടോമി പുതുവേലിൽ ആടുപാറയിൽ (യുഎസ്), ഷില്ലി.

**ചേർത്തല:** തണ്ണീർമുക്കം ചാലിപ്പള്ളി കൊച്ചിനാംകരിയിൽ വാവച്ചന്റെ മകൻ ചേർത്തല പുഞ്ചിരി ലേഡീസ് സ്റ്റോർ ഉടമ കെ.എ. ജോസഫ് (ലാലിച്ചൻ-45) നിര്യാതനായി.

## അന്നമ്മ പീലിപ്പോസ്

**കിടങ്ങൂർ:** കാഞ്ഞിരമറ്റത്തിൽ പരേതനായ കെ.എം. പീലിപ്പോസിന്റെ ഭാര്യ അന്നമ്മ (96) നിര്യാതയായി. റാന്നി ചെറുവട്ടയ്ക്കാട്ടു കുടുംബാംഗമാണ്. മക്കൾ: ലീല, ഗ്രേസി, ബേബി (റിട്ട. കോ-ഓപ്പറേറ്റീവ് ബാങ്ക് ഉദ്യോഗസ്ഥൻ), മാത്യു (റിട്ട. കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥൻ), രാജു, നിർമല (ഇരുവരും യുഎസ്), ഗീത, മിനി. മരുമക്കൾ: ജോസ് ചങ്കംമൂലയിൽ (കുറുമുള്ളൂർ), ജോർജ് തുരുത്തേൽ കളത്തിൽ (കാരിത്താസ്), കുഞ്ഞുമോൻ പടപ്പുരയ്ക്കൽ (കടുത്തുരുത്തി), ബേബി എടാട്ട് (യുഎസ്), ഷാജി അറയ്ക്കൽ (കൈപ്പുഴ), എൽസമ്മ, ജെസി, ആനി.

**കുമാരനല്ലൂർ:** കോത്തല ഗവ. സ്കൂൾ റിട്ട. അധ്യാപകൻ കാരാട്ട് ശ്രീസദനം എൻ. വാസുക്കുട്ടൻ (85) നിര്യാതനായി.

## കുഞ്ഞൂഞ്ഞമ്മ ജോർജ്

**അടൂർ:** ചിറ്റുണ്ടയിൽ തെക്കേവീട്ടിൽ കുടുംബാംഗം കോട്ടുകളിൽ പുത്തൻവീട്ടിൽ വിളയിൽ പരേതനായ ജോർജിന്റെ ഭാര്യ കുഞ്ഞമ്മ (83) നിര്യാതയായി. കടമ്പനാട് വടക്കേതിൽ കുടുംബാംഗമാണ്. മക്കൾ: ജോർജ് പി. കോശി, അനില ജോർജ് (ഇരുവരും യുഎസ്), പരേതനായ ജോർജ് വർഗീസ്. മരുമക്കൾ: ലീലാമ്മ വർഗീസ്, സൂസൻ, ടോമി (മൂവരും യുഎസ്).

**തൃശൂർ:** സ്വാതന്ത്ര്യ സമര സേനാനിയും കോൺഗ്രസ് നേതാവുമായിരുന്ന പൂച്ചട്ടി പരേതനായ പൊങ്ങണാമൂല പി.ആർ. കൃഷ്ണന്റെ ഭാര്യ പൂച്ചട്ടി എകെഎംഎച്ച്എസ്എസ് റിട്ട. അധ്യാപിക പി.കെ. ശ്രീമതി (91) നിര്യാതയായി.

**കാഞ്ഞിരപ്പള്ളി:** കുന്നുംഭാഗം വാഴവേലിൽ ജോഷി തോമസിന്റെയും കിറ്റിയുടെയും മകൻ ഡോ. തോമസ് ജോഷി (അപ്പു-26) നിര്യാതനായി.

**ചിറക്കടവ്:** ഗവ. എൽപിഎസ് റിട്ട. അധ്യാപകൻ പുന്നക്കുളത്ത് മ്ലാത്തടത്തിൽ പി.എസ്. ഗോപാലൻ നായർ (88) നിര്യാതനായി.

## NANNY WANTED

We are an Indian couple living in Elmhurst, Illinois. We are looking for either a live in or live out nanny/babysitter to start as soon as possible to watch an 8 month old infant. Some cooking and light house keeping expected.

**Please contact us at**

**917-685-2553 or 312-399-6750**

## HOUSING PLOT FOR SALE TRIVANDRUM

Two plots of 10 cents each for sale in Chavadimukku, Sreekariam. Walking distance from National Highway.

**Interested parties, please call:**

**516-784-3621**

## 5 ACRES RUBBER ESTATE FOR SALE

5 Acres property near Nelliyani, Palai, easy access to Vaikom - Palai road, Alphonsa college and Mariyan hospital. This property is far away from flood zone. Selling as a whole, or three parts. Good for investment, apartment, villa or other development opportunities.

**Please contact**

**Jay: 001- 416 458 1978 or**

**Santhosh: 919447571716**

## BABY SITTER WANTED

Malayali family living near Chicago in Wisconsin GreenBay need a Nanny/baby sitter to stay at home and look after a one month old baby.

**Please contact**

**Phone: 708 979 3947, 740 398 2374**

## മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് താമസിക്കുവാൻ അവസരം

ഫ്ളോറിഡായിലെ ഡാവൻപോർട്ടിൽ (ഒർലാണ്ടോയ്ക്കു സമീപം) താമസിക്കുന്ന ഒരു കുടുംബത്തിന്റെ കൂടെ വാടക നല്കി താമസിക്കുവാൻ പ്രായമുള്ള മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് അവസരം. താത്പര്യമുള്ളവർ വിളിക്കുക:

**ഫോൺ:**

**352-321-2096**

## HELP WANTED

ചിക്കാഗോയിലെ സ്കോക്കിയിൽ താമസിക്കുന്ന മലയാളി ദമ്പതികളെ നോക്കുവാനും പാചകം ചെയ്യുവാനും ആളെ ആവശ്യമുണ്ട്.

അതോടൊപ്പം രണ്ട് വയസ് പ്രായമുള്ള കുട്ടിയെ നോക്കുവാനും സഹായം ആവശ്യമുണ്ട്. താത്പര്യമുള്ളവർ വിളിക്കുക:

**(847) 340-7569,**

**(847) 644-7298**

## BABY SITTER WANTED

In search of a part time babysitter for 2 girls. Ages: 4 and 1. Days: Wed. & Thurs. Prefers candidate to have transportation but can occasionally drop off if needed.

**Located in Wheeling, please contact**

**847-254-9120**

**847-558-9248**

### *Favors Received*



*Inserted by: Firm Believer, Virginia*

### *Favors Received*



*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Bloomingdale*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Christiana, PA*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Mariamma, PA*

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, New York*

## കഥ ഇതുവരെ

അലീനയുടെ നന്മകൾ തിരിച്ചറിയുകയാണ് ബബിത. അലീനയിലെ വേലക്കാരി എന്ന ലേബൽ തിരുത്തിക്കുറിക്കാൻ അവൾ വീട്ടിൽ ശ്രമം തുടങ്ങി. വൈജയന്തിയുടെ പുതിയ താമസസ്ഥലം ശിവശങ്കരമേനോൻ കണ്ടുപിടിക്കുന്നു. പ്രതിസന്ധിയിൽ തളരാതെ പരിഹാരങ്ങൾ നിർദ്ദേശിക്കാറുള്ള അലീനയുടെ മനസ്സിൽ എന്തൊക്കെയോ തീരുമാനങ്ങൾ ഉണ്ടാകുന്നു. ഈ കുടുംബം രണ്ടായി പിളരാതിരിക്കണം. അച്ഛനും അമ്മയും മക്കളും ഒന്നിച്ചു കഴിയുന്ന വീടായിരിക്കണം ഇത്. ഈ തീരുമാനം ബാലചന്ദ്രമേനോനെയും മക്കളെയും ഞെട്ടിച്ചു. അലീനയെ അവളുടെ യഥാർത്ഥ അച്ഛനെ ഏൽപ്പിക്കാൻ കഴിഞ്ഞതിൽ ബാലചന്ദ്രമേനോൻ സന്തുഷ്ടനാണ്. വൈജയന്തി കടപ്പാട്ടൂരെ വീട്ടിൽ തിരിച്ചെത്തി. സ്റ്റാൻലിയുടെ അപ്പച്ചൻ അലീനയെ കണ്ടനിമിഷം അയാളുടെ മനസ്സ് അൻപത്തിയഞ്ചു വർഷം പിന്നിലേക്കുപോയി. മരിച്ചുപോയ ഭാര്യ ചിന്നമ്മയുടെ തനിസ്വരൂപമായിരുന്നു അയാൾ കണ്ടത്. സ്റ്റാൻലിയും വല്യപ്പച്ചനും അലീനയുമൊത്ത് പുനലൂർക്കു പോയി. കുളത്തൂപ്പുഴയിലെ വീട്ടിലെത്തി ഉച്ചഭക്ഷണം തയാറാക്കുന്നതിനിടയിലാണ് അലീന ഒരു കാറിന്റെ ശബ്ദം കേട്ടത്. കാറിൽനിന്നിറങ്ങി വന്ന ബാലചന്ദ്രമേനോനെ കണ്ട അവൾ വിസ്മയിച്ചു പോയി. വൈജയന്തി വന്നതോടെ വീട്ടിലെ ഐക്യവും ശാന്തിയും ഇല്ലാതായെന്ന് ബാലചന്ദ്രമേനോൻ അവളോട് പറയുന്നു. അലീനയുമായി ബന്ധപ്പെട്ട ആ രഹസ്യം രോഹിത്ത് ബാലചന്ദ്രമേനോനിൽനിന്ന് കേൾക്കുന്നു. മകൻ തൊടുത്തുവിട്ട വാക്കുകൾ വൈജയന്തിയുടെ കാൽ മുഴങ്ങിക്കൊണ്ടേയിരുന്നു. അവളുടെ മനസിൽ പഴയകാല സ്മരണകൾ ഇരമ്പി.

(തുടർന്നു വായിക്കുക)

**136**

രോഹിത്തിന് ആശ്ചര്യമായിരുന്നു.

അമ്മ തന്റെ മുറിയിലേക്കു വരാറുള്ളതല്ല. അവൻ വൈജയന്തിയുടെ മുഖത്തേക്കു വിസ്മയത്തോടെ നോക്കിക്കൊണ്ടു നിന്നു.

"നീ ഒറങ്ങിയാരുന്നോ?"

അമ്മയുടെ ചോദ്യത്തിനു പതിവില്ലാത്ത സൗമ്യത.

"ഇല്ല.... കിടന്നതേയുള്ളൂ."

രോഹിത്ത് പറഞ്ഞു.

"നീയങ്ങോട്ടിരിക്ക്."

രോഹിത്ത് കിടക്കയിൽ ഇരുന്നു.

വൈജയന്തി തനിക്ക് ഇരിക്കാൻവേണ്ടി ഒരു കസേര നിരക്കിക്കൊണ്ടു വന്നെങ്കിലും അതിൽ ഇരുന്നില്ല. കസേരയ്ക്കു പിന്നിൽ പിടിച്ചു നിന്നുകൊണ്ട് അവൾ മകനെ നോക്കി.

"ഇന്നലെ കുളത്തൂപ്പുഴയ്ക്കു പോയപ്പോ അച്ഛൻ നിന്നോടു വല്ലതും പറഞ്ഞോ?"

രോഹിത്ത് അപകടം മണത്തു.

"അച്ഛൻ എന്നോടു പലതും പറഞ്ഞു."

"എന്തൊക്കെ പറഞ്ഞു?"

"നല്ലപോലെ പഠിക്കണം.... അച്ഛനുശേഷം കുടുംബം നോക്കേണ്ടതു ഞാനാണ്.... ബബിതയേം കൃഷ്ണമോളേം പഠിപ്പിച്ച് അവർക്കു നല്ല ഭാവിയുണ്ടാക്കിക്കൊടുക്കണം.... അങ്ങനെ പലതും."

"എല്ലാ ചുമതലേം നിന്നെ ഏൽപ്പിച്ചിട്ട് അച്ഛനെങ്ങോട്ടു പോണ്. സന്ന്യാസത്തിനോ?"

"സന്ന്യാസത്തിനു വേറെവിടേം പോകേണ്ടല്ലോ.... ഇവിടെത്തന്നെ സന്ന്യാസത്തിലാണല്ലോ അച്ഛൻ."

"അതെന്നെ തോൽപ്പിക്കാൻ. ഞാനാണല്ലോ ഏറ്റവും വല്യ ശത്രു. അല്ലെങ്കി മനസ്സിലെന്തെങ്കിലും കുറ്റബോധം കാണും. വീട്ടു വേലക്കാരിയായിരുന്നല്ലോ കുറേക്കാലം ഭരണക്കാരി. അതു മാത്രമല്ലല്ലോ.... പരിചരണക്കാരീം പ്രൈവറ്റ് സെക്രട്ടറീം എല്ലാം അവളുതന്നെ ആയിരുന്നല്ലോ. സ്വന്തം മക്കളുടെ കൈകൊണ്ട് ഒരു കപ്പ് ചായ കൊടുത്താൽപോലും തൊണ്ടയ്ക്കു താഴെ ഇറങ്ങത്തില്ലായിരുന്നു. എല്ലാത്തിനും അവൾടെ കൈതന്നെ വേണമാരുന്നു. അങ്ങനെയങ്ങു സുഖിച്ചു സുഖിച്ച് ഒടുവിൽ എന്നെ വേണ്ടെന്നായി."

വൈജയന്തി വൈരാഗ്യത്തോടെ പറഞ്ഞു.

"അമ്മയെ വേണ്ടെന്നാക്കിയത് അച്ഛനല്ല, അമ്മതന്നെയാ. അമ്മ ഇന്നേവരെ അച്ഛനെ അനുസരിച്ചിട്ടുണ്ടോ?"

"ഞാനെന്താടാ അനുസരണക്കേടു കാട്ടിയത്? പറ.... നിന്റച്ഛൻ നിലത്തു നിൽക്കാൻ പറഞ്ഞപ്പോ ഞാൻ ചാടി മേശപ്പുറത്തു കേറി നിന്നോ?"

"അതുമാത്രം ചെയ്തിട്ടില്ല. അമ്മയ്ക്കിഷ്ടമല്ലാത്ത എന്തുകാര്യം അച്ഛൻ പറഞ്ഞാലും ചെയ്താലും അമ്മ മുഖം കറുപ്പിക്കുമായിരുന്നു. അതിന്റെ പേരിൽ മുള്ളും മുനയും വച്ച് എന്തെങ്കിലും പറഞ്ഞ് അച്ഛനെ അലട്ടുകേം ചെയ്യുമായിരുന്നു. അതുപോലെതന്നെ, അമ്മയ്ക്കിഷ്ടമുള്ള എന്തെങ്കിലുമൊരു കാര്യം അച്ഛൻ അംഗീകരിച്ചില്ലെങ്കിലും അമ്മയ്ക്ക് ഇതേ മനോഭാവംതന്നെയായിരുന്നു."

"ഢ്ഹാ.... ഞാൻ എന്റെ ഇഷ്ടക്കേട് എവിടേം കാണിക്കും.... ഇഷ്ടമില്ലെങ്കി തുറന്നു പറയും. മറ്റുള്ളവരെ സുഖിപ്പിക്കാൻവേണ്ടി മനസ്സിലൊന്നും പുറമേ വേറൊന്നും.... ആ രീതി എനിക്കു വശമില്ല."

"അച്ഛനും ഇപ്പം അതുതന്നെയാ ചെയ്യുന്നെ. അച്ഛന് അമ്മെ ഇഷ്ടമല്ല. ഇഷ്ടമില്ലായ്മ മറച്ചുവച്ചു പുറമേ ചിരിച്ചു കാണിച്ച് അമ്മയെ സുഖിപ്പിക്കാൻ അച്ഛൻ തയാറല്ല. അച്ഛന്റെ മനസ്സിലുള്ളതു പുറമേ കാണിക്കുന്നു.... അതിലെന്താ തെറ്റ്? അമ്മയും അതുതന്നെയല്ലേ ചെയ്യുന്നെ?"

"എന്നെ എന്തുകൊണ്ട് ഇഷ്ടമല്ലാതായി? ഇരുപത്തിരണ്ടു കൊല്ലം ഇല്ലാതിരുന്ന ഇഷ്ടക്കേട് എവിടുന്നുവന്നു? ഇത്രയുംകാലം ഞാൻ വേണമായിരുന്നല്ലോ. എന്റെ ചോരേം നീരും വറ്റിക്കഴിഞ്ഞപ്പഴാണോ എന്നെ വേണ്ടാതായത്? അടുക്കളക്കാരി സുന്ദരിയാണെന്നു കണ്ടപ്പം മധ്യവയസ്കയായ ഭാര്യയെ വേണ്ട.... അതല്ലേ സത്യം?"

"അതല്ല സത്യം. അമ്മയെ ഇത്രയുംകാലം അച്ഛൻ സഹിക്കുകയായിരുന്നു. അമ്മേടെ മുൻകോപവും അമ്മേടെ തന്നിഷ്ടങ്ങളും അമ്മ അച്ഛനോടു കാട്ടിയ അവഗണനേം എല്ലാം അച്ഛൻ സഹിച്ചു. എനിക്ക് ഓർമ്മവെച്ചതിൽപ്പിന്നെ അമ്മ അച്ഛനോട് ഒരൽപ്പമെങ്കിലും ബഹുമാനത്തോടെ പെരുമാറുന്നതു ഞാൻ കണ്ടിട്ടില്ല. അച്ഛൻ പറയുന്ന അഭിപ്രായങ്ങൾക്കെല്ലാം അമ്മയ്ക്ക് എതിരഭിപ്രായമല്ലേ ഉണ്ടായിരുന്നുള്ളൂ. അമ്മ വെച്ച കറി നല്ലതാണെന്ന് അച്ഛൻ പറയുമ്പം, അല്ല ഉപ്രാവശ്യം ശരിയായിട്ടില്ല എന്നുപറഞ്ഞ് അമ്മ തർക്കിക്കുന്നതുപോലും ഞാൻ കേട്ടിട്ടുണ്ട്. അമ്മയുടെ താൽപര്യങ്ങൾ അച്ഛന്റെമേൽ അമ്മ അടിച്ചേൽപ്പിക്കുകയായിരുന്നു. ഒരു വടിയും ഓങ്ങിപ്പിടിച്ചു ദേഷ്യപ്പെട്ടു നിൽക്കുന്ന സ്കൂൾ ടീച്ചറായിരുന്നു അമ്മ എപ്പോഴും. അമ്മയുടെ ഇഷ്ടങ്ങൾ നടപ്പാക്കാനുള്ള കുറെ യന്ത്രമനുഷ്യരാണ് അമ്മയ്ക്കു മറ്റുള്ളവർ. അങ്ങനെ സഹിച്ചുസഹിച്ച് അച്ഛന് അമ്മയോടു സ്നേഹമില്ലാതായി..... ഇപ്പോൾ അമ്മയെ വേണ്ടാതായി."

രോഹിത്ത് വിശദീകരിച്ചു.

"അങ്ങനെ പറഞ്ഞോ അച്ഛൻ? ഇനി അമ്മയെ വേണ്ടെന്ന്... ഇത്രയുംകാലം സഹിക്കുകയായിരുന്നെന്ന്?"

"അതു പ്രത്യേകിച്ചു പറയണോ? ഞങ്ങൾ അമ്മയെ എന്തു മാത്രം സഹിച്ചിട്ടുണ്ട്. അമ്മയുടെ ദേഷ്യം.... അമ്മയുടെ കുത്തു വാക്കുകൾ...."

"നിന്നെയൊക്കെ വളർത്തി ഇത്രത്തോളമെത്തിച്ചതിന് ഇതു തന്നെ പറയണം. നീയൊക്കെ ഇത്രേ ഉണ്ടായിരുന്നുള്ളൂ.... അറിയോ നിനക്ക്?" ചൂണ്ടുവിരലിനറ്റം കാണിച്ചിട്ടു വൈജയന്തി വീറോടും അമർഷത്തോടുംകൂടി പറഞ്ഞു. "എന്റെ മുലപ്പാലു കുടിച്ചാ നീയൊക്കെ വളർന്നത്. മലത്തിലും മൂത്രത്തിലും കിടന്ന് നിലവിളിക്കുമ്പം എടുത്തോണ്ടുപോയി കുളിപ്പിച്ച് അണിയിച്ചൊരുക്കി കൊണ്ടുനടക്കാൻ, നിനക്കൊക്കെ അസുഖം വരുമ്പം ഉറക്കമിളച്ചിരുന്നു ശുശ്രൂഷിക്കാൻ, ആശുപത്രിയിൽ കൂടെ നിൽക്കാൻ, നാലക്ഷരം പറഞ്ഞുതന്നു പഠിപ്പിക്കാൻ ഞാനേ ഉണ്ടായിരുന്നുള്ളൂ. അച്ഛൻ പോത്തുപോലെ കിടന്നുറങ്ങും. നിനക്കൊക്കെവേണ്ടി ഞാനെന്തു മാത്രം കഷ്ടപ്പെട്ടിട്ടുണ്ടെന്ന് അറിയാമോടാ നന്ദികെട്ടവനേ."

"അത് അമ്മയുടെ ഡ്യൂട്ടിയാ. ലോകത്തെ എല്ലാ അമ്മമാരും അങ്ങനെയാ മക്കളെ വളർത്തുന്നത്. മൃഗങ്ങളുപോലും നക്കിത്തുടച്ചാണു സ്വന്തം കുഞ്ഞിനെ കൊണ്ടുനടക്കുന്നത്. അങ്ങനെ നോക്കീം കണ്ടും വളർത്തിയില്ലെങ്കി മനുഷ്യന്റെ കുഞ്ഞായാലും മൃഗത്തിന്റെ കുഞ്ഞായാലും അവിടെക്കിടന്നു ചത്തുപോകും. പക്ഷേ സ്വന്തം ഡ്യൂട്ടി ചെയ്യുകയാണെന്നല്ല അമ്മയുടെ വിചാരം.... സ്വർഗത്തീന്ന് ഇറങ്ങിവന്ന് എന്തോ മഹാത്യാഗം ചെയ്യുകയാണെന്നാ."

"അപ്പോ അമ്മയിതുവരെ ചെയ്തതിനൊന്നും യാതൊരു വിലയുമില്ല, അല്ലേടാ? ഞാനിതു കേൾക്കേണ്ടവളാ. അച്ഛനായിരിക്കും നിന്റെയൊക്കെ മുൻപിൽ മഹാത്യാഗി.... പിന്നെ മറ്റവളും." വൈജയന്തി കുപിതയായി.

"സംശയമെന്താ. അച്ഛനും അമ്മേടെ സ്വഭാവമായിരുന്നെങ്കി പണ്ടേ അടിച്ചുപിരിഞ്ഞേനെ. ഇപ്പത്തന്നെ അച്ഛനാണോ ഈ പ്രശ്നങ്ങളെല്ലാം കുത്തിപ്പൊക്കിക്കൊണ്ടു വഴക്കിനു വരുന്നത്.... അല്ലല്ലോ. അമ്മയാണ് ഓരോ കലഹത്തിനും തുടക്കമിടുന്നതും."

"ഞാനാണോടാ ഓരോന്നും വരുത്തിവയ്ക്കുന്നത്. ഇപ്പഴെന്തിനാ അച്ഛൻ നിന്നേം വിളിച്ചോണ്ട് അവളുടെ അടുത്തേക്ക് പോയത്. അതിനു മുൻപ് അച്ഛൻ തനിയെ പോയത് ആരെക്കാണാനാണ്. എനിക്കറിയണ്ടേ.... ഞാനീ വീട്ടിൽനിന്നു പുറത്താക്കിയ വേലക്കാരിയെ കാണാൻ അച്ഛനും മകനും ക്യൂ നിൽക്കുന്നതിന്റെ കാരണം ചോദിച്ചതാണോടാ ഞാൻ ചെയ്ത തെറ്റ്?"

വൈജയന്തി പൊട്ടിത്തെറിച്ചു.

"അച്ഛന് അലീനച്ചേച്ചിയോട് ഒരു കടപ്പാടുണ്ട്. അതുകൊണ്ടാ കാണാൻ പോയത്."

"എന്തു കടപ്പാട്."

"അച്ഛന്റെ ജീവൻ രക്ഷിച്ചതും മാനസികമായിട്ടും ശാരീരികമായിട്ടും തളർന്നു പോയ അച്ഛനു വേണ്ടത്ര ധൈര്യോം പരിചരണോം കൊടുത്ത് ഇപ്പോഴത്തെ നിലയിലേക്കു തിരികെ കൊണ്ടുവന്നതും അലീനച്ചേച്ചിയാ. അമ്മ ആക്സിഡന്റിൽ ഹോസ്പിറ്റലിൽ കിടന്നപ്പഴും അച്ഛനോടു പിണങ്ങി വാടകവീട്ടിൽ പോയി താമസിച്ചപ്പഴും ഈ കുടുംബം നോക്കിയത് അലീനച്ചേച്ചിയാ. എന്നെ ജയിലീന്ന് കൈപിടിച്ചിറക്കിക്കൊണ്ടുവന്ന് എന്റെ തകർന്നുപോയ ജീവിതം വീണ്ടെടുത്തു തന്നതും അലീനച്ചേച്ചിയാ. അമ്മയ്ക്കൊഴികെ ഈ വീട്ടിലാർക്കും അലീനച്ചേച്ചിയെ മറക്കാൻ പറ്റില്ല. ഈ കുടുംബത്തിനുവേണ്ടി അലീനച്ചേച്ചി ചെയ്തിട്ടുള്ള ത്യാഗത്തിന് അളവില്ല. അച്ഛൻ അലീനച്ചേച്ചിയെ കാണാൻ പോയിട്ടു വന്നപ്പോ അമ്മ വഴക്കുണ്ടാക്കിയല്ലോ.. അലീനച്ചേച്ചീടെ അഡ്രസ് എവിടെന്നും ചോദിച്ച്. ഞാനും അച്ഛനോടു ചോദിച്ചു. അഡ്രസ് എവിടെന്ന്. അച്ഛൻ എന്നെ അവിടെ കൊണ്ടുപോയി കാണിച്ചുതന്നു, എനിക്കു തൃപ്തിയായി."

"ശരി, അവൾടെ അഡ്രസ് താ. എനിക്കു അവളെയൊന്നു കാണണം. ഈ കുടുംബത്തിനുവേണ്ടി ഇത്രയെല്ലാം സഹായം ചെയ്തവളല്ലേ."

"വേണ്ട.... അമ്മ കാണണ്ട."

"അതെന്താ ഞാൻ കണ്ടാൽ ആകാശം ഇടിഞ്ഞു വീഴ്വോ?"

"അമ്മയ്ക്കു ചെലപ്പോ അങ്ങനെ തോന്നിയേക്കും.... ആകാശം ഇടിഞ്ഞുവീഴുന്നതായിട്ട്."

അതെന്തിനാ ഈ ഒളിച്ചുകളി? നിന്റെ അച്ഛനു കാണാം. നിനക്കു കാണാം.... എനിക്ക് അവിടെ പോയി അവളെ കാണാൻ പറ്റില്ല. അല്ലെങ്കിൽ നീയൊരു കാര്യം ചെയ്. ബബിതയേം കൃഷ്ണമോളേം കൂട്ടിക്കൊണ്ടു പോ.... അവർക്കും കാണണ്ടേ അവളെ?

"അതിനു സമയമാകട്ടെ... ഞാൻതന്നെ അവരെ കൂട്ടിക്കൊണ്ടു പോകും."

"നീ പോയിട്ടു തിരിച്ചു വന്നപ്പോ എന്നോടു വേറൊരു വർത്തമാനം പറഞ്ഞല്ലോ... കല്യാണത്തിനു മുൻപ് അച്ഛനു രഹസ്യബന്ധമുണ്ടോ, അമ്മ പ്രസവിച്ചിട്ടുണ്ടോ എന്നൊന്നും നിശ്ചയമില്ലെന്ന്. അതെന്തുദ്ദേശിച്ചാ നീ അങ്ങനെ പറഞ്ഞത്?"

രോഹിത്ത് അമ്മയുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി.

ഇല്ല. പതർച്ചയൊന്നുമില്ല കണ്ണിൽ.

"അമ്മ ചോദിച്ചതിനു മറുപടി പറഞ്ഞതാ."

# മഴതോരും മുൻപേ...

**ജോയ്സി**

"അതിനകത്ത് അമ്മയെ എന്തിനു പിടിച്ചിട്ടെന്നാണു ചോദ്യം. നിനക്ക് അങ്ങനെയൊരു സംശയമുണ്ടോ.... കല്യാണത്തിനു മുൻപ് അമ്മ ഒന്നു പ്രസവിച്ചതാണെന്ന്.?"

"ചോദിക്കാനുള്ള അമ്മേടെ ധൈര്യം ഞാൻ സമ്മതിച്ചിരിക്കുന്നു. എനിക്ക് ഒരു സംശയോം ഇല്ല അമ്മേ."

"പിന്നെയെന്തുകൊണ്ടാ നീയങ്ങനെ പറഞ്ഞത്?"

"അമ്മയെന്തിനാ ആ വാക്കിൽ കയറി മുറുകെ പിടിച്ചിരിക്കുന്നത്? ഞാൻ ചോദിച്ചപ്പോ അമ്മേടെ മനസ്സിലെവിടെങ്കിലും കൊണ്ടോ?"

വൈജയന്തി തെല്ലു പതറി.

മകന്റെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി.

"ശരി, ഞാനതു വിട്ടു. നീ വേറൊന്നുംകൂടി ചോദിച്ചല്ലോ... അമ്മ സത്യസന്ധയാണോ, കളങ്കമില്ലാത്തവളാണോ, ഒരു തെറ്റും ചെയ്തിട്ടില്ലെന്നു നെഞ്ചിൽ കൈവച്ചു പറയാമോ എന്നെല്ലാം. അതെന്തു കൊണ്ടാ അങ്ങനെ ചോദിച്ചത്?"

"അമ്മ അത്ര സത്യസന്ധയും നിഷ്കളങ്കയുമൊന്നുമല്ലെന്ന് അറിയാവുന്നതുകൊണ്ട്."

'എന്തറിയാം നിനക്ക്?"

വൈജയന്തി ഉദ്വിഗ്നയായി.

"അമ്മ കള്ളം പറഞ്ഞിട്ടുള്ളത് അറിയാം. അമ്മ മറ്റുള്ളവരെ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളത് എനിക്കറിയാം. അമ്മ അലീനച്ചേച്ചിയോടു ചെയ്തിട്ടുള്ള ദ്രോഹപ്രവൃത്തികൾ അറിയാം."

"അത്രേയുള്ളോ.... അച്ഛൻ നിന്നോട് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നെപ്പറ്റി?"

അമ്മ സംശയഗ്രസ്തയാണെന്നു രോഹിത്തിനു മനസ്സിലായി.

"അച്ഛനെന്തു പറയാനാ അമ്മയെപ്പറ്റി? എന്താ, അച്ഛനും അമ്മയ്ക്കും മാത്രം അറിയാവുന്ന എന്തെങ്കിലും രഹസ്യമുണ്ടോ?"

"അച്ഛന്റെ മനസ്സിൽ എന്തെങ്കിലും രഹസ്യമുണ്ടോന്ന് എനിക്കറിയില്ല. പുറമെ കാണിക്കുന്നതായിരിക്കില്ലല്ലോ അകത്ത്."

"ശരിയാ.... ഓരോരുത്തരുടെ മനസ്സിനകത്തേക്കു കേറി നോക്കിയാൽ നമ്മൾ ഞെട്ടിപ്പോകുമായിരിക്കും. അമ്മേടെ മനസ്സിലുണ്ടോ അങ്ങനെ എന്തെങ്കിലും?"

"എനിക്കു മനസ്സില്ല പറയാൻ. അമ്മെ ചോദ്യം ചെയ്യുന്ന മക്കൾ ഗതിപിടിക്കില്ലെന്ന് ഓർത്തോ."

"ഞാൻ ചോദ്യം ചെയ്യാൻ വന്നോ? അമ്മയല്ലേ ഒറങ്ങാൻ കിടന്ന എന്നെ വിളിച്ചെഴുന്നേൽപ്പിച്ച് സിബിഐ മോഡലിൽ ക്വസ്റ്റ്യൻ ചെയ്തത്?"

വൈജയന്തി അൽപ്പനേരം മിണ്ടാതെ നിന്നു. പിന്നെ ഒന്നും മിണ്ടാതെ വാതിൽ തുറന്നു മുറിവിട്ടിറങ്ങി.

"നമ്മൾ മറ്റുള്ളവരിൽ ആരോപിക്കുന്ന കുറ്റങ്ങൾ സ്വയം ചെയ്തിട്ടുണ്ടോന്ന് വല്ലപ്പോഴും ഒരു ആത്മപരിശോധന നടത്തുന്നതു നല്ലതാ."

രോഹിത്ത് കട്ടിലിൽ ഇരുന്നുകൊണ്ടു പറഞ്ഞു.

വൈജയന്തി പെട്ടെന്നു തിരിഞ്ഞു നോക്കി,

“ആ വാതിലടച്ചേക്ക്.... എനിക്കിനി എണീൽക്കാൻ വയ്യ.” അതുംപറഞ്ഞു രോഹിത് ഒറ്റക്കിടപ്പു വെച്ചുകൊടുത്തു.

ഏതാനും നിമിഷം അവനെ നോക്കിനിന്നശേഷം വൈജയന്തി വാതിലടച്ചു.

അവൾ ബാലചന്ദ്രമേനോന്റെ റൂമിനു നേർക്കു നോക്കി.

അകത്തു വെളിച്ചമില്ല.

എല്ലാവരും ഉറങ്ങിക്കഴിഞ്ഞു.

വൈജയന്തി സാവധാനം സ്റ്റെപ്പുകൾ ഇറങ്ങി പൊയ്ക്കൊണ്ടിരുന്നു.

തന്റെ റൂമിൽ കയറി വൈജയന്തി വാതിലടച്ചു കിടക്കയിൽ വന്നിരുന്നു. മുൻപെന്നത്തേക്കാളും ഇന്നു താൻ തനിച്ചാണെന്ന് അവൾക്കു തോന്നി. കിടക്കറയിലെ ഏകാന്തത, ഒരദൃശ്യ ശത്രുവി



നെപ്പോലെ ഓരോരോ അജ്ഞാത കോണുകളിൽ നിന്നുകൊണ്ടു തുറിച്ചു നോക്കുന്നു.

ഒരിക്കലും വിള്ളൽ വീഴാത്ത വിധം കരുത്തുറ്റതാണെന്നു കരുതിയിരുന്ന മനസ്സിന്റെ കോട്ട ദുർബലമായതുപോലെ ഒരു തോന്നൽ.

രോഹിത്തിനോടു സംസാരിച്ചു കഴിഞ്ഞപ്പോൾ ആത്മവിശ്വാസം ചോർന്നുപോയിരിക്കുന്നു.

അവൻ എന്തെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ?

അർഥഗർഭമായിരുന്നോ അവന്റെ വാക്കുകൾ.

അങ്ങനെയൊന്നുമില്ലെന്ന് സമാധാനിക്കാൻ ശ്രമിച്ചിട്ടു കഴിയുന്നില്ല. ആഗ്രയിലെ തന്റെ ജീവിതത്തെപ്പറ്റി വ്യക്തമായി അറിയാവുന്നതു ചുരുക്കം ചിലർക്കു മാത്രമാണ്. കൊല്ലപ്പള്ളിയിൽ ശിവേട്ടനും അമ്മയ്ക്കും മാത്രമേ അറിയൂ. ആഗ്രയിൽവെച്ച് ഏതോ ഒരാളുമായി മകൾക്ക് പ്രേമബന്ധമുണ്ടായിരുന്നു എന്നു മാത്രമേ അമ്മയ്ക്ക് അറിയൂ. ശിവേട്ടനു പക്ഷേ, എല്ലാം അറിയാം. അച്ഛനും അറിയാമായിരുന്നു. പക്ഷേ, അച്ഛനിന്നു ജീവിച്ചിരിപ്പില്ല. നീലഗിരിയിലെ ഗംഗേട്ടനും മാലതിച്ചേച്ചിക്കും എല്ലാം അറിയാമായിരുന്നു. പിന്നെ തിരുവനന്തപുരത്തെ രാവുണ്ണിയമ്മാവനും കുടുംബത്തിനും. അതിൽ രാവുണ്ണിയമ്മാവനും രാധമ്മായിയും മരിച്ചുപോയി.

ശിവേട്ടനിൽനിന്നോ ഗംഗേട്ടനിൽനിന്നോ മാലതിച്ചേച്ചിയിൽനിന്നോ വിവരങ്ങൾ ചോരാൻ ഒരു സാധ്യതയുമില്ല. എല്ലാം സംഭവിച്ചിട്ട് ഇരുപത്തിനാലു വർഷത്തോളം കടന്നുപോയിരിക്കുന്നു.

സ്റ്റാൻലി ജോസഫിന്റെ വീട്ടിലുള്ളവർക്ക് എല്ലാ കാര്യങ്ങളും അറിയാമായിരുന്നില്ലേ? ആ വഴിക്കു താൻ ചിന്തിച്ചതേയില്ല. പുനലൂരാണ് സ്റ്റാൻലിയുടെ വീടെന്നറിയാം. അവിടെനിന്നുള്ള ആരെയെങ്കിലും യാദൃശ്ചികമായി ബാലേട്ടൻ കാണുകയോ പരിചയപ്പെടുകയോ ചെയ്തിട്ടുണ്ടോ. ജ്വല്ലറി, ടെക്സ്റ്റൈൽ ബിസിനസുമായി ബന്ധപ്പെട്ടു ബാലേട്ടനു നിത്യവും ധാരാളം പേരെ കാണുകയും പരിചയപ്പെടുകയും ചെയ്യേണ്ടി വരാറുണ്ട്. സ്റ്റാൻലിയുടെ തറവാട്ടിൽപ്പെട്ട ആരെങ്കിലുമായി അങ്ങനെ പരിചയപ്പെടാൻ ഇടയായിട്ടുണ്ടോ ബാലേട്ടൻ?

താനും സ്റ്റാൻലിയുമായുണ്ടായിരുന്ന ബന്ധത്തെപ്പറ്റി ആ വഴിയിലൂടെ എന്തെങ്കിലും സൂചന കിട്ടിക്കാണുമോ?

അതേപ്പറ്റി ചിന്തിക്കുന്തോറും വൈജയന്തിയുടെ സ്വസ്ഥത നഷ്ടപ്പെട്ടു.

സ്റ്റാൻലി ഇപ്പോൾ എവിടെയുണ്ടെന്നുപോലും അറിയില്ല. ഇരുപത്തിനാലു വർഷങ്ങൾക്കു മുൻപ് അറ്റുപോയ ബന്ധമാണത്.

ഇനി ജീവിതത്തിലൊരിക്കലും കാണാൻ ഇടവരല്ലേ എന്നായിരുന്നു പ്രാർത്ഥന. അത്രത്തോളം വെറുത്തുപോയ മുഖമാണത്. ഓർമയിലേക്ക് ഒരിക്കലും കടന്നു വരാത്തവിധം വെറുപ്പിന്റെ മഷിക്കറുപ്പു കോരിയൊഴിച്ച് ആ മുഖം നശിപ്പിച്ചുകളഞ്ഞിരുന്നു. എന്തെന്നാൽ തന്നെ സംബന്ധിച്ചിടത്തോളം വഞ്ചനയുടെയും ക്രൂരതയുടെയും ചതിയുടെയും മുഖമാണത്.

സ്റ്റാൻലിയുടെ തിരിച്ചുവരവു പ്രതീക്ഷിച്ച് ആഗ്രയിലെ സഞ്ജയ് പ്ലേസിലുള്ള വാടകവീട്ടിൽ കാത്തുകിടന്ന നാളുകൾ വൈജയന്തി ഓർത്തു.

പത്തുദിവസമെന്നു പറഞ്ഞിട്ടു പോയ ആൾ!

ഇന്നു തിരിഞ്ഞു നോക്കുമ്പോൾ ആ വൈജയന്തി മറ്റൊരാളായിരുന്നുവെന്നു തോന്നുകയാണ്. സ്നേഹത്താൽ വിമോഹിതയാക്കപ്പെട്ടവൾ. സ്നേഹിക്കുന്നയാളിനെ കണ്ണുമടച്ചു വിശ്വസിച്ചവൾ. സ്റ്റാൻലിയുമൊത്തുള്ള ഭാവിജീവിതം സങ്കല്പിച്ച്, അതിലേക്കു കൊച്ചുകൊച്ചു സ്വപ്നങ്ങൾ തുന്നിച്ചേർത്തുകൊണ്ടു വെളിച്ചം വരുന്ന ജനാലയ്ക്കരികെ അയാളുടെ ആഗമനവും കാത്തിരുന്ന നിസ്സഹായയായ പെൺകുട്ടി.

പക്ഷേ, പതിനൊന്നാം ദിവസം വാടകവീടിന്റെ വാതിൽ മുട്ടിവിളിച്ചത് സ്റ്റാൻലി ആയിരുന്നില്ല.

ഇന്നും അതേപ്പറ്റി ഓർക്കുമ്പോൾ ഉള്ളം നടുങ്ങുന്നുണ്ട്. ഗംഗേട്ടനും ശിവേട്ടനും തന്നെ തുറിച്ചു നോക്കി നിൽക്കുന്നു. തന്റെ വീർത്തുന്തിയ വയർ അവരുടെ എല്ലാ സംശയങ്ങൾക്കുമുള്ള മറുപടിയായിരുന്നു. അതിനാൽ ചോദ്യങ്ങളൊന്നുമില്ല. ഉടൻ വാടകവീടുവിട്ട് ഇറങ്ങാനായിരുന്നു ഗംഗേട്ടന്റെ കൽപ്പന.

സ്റ്റാൻലി തിരിച്ചുവരാതെ താൻ ഒരിഞ്ചുപോലും നീങ്ങില്ലെന്നു ശഠിച്ചു. കൊന്നാലും കൂടെ വരില്ല. ഒരു ജീവിതമുണ്ടെങ്കിൽ അതു സ്റ്റാൻലിയോടൊപ്പമേയുള്ളൂ. അല്ലെങ്കിൽ ആത്മഹത്യ ചെയ്യും. തന്റെ സമ്മതമില്ലാതെ തന്നെ കൊണ്ടുപോവുക അസാധ്യമാണെന്നു ഗംഗേട്ടനും ശിവേട്ടനും മനസ്സിലായി.

പക്ഷേ, സ്റ്റാൻലി എവിടെ? ഒരടയാളവുമില്ല... ഫോൺകോളുമില്ല.

മൂന്നു ദിവസംകൂടി കാത്തു.

ഗംഗേട്ടനും ശിവേട്ടനും ഹോട്ടൽമുറിയിലാണു താമസിച്ചത്.

പൂർണഗർഭിണിയായ ഈ അവസ്ഥയിൽ ഒറ്റയ്ക്കിവിടെ കഴിയണ്ട. നാട്ടിലേക്കു തിരിച്ചു പോകാം എന്നു ഗംഗേട്ടനാണു നിർദേശിച്ചത്. നേരെ പുനലൂരിലേക്കു പോകണമെന്നും സ്റ്റാൻലിയെ കാണണമെന്നും താൻ വാശിപിടിച്ചു. അങ്ങനെ ചെയ്യാമെന്നു ഗംഗേട്ടനും ശിവേട്ടനും സമ്മതിക്കുകയും ചെയ്തു. സ്റ്റാൻലി തിരിച്ചെത്തിയാൽ ഉടൻ പുനലൂരിലേക്കു വരാൻ വാടകവീടിന്റെ ഉടമസ്ഥനെ പറഞ്ഞേൽപ്പിച്ച ശേഷം ഗംഗേട്ടനും ശിവേട്ടനുമൊത്തു താൻ നാട്ടിലേക്കു മടങ്ങി.

തിരുവനന്തപുരത്തു ശാസ്തമംഗലത്തിനും ഇടപ്പഴഞ്ഞിക്കുമിടയ്ക്കു താമസിച്ചിരുന്ന രാവുണ്ണിയമ്മാവന്റെ വീട്ടിലായിരുന്നു ഗംഗേട്ടനും ശിവേട്ടനും തന്നെ എത്തിച്ചത്. രാവുണ്ണിയമ്മാവൻ അന്നു ക്രൈംബ്രാഞ്ച് ഡിവൈഎസ്പിയാണ്.

പൂർണഗർഭിണിയായിരിക്കുന്ന ഈ അവസ്ഥയിൽ കൊല്ലള്ളിയിലേക്കു ചെന്നാൽ നാട്ടുകാർ മൂക്കത്തു വിരൽ വയ്ക്കുമെന്നും സ്റ്റാൻലിയുമായുള്ള വിവാഹം നടത്തിയശേഷം മാത്രം കൊല്ലപ്പള്ളിയിലേക്കു പോയാൽ മതിയെന്നും ശിവേട്ടനും ഗംഗേട്ടനുംകൂടി പറഞ്ഞപ്പോൾ അതിൽ അസ്വഭാവികതയൊന്നും തോന്നിയില്ല.

അതു ന്യായമാണെന്നു വിശ്വസിക്കുകയും ചെയ്തു.

രാവുണ്ണിയമ്മാവന്റെ വീട്ടിലെത്തി രണ്ടു ദിവസം കഴിഞ്ഞപ്പോൾ അച്ഛൻ വന്നുചേർന്നു. അച്ഛന്റെ മുൻപിൽ പൊട്ടിക്കരഞ്ഞു ക്ഷമ യാചിച്ചത് ഓർത്തപ്പോൾ ഇപ്പോൾക്കൂടിയും വൈജയന്തിയുടെ കണ്ണിൽ നനവൂറി.

സ്റ്റാൻലിയോടൊപ്പം ജീവിക്കാൻവേണ്ടി താൻ ആരെയെല്ലാമാണ് അപമാനിച്ചത്, ആരുടെയെല്ലാം മുഖത്താണു കരിവാരിത്തേച്ചത്, ആരെയൊക്കെയാണ് ഉപേക്ഷിക്കാൻ തയാറായത്.

എന്തൊരു കൊടിയ അനീതിയായിരുന്നു താൻ തന്റെ കുടുംബത്തോടു ചെയ്തത്,

എന്നിട്ടും അച്ഛൻ തന്നെ ആശ്വസിപ്പിക്കുകയാണു ചെയ്തത്. സ്റ്റാൻലിയുമായുള്ള ഒരു ജീവിതം മാത്രം മതിയെന്നു കരഞ്ഞുപറഞ്ഞപ്പോൾ അച്ഛൻ അതും അംഗീകരിച്ചു. സ്റ്റാൻലിയുടെ വീട്ടുകാരുമായി സംസാരിക്കാൻ ശിവേട്ടനോടും ഗംഗേട്ടനോടുമൊപ്പം അച്ഛനും രാവുണ്ണിയമ്മാവനും പോയി. താനുംകൂടെ ചെല്ലാമെന്നു പറഞ്ഞുവെങ്കിലും ഗർഭിണിയായ മകളേയുംകൊണ്ട് വിലപേശാനിടയാകരുതെന്നു പറഞ്ഞ് അച്ഛൻ തന്നെ വിലക്കി.

പുനലൂരിലെ സ്റ്റാൻലിയെ കാണാൻ പോയവർ തിരിച്ചെത്തിയതു നല്ല വാർത്തയും കൊണ്ടായിരുന്നില്ല. സ്റ്റാൻലിയും താനും തമ്മിലുള്ള വിവാഹത്തിനു സ്റ്റാൻലിയുടെ വീട്ടുകാർക്കു കടുത്ത എതിർപ്പാണ്. അച്ഛനെയും ശിവേട്ടനെയും ഗംഗേട്ടനെയും രാവുണ്ണിയമ്മാവനെയും അവർ അപമാനിച്ചാണു തിരിച്ചയച്ചത്. അവർ സ്റ്റാൻലിക്കുവേണ്ടി മറ്റൊരു വിവാഹം നിശ്ചയിച്ചിരിക്കുകയാണ്.

ഇത്രയും കേട്ടപ്പോഴേ സ്റ്റാൻലിയെ കാണണമെന്ന് താൻ വാശിപിടിച്ചു. താൻ പറയുന്നതേ സ്റ്റാൻലി കേൾക്കൂ. വീട്ടുകാരൊന്നും സ്റ്റാൻലിക്ക് ഒരു തടസ്സമേയല്ല. അവരുടെ സമ്മതമില്ലെങ്കിലും സ്റ്റാൻലി തന്റെകൂടെയേ നില്ക്കൂ.

താനെത്രയോ അടുത്തറിഞ്ഞിട്ടുള്ള അനുഭവിച്ചിട്ടുള്ള ഹൃദയംഗമമായ സ്നേഹമാണത്.

സ്റ്റാൻലി നാലഞ്ചു ദിവസത്തിനുള്ളിൽ തന്നെ കാണാൻ എത്തുമെന്നും അതിനകം വീട്ടുകാരുടെ മനസ്സു മാറ്റാൻ ഒരു ശ്രമംകൂടി നടത്തി നോക്കാമെന്നും പറഞ്ഞയച്ചിട്ടുണ്ടെന്നു ഗംഗേട്ടൻ പറഞ്ഞപ്പോൾ ആശ്വാസമായി.

ഒരാഴ്ചയോളം സ്റ്റാൻലിയെ കാത്തിരുന്നു.

സ്റ്റാൻലി വന്നില്ല.

ഇതിനിടയിൽ ഗംഗേട്ടൻ ഡൽഹിയിലേക്കു തിരിച്ചു പോയി,

രാവുണ്ണിയമ്മാവനും അച്ഛനുംകൂടി വീണ്ടും പുനലൂർക്കു പോയി. ഞെട്ടിക്കുന്ന വിവരവുമായിട്ടാണ് അവർ മടങ്ങിവന്നത്. ഇടവകപ്പള്ളിയിൽവെച്ചു സ്റ്റാൻലിയും മറ്റൊരു പെൺകുട്ടിയും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്നു.

പക്ഷേ, താനതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല. സ്റ്റാൻലിയെ നേരിട്ടു കാണണം. സംസാരിക്കണം.

അന്നനുഭവിച്ച ഹൃദയവേദന, കൊടുംഭീതികൾ, നൈരാശ്യം!

(ശേഷം 34–ാം പേജിൽ)


# ദാനിയേൽ പഠന ബൈബിൾ

*സഞ്ചരിക്കുന്ന ബൈബിൾ സെമിനാരി*
*ദാനിയേൽ റഫറൻസ് ബൈബിൾ*
*വലിയക്ഷര ബൈബിൾ * റെഡ് ലെറ്റർ ബൈബിൾ*
*ദാനിയേൽ ദ്വിഭാഷ പഠന ബൈബിൾ* ദാനിയേൽ പോക്കറ്റ് ബൈബിൾ*
*ദാനിയേൽ ക്രോണോളോജിക്കൽ ബൈബിൾ*

website: www.danielbible.com

# ജീവ സന്ദേശം

മലയാളത്തിൽ വാക്യപ്രതിവാക്യ ബൈബിൾ പഠനം
ഉല്പത്തി മുതൽ വെളിപ്പാടുവരെ പഠനത്തോടൊപ്പം പ്രായോഗിക ജീവിതത്തിനു വേണ്ട മാർഗനിർദ്ദേശങ്ങളും!
ബ്രദർ ജോർജ് ഫിലിപ്പ് പഠിപ്പിക്കുന്നു

https://ttb.twr.org/podcasts
e-mail: malayalamttb@radio882.com
website: www.radio882.com
USA contact: Ph: 972-475-4880
e-mail: ki_thomas@hotmail.com



# MOTHERS PRAYER

തലമുറയെ തകർത്ത് കുടുംബ ബന്ധങ്ങൾ അകറ്റി നന്മയെ കെടുത്തി സമാധാനം നശിപ്പിച്ചുകൊണ്ട് രാജ്യത്ത് വ്യാപരിക്കുന്ന അന്ധകാരശക്തിയുടെ മേൽ ജയമെടുക്കുവാൻ അമ്മമാർ–സഹോദരിമാർ ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനാ ചങ്ങലയാണ് Mothers Prayer ഈ രാജ്യത്തിന്റെ ഏതു ഭാഗത്തിരുന്നുകൊണ്ടും ഇതിന്റെ അംഗമായി ചേർന്ന് പ്രാർത്ഥിക്കാം. ആത്മഭാരമുള്ള അമ്മമാർ സഹോദരിമാർ ഉണരട്ടെ.

ബന്ധപ്പെടേണ്ട വിലാസം:
Sister: Annamma Ninan
39241 N Stockton Ln, Beach Park, IL - 60083.
Phone - 847-623-2973
Email- Mothersprayerusa@sbcglobal.net

# നോവൽ

(33-ാം പേജിൽ നിന്നും)

ഡേറ്റ് അനുസരിച്ച് പ്രസവത്തിന് ഒൻപതു ദിവസംകൂടി ബാക്കിയുണ്ടായിരുന്നു. പക്ഷേ, അന്നു രാത്രിതന്നെ പെയ്ൻ തുടങ്ങി. അച്ഛനും ശിവേട്ടനും രാവുണ്ണിയമ്മാവനുംകൂടി തന്നെ കാറിൽ കയറ്റി ഹോസ്പിറ്റലിലേക്കു കൊണ്ടുപോയത് ഓർമയുണ്ട്. പിന്നെയുള്ളതെല്ലാം മായക്കാഴ്ചകളാണ്.

കാറിനുള്ളിൽ കിടന്നു താൻ നിലവിളിക്കുന്നു.

ഒരു സ്ട്രെച്ചറിൽ കിടത്തി, ഡെഡ് ബോഡിപോലെ തന്നെ ആരെ ഇരുണ്ട കോറിഡോറിലൂടെ തള്ളിനീക്കുന്നു. ഇരുട്ടും വെളിച്ചവും മാറിമാറി വരുന്നു. അബോധാവസ്ഥയിൽ എത്ര ദിവസം കിടന്നുവെന്നുപോലും അറിയില്ല.

ഉണരുമ്പോൾ ആശുപത്രിച്ചുമരുകളായിരുന്നു ചുറ്റിലും. തനിക്ക് എന്തു സംഭവിച്ചു? എത്ര ദിവസമായി ഹോസ്പിറ്റലിൽ എത്തിയിട്ട്? അച്ഛനും ശിവേട്ടനും എവിടെ?

ഒന്നും അറിയില്ല.

വയർ ചുരുങ്ങിയിരുന്നു.

പ്രസവം കഴിഞ്ഞുവോ?

തന്റെ കുഞ്ഞ് എവിടെ?

ഒരു നേഴ്സ് ബെഡ്ഡിനടുത്തേക്ക് വന്നപ്പോൾ താൻ ചോദിച്ചത് ഓർക്കുന്നു.

എന്റെ പ്രസവം കഴിഞ്ഞോ?

നേഴ്സ് സഹതാപത്തോടെ ഒന്നു നോക്കി.

ആ സ്ത്രീയുടെ വാക്കുകൾ, ദുർവിധിയുടെ പുസ്തകത്തിലെ ദുരന്താക്ഷരങ്ങളായിപൊള്ളിക്കരിഞ്ഞു കിടപ്പുണ്ട് ഇപ്പോഴും മനസ്സിൽ.

രണ്ടിലൊരാളുടെയെങ്കിലും ജീവൻ രക്ഷിക്കുകയല്ലാതെ നിവൃത്തിയില്ലെന്ന ഘട്ടം വന്നപ്പോൾ ഓപ്പറേഷൻ നടത്തുകയായിരിരുന്നു.

രണ്ടിലൊരാളുടെ ജീവൻ?

വിദൂര ചക്രവാളത്തിലെ ഇടിമിന്നൽപോലെ അത് ആദ്യം അവ്യക്തമായിരുന്നു. പിന്നെ ഇടിമുഴക്കം കാതുകളെ നടുക്കി.

താൻ ജീവിച്ചിരിക്കുന്നു!

അതിനർഥം, തന്റെ കുഞ്ഞ് ജീവനോടില്ല എന്നാണോ?

ഡോക്ടറാണ് അതു സ്ഥിരീകരിച്ചത്.

ഞങ്ങൾക്കു കഴിയുംപോലെയെല്ലാം പരിശ്രമിച്ചു. ഒടുവിൽ പേഷ്യന്റിന്റെ ജീവനെങ്കിലും രക്ഷിക്കുക മാത്രമേ സാധ്യമായിരുന്നുള്ളു.

അതോടെ തീർച്ചയായി,

തന്റെ കുഞ്ഞ് ജീവിച്ചിരിപ്പില്ല.

ഒഴിഞ്ഞ വയറിന്മേൽ കൈവച്ചുകൊണ്ട് മരവിച്ചതുപോലെ കുറേനേരം കിടന്നു.

താൻ മാത്രം എന്തിനു ജീവിച്ചിരിക്കുന്നു?

പിന്നീടെപ്പോഴോ ശിവേട്ടൻ ബഡ്ഡിനരികെ വന്നിരുന്ന് ആശ്വസിപ്പിച്ചത് ഓർമ്മയുണ്ട്.

-ഇതായിരുന്നു വിധി. അങ്ങനെ സമാധാനിക്കുകയല്ലാതെ എന്തു ചെയ്യും നമ്മൾ. ഞങ്ങൾക്കെല്ലാം നിന്റെ ജീവനായിരുന്നു വലുത്. അതു തിരിച്ചു കിട്ടിയല്ലോ.

എവിടെ എന്റെ കുഞ്ഞ്?

സ്റ്റാൻലി ചോദിക്കുമ്പോൾ താൻ എന്തുത്തരം പറയും?

ആ കുരുന്നുജീവനും ഉദരത്തിൽ വഹിച്ചു നിറവയറോടെ വന്ന താൻ വെറുംകയ്യോടെ മടങ്ങേണ്ടി വരുമല്ലോ.

സോണാലി എന്ന മറാത്തിപ്പെണ്ണ് പ്രവചിച്ചതുപോലെ, സ്റ്റാൻലി മനസാ കൊതിച്ചതുപോലെ, അതൊരു പെൺകുഞ്ഞുതന്നെ ആയിരുന്നോ?

നേഴ്സിനോടാണു ചോദിച്ചത്.

അനുകമ്പയോടെ തന്റെ മുഖത്തേക്കു നോക്കിക്കൊണ്ട് അവൾ സമ്മതിച്ചു തലയാട്ടി.

അതൊരു പെൺകുഞ്ഞു തന്നെയായിരുന്നു.

അപ്പോഴാണ് അണമുറിഞ്ഞപോലെ കരച്ചിൽ പൊട്ടിയത്.

അവൾക്കുവേണ്ടി താൻ തുന്നിക്കെട്ടിയ സ്വപ്നവർണക്കുപ്പായങ്ങൾ.... അവളുടെ കുഞ്ഞുതലയിൽ വയ്ക്കാൻ കരുതിവച്ച മഞ്ഞുതൊപ്പികൾ.... അവൾക്കുവേണ്ടി കരുതിവെച്ച താരാട്ടുകൾ.... എല്ലാം, വാവിട്ടുള്ള ഒരു കരച്ചിലിൽ കണ്ണീരിൽ പാതിമുങ്ങിയ കടലാസുതോണികൾപോലെ ഒഴുകിപ്പോയി.

സ്റ്റാൻലിയെ ഒന്നു കാണണം. സങ്കടം പറഞ്ഞ് ആ നെഞ്ചിൽ വീണു കരയണം. ഇനി അതേയുള്ളൂ ഒരാശ്വാസം.

തന്റെ അപേക്ഷയെ മാനിച്ച് അച്ഛനും രാവുണ്ണിയമ്മാവനും ചേർന്ന് ഒരിക്കൽക്കൂടി പുനലൂർക്കു പോയി.

തിരിച്ചു വന്നത് ഹൃദയം തകർക്കുന്ന വാർത്തയുമായിട്ടായിരുന്നു.

സ്റ്റാൻലിയുടെ വിവാഹമാണ്.

ക്ഷണക്കത്തിനുള്ളിൽ അടക്കം ചെയ്ത, സ്വർണലിപികളിൽ ആലേഖനം ചെയ്ത വെഡ്ഡിങ് കാർഡ് കൂടി കാണിച്ചുതന്നുകൊണ്ട് രാവുണ്ണിയമ്മാവൻ പറഞ്ഞു.

- സ്റ്റാൻലിയുടെ വീട്ടുകാരുമായി സംസാരിക്കാൻ ചെന്നപ്പോൾ അവർ ഒന്നും മിണ്ടാതെ ക്ഷണക്കത്ത് എടുത്തുതന്നു. കല്യാണത്തിന് ഇനി നാലേനാലു ദിവസം മാത്രം. സ്റ്റാൻലിയെ കണ്ട് ഒരുവാക്ക് സംസാരിക്കണമെന്നു ഞങ്ങൾ നിർബന്ധം പിടിച്ചപ്പോൾ അയാൾ ഇറങ്ങിവന്നു.

ഒരു പെണ്ണിനെ മോഹിപ്പിച്ച് വിശ്വസിപ്പിച്ച് കൂടെത്താമസിപ്പിച്ച് അവളെ ഗർഭിണിയാക്കിയിട്ട് ഇക്കാണിക്കുന്നത് ചെറ്റത്തരമല്ലേടാ എന്നു ഞങ്ങൾ മുഖത്തുനോക്കി ചോദിച്ചു. അവന്റെ മറുപടി എന്തായിരുന്നുവെന്നു നിനക്കു കേൾക്കണോ? സോറി, ഇങ്ങനെയൊക്കെ സംഭവിക്കുമെന്നു പ്രതീക്ഷിച്ചതല്ല. പക്ഷേ, സംഭവിച്ചു പോയി.... എനിക്കു ദുഃഖമുണ്ട്.... എന്ന്. നിന്റച്ഛൻ അവനോടു പറഞ്ഞിട്ടാണു പോന്നത് ഇങ്ങനൊരു ചതി എന്റെ മോളോടു വേണ്ടായിരുന്നു. നീ ഇതിന്റെ ഫലം അനുഭവിക്കും എന്ന്. പിന്നെ ഞങ്ങളവിടെ നിന്നില്ല.

അകാലത്തിൽ പെയ്ത പേമാരിയിൽ നനഞ്ഞു വിറച്ച്, കൊടുങ്കാറ്റിൽ ഉലഞ്ഞ്, ഇടിമിന്നലിൽ കരിഞ്ഞ്... അങ്ങനെ കിടന്നുപോയി ദിവസങ്ങളോളം.

രാവുണ്ണിയമ്മാവന്റെ ഇടപ്പഴഞ്ഞി വീട്ടിൽ തിരിച്ചെത്തുമ്പോൾ മനസ്സു ചത്തിരുന്നു.

രണ്ടു മാസത്തോളം അവിടെ താമസിച്ചു.

പ്രസവ സംബന്ധമായ ശാരീരികാസ്വസ്ഥതകൾ ശമിച്ചതോടെ ഗംഗേട്ടൻ വന്നു തന്നെ ഡൽഹിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

ഡൽഹിൽ ആർകെ പുരത്തുള്ള ആർമി ഹെഡ് ക്വാർട്ടേഴ്സിലെ ഒരു ക്വാർട്ടറിൽ, നാലു ചുവരുകൾക്കുള്ളിൽ ഒരുവർഷം.

ആശകളില്ല, നിരാശയുമില്ല.

പ്രതീക്ഷയില്ല, ദുഃഖങ്ങളുമില്ല.

ശൂന്യമായിപ്പോയ മനസ്സ്.

ഒരു മരപ്പാവ.... ആരുടെയോ നിർബന്ധമനുസരിച്ചു ചലിക്കുന്നു, ഭക്ഷിക്കുന്നു, ഉറങ്ങുന്നു.

തന്നെ ജീവിതത്തിലേക്കു തിരികെ കൊണ്ടുവരാൻ ഗംഗേട്ടനും മാലതിച്ചേച്ചിയും കിണഞ്ഞു ശ്രമിക്കുന്നുണ്ടായിരുന്നു. ഒരു വർഷത്തിനു ശേഷം അച്ഛൻ വന്നു കൊല്ലപ്പള്ളിയിലേക്കു കൂട്ടിക്കൊണ്ടു പോകുന്നതുവരെ.

ഒരുകണക്കിൽ അച്ഛനെയും ഏട്ടന്മാരെയും സ്തുതിക്കണം. പിഴച്ചുപോയ ഈ പാഴ്ജന്മത്തെ അവർ തള്ളിക്കളഞ്ഞില്ലല്ലോ. തനിക്കു ജീവിതത്തിൽ എന്തെങ്കിലുമൊരു പിടിവള്ളിയുണ്ടാകട്ടെ എന്നു കരുതിയാണ് അച്ഛൻ വലിയ തുക കോഴ കൊടുത്തിട്ടാണെങ്കിലും കോളജ് അധ്യാപികയായി നിയമനം വാങ്ങിത്തന്നത്.

അതൊരു വലിയ ആശ്വാസമായിരുന്നു.

ഇതുമതി.... ശേഷിച്ച കാലം ഈ ജോലിയുമായി ജീവിച്ചുകൊള്ളാം.

വിവാഹാലോചനകൾ വന്നുകൊണ്ടിരുന്നു.

താൻ എല്ലാം തള്ളിക്കളയുന്നതു കണ്ട് അച്ഛനും അമ്മയും വേദനിച്ചു.

മോളേ, നിനക്കൊരു ജീവിതം വേണ്ടേ?

-വേണ്ട.... വേണ്ടച്ഛാ, ഞാനിങ്ങനെ കഴിഞ്ഞോളാം.... എന്നെ നിർബന്ധിക്കരുത്.

ഇനിയൊരു വിവാഹമോ?

പുരുഷനെപ്പറ്റി ചിന്തിക്കുമ്പോഴെല്ലാം സ്റ്റാൻലിയുടെ മുഖമാണു മനസ്സിൽ. മോഹനവാഗ്ദാനങ്ങൾ തന്നിട്ടു ചതിച്ചവൻ!

നിസ്സഹായതയോടെ പടുകുഴിയിൽ തള്ളിയിട്ടു കടന്നുകളഞ്ഞ നയവഞ്ചകൻ!

ആ ഉണ്ടക്കണ്ണുകളിൽ കണ്ടതു കുസൃതിയായിരുന്നില്ല. ക്രൂരത. ആ പരുക്കൻ ശബ്ദത്തിൽ തുടിച്ചതു സ്നേഹമായിരുന്നില്ല, കുൽസിതബുദ്ധി. ഇനിയൊരു പുരുഷൻ വേണ്ട തന്റെ ജീവിതത്തിൽ. അങ്ങനെ കഴിയുമ്പോഴാണ് ബാലചന്ദ്രമേനോന്റെ വിവാഹാലോചന.

ആളിനെ പണ്ടുമുതലേ അറിയാം.

അച്ഛന്റെ ആശ്രിതന്റെ മകനായിരുന്നു.

പണ്ടൊരിക്കൽ തനിക്കു പ്രേമലേഖനം തന്നിട്ടുണ്ട്.

അച്ഛൻ അന്നു വിളിച്ചുവരുത്തി ചെകിട്ടത്ത് അടിച്ചിട്ടുണ്ട്. അന്നു കുറെ വിഷമം തോന്നിയിരുന്നു. ഇപ്പോൾ ഗൾഫിൽ പോയി പുതുപ്പണക്കാരനായി വന്നിരിക്കുകയാണ്.

വേണ്ട എന്നു നൂറാവർത്തി പറഞ്ഞു. അച്ഛനോടും അമ്മയോടും ശിവേട്ടനോടും. ഒടുവിൽ അവർ ഗംഗേട്ടനെ വിളിച്ചുവരുത്തി. ഗംഗേട്ടൻ അന്നു മനസ്സു വിഷമിച്ചാണു സംസാരിച്ചത്.

ഇത്രയും കാലം ഞങ്ങൾ നിന്നോടു ക്ഷമിക്കുകയായിരുന്നു. പക്ഷേ അതു തിരിച്ചറിയാൻ നിനക്കു കണ്ണില്ല. ആരോടും പറയാതെ നീ നിന്റെ തന്നിഷ്ടത്തിന് ഒരുത്തന്റെ കൂടെപ്പോയി ജീവിച്ചു... ഗർഭിണിയായി. അച്ഛനെയും അമ്മയെയും കൂടെപ്പിറപ്പുകളെയും ഒന്നും നീ ഓർത്തില്ല. നിന്നെ സ്നേഹിക്കുന്നവരെയെല്ലാം നീ നിന്ദിക്കുകേം അപമാനിക്കുകേം ചെയ്തു. വിവാഹം കഴിക്കാതെ പ്രസവിച്ചവളാണു നീ. അച്ഛനെ എന്തുമാത്രം വേദനിപ്പിച്ചെന്നു നീ ചിന്തിച്ചിട്ടുണ്ടോ? എന്നിട്ടും അച്ഛൻ നിനക്കു സന്തോഷമാകട്ടെ എന്നു കരുതി ഒരു ജോലിയും നേടിത്തന്നു. നിനക്കുവേണ്ടി അച്ഛൻ എന്തെല്ലാം ചെയ്തു മറിച്ച്, നീ അച്ഛനുവേണ്ടി എന്തു ചെയ്തു? ഒന്നുമില്ല നിനക്കിപ്പഴും നിന്റെ തന്നിഷ്ടമാണു വലുത്. മറുള്ളവരുടെ വേദനയും വിഷമവും കാണാൻ നിനക്കു കണ്ണില്ല. അച്ഛനോടും അമ്മയോടും കൂടെപ്പിറപ്പുകളോടും കുടുംബത്തോടും ഒരൽപ്പമെങ്കിലും കൂറും നന്ദിയും സ്നേഹവുമുണ്ടെങ്കിൽ നീ ഈ വിവാഹത്തിനു സമ്മതിക്കണം. ബാലചന്ദ്രനെ നമുക്കെല്ലാം അറിയാം. കുഴപ്പക്കാരനല്ല. അച്ഛന്റെ ആശ്രിതരായിരുന്നു ബാലചന്ദ്രന്റെ കുടുംബക്കാർ. വളരെ അകന്നൊരു ബന്ധവും അമ്മേം പറഞ്ഞുകേട്ടിട്ടുണ്ട്. അച്ഛനെ ഓർത്തെങ്കിലും നീയതിനു സമ്മതിക്കണം.

നാനാഭാഗത്തുനിന്നുമുള്ള സമ്മർദ്ദം താങ്ങാനായില്ല. ഒടുവിൽ സമ്മതം മൂളി.

- നിങ്ങളുടെ ഇഷ്ടംപോലെ നടക്കട്ടെ.

കതിർമണ്ഡപം ഒരു അറവുശാലയാണെന്നു തോന്നിയിരുന്നു. അവിടെ ഒരു ബലിമൃഗത്തെപ്പോലെ താൻ കഴുത്തു കാട്ടിക്കൊടുത്തു, ബാലേട്ടനു താലി കെട്ടാൻ.

ഒരു നിസ്സംഗത മാത്രമേ മനസ്സിൽ അവശേഷിച്ചിരുന്നുള്ളു.

ആദ്യരാത്രിയിൽ അഴകിയ രാവണനെപ്പോലെ മണിയറയിലേക്കു കടന്നുവന്നയാളെ കണ്ടപ്പോൾ ആദ്യം തോന്നിയ വികാരം അമർഷവും പുച്ഛവുമായിരുന്നെന്നു വൈജയന്തി ഓർത്തു.

(തുടരും)

# വ്യാജ പരാതി: അമ്മയ്ക്കെതിരെ കേസ്

പത്തനംതിട്ട: മകളെ പീഡിപ്പിച്ചെന്നു കാട്ടി മാതാവ് ഭർത്താവിനും ഭർത്താവിന്റെ സുഹൃത്തിനുമെതിരെ നൽകിയ പരാതി വ്യാജമാണെന്ന് കോടതി കണ്ടെത്തി. കുടുംബ കലഹത്തെത്തുടർന്ന് വ്യാജപ്പരാതി നൽകിയ അമ്മയ്ക്കെതിരെ കേസെടുക്കാൻ പോക്സോ കോടതിയുടെ ഉത്തരവ്.

പന്തളം സ്വദേശികളായ ദമ്പതികൾ 2016 മാർച്ച് മുതൽ വേർപിരിഞ്ഞു കഴിയുകയാണ്. 2 പെൺമക്കളിൽ ഒരാൾ അച്ഛനൊപ്പവും രണ്ടാമത്തെയാൾ അമ്മയ്ക്കൊപ്പവുമാണ് താമസിച്ചുവന്നത്. ഭർത്താവും സുഹൃത്തും രണ്ടു മക്കളെയും പീഡിപ്പിച്ചെന്നു കാട്ടി അമ്മ വനിതാ സെല്ലിൽ പരാതി നൽകുകയായിരുന്നു. അമ്മയുടെ കൂടെ താമസിപ്പിച്ച മകളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പന്തളം പോലീസ് പോക്സോ നിയമപ്രകാരം കേസ് എടുത്തു.

എന്നാൽ അച്ഛന്റെ ഒപ്പം താമസിച്ച കുട്ടി പീഡിപ്പിച്ചതായി മൊഴി കൊടുത്തില്ല. അമ്മയുടെ കൂടെ താമസിച്ചുവന്ന കുട്ടിയെ വിസ്തരിച്ചതോടെ വ്യാജ ആരോപണം ഉന്നയിച്ച് പോക്സോ നിയമം ദുരുപയോഗം ചെയ്തതായി കോടതി കണ്ടെത്തുകയായിരുന്നു. അമ്മയുടെ സഹോദരൻ വിരോധം തീർക്കാനാണ് സുഹൃത്തിനെക്കൂടി കേസിൽ ഉൾപ്പെടുത്തിയതെന്നും കണ്ടെത്തി.

പ്രതികൾ കുറ്റക്കാരല്ലെന്നു കണ്ട പോക്സോ കോടതി ജഡ്ജി ജാനു എസ്. പണിക്കർ ഇരുവരെയും കുറ്റവിമുക്തരാക്കിയിരുന്നു.

# ദുരിതാശ്വാസ ഫണ്ട് വെട്ടിപ്പ്: പോലീസ് തട്ടിക്കളിക്കുന്നു

കാക്കനാട് (കൊച്ചി): ലക്ഷങ്ങളുടെ പ്രളയ ദുരിതാശ്വാസ ഫണ്ട് വെട്ടിപ്പിനു വ്യക്തമായ തെളിവു സഹിതം കളക്ടറും എഡിഎമ്മും പരാതി നൽകിയിട്ടും പോലീസ് അന്വേഷണം മന്ദഗതിയിൽ. കലക്ടറേറ്റ് ജീവനക്കാരൻ ഉൾപ്പെടെയുള്ളവരുടെ പേരുകൾ ജില്ലാ ഭരണകൂടം ചൂണ്ടിക്കാട്ടിയിട്ടും ഇവരെ കസ്റ്റഡിയിലെടുക്കാനോ ചോദ്യം ചെയ്യാനോ തുനിയാത്ത പോലീസ് നടപടി പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്.

സിപിഎം ഭരിക്കുന്ന തൃക്കാക്കര അയ്യനാട് സഹകരണ ബാങ്കിലെ ചിലരും തട്ടിപ്പിനു കൂട്ടു നിന്നതായി ആക്ഷേപമുയർന്നതോടെ പ്രതികൾക്കു രാഷ്ട്രീയ സംരക്ഷണം ലഭിക്കുന്നതായാണ് ആരോപണം. ലോക്കൽ കമ്മിറ്റിയംഗം വെട്ടിപ്പിനു കൂട്ടുനിന്നതിനു പാർട്ടി സസ്പെൻഡ് ചെയ്തിട്ടും പോലീസുമാത്രം അനക്കമില്ല. വെട്ടിപ്പു നടന്നതായി കളക്ടർ പോലീസിനോട് നേരിട്ടു പറയുന്നത് 22നാണ്. തിങ്കളാഴ്ച കമ്മിഷണർക്ക് കത്ത് നൽകി. അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചെന്നായിരുന്നു മാധ്യമങ്ങൾക്ക് കിട്ടിയ മറുപടി. അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുത്ത് തൃക്കാര പോലീസ് അന്വേഷണം തുടങ്ങിയെന്നറിഞ്ഞു.

കേസിന്റെ പുരോഗതി അന്വേഷിച്ചവരോട് കേസ് വീണ്ടും ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറിയതിനു മറുപടിയാണ് ലഭിച്ചത്.

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Tel. ( ) ________ Signature ________

❑ Enclosing $ 375.00 for Long Membership.✪
❑ Enclosing my subscription of $49.00 for one year.
❑ Enclosing my subscription of $90.00 for two year.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Year | Lifelong* |
|---|---|---|
| $49.00 | $90.00 | $375.00 |
| REG. $55.00 | REG. $98.00 | REG. $490.00 |

Payment Method ❑ Cheque Cheque # ________
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the cheque payable to
KERALA EXPRESS
2046 W. DEVON AVE, CHICAGO, IL 60659
630 728 7956 FAX : 773.304.1917

PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE

✪ Long memberhip for 10 years only. ✪✪ Subscription fee non-refundable


CELEBRATE YOUR JOY AT THE MOST LUXURIOUS OF PLACES....
Grace
CONVENTION CENTER
PUNNAMOODU, MAVELIKARA
CONTACT US:
1773-255-6196, 1773-255-6459(USA)
0479-2961000, +91 9188751000
+91 9633949676,+91 9526450001
info@graceconventioncenter.com
www.graceconventioncenter.com




Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**